'എബോസ്ക്ക്' പുതിയനിയമ വ്യാഖ്യാനം, 1.

പുതിയനിയമ പഠനം ഇന്ന്

2.25
7

ജെ. പാത്രപ്പാങ്കൽ
പി. പുതുശ്ശേരി
ജി. കണിയാരകത്ത്

"എബോസ്ക്" പുതിയനിയമ വ്യാഖ്യാനം, 1.

പുതിയനിയമ പഠനം ഇന്ന്

Fr. J. PULLOPPILLIL. C.M.I; B. Sc. B.D; B.Ed.
RAJAGIRI HIGH SCHOOL,
KALAMASSERY, COCHIN. KERALA. 683104.

ജെ. പാത്രപ്പാങ്കൽ
പി. പുതുശ്ശേരി
ജി. കണിയാരകത്ത്

An "EBOSC" Publication/Series 1, No. 1

ACHARYA PALACKAL JEEVASS KENDRAM
LIBRARY
14551

ECUMENICAL BIBLICAL & ORIENTAL STUDY CENTRE
KOTTAYAM

—പത്രാധിപസമിതി—

ജോർജ് കണിയാരകത്ത്
പോൾ പുതുശ്ശേരി
ജോൺ കള്ളിക്കഴിപ്പിൽ

PUTHIYANIYAMAPADANAM INNU
(New Testament Commentary)
(Malayalam)

Authors:
J. Pathrapankal, P. Pudussery, G. Kaniarakath

Editors:
G. Kaniarakath, P. Pudussery, J. Kallikuzhippil

Maps: Thomas Vazhacharickal

Photos: EBOSC

Price: Rs. 10.00

Publishers:
Ecumenical Biblical and Oriental Study Centre,
Shastri Road, Kottayam-686 001, Kerala.

Distributors:
St. Thomas Book Stall
Apostolic Seminary
Vadavathoor
Kottayam-686 010.

M/225
PAT

മുഖവുര

ശ്ലൈഹിക പാരമ്പര്യമുള്ള കേരള കത്തോലിക്കരുടേതായി മൂലത്തിൽനിന്നും അല്ലാതെയും ഒട്ടേറെ ബൈബിൾ പരിഭാഷകൾ കൈരളിക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ വേദപുസ്തക വ്യാഖ്യാന സംബന്ധമായി ഭാഗികമായ പരിശ്രമങ്ങൾ മാത്രമെ ഉണ്ടായിട്ടുള്ളു. കത്തോലിക്കരുടേതായി ഒരു സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനം എത്രയുംവേഗം മലയാളത്തിൽ ഉണ്ടാകേണ്ടതാണ്. ഇതിനു പ്രാരംഭമായി എക്യുമേനിക്കൽ ബിബ്ളിക്കൽ ആൻഡ് ഓറിയൻറൽ സ്റ്റഡി സെൻറർ ഒരു പുതിയനിയമ വ്യാഖ്യാനം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അതിൻെറ ആമുഖഗ്രന്ഥമാണ് ഇപ്പോൾ നിങ്ങളുടെ കൈയിലിരിക്കുന്നതു്. തുടർന്ന് പുതിയ നിയമത്തിലെ ഓരോ ഗ്രന്ഥത്തിൻെറയും വ്യാഖ്യാനം പ്രസിദ്ധപ്പെടുത്തുന്നതാണ്. വിഖ്യാതരായ ബൈബിൾ പണ്ഡിതന്മാരാണ് വ്യാഖ്യാനങ്ങൾ തയ്യാറാക്കുന്നതു്.

വേദപുസ്തകത്തെ അതിൻെറ ദൈവിക—മാനുഷിക പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയാണ് ഈ ആമുഖ ഗ്രന്ഥത്തിൻെറ ലക്ഷ്യം. പുതിയ ഉടമ്പടി ഗ്രന്ഥങ്ങൾ ഉയിർക്കൊണ്ട ഭൂമി, അതിൻെറ ചരിത്രം, അവിടത്തെ ചിന്താധാരകൾ എന്നീ പശ്ചാത്തലങ്ങളിൽ കർത്താവായ ഈശോയുടെ ജീവിതവും പഠനവും എങ്ങനെ സുവിശേഷമായി മാറിയെന്നും ഈ സുവിശേഷം എങ്ങനെ നമുക്കു ലഭിച്ചെന്നും ഇവിടെ വ്യക്തമാക്കാൻ ശ്രമിച്ചിരിക്കുന്നു. ശാസ്ത്രീയമായ സുവിശേഷപഠനത്തിനുള്ള പ്രഥമപാഠങ്ങളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

ഈ ഗ്രന്ഥ നിർമ്മിതിയിൽ സഹായിച്ച എല്ലാവർക്കും സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു. പരിഭാഷ ചെയ്തു സഹായിച്ച ഫാ. മാത്യു കോക്കാട്ട്, ജോജോ പ്ലാക്കൂട്ടം, ജയിംസ് പൂവൻകുടി, ജോസ് വഞ്ചിപ്പുര എന്നിവരെയും, മാപ്പുകൾ വരച്ചുതന്ന തോമസ് വാഴചാരിക്കലിനെയും, പുസ്തകം മുദ്രണം ചെയ്തുതന്ന ഗുഡ്ഷെപ്പേർഡ് പ്രസ്സുകാരെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

'എബോസ്ക്ക്',
കോട്ടയം.

ഫാ. ജി. കണിയാരകത്തു്

ഉള്ളടക്കം

പുറം

മുഖവുര

I. ഇന്നത്തെ സുവിശേഷാഭിമുഖ്യം 1–41

ആമുഖം–1–4. രൂപചരിത്ര നിരൂപണത്തിൻെറ ഉത്ഭവവും ശൈലിയും 5–6; രണ്ടു തത്ത്വങ്ങരം, 6–9; രൂപചരിത്ര നിരൂപണവും പുരാണനിരാസവും, 9–13; രചനാചരിത്ര നിരൂപണം, 13–15; രൂപചരിത്ര നിരൂപണങ്ങളുടെ സൃഷ്ടിപരമായ മൂല്യങ്ങരം, 15–18; സഭയുടെ പ്രബോധനം, 18–19; പ്രഘോഷിത സുവിശേഷം, 22–23; ജീവിതബന്ധിയായ സുവിശേഷം, 23–25; ആദിമസഭയിലെ പ്രേഷിത പ്രവർത്തനവും വിശ്വാസ സംരക്ഷണവും, 25–27; സുവിശേഷങ്ങളുടെ രചന, 27–29; സുവിശേഷങ്ങളുടെ ചരിത്രപരത, 29–36; സുവിശേഷങ്ങളും ഈശോചരിതങ്ങളും, 36; സുവിശേഷം ഒരു പ്രത്യേക സാഹിത്യരൂപം, 37–41;

അനുബന്ധം.

സുവിശേഷങ്ങളുടെ ചരിത്രസത്യത്തെ സംബന്ധിച്ച പ്രബോധനം 42–52

II. സമവീക്ഷണ സുവിശേഷങ്ങളും സമവീക്ഷണ പ്രശ്നവും 53–92

ആമുഖം, 53–56; സമവീക്ഷണ സുവിശേഷങ്ങരം, 56; സമവീക്ഷണ സുവിശേഷങ്ങളും യോഹന്നാൻെറ സുവിശേഷവും, 56–60; സമവീക്ഷണ പ്രശ്നം, 60; ഉള്ളടക്കത്തിലുള്ള സാമ്യം, 60–61; ക്രമീകരണത്തിലുള്ള സാമ്യം, 61–62; ഭാഷയിലും ശൈലിയിലും ഉള്ള സാമ്യങ്ങരം, 62–63; മത്തായിയും ലൂക്കായും തമ്മിലുള്ള സാമ്യങ്ങരം, 63–64; സമാന്തര സുവിശേഷങ്ങരം തമ്മിലുള്ള വ്യത്യാസങ്ങരം, 64–67; മർക്കോസിൻെറ സുവിശേഷത്തിൽ മാത്രമുള്ള ഭാഗങ്ങരം, 67; മത്തായിയിൽ മാത്രമുള്ള വിവരണങ്ങരം, 67; ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ള വിവരണങ്ങരം, 67–68; സമവീക്ഷണ പ്രശ്നവും വ്യത്യസ്ത വിശദീകരണങ്ങളും, വാമൊഴി പാരമ്പര്യസിദ്ധാന്തം, 68–69; ഖണ്ഡ സിദ്ധാന്തം, 69–70; മൂലസുവിശേഷ സിദ്ധാന്തം, 70–71; ദ്വിരേഖാസിദ്ധാന്തം, 71–72; കാലക്രമമനുസരിച്ച് മർക്കോസിനുള്ള മുൻഗണന, 73–82; മർക്കോസിൻെറ സ്രോതസ്സുകരം, 82–84; 'ക്യ'

സ്രോതസ്സ്, 84–85; 'ക്യൂ'വിൻെറ ഉള്ളടക്കം, 85–88; ചതുർരേഖാ സിദ്ധാന്തം, 88–90; പ്രഥമ "ലൂക്കൻ–സങ്കല്പം" 90; സമവീക്ഷണ സുവിശേഷങ്ങളുടെ വ്യാഖ്യാനത്തിൽ ദ്വിരേഖാസിദ്ധാന്തത്തിൻെറ പ്രസക്തി, 90–92.

III. പുതിയനിയമത്തിൻെറ പശ്ചാത്തല ലോകം 93–139

പലസ്തീനാ, 95; കാനാൻദേശം, 96; ഭൂവിഭാഗങ്ങൾ, തീരപ്രദേശം, 96–98; മലമ്പ്രദേശം, 98–99; വരണ്ടപ്രദേശം, 99; പിളർപ്പ്പ്രദേശം, 99–100; യോർദ്ദാൻെറ കിഴക്കൻ പീഠഭൂമി, 101–102; പലസ്തീനായ്ക്കുപുറത്തുള്ള നാടുകൾ, സിറിയാ 102–103; കൊച്ചേഷ്യാ, 103–104; ഗ്രീസ്, 104; ഇററലി, 104–105; ലെബനോൻ, 105; മധ്യധരണിയാഴിയിലെ ചില ദ്വീപുകൾ 105–106; പലസ്തീനായിലെ കാലാവസ്ഥ, 106; കൃഷികൾ 107; ചരിത്രപശ്ചാത്തലം, ബാബിലോണിയൻ അടിമത്തം, 109; യവനീകരണം. 110–111; മക്കബായ വിപ്ളവം, ഹസമോണിയൻ ഭരണം, 111–112; റോമൻ അധീശത്വം, 112; ഹേറോദേസ് രാജാവ്, 112–113; അഗ്രിപ്പാ ഒന്നാമനും രണ്ടാമനും, 115; റോമൻ പ്രൊക്കുറേറററൻമാർ, 115–116.

മതസാംസ്ക്കാരിക പശ്ചാത്തലം, യവന പശ്ചാത്തലം. 119–120; റോമൻ പശ്ചാത്തലം, 121; യഹൂദപശ്ചാത്തലം 121; യറുശലേം ദേവാലയം സിനഗോഗ്, 122; പുരോഹിതർ, 123; സൻഹെദ്രീൻ, 123; പ്രീശർ. 124–126; സദ്ദൂക്കായർ, 126–127; ശസ്ത്രായർ, 127–128; തീവ്രവാദികൾ 128; ഹേറോദേസ് പക്ഷക്കാർ, ചുങ്കക്കാർ 128–129; എസ്സീനികൾ 129; നാം വായിക്കുന്ന പുതിയ ഉടമ്പടി ഗ്രന്ഥം, കാനോനികഗ്രന്ഥം, 130–131; പാഠപരിശോധന, 131; കൈയെഴുത്തു പ്രതികൾ, 131–132; പപ്പീറസ് കൈയെഴുത്തുപ്രതികൾ, 132–133; വലിയ അക്ഷര പ്രതികൾ, 133–134; ചെറിയ അക്ഷര പ്രതികൾ, 134; വായനകൾ, 134; പാഠ വിവേചനം, 135; പുരാതന പരിഭാഷകൾ, സുറിയാനി, 135–136; ലത്തീൻ 136; മലയാളം, 137–139.



1455—ൽ ജർമ്മനിയിലെ മയിൻസിൽ യൊഹാന്നെസ് ഗുട്ടൻബെർഗ് ആദ്യമായി മുദ്രണം ചെയ്ത ബൈബിളിന്റെ ഒരു താൾ. ചെറിയൊരു ആമുഖത്തോടെ സുഭാഷിതങ്ങൾ എന്ന പുസ്തകം ഇവിടെ ആരംഭിച്ചിരിക്കുന്നു. ഗോത്തിക്ക് അക്ഷരത്തിലുള്ള ലത്തീൻ ഭാഷയാണ് ഉപയോഗിച്ചിട്ടുള്ളത്.

ഇന്നത്തെ സുവിശേഷാഭിമുഖ്യം

ജെ. പാത്രപ്പാങ്കൽ

പരിഭാഷകൻ: ഫാ. മാത്യു കോക്കാട്ട്

ആമുഖം

വി. പൗലോസ് കോറിന്തോസുകാർക്കെഴുതി: ''ഇതാണ് സ്വീകാര്യമായ സമയം, രക്ഷയുടെ ദിനമിതാ ഉദിച്ചിരിക്കുന്നു'' (2കോറി. 6:2). കഴിഞ്ഞ ഒരു പതിററാണ്ടായി സുവിശേഷ പഠനത്തെ സംബന്ധിച്ച് ഈ വാക്കുകൾ ഏററം അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു. വാസ്തവത്തിൽ നാം ജീവിക്കുന്ന ഈ കാലം സുവിശേഷ പഠനത്തിന് ഏററം പററിയതാണ്. സാഹിത്യരീതികളെക്കുറിച്ചുള്ള പഠനം അഭൂതപൂർവ്വമായിട്ടുണ്ട്. സുവിശേഷപശ്ചാത്തലത്തെപ്പററിയുള്ള നമ്മുടെ അറിവും വികസിച്ചുകൊണ്ടിരിക്കുന്നു. പുരാവസ്തുശാസ്ത്രം നമ്മുടെ ചരിത്ര ബോധത്തിനെന്തെന്തു സംഭാവനകളാണ് നൽകുന്നത്. ചരിത്രനിരൂപണരീതിക്ക് ഇരുത്തവും വച്ചിരിക്കുന്നു. ഇങ്ങനെ വിശുദ്ധഗ്രന്ഥത്തിലെ ദിവ്യപ്രചോദനങ്ങളെ ഉപരിവാസ്തവികതയോടെ മനസ്സിലാക്കാൻ നമുക്കിന്നുകഴിയുന്നു. സർവ്വോപരി സഭതന്നെ ഏററവും ആഗ്രഹിക്കുന്നു, തൻെറ മക്കൾ സുവിശേഷങ്ങളെ മൂലപശ്ചാത്തലത്തിൽതന്നെ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യണമെന്ന്. കത്തോലിക്കാ ബൈബിൾ പണ്ഡിതന്മാർക്ക് സ്വതന്ത്രമായി ഗവേഷണം നടത്തുന്നതിനുള്ള സാഹചര്യം ഇന്നുണ്ട്.

സുവിശേഷങ്ങളുടെ ചരിത്ര സത്യത്തെപ്പററിയുള്ള പ്രബോധനവും(The instruction on the historical truth of the Gospel, 1964) ദൈവാവിഷ്ക്കരണത്തെ സംബന്ധിച്ച പ്രമാണരേഖയും (Dogmatic Constitution on Divine Revelation, 1965) ഇക്കാര്യത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

എന്നാൽ സഭയുടെ ഈ പ്രോത്സാഹനത്തെക്കുറിച്ച് പലരും ബോധവാന്മാരല്ല എന്നു തോന്നുന്നു. ഫലമോ? ബൈബിൾ പണ്ഡിതന്മാർ എഴുതുന്നതുംമററും ഔദ്യോഗികാനുമതികളോടെയാണെങ്കിൽപോലും തികച്ചും അനാരോഗ്യകരമായി പലപ്പോഴും വിമർശിക്കപ്പെടുന്നു. സഭയുടെ പരമ്പരാഗതമായ പഠനങ്ങൾക്ക് വിഘാതമാകുംവണ്ണം കത്തോലിക്കാ ബൈബിൾ പഠനങ്ങൾക്ക്

എന്തോ കുഴപ്പം സംഭവിച്ചിരിക്കുന്നു എന്ന ധാരണയാണ് ഇതിൽ നിന്നുണ്ടാവുക. തൽഫലമായി ഓരോ ബൈബിൾ പണ്ഡിതനെയും ഇടതുപക്ഷക്കാരനായി കാണുന്ന സ്ഥിതി സംജാതമാവുന്നു. അദ്ദേഹത്തിന്റെ ശരിയായ വിശ്വാസത്തെപ്പോലും പലപ്പോഴും ചോദ്യം ചെയ്യുന്നു. ബൈബിൾ ആഖ്യാനങ്ങളുടെ ചരിത്രപരതയും പുതിയ നിയമത്തിലെയും പഴയനിയമത്തിലെയും പല പുസ്തകങ്ങളുടെയും കർത്തൃത്വവുമാണ് പ്രധാന വിവാദവിഷയങ്ങൾ. ഈയിടെയായി ഈ തെററിദ്ധാരണകൾ സുവിശേഷങ്ങളെ വട്ടമിട്ടിരിക്കുകയാണ്. അതിനു കാരണം, പുതിയ നിയമ പണ്ഡിതന്മാർ സുവിശേഷങ്ങളുടെ പരമ്പരാഗതമായ പഠനങ്ങളെ ചോദ്യം ചെയ്യുന്നു എന്ന മറെറാരു ധാരണയാണ്. പരമ്പരാഗതവിശ്വാസത്തെ മാനിക്കുന്നവർ തന്നെ ഒരു സത്യം മറക്കുന്നു എന്നതു് ഒരു ദു:ഖ സത്യമാണ്. നവമായ ചിന്താധാരകളെ സഭ അംഗീകരിക്കുക മാത്രമല്ല പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് വാസ്തവം.

സുവിശേഷപഠനങ്ങളിലെ നൂതനസരണികളുടെ തത്ത്വങ്ങൾ ചുരുക്കമായി ഒന്നുസമാഹരിക്കുകയാണ്ഈലേഖനത്തിന്റെലക്ഷ്യം. അടിസ്ഥാനരഹിതമായ തെററിദ്ധാരണകളെ തുടച്ചുനീക്കുന്നതിനുംപുറമേ സുവിശേഷങ്ങളെപ്പററിയുള്ള മെച്ചമായ പഠനത്തിലേയ്ക്കു് ഇതു നയിക്കുമെന്നും കരുതുന്നു.പുതിയ സമീപനത്തിന്റെ ലക്ഷ്യം നമ്മുടെ വിശ്വാസത്തെ തകർക്കുകയോ തളർത്തുകയോ അല്ല, ശക്തിപ്പെടുത്തുകയാണ്. തുറന്നൊരുമനസ്സിലേ ഇതു പുലരൂ. വിശുദ്ധഗ്രന്ഥവിജ്ഞാനീയത്തിന്റെ സംഭാവനകളെ വിലമതിക്കാനിതാവശ്യമാണ്. അതോടൊപ്പം സുവിശേഷങ്ങളുടെ രൂപീകരണത്തിന്റെ പിന്നിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവുതന്നെ ഇന്നും സഭയിൽ സജീവമാണെന്ന ബോദ്ധ്യവും അനിർവാര്യമാകുന്നു. ഈ ആത്മാവുതന്നെ ദൈവജനത്തിനുപയുക്തമാംവിധം ദൈവവചനത്തെ ഗ്രഹിക്കുവാൻ സഭാതനയരെയും സഭയുടെ പ്രബോധനാധികാരത്തെയും പ്രാപ്തമാക്കുന്നു എന്നും നാം മനസ്സിലാക്കിയിരിക്കണം. ഏതാനും താളുകൾ ഇവിടെ കുറിക്കുവാൻ എന്നെ പ്രേരിപ്പിച്ചതും ഈ ബോദ്ധ്യമാണെന്നു പറഞ്ഞുകൊള്ളട്ടെ. സുവിശേഷങ്ങളുടെ ചരിത്രസത്യത്തെപ്പററിയുള്ള പ്രബോധനം അനുബന്ധമായി ചേർത്തിരിക്കുന്നു.

ധർമ്മാരാം കോളേജ്
ബാംഗ്ളൂർ – 29. ജോസഫ് പത്രപാങ്കൽ c. m. i.

ഇന്നത്തെ സുവിശേഷാഭിമുഖ്യം

ദൈവികവെളിപാടിനെ സംബന്ധിച്ച രണ്ടാംവത്തിക്കാന്റെ പ്രമാണരേഖയിൽ (18–19) സുവിശേഷങ്ങളുടെ ഉത്ഭവത്തെയും രൂപീകരണത്തെയും കുറിച്ചുള്ള ചില സുപ്രധാന മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. സുവിശേഷങ്ങളുടെ സാരസന്ദേശങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണയിൽ മർമ്മപ്രധാനമാണീ മാർഗ്ഗരേഖകൾ. ഈ പ്രബോധനങ്ങളുടെ ശ്രേഷ്ഠത നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ രേഖയ്ക്ക് സ്ഥൂലരൂപം നല്കിയ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളുടെ പശ്ചാത്തലം വിസ്മരിച്ചുകൂടാത്തതുതന്നെ. 1961–ൽ അന്നത്തെ പരിശുദ്ധ കാര്യാലയം (Holy Office)—ഇന്നത്തെ വിശ്വാസത്തിന്റെ തിരുസംഘം—ഒരു ശാസനം പുറപ്പെടുവിച്ചു. വി. ഗ്രന്ഥങ്ങളിലെ ചരിത്രപരതയും, വസ്തുനിഷ്ഠസത്യങ്ങളും ചോദ്യം ചെയ്യുന്നവർക്കുള്ള ഒരു മുന്നറിയിപ്പായിരുന്നു അത്. പ്രത്യേകിച്ചും, ഈശോയുടെ വാക്കുകളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച വിവാദങ്ങളെയാണിതു ബാധിക്കുക. ഈ ശാസനത്തിന്റെ വ്യാപ്തിയോ, ലക്ഷ്യമോ, വ്യക്തമല്ലെങ്കിലും കത്തോലിക്കാഭാഷ്യത്തിനു് ഒരു തിരിച്ചടി ഭവിച്ചിരിക്കയാണെന്നു് അപ്പോൾ ഏതാണ്ടു് പ്രകടമായി. 12–ാം പീയൂസിന്റെ 1943–ലെ Divino Afflante Spiritu എന്ന ചാക്രികലേഖനത്തോടെ ആരംഭിച്ച ബൈബിൾ പഠനത്തിന്റെ വളർച്ച അത്രയ്ക്കും ആശാവഹമായിരുന്നു. മാത്രമല്ല, 1962–ൽ വത്തിക്കാൻ കൗൺസിലിന്റെ ആദ്യസമ്മേളനത്തിൽതന്നെ ആശങ്ക പ്രബലമാകത്തക്ക സാഹചര്യങ്ങളും ഉണ്ടായി.

സ്കൊളാസ്റ്റിക്‌രീതിയിലുള്ള അതിയാഥാസ്ഥിതികമായ സമീപനമായിരുന്നു 'ദൈവാവിഷ്കരണ ഉറവിടങ്ങ'ളെ സംബന്ധിച്ച ആദ്യചർച്ചകളിൽ തെളിഞ്ഞുനിന്നതു്. ആ സ്കീമാ ഉളവാക്കിയ ചിന്താക്കുഴപ്പത്തെക്കുറിച്ചു് എന്തു പറയട്ടെ! അപ്പോൾ യോഹന്നാൻ 23–ാമൻ മാർപ്പാപ്പാതന്നെ ഇടപെടുന്നു, സ്കീമാ പരിഷ്ക്കരിക്കുവാനായിമാററിവയ്ക്കുന്നു. അന്തരീക്ഷം ഒട്ടൊന്നു തണുക്കുകയായി.

വീണ്ടും രണ്ടുവർഷം കഴിഞ്ഞാണു് പൊന്തിഫിക്കൽ ബിബ്ലി ക്കൽ കമ്മീഷൻ സുവിശേഷങ്ങളുടെ ചരിത്ര സത്യത്തെക്കുറിച്ചു ള്ള പ്രബോധനം തയ്യാറാക്കുന്നതു് (1964, April 21). ഈ രേഖ 1961–ലെ ശാസനവും 1962–ലെ ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള സ്കേമയും ഉളവാക്കിയ ഒട്ടേറെ തെററിദ്ധാരണകളെ തുടച്ചുനീക്കി. വാസ്തവ ത്തിൽ ഈ പ്രബോധനം സുവിശേഷപഠനചരിത്രത്തിലെ ഒരു തൊടു കുറിതന്നെയായിരുന്നു; വരുംകാലത്തേക്കുള്ള ഒരു മാർഗ്ഗദർശിയും.

നിരീക്ഷണഗവേഷണങ്ങൾക്കായി കത്തോലിക്കാനിരൂപ കർക്കു് പുതിയ മേഖലകൾ അനാവരണം ചെയ്യപ്പെട്ടു. പ്രത്യേകിച്ചും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളെയും ക്രിസ്തു വിൻെറ വാക്കുകളെയും സംബന്ധിച്ച പ്രശ്നങ്ങളിൽ ഗവേഷണ സാദ്ധ്യത വിപുലമായിതീൎന്നു. സുവിശേഷാഖ്യാനങ്ങളിൽ തിര യേണ്ട ചരിത്രത്തിൻെറ സ്വഭാവം ഈ രേഖ വ്യക്തമാക്കി. ഇതി നുംപുറമേ, വ്യാഖ്യാതാക്കളും വിശുദ്ധഗ്രന്ഥം പഠിപ്പിക്കുന്നവരും പ്രസംഗിക്കുന്നവരും എഴുത്തുകാരും ബിബ്ലിക്കൽ അസ്സോസിയേഷൻ സംഘാടകരും അനുവൎത്തിക്കേണ്ട ചില നിർദ്ദേശങ്ങളും നല്കപ്പെട്ടു.

ദൈവാവിഷ്കരണത്തെപ്പററിയുള്ള പ്രമാണരേഖയിൽ ഈ സമീപനത്തിനു് ഔദ്യോഗികാംഗീകാരം ലഭിച്ചു. ഇതു് സഭയുടെ പ്രബോധനാധികാരമുപയോഗിച്ചുള്ള കൂടുതൽ വ്യക്തമായ അംഗീ കാരമായിരുന്നു. ബിബ്ലിക്കൽ കമ്മീഷൻെറ നിർദ്ദേശങ്ങൾ പ്രസ്തുത രേഖയിൽ ഇപ്രകാരം ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു: കർത്താ വിൻെറ സ്വർഗ്ഗാരോഹണത്തിനുശേഷം ശ്ലീഹന്മാർ അവിടുന്നു പറ ഞ്ഞവയും ചെയ്തവയുമെല്ലാം അവരുടെ ശ്രോതാക്കൾക്കു പകൎന്നു കൊടുത്തു. അവിടുത്തെ ഉത്ഥാനശേഷമുള്ള സംഭവങ്ങളും സത്യാത്മാ വിൻെറ പ്രകാശവുമെല്ലാം ഇങ്ങനെ ചെയ്യാൻ അവൎക്കു വ്യക്തമായ ധാരണയേകി. തിരുലിഖിതകൎത്താക്കൾ നാലു സുവിശേഷങ്ങളെ ഴുതി, വായ്മൊഴിയായി കേട്ടതും വരമൊഴിയായി ലഭിച്ചതും ഉപ യോഗിച്ചുകൊണ്ടു്. അവയിൽനിന്നും ചിലതു് അവർ തിരഞ്ഞെടു ത്തു; ചിലതു് സമന്വയിപ്പിച്ചു. അവരവരുടെ സഭകളുടെ അവസ്ഥ യ്ക്കനുസാരമായി ചില കാര്യങ്ങൾ സ്പഷ്ടീകരിക്കുകയും ചെയ്തു. എന്നാൽ പ്രഘോഷണരീതി നിലനിൎത്തിയതോടൊപ്പം ഈശോയെ സത്യസന്ധമായി അവതരിപ്പിക്കാനുള്ള ധൎമ്മം അവർ പുലൎത്തിയി രുന്നു (19–ാം ഖണ്ഡിക).

ഈ വാക്കുകളിൽ നാം ദർശിക്കുന്നതു് രൂപചരിത്രനിരൂപണ (Form Criticism)ത്തിനും രചനാചരിത്ര നിരൂപണത്തിനും(Redaction Criticism) ലഭിച്ച വ്യക്തമായ അംഗീകാരമാണു്. നാളിതുവരെ ഈ രീതികളെ പല കത്തോലിക്കരും സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നുവെന്നതും ശ്രദ്ധേയമാണു്.

നമ്മുടെ സുവിശേഷപഠനത്തിൽ മേൽപ്പറഞ്ഞ പ്രബോധനത്തിന്റെ സാംഗത്യം അപഗ്രഥിക്കുംമുൻപ് മേൽപ്പറഞ്ഞ നിരൂപണരീതികളുടെ ഉത്ഭവം, ശൈലി, സൃഷ്ടിപരമായ സംഭാവനകൾ എന്നിവ ചുരുക്കമായി പരിശോധിക്കാം.

രൂപചരിത്രനിരൂപണത്തിന്റെ ഉത്ഭവവും ശൈലിയും

രൂപചരിത്രനിരൂപണത്തിനു് ജന്മമേകിയതു് ജർമ്മൻ പ്രതിഭയാണു്. ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തോടുകൂടെ ജർമ്മൻകാരായ റുഡോൾഫ് ബുൾട്ടു്മാൻ, മാർട്ടിൻ ദിബേലിയൂസ് തുടങ്ങിയ പണ്ഡിതന്മാർ അജ്ഞേയവാദികൾക്കായി സുവിശേഷം അനാവരണം ചെയ്യുന്നതിനുള്ള ശ്രമമാരംഭിച്ചു.

തീക്ഷ്ണതയുള്ള സൈനികചാപ്ലയിന്മാരായിരുന്നു ബുൾട്ടു്മാനും ദിബേലിയൂസും. ആ നിലയിൽ അവർ ബന്ധപ്പെട്ട ചില പടയാളികൾ മാനവപ്രപഞ്ചത്തിലെ ദൈവിക പ്രവർത്തനം നിഷേധിക്കുന്നവരായിരുന്നു. ഈ ദർശനഘടനയിൽ നിന്നുകൊണ്ടുതന്നെ സുവിശേഷങ്ങളെ അർത്ഥസംപുഷ്ടമായി അവതരിപ്പിക്കുന്നതിനുള്ള ചില മാർഗ്ഗരേഖകൾ കണ്ടെത്താനവർക്കു് കഴിഞ്ഞു. പ്രത്യേകിച്ചും, പ്രകൃത്യതീതവീക്ഷണമില്ലാത്തവർക്കു് പ്രയോജനകരമായ ഒരു രീതിയായിരുന്നു അതു്.

ദിബേലിയൂസ് 1919—ൽ പാരമ്പര്യത്തിൽ നിന്നും സുവിശേഷത്തിലേയ്ക്കു് — (From Tradition to the Gospel) എന്ന ഗ്രന്ഥം ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചു. സുവിശേഷപാരമ്പര്യത്തിന്റെ ചരിത്രം(The History of the Synoptic Tradition) എന്ന ഗ്രന്ഥം 1920—ൽ ബുൾട്ടു്മാനും പ്രസിദ്ധീകരിച്ചു.

ഈ പഠനങ്ങളുടെ ആവിർഭാവംവരെ പാഠങ്ങളുടെ സ്വഭാവവും പരസ്പരബന്ധവും ഇന്നു നാം സുവിശേഷങ്ങളിൽ കാണുന്നവി

ധത്തിൽ നിർണ്ണയിക്കുക മാത്രമായിരുന്നു സുവിശേഷപഠനങ്ങളുടെ പ്രധാന ലക്ഷ്യം. അതോടൊപ്പം ആ വീക്ഷണപഥത്തിൽ അവയുടെ ചരിത്രമൂല്യം കുറിക്കുകയും.

സുവിശേഷങ്ങളിൽ നിന്നു് ''ക്രിസ്തുവിന്റെ ജീവിതം'' പുനർസൃഷ്ടിക്കാനായിരുന്നു അന്നോളം പണ്ഡിതന്മാർ ശ്രമിച്ചതു്. അങ്ങനെ ക്രിസ്തുവിനെ പൂർണ്ണമായും ചരിത്രത്തിലൊതുക്കുവാനുള്ള ഒരു ശ്രമം നടന്നു. ഈ ശ്രമങ്ങളുടെ വികലത പുതിയ രീതി ചൂണ്ടിക്കാട്ടി. അതിനുംപുറമെ പാഠങ്ങളുടെ പിന്നിലേയ്ക്കു് ചൂഴ്ന്നിറങ്ങി ഇന്നത്തെ രീതിയിൽ സുവിശേഷങ്ങൾ രൂപംകൊള്ളുന്നതുവരെയുള്ള ഘട്ടങ്ങളെ കണ്ടെത്തുവാനും ആരംഭിച്ചു. സുവിശേഷങ്ങളുടെ ചരിത്രത്തിനായും സുവിശേഷങ്ങളുടെ മൗലികഘടകങ്ങൾക്കായുമുള്ള ഒരു തെരച്ചിൽ. ഇവിടെ കൂടുതൽ പഠനാർഹമായിത്തീർന്നതു് സമവീക്ഷണ സുവിശേഷങ്ങളായിരുന്നു. കാരണം, അവ മാത്രമേ ക്രിസ്തുപഠനങ്ങൾക്കു സാധുവായ സ്രോതസ്സുകളായി അംഗീകരിക്കപ്പെട്ടിരുന്നുള്ളു.

രണ്ടു തത്വങ്ങൾ:

രചനാചരിത്രനിരൂപണരീതിയ്ക്കു് മൂലാധാരമായ രണ്ടു തത്വങ്ങളുണ്ടു്:

1 സമവീക്ഷണസുവിശേഷങ്ങൾ ആദിമ ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസത്തിനും ജീവിതത്തിനും സാക്ഷ്യം നല്കുന്ന കൃതികളാണു്. അവയുടെ ലക്ഷ്യം ക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തെക്കുറിച്ചും പ്രബോധനങ്ങളെപ്പററിയും പഠിപ്പിക്കുക എന്നതായിരുന്നു. ഇവിടെ ഊന്നൽ കൊടുത്തിട്ടുള്ളതു് ക്രിസ്തുവിനെക്കുറിച്ചു് ശ്ലീഹന്മാർ പ്രസംഗിച്ചതിനാണു്, ക്രിസ്തു തന്നെ പ്രസംഗിച്ചതിനല്ല. അക്കാരണത്താൽ കാലഗണനം (chronology), സ്ഥലനിർണ്ണയം (topography) ഭൂമിശാസ്ത്രം (geography) തുടങ്ങിയ വിശദാംശങ്ങളിൽ സുവിശേഷങ്ങളന്യൂനമല്ല എന്നു കാണാം.

2 സമവീക്ഷണസുവിശേഷങ്ങൾ, അവയുടെ കർത്താക്കളായി ഇന്നംഗീകരിക്കപ്പെടുന്ന മൂന്നു വ്യക്തികളുടെ മാത്രം രചനയല്ല. അഘടിതമായ പരമ്പരാർജ്ജിത വിവരങ്ങൾ വച്ചുകൊണ്ടല്ല സുവിശേഷകർ രചന നടത്തിയതു്. വാഗ്പാരമ്പര്യംവഴിതന്നെ

സംഘടിതമായ വസ്തുതകൾ അവർ ശേഖരിച്ചിരുന്നു. ഈ ഘടകങ്ങളെ ലിഖിതരൂപത്തിൽ ആവിഷ്ക്കരിക്കുകയായിരുന്നു അവർ ചെയ്തതു്. പീഡാനുഭവവിവരണം മാത്രമാണു് ആരംഭംമുതൽ തുടർച്ചയായുള്ളോരാഖ്യാനം. മററു ഭാഗങ്ങളെല്ലാം സ്വതന്ത്രമാണു്, മൗലികമായും സ്വാഭാവികമായും.

അവർ സമാഹരിച്ച സുവിശേഷപാരമ്പര്യങ്ങളുടെ ചരിത്രപരമായ വളർച്ച നിർണ്ണയിക്കലായിരുന്നു അടുത്ത പടി. ഇതിനായി ആദ്യംതന്നെ, വ്യത്യസ്ത ഭാഗങ്ങളെ, അവയ്ക്കു സുവിശേഷകർ നൽകിയിരുന്ന ഘടനയിൽനിന്നും വിഘടിപ്പിച്ചു. പിന്നീടു് ഓരോന്നിൻെറയും സാഹിത്യരൂപം അനുസരിച്ചു് ഗണം തിരിച്ചു.

എച്ചു്. ഗുങ്കൽ എന്ന പണ്ഡിതൻ പഴയനിയമത്തോടു സ്വീകരിച്ച അതേ രീതിതന്നെ ഇവരും സ്വീകരിച്ചു. അതിൻെറ വെളിച്ചത്തിൽ സുവിശേഷങ്ങളെ അവർ പഠിച്ചതു് ഒരു രചയിതാവിൻെറ ഏകീകൃതകൃതികൾപോലെയായിരുന്നില്ല. പ്രത്യേക വ്യത്യസ്ത യൂണിററുകളുടെ ഒരു ഗണമായി അവയെ പഠനവിഷയമാക്കി.

പ്രോട്ടസ്റ്റൻറു് ചിന്തകനായിരുന്ന സ്ട്രാവ്യൂസിൻെറ (1808-1874) ശൈലിയിൽ "സുവിശേഷങ്ങളെ സജ്ജമാക്കുന്ന സുവിശേഷഭാഗങ്ങളും കഥകളും മൊഴികളും ചരടുപൊട്ടിയ മുത്തുപോലെയാണു്. കൃത്രിമമായൊരു ക്രമം മാത്രമേ സുവിശേഷകർ ആ ശകലങ്ങൾക്കു നൽകിയിട്ടുള്ളൂ."

വ്യത്യസ്ത വിഭജനക്രമമാണു് ഓരോ രചയിതാവും സ്വീകരിച്ചിരിക്കുന്നതു്. രചയിതാക്കൾക്കനുസൃതമായി വിഭജനക്രമവും വ്യത്യസ്തം. സുവിശേഷങ്ങളെയും അവയുടെ മൂലഘടകങ്ങളെയും പ്രചാരിതമായ പുരാതന സാഹിത്യരൂപങ്ങളോടു് താരതമ്യംചെയ്തുകൊണ്ടാണു് ഈ വിഭജനം ആരംഭിക്കുന്നതു്.

സുവിശേഷവിഷയങ്ങളുടെ വിഭജനം വ്യക്തമാകുന്നതു് ഈശോയുടെ മൊഴികളിലും (Sayings) വിവരണങ്ങളിലുമാണു് (Narratives). ഈ ആഖ്യാനങ്ങളെ ചില ഗ്രീക്കു് സാഹിത്യരൂപങ്ങളുമായി താരതമ്യം ചെയ്തു നോക്കാവുന്നതാണു്. അവ ക്രിസ്തുവിൻെറ വിഖ്യാതമായ ചില പ്രസ്താവനകളിലേക്കെത്തിനില്ക്കുന്ന നിദ

ശ്നാലങ്കാരങ്ങളോ (Paradigms—ദിബേലിയസ്) സുഭാഷിതങ്ങളോ (Apopthegems—ബുൾട്ട്മാൻ) ആകാം (മർക്കോ 2:23—28); അല്ലെങ്കിൽ, ക്രിസ്തുവിന്റെ അത്ഭുതങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന വിവരണകഥകൾ (Novellen) ആകാം. മററുള്ള ആഖ്യാന വസ്തുതകൾ പുരാണ (Legends) ങ്ങളായി കരുതപ്പെടുന്നു; കേവലം കെട്ടുകഥകളായിട്ടല്ല, മതാത്മകവും സദാചാരപരവുമായ ഭക്തകഥകൾ എന്നനിലയിൽ. ലളിതമായ ഈ ആഖ്യാനങ്ങളോരോന്നിന്റെയും കേന്ദ്രബിന്ദു സവിശേഷമായ ചില പദസമുച്ചയങ്ങളാണ്. ഇവയോടു ചേർന്ന് 'ഈശോ'ക്തികളുടെ ഗണങ്ങളും സന്മാർഗ്ഗപാഠങ്ങളും ആവിർഭവിക്കുന്നു. ഇവതന്നെയാണ് ഈശോയുടെ പ്രഭാഷണങ്ങൾ (Logia). ഈശോയെ ദൈവമായി ചിത്രീകരിക്കുന്ന കഥനങ്ങളും ഇതോടൊപ്പം നമുക്കു കാണാം. സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു വന്ന ദൈവപുത്രനായി ക്രിസ്തുവിനെ അവതരിപ്പിക്കുന്ന വിവരണങ്ങളുമുണ്ട്. ഇവയുടെ പ്രതിപാദ്യത്തെ ക്രിസ്തുവൃത്തം (Christ myth) എന്നാണ് വിളിക്കുന്നത്. ഈശോയുടെ ജ്ഞാനസ്നാനം, പ്രലോഭനങ്ങൾ തുടങ്ങിയവയിൽ പ്രകടമായിട്ടുള്ളത് ഇതാണ്. ഈ ക്രിസ്തുവൃത്തം ചില അത്ഭുത വിവരണങ്ങളെയും (മർക്കോ 6:47—52) ഏതാനും പ്രസ്താവനകളെയും (മത്താ 11:25—30) സ്വാധീനിച്ചിട്ടുണ്ട്.

സുവിശേഷങ്ങളിലെ അംശഘടകങ്ങളെ അപഗ്രഥിച്ച് ഗണം തിരിച്ചശേഷം ഈ പണ്ഡിതർ അവയിലെ വിവിധ സാഹിത്യരൂപങ്ങളുടെ സ്രോതസ്സുകളെ വിശദീകരിച്ചുതുടങ്ങി. അതോടൊപ്പം ഈ സാഹിത്യരൂപങ്ങളിൽപ്പെട്ട് ക്രിസ്തുസങ്കല്പത്തിനു ഭവിച്ച പരിണാമവും അവർ സ്പഷ്ടീകരിച്ചു. അതിനായി അവർ സാമാന്യജനത്തിന്റെ മനഃശാസ്ത്രനിയമങ്ങളാണ് (Mass Psychology) പ്രയോഗിച്ചത്. അതായത് ഈശോയുടെ ഉത്ഥാനത്തിൽ വിശ്വസിച്ചിരുന്ന ഒരു സമൂഹത്തിന്റെ സഗ്ഗ്വൃത്തി, അഥവാ ഭാവനാസൃഷ്ടിയാണ് സുവിശേഷവസ്തുതകൾക്ക് നിദാനമായിരിക്കുന്നത്. അവരുടെ വിശ്വാസം ക്രിസ്തുവിനെക്കുറിച്ചൊരു സന്ദേശം ഉളവാക്കി. ദൈവസമക്ഷം മനുഷ്യന് സ്വയമൊരു നിർവ്യാജമായ ധാരണ ലഭ്യമാക്കുക മാത്രമായിരുന്നു അതിന്റെ ലക്ഷ്യം.

എന്നാൽ ഈ വിശ്വാസത്തിനും സന്ദേശത്തിനും ഗുരുത്വകേന്ദ്രം ഭൂതകാലമല്ലായിരുന്നു എന്നോർക്കണം. വർത്തമാനകാലം

PALACKAL JENASS ACHARYA KENDRAM LIBRARY 14537

തന്നെയാണാഗ്ഗുരുത്വകേന്ദ്രം. ചരിത്രത്തിലെ ക്രിസ്തുവല്ലിവിടെ താല്പര്യവിഷയം; വിശ്വാസത്തിന്റെ ക്രിസ്തുവാണ്. ഈ ക്രിസ്തുവിന്റെ മൊഴികളും ചെയ്തികളുമെല്ലാം മാനുഷികാവശ്യങ്ങളുടെ നിവർത്തനത്തിനായിട്ടാണ് കല്പിതമായത്.

സമൂഹത്തിന്റെ ഈ സൎഗ്ഗവൃത്തി വ്യക്തമാകുന്ന പ്രഥമവും പ്രധാനവുമായ സന്ദർഭം അപ്പസ്തോലന്മാരുടെ പ്രഭാഷണമായിരുന്നു. ഇതിന്റെ സാരസംഗ്രഹംതന്നെ 1 കോറി. 16:1–8 ലും ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളുടെ ആദ്യാദ്ധ്യായങ്ങളിലുള്ള പത്രോസിന്റെ പ്രഭാഷണങ്ങളിലും കാണാം (ശ്ലീഹ 2:14–40; 3:12–26; 4:8–12; 5:29–32; 10:34–41).

പിന്നീട് സമൂഹത്തിൽ മറ്റുചില ആവശ്യങ്ങൾ പൊന്തിവന്നു. ക്രിസ്തുവിനർപ്പിക്കുന്ന ആരാധന, വിശ്വാസസംരക്ഷകരുടെയും (Apologists) താർക്കികരുടെയും (Polemists) ആവശ്യങ്ങൾ, വിശുദ്ധ ഗ്രന്ഥത്തിലെ ഓരോരോ ആഖ്യാനങ്ങൾ സമർത്ഥിക്കേണ്ട സാഹചര്യം, പ്രബോധനപരവും മതപ്രചരണാത്മകവുമായ ആവശ്യങ്ങൾ, ഇവയെല്ലാമായിരുന്നു അവ.

മററാഖ്യാനങ്ങളും മൊഴികളും ആവിഷ്കരിക്കാൻ ഇവ സഹായകരമായിതീർന്നു. അതിനാൽ ഈ വിവരണങ്ങളെയും മൊഴികളെയും മനസ്സിലാക്കുവാൻ അവയെ ഓരോന്നിന്റെയും ഉറവിടമായ സമൂഹജീവിതത്തിൽ വച്ചുനോക്കണം. ഇതിനെ ജീവിതപശ്ചാത്തലം അഥവാ മൂലപശ്ചാത്തലം (Sitz im Leben) എന്നു വിളിക്കുന്നു.

ഇപ്രകാരം നിരൂപണാത്മകമായി അപഗ്രഥിച്ച് സുവിശേഷരൂപീകരണത്തെയും അവയുടെ അംശഘടകങ്ങളെയും, അവയോരോന്നിന്റെയും ചരിത്രപശ്ചാത്തലത്തിൽ നിന്നുകൊണ്ട് പുനഃസൃഷ്ടിക്കാനുള്ള ശ്രമത്തെ രൂപചരിത്രനിരൂപണം എന്നു വിളിക്കുന്നു (Form and Tradition Criticism).

രൂപചരിത്രനിരൂപണവും പുരാണനിരാസവും

പ്രസിദ്ധമായ പുരാണ നിരാസസിദ്ധാന്തത്തെപ്പററിയും (Demythologization) അതിന്റെ ഉപജ്ഞാതാവും പ്രാരംഭകനുമായ ആർ. ബുൾട്ട്മാനെക്കുറിച്ചും ഒരു വാക്ക് പറയുന്നത് യുക്തമാണെന്നു

കരുതുന്നു. രൂപചരിത്രനിരൂപണവും പുരാണനിരാസവും രണ്ടല്ല ന്നുള്ള ഒരു ചിന്താരീതി വ്യാപകമായുണ്ട്. ഇതു് തികച്ചും അപ്രാമാണികമാണു്.

ഒരു പ്രമാണവും പ്രകാരവും എന്ന നിലയിൽ (Theory and Method) പുരാണനിരാസം ആവിർഭവിച്ചതു് 1941–ലാണു്; ബുൾട്ട്മാനെഴുതിയ പുതിയ നിയമവും പുരാണവും (The New Testament and Mythology) എന്ന ലേഖനത്തോടെ ഇതാരംഭിച്ചു. ഈ തലമുറയിലെ ഏററം വിശ്രുതവും വിവാദം സൃഷ്ടിച്ചതുമായ പുതിയനിയമ വിജ്ഞാനീയമായിതീൎന്നു ആ ലേഖനം.

ലേഖനത്തിന്റെ ഉദ്ദേശ്യം അന്നു പ്രാബല്യത്തിലിരുന്ന ക്രിസ്തപനാന്തരാജ്ഞേയ വാദത്തെ (Post-christian agnosticism) ഖണ്ഡിക്കുകയായിരുന്നു. സുവിശേഷങ്ങളുടെ രൂപീകരണത്തെക്കുറിച്ചു് അദ്ദേഹം ഗവേഷണം നടത്തിയിരുന്ന കാലത്തുതന്നെ ഇതു് പ്രബലമായിരുന്നു. സുവിശേഷങ്ങളുടെനേരെ നിലവിലുള്ള നിഷ്പക്ഷതാമനോഭാവം, ആധുനിക സങ്കല്പങ്ങളും പുതിയനിയമ ചിന്തയും തമ്മിലുള്ള അന്തരത്തിൽ നിന്നാണെന്നു് ബുൾട്ട്മാൻ കരുതി. ശാസ്ത്രീയമായി ചിന്തിക്കുന്ന ആധുനികൻ പ്രപഞ്ചത്തോടും അതേ ആഭിമുഖ്യം പുലൎത്തുമ്പോഴും പുതിയ നിയമചിന്താധാര അവനൊരു ''പുരാണ'' മായിത്തീരുന്നു. പുരാണ (myth) മെന്നു് ബുൾട്ട്മാൻ വിവക്ഷിക്കുന്നതു കല്പിതാഖ്യാനങ്ങളോ പഴങ്കഥകളോ അല്ല; സങ്കല്പകഥകളെ ഉപജീവിച്ചുകൊണ്ടു് ഈ ലോകത്തിന്റെ ഭാഷയിൽ പരലോകത്തെ വ്യഞ്ജിപ്പിക്കുന്നതാണതു്. അതീതമായുള്ളതിനെ പരിമിതമായവകൊണ്ടും, ദൈവികമായവയെ മാനുഷികഭാഷയിലും പ്രകടിപ്പിക്കയാണതു്. പുരാണമെന്നാൽ കപോലകല്പിതമായ ഒരു നുണക്കഥയല്ല, നിത്യതയെ അനിത്യത വഴി വ്യഞ്ജിപ്പിക്കാൻ ഏതൊരു തലമുറയും നടത്തേണ്ട ഒരുദ്യമമാണു്; മനുഷ്യനെന്നനിലയിൽ അതിനവനു് മററു മാൎഗ്ഗമൊന്നുമില്ലതന്നെ.

De mythologization

അതേസമയം തന്നെ ഈ വസ്തുത മനസ്സിലാക്കി, ക്രിസ്തുഘോഷണത്തെ പുരാണത്തിൽ നിന്നെടുത്തു് സമകാലീനൎക്കു് മനസ്സിലാകുന്ന ഭാഷയിൽ വ്യാഖ്യാനിക്കേണ്ടതു് എല്ലാ തലമുറകളുടെയും കൎത്തവ്യമാണു്. 'സുവിശേഷങ്ങളുടെ മിഥോളജി' കൊണ്ടു് ബുൾട്ട്മാൻ അൎത്ഥമാക്കുക, സ്വൎഗ്ഗം, ഭൂമി, നരകമെന്ന മൂന്നുതട്ടുകളുള്ള പ്രപഞ്ചം;

മനുഷ്യാവതാരം, പുനരുത്ഥാനം, കന്യകാത്വപവതാരം, പുതിയനിയമത്തിന്റെ യുഗാന്ത്യപ്രതീക്ഷ, അത്ഭുതങ്ങൾ എന്നിവയാണു്. അദ്ദേഹം പറയുന്നു, ''ആധുനിക മനുഷ്യൻ സ്വവിശേഷങ്ങളിൽ തല്പരനാകണമോ, പുതിയ നിയമം വിപുരാണീകരിക്കണം.''

ഈ സിദ്ധാന്തത്തിന്റെ പ്രാഭവവും പ്രചോദനവുമായിരിക്കുന്നതു് രൂപചരിത്രനിരൂപണ രീതിയാണെന്നു് നാം കാണുന്നു. പക്ഷേ അവ ഒന്നല്ല. പുരാണ നിരാസം ലക്ഷ്യമാക്കുന്നതു്, മിത്തുകളില്ലാതെ ആധുനിക മനുഷ്യനു മനസ്സിലാകും വിധമുള്ള സ്വവിശേഷഘോഷണമാണു്.

ബുൾട്ട്മാന്റെ വീക്ഷണത്തിൽ അസ്തിത്വാത്മകദർശനത്തിന്റെ മാനങ്ങളിൽക്കൂടെ മാത്രമാണു് ആധുനിക മനുഷ്യനെ സമീപിക്കേണ്ടതു്. മനുഷ്യാസ്തിത്വത്തെക്കുറിച്ചു് മനുഷ്യനുയർത്തുന്ന പ്രശ്നങ്ങൾക്കു് പുതിയനിയമം പരിഹാരമേകണം. അപ്രകാരംതന്നെ അസ്തിത്വവീക്ഷണം വേദനയുടെയും രോഷത്തിന്റെയും നിറംപിടിച്ചതാണെന്നു പറയുന്ന ആ അസ്തിത്വത്തിനും അർത്ഥം ലഭിക്കേണ്ടിയിരിക്കുന്നു.

പുതിയ നിയമം ഇതിനുത്തരമേകുന്നുണ്ടോ? ബുൾട്ട്മാൻ പറയുന്നതു് ഉണ്ടെന്നു തന്നെയാണു് അസ്തിത്വചിന്തയുടെ അതേ മാനങ്ങളിൽതന്നെ. പക്ഷേ ആധുനികമനുഷ്യൻ ശ്രദ്ധിക്കാൻ കൂട്ടാക്കാത്ത പുരാണഭാഷയിലാണതു സംസാരിക്കുന്നതു്. മനുഷ്യാസ്തിത്വത്തിനർത്ഥമടങ്ങിയിരിക്കുന്നതു് യുഗാന്ത്യപ്രവൃത്തിയെക്കുറിച്ചുള്ള (Eschatological act) പ്രഘോഷണത്തിലത്രേ. ഈ യുഗാന്ത്യപ്രവൃത്തിയോ, ക്രിസ്തുവിലുള്ള ദൈവത്തിന്റെ നിർണ്ണായകമായൊരു പ്രവർത്തനവും, നിരാശയിലും വേദനയിലും ജീവിച്ചുതീർക്കാനായി നമുക്കെറിയപ്പെട്ടിരിക്കുന്നുവെന്നു പറയപ്പെടുന്ന ആ മനുഷ്യാസ്തിത്വം എത്രയോ അർത്ഥശൂന്യം. എന്നാൽ അസ്തിത്വത്തിനു മൂല്യവും അർത്ഥവുമേകുന്നതു് ക്രിസ്തുവിന്റെ ജീവിതവും മരണവുമാണു്. കാരണം, അതുവഴി ക്രിസ്തു മരണത്തിന്റെ മേധാവിത്വത്തെ അതിജീവിച്ചു. ഈ രക്ഷാകരസംഭവത്തിന്റെ പ്രഘോഷണം ഒരു വെല്ലുവിളിയാണോരോ മനുഷ്യനും.

അതവനെ വ്യക്തിപരമായൊരു തീരുമാനമെടുക്കാൻ നിർബന്ധനാക്കുന്നു. വിശ്വാസത്തിലൂടെ ഈ സന്ദേശം സ്വീകരിക്കുന്ന പക്ഷം തന്റെ അസ്തിത്വത്തിനു് അർത്ഥം നല്കുന്ന ഒരു തലത്തിലേക്കു

വൻ പ്രവേശിക്കുകയായി. അസ്തിത്വചിന്തയുടെ സംജ്ഞയിൽ ഇതൊരഭിമുഖക്കൂടിക്കാഴ്ചയാണ്. വ്യക്തിപരമായൊരർപ്പണത്തിലത്രേ ഇതധിഷ്ഠിതമായിരിക്കുക.

കാരണം നമുക്കറിയാം. മരണംവരെ ഈശോ വിധേയത്വമുള്ളവനായിരുന്നു, അതും കുരിശിലെ മരണത്തോളം. അതുവഴി അവിടുന്ന് മനുഷ്യാസ്തിത്വത്തിന്റെ അത്യുദാത്തമായ സാദ്ധ്യതകളാണ് നിറവേററിയത്. ഈ കുരിശിന്റെ മൂല്യം നിഷേധിക്കുന്നവന് തന്റെ അസ്തിത്വത്തിനും അർത്ഥം കണ്ടെത്താനാവില്ല. അവൻ വീണ്ടും തന്റെ യാതനാനിർഭരവും നിരാശാജനകവും മാംസബദ്ധവുമായ അസ്തിത്വത്തിലേയ്ക്ക് നിപതിക്കുകയേയുള്ളു.

രൂപനിരൂപണ, പുരാണനിരാസരീതികളെ വിമർശിച്ചപോകുന്നപക്ഷം നാം വിഷയത്തിൽ നിന്ന് വളരെ അകന്നു പോയേക്കും. ഈ രീതികളുടെ ഉപജ്ഞാതാക്കൾക്ക് വളരെയേറെ സദുദ്ദേശങ്ങൾ ഉണ്ടായിരുന്നെങ്കിലും അവയ്ക്ക് ഫലമായി കൈവന്നത് മറെറാന്നായിരുന്നു. പുതിയ നിയമാവിഷ്കാരത്തിന്റെ അർത്ഥത്തെത്തന്നെ ന്യൂനീകരിക്കുന്ന ഒരു ചിന്താപദ്ധതിയാണ് ഇതിലൂടെ രൂപം കൊണ്ടത്.

ഈശോയെക്കുറിച്ച്, അവിടുന്ന് കുരിശിൽ മരിച്ചെന്നല്ലാതെ മററൊന്നും സുനിശ്ചിതമായി അറിയുകയേ സാദ്ധ്യമല്ലെന്ന് ബുൾട്ട്മാൻ സിദ്ധാന്തിച്ചു. ഒപ്പമുണ്ടായിരുന്ന ചില മിതവാദികൾ മാത്രമാണ് ഏതാനും വാക്യങ്ങളും സംഭവങ്ങളും ക്രിസ്തുവിന്റേതായി അംഗീകരിച്ചിരുന്നത്. അപ്രകാരം ചില ആഖ്യാനങ്ങളെ ക്രിസ്തുവിനെക്കുറിച്ച് ആധികാരമായ വിവരണം നൽകുന്നവയായി സ്വീകരിച്ചു. ആകർഷകമായ ഒരു സിദ്ധാന്തമെന്ന നിലയിൽ ഈ ചിന്താഗതി പലർക്കും സ്വീകാര്യമായി അനുഭവപ്പെട്ടു.

എങ്കിലും കാലക്രമത്തിൽ പുരാണനിരാസ രീതിയ്ക്ക് പല മണ്ഡലങ്ങളിൽനിന്നും ശക്തമായ വിമർശനം നേരിടേണ്ടി വന്നപ്പോൾ രൂപനിരൂപണരീതിക്ക് മിതവാദികൾ ഉപരിപര്യവേഷണസാദ്ധ്യതകൾ നൽകിക്കൊണ്ടിരുന്നു. ആരംഭം മുതൽ തന്നെ പല പണ്ഡിതന്മാരും രൂപനിരൂപണ രീതിയുടെ അടിസ്ഥാന പ്രമാണങ്ങൾക്കെതിരേ തിരിയുകയാണുണ്ടായത്. മുഖ്യമായും എതിർപ്പ് നേരിട്ടത് പണ്ഡിതരായ ജർമ്മൻ യാഥാസ്ഥിതികരിൽ നിന്നും സ്കാൻറി

നവിയൻ പാരമ്പര്യ—ചരിത്ര സിദ്ധാന്ത സമിതിയിൽ നിന്നും ബ്രിട്ടീഷ് പണ്ഡിതരിൽ നിന്നുമായിരുന്നു. പൊതുവേ ബ്രിട്ടീഷ് പണ്ഡിതർ രൂപനിരൂപണത്തിൻെറ സൃഷ്ടിപരവും ആരോഗ്യപരവുമായ സംഭാവനകളോടനുഭാവികളായിരുന്നു. സുവിശേഷഘടകങ്ങളുടെ പല ഭാഗങ്ങളും പ്രബോധനപരവും ദൈവാരാധനാപരവുമായ സാഹചര്യങ്ങളിലാണുരുത്തിരിഞ്ഞതെന്ന് അവർ അംഗീകരിച്ചു. എന്നാൽ മററു മതപ്രസ്ഥാനങ്ങളുടെ രീതിക്കനുസൃണമായിആരാധനാസമൂഹം ഈ ഘടകങ്ങരം രൂപീകരിച്ചെന്നത് അവർ നിഷേധിക്കുകയും ചെയ്തു. കൂടാതെ സംഭവങ്ങരംക്ക് ദൃക്സാക്ഷികളായിരുന്ന ശ്ലീഹന്മാരുടെ സ്ഥാനവും ചോദ്യം ചെയ്യപ്പെട്ടു. അവരുടെ പ്രവൎത്തനങ്ങരംക്കു പ്രത്യേക പ്രാധാന്യമൊന്നും കൊടുത്തിരുന്നില്ല.

മേൽപ്പറഞ്ഞ പണ്ഡിതന്മാർ ചൂണ്ടിക്കാട്ടിയതിതാണ്: അടിസ്ഥാനപരമായ യഹൂദസിദ്ധാന്തങ്ങളെയും നിലവിലുണ്ടായിരുന്ന യഹൂദപ്രതീക്ഷകളെയും അതിശയിക്കുന്നൊരു സുവിശേഷസന്ദേശത്തിൻെറ ഉപജ്ഞാതാവാകുന്നതിന് ആദ്യക്രിസ്തീയ സമൂഹത്തിൽ ആൎക്കും സാധിക്കുമായിരുന്നില്ല.

രചനാചരിത്രനിരൂപണം

മുൻചൊന്ന ചിന്താഗതിയുടെ ഫലമായി 1945 മുതൽ ബുരംട്ട്മാൻെറ ഒരു ശിഷ്യപരമ്പരതന്നെ അദ്ദേഹത്തെ എതിൎക്കുവാൻ തുടങ്ങി. അങ്ങനെയാണ് ഇ. കേയ്സമാൻ, ഇ. ഫുക്സ്, ജി. ബോൺകാം, എച്ച്. കോൺസൽമാൻ, ഇ. ഹൈററ്സ് തുടങ്ങിയവർ ഒരു വിഭിന്ന പ്രതികരണത്തിനണിനിരന്നത്.

സുവിശേഷവസ്തുതകളുടെ ചരിത്രപരതയെ സംബന്ധിച്ചിടത്തോളം ഈ ശിഷ്യർതന്നെ ബുരംട്ട്മാനെ വെല്ലുവിളിച്ചു. രണ്ട് പതിററാണ്ടിനകം ബലഹീനമായൊരു സമൂഹത്തിന് ചരിത്രപരമായ ഒരടിസ്ഥാനവുമില്ലാതെ എങ്ങനെ സമ്പൂൎണ്ണരൂപമുള്ള ക്രിസ്തുമതം രൂപീകരിക്കാനായി? ഇനി, സാമാന്യജനമന:ശാസ്ത്രമെന്ന വാദം ഉപയോഗിച്ചാലും, ഹ്രസ്വമായ കാലയളവിലാവിർഭവിച്ച ക്രിസ്തീയ സുവിശേഷത്തെ എങ്ങനെയാണ് വിശദീകരിക്കുക? പ്രത്യേകിച്ചും മനുഷ്യനായ ഈശോ എന്ന അവ്യക്തരൂപത്തെ അടിസ്ഥാനമാക്കുമ്പോരം അതു ന്യായീകരിക്കാനാവില്ല.

ശ്രദ്ധേയമായ മറെറാരു വസ്തുതയും ഉണ്ട്: ആദിമ ക്രിസ്തീയ സമൂഹത്തിലുണ്ടായിരുന്നതു് നിരക്ഷരരായ യഹൂദരാണ്. ഈശോയെ ''ദൈവപുത്ര''നാക്കുവാൻ ഒട്ടുമേ സന്നദ്ധതയില്ലാത്തവർ. സുവിശേഷരേഖകൾതന്നെ ഇതിനു മതിയായ തെളിവുകളാണ്. അതിനാൽ സാമാന്യജനമന:ശാസ്ത്രനിയമങ്ങളേക്കാൾ വസ്തുനിഷ്ഠവും ചരിത്രപരവുമായ ഒന്നു് ഇവിടെ പ്രവർത്തിച്ചിരിക്കണം,

രൂപനിരൂപണത്തിനുണ്ടായിരുന്നൊരു പ്രധാന ന്യൂനത, അതു് സുവിശേഷകരുടെ പ്രാരംഭശേഷിക്കോ, അവരുടെതന്നെ സാഹിത്യപ്രവർത്തനത്തിനോ വേണ്ടത്ര പ്രാധാന്യം നൽകാതെ നിലവിലുണ്ടായിരുന്ന വസ്തുതകളുടെ സമകർത്താക്കളായി മാത്രം അവരെ തരംതാഴ്ത്തിയതാണ്. ഫലമെന്നോണം പുതിയ പ്രതികരണം വ്യതിരിക്തതയുണിററുകളായി സുവിശേഷങ്ങളെ പഠിക്കുന്നതിൽനിന്നു് വ്യതിചലിച്ചു തുടങ്ങി. പിന്നീടുള്ള ശ്രദ്ധ, സുവിശേഷങ്ങളെ സാഹിത്യരചയിതാക്കളുടെ ഏകീകൃത രചനകളായി പഠിക്കുന്നതിലായി. അതുമൂലം സുവിശേഷകരെ സ്വകീയതയുള്ള സർഗ്ഗാത്മകദൈവവിജ്ഞാനികളായി അംഗീകരിക്കാനും മതിക്കാനും സാധിച്ചു. ഓരോ സുവിശേഷകനും താനേർപ്പെട്ട പാരമ്പര്യത്തെപ്പററി തനതായൊരാഖ്യാനം നൽകുന്നു. ഈ വീക്ഷണമനുസരിച്ച് സുവിശേഷകരുടെ തന്നെ രചനകളെ നാം പഠിക്കണമെങ്കിൽ അവരുടെ രചനാനിരൂപണത്തെ നാം കൂടുതൽ ശ്രദ്ധിച്ചേ തീരൂ.

പ്രധാനമായവ പലതുണ്ട്. സംഭവങ്ങളുടെ മദ്ധ്യേ അവർ കരുപിടിപ്പിക്കുന്ന കണ്ണികളും, കഥകൾക്കു് അവർ നൽകുന്ന ക്രമാനുക്രമങ്ങളും അതിൽപ്പെടും. അവക്കു ലഭ്യമായ മൂലസ്രോതസ്സുകൾക്കു് വരുത്തുന്ന മാററങ്ങളും സുപ്രധാനം തന്നെ. ഇപ്പോൾ കേന്ദ്രബിന്ദു സുവിശേഷകനാണ്: അദ്ദേഹത്തിന്റെ സാഹിത്യവൃത്തി, ദൈവവിജ്ഞാനദർശനം, ഉദ്ദേശ്യം, വ്യക്തിപരമായ മററു താല്പര്യങ്ങളുടെ പശ്ചാത്തലം ഇവയെല്ലാംകൂടെ അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടിക്കു് തെളിഞ്ഞതും ഒളിമങ്ങാത്തതുമായൊരു മുദ്രയാണു് നൽകുക. ഈ സിദ്ധാന്തത്തെ രചനാചരിത്രനിരൂപണമെന്നു വിളിക്കുന്നു.

ഇതിന്റെ ഉപജ്ഞാതാക്കൾ ജി. ബോൺകാം, എച്ച്. കോൺസൽമാൻ, ഡബ്ല്യു. മാർക്സൻ തുടങ്ങിയവരാണ്. വിരു

ദ്ധമായ സമീപനങ്ങളല്ല മൗലികമായും പരസ്പരപൂരകങ്ങളായ നിരൂപണരീതികളാണ് ഇവർ സ്വീകരിക്കുന്നത്.

രൂപ-രചനാചരിത്രനിരൂപണങ്ങളുടെ സൃഷ്ടിപരമായ മൂല്യങ്ങൾ

രൂപരചനാചരിത്രനിരൂപണങ്ങളുടെ മൗലിക തത്വങ്ങൾ അനിഷേധ്യം തന്നെ. ഇവയുടെ നിരൂപകർ കരുതുന്നതുപോലെ സുവിശേഷങ്ങളുടെ നിലവിലിരിക്കുന്ന ഘടന ഒരു പരിധിവരെ സുവിശേഷകരുടെ സൃഷ്ടിയാണെന്നുള്ളത് വ്യക്തം. ഈശോയുടെ പരസ്യജീവിതകാലത്തെ സംഭവങ്ങളിൽ മിക്കതും തന്നെ കാലക്രമനിർണ്ണയം അസാദ്ധ്യമായവയാണ്. ഒരു സംഭവം തന്നെ ഓരോ സുവിശേഷത്തിലും വ്യത്യസ്തമായി വ്യാഖ്യാനിച്ചിരിക്കുന്ന ദൃഷ്ടാന്തങ്ങളുണ്ട് (മക്കേ 10: 46–52 ഉം സമാന്തരങ്ങളും). ചിലപ്പോൾ ഒരേ സംഭവം തന്നെ രണ്ടു സാഹചര്യങ്ങളിലാണ് വിന്യസിച്ചിരിക്കുക. യോഹന്നാൻ, ദേവാലയോച്ചാടനം വിവരിക്കുന്നത് ഈശോയുടെ പരസ്യജീവിതത്തിൻെറ ആരംഭത്തിലാണ് (2:13–22). സമവീക്ഷണസുവിശേഷങ്ങൾ അവയെ അന്ത്യത്തിലും വിവരിക്കുന്നു (മക്കേ 11: 15–18 ഉം സമാന്തരങ്ങളും).

സുവിശേഷരേഖകളെ, അവയ്ക്കു ജന്മമേകിയതും, എന്നുമവയ്ക്കാധാരമായതുമായ വിശ്വാസത്തിൽ നിന്നോ, ശ്ലൈഹിക പ്രഘോഷണത്തിൽനിന്നോ വേർപെടുത്തുക വയ്യ. സുവിശേഷം പ്രസംഗിച്ചതിനും പഠിപ്പിച്ചതിനും ശേഷമാണ് എഴുതപ്പെട്ടത്. ഈ വസ്തുത, പാരമ്പര്യത്തിന് വി. ഗ്രന്ഥത്തിന്മേലുള്ള പ്രാഥമ്യം സ്ഥിരീകരിക്കുന്നുണ്ട്. സുവിശേഷങ്ങളിൽ ഈശോയെക്കുറിച്ച് നിശ്ചിതമായ പാരമ്പര്യമാണുള്ളത്. ഇതും രൂപചരിത്രനിരൂപണം പ്രകടമാക്കിയിട്ടുള്ള നല്ലൊരാശയമാണ്.

സുവിശേഷങ്ങളിലെ ഘടകാഖ്യനങ്ങളെയും മൊഴികളെയും പ്രത്യേക സാഹിത്യരൂപങ്ങളായി വിഘടിപ്പിക്കുന്നത് പ്രയോജനകരംതന്നെ. ഈ രൂപങ്ങളുടെ ഘടനയിലേയ്ക്കാഴ്ന്നിറങ്ങാൻ ഇതുസഹായകമാണ്. യഹൂദ– പേഗൻ പശ്ചാത്തലങ്ങളിലുള്ള സമാന്തരരൂപങ്ങളുമായി ഇവയെ താരതമ്യം ചെയ്യുന്നത്, പാഠങ്ങളിലേക്ക് കൂടുതൽ വെളിച്ചം വീശാനും സഹായിക്കും. അതിനുപുറമെ ഈ വർഗ്ഗീകരണം മറെറാന്നുകൂടി എടുത്തുകാണിക്കുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള വിവരണങ്ങളുടെയും 'ഈശോക്തി' കളുടെയും

അന്തിമ പകർപ്പിനെ രൂപപ്പെടുത്താൻ ചില വസ്തുതകൾ സ്വാധീനിച്ചിട്ടുണ്ടത്രേ. ഇതിനെയാണ് സഭാചിന്തയുടെ പുനഃ വ്യാഖ്യാനം എന്നു പറയുന്നത്. ഇതിൽ വിശ്വാസസംരക്ഷകരുടെയും താക്കികരുടെയും ആവശ്യങ്ങളും സഭയുടെ ആരാധന, ആന്തർഘടന ഇവയും ഉൾപ്പെടുന്നു. മൗലികമായി ലഭിച്ചവയുടെ സത്യത്തെ വളച്ചൊടിക്കലല്ല ഇവിടെ പ്രശ്നം. സഭയുടെ പുതിയ അവസ്ഥാവിശേഷങ്ങൾക്കൊത്തുയരുന്ന ആവശ്യങ്ങൾക്കനുസൃതമായി ഈ സത്യങ്ങളെ വ്യാഖ്യാനിക്കുക എന്നതാണ്.

സുവിശേഷകരുടെ വ്യക്തിപരവും വ്യതിരിക്തവുമായ സ്വഭാവമാണ് രചനാചരിത്രനിരൂപണമേററം വ്യക്തമാക്കിയ മറെറാരു വസ്തുത. ഓരോ സുവിശേഷകനും ഒരു സാഹിത്യകാരൻ എന്ന നിലയിൽ ക്രിസ്തുവിനെക്കുറിച്ച് തനതായൊരു ചരിത്രമാണെഴുതിയിരിക്കുക. ശൈലിയുടെയും വ്യക്തിപരമായ ദൈവശാസ്ത്രതാല്പര്യങ്ങളുടെയും നിസർഗ്ഗ സിദ്ധികളിലാണ് സുവിശേഷകൻ തന്റെ അസംസ്കൃതസാമഗ്രികൾ വാർക്കുന്നത്. പൊതുവായ സ്രോതസ്സുകളെ ഉപയോഗിക്കുമ്പോഴും, ഓരോ സുവിശേഷകനും തനിക്കു ലഭിച്ച വസ്തുതകളെ പുനരാവിഷ്ക്കരിക്കുകയാണ്. ചിന്തകനും എഴുത്തുകാരനും എന്ന നിലയിൽ തനിക്കുള്ള ലക്ഷ്യങ്ങളാണ് ഇതിന്റെ മാനദണ്ഡം. മാത്രമല്ല, തങ്ങൾ പ്രാധാന്യം നൽകണമെന്നാഗ്രഹിച്ച സവിശേഷതകളോടുകൂടെ ഈശോയെ അവതരിപ്പിക്കാനാണവർ ശ്രമിച്ചിട്ടുള്ളത്.

മനുഷ്യകുലം ഈശോയെ സ്വീകരിച്ചില്ലെങ്കിലും അവിടുന്നു കർത്താവു തന്നെയായിരുന്നു എന്ന് കാണിക്കുവാനാണ് മക്കോസിന്റെ ഉദ്യമം. തന്റെ സുവിശേഷത്തെ രണ്ടായി വിഭജിച്ചുകൊണ്ടാണ് അദ്ദേഹം ഈ ചിത്രീകരണം സാധിക്കുന്നത്. രണ്ടു വിഭാഗങ്ങളും വിശ്വാസപ്രകടനങ്ങളുടെ പരമാവസ്ഥയിലെത്തുകയാണ് (മക്കോ 8: 24! 15: 39). അതേ സമയംതന്നെ അദ്ദേഹം ഈശോയുടെ സമ്പൂർണ്ണ മനുഷ്യസ്വഭാവം എടുത്തുകാണിക്കുന്നതിനും ശ്രമിക്കുന്നു.

ലൂക്കായെ സംബന്ധിച്ച് ഭൂവിവരണത്തിന്റെ ദൈവവിജ്ഞാനീയമാണ് പ്രധാനം. ഈശോയുടെ പ്രവത്തനങ്ങളെല്ലാം ദൈവവിജ്ഞാനീയപരമത്രേ. പ്രത്യേകിച്ച് ജറുശലേമിലേയ്ക്കുള്ളയാത്ര (ലൂക്കാ 9: 51–19:27). അവിടെ നിന്നായിരുന്നല്ലോ

സുവിശേഷം ലോകമെങ്ങും പ്രസരിക്കാനിരുന്നതു് (ശ്ലീഹ 1:8). ലൂക്കയുടെ ശ്രദ്ധയെ ആകർഷിച്ചതു് ക്രിസ്തുമതത്തിൻെറ സർവ്വങ്കഷമായ അഗോളദൗത്യമായിരുന്നു. ജറുശലേമിലെ അപ്രസിദ്ധമായ ആരംഭത്തിൽനിന്നു് റോമിലെ മഹത്തായ സാഫല്യത്തിലെത്തിയ ഒന്നത്രേ ആ വളർച്ച (ശ്ലീഹ 28:31).

മത്തായിയുടെ ദൃഷ്ടിപഥത്തിലുള്ളതു് പാലസ്തീനിയൻ സമൂഹമാണു്. സ്വഭാവിജ്ഞാനീയത്തിലുള്ള അതീവ താല്പര്യമാണദ്ദേഹത്തിൻെറ വീക്ഷണത്തെ വർണ്ണാഭമാക്കുന്നതു്. തിരുമൊഴികളെയെല്ലാംകൂടി അദ്ദേഹം കർത്താവിൻെറ അഞ്ചു പ്രഭാഷണങ്ങളിലൊതുക്കിയിരിക്കുന്നു.

ഇവരുടെ ശൈലികളിലും ലക്ഷ്യങ്ങളിലുമുള്ള പരിജ്ഞാനം, ഇവരുടെ പദ്ധതിയെക്കുറിച്ചുള്ള വ്യക്തമായ ധാരണ, വിവിധ സുവിശേഷഭാഗങ്ങളുടെ അവധാനപൂർവ്വകമായ അപഗ്രഥനം, ഇവയെല്ലാം സുവിശേഷപഠനങ്ങളുടെ പൂർണ്ണസാർത്ഥകതയ്ക്കു് അനിർവാര്യമാണു്.

ഇതിൽ നിന്നും വ്യക്തമാകുന്നതു് സുവിശേഷവസ്തുതകളെ നമുക്കു് മൂന്നു തലങ്ങളിലോ മേഖലകളിലോ ആയി ക്രമീകരിക്കാമെന്നാണു്. ഇവ മൂന്നും സുവിശേഷചരിത്രരൂപീകരണത്തിലെ മൂന്നു ഘട്ടങ്ങളുടെ പരിണാമമത്രേ. ഈശോയുടെ ജീവിതപശ്ചാത്തലം(Sitz im Leben Jesu), സഭയുടെ ജീവിതപശ്ചാത്തലം (Sitz im Leben der Kirche), സുവിശേഷകൻെറ പശ്ചാത്തലം (Sitz im Evangelium) എന്നിങ്ങനെയാണു് അവ അറിയപ്പെടുക.

ആദ്യത്തെ തലത്തിൽ അടിസ്ഥാനമായി, ക്രിസ്തുവിൻെറ പരസ്യജീവിതത്തിനു സാക്ഷികളായിരുന്ന ശ്ലീഹന്മാരുടെയും ശിഷ്യരുടെയും മദ്ധ്യേ അവിടുന്നു പറഞ്ഞതും പ്രവർത്തിച്ചതുമെല്ലാം. രണ്ടാമത്തെ തലത്തിൽ അപ്പസ്തോലപ്രഘോഷണം. ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്ന അപ്പസ്തോലർ ക്രിസ്തുവിൻെറ മരണോത്ഥാനങ്ങളിലൂടെ പരിപൂർണ്ണമായ രക്ഷാകരസന്ദേശത്തെ ജീവിതത്തിൽ പകർത്തുന്നു. ഈ പ്രതിഭാസം യേശുപാരമ്പര്യത്തിനു് കൂടുതൽ വ്യക്തമായ രൂപം നൽകുന്നു. ഇങ്ങനെ ഈശോയെക്കുറിച്ചുള്ള പാരമ്പര്യം വിവരണങ്ങളിലും സാക്ഷ്യങ്ങളിലും, ഗീതങ്ങളിലും സ്തുതിപ്പുകളിലും, പ്രാർത്ഥനകളിലും മററുമായി സ്ഥിരീകരിക്കപ്പെടുന്നു. ക്രിസ്തുവിനോടു് അടുത്തു പെരുമാറിയവരെന്നനിലയിൽ ശ്ലീഹന്മാർ, അവി

ട്ടത്തെ മൊഴികളും ചെയ്തികളുമെല്ലാം ഓരോരോ സമൂഹങ്ങളുടെ ആവശ്യത്തിനനുസരിച്ച് വ്യാഖ്യാനിച്ചു. ഇതാണ് യേശു പാരമ്പര്യത്തിന്റെ സഭാജീവിത പശ്ചാത്തലം (Sitz im Leben der Kirche).

ഏററവും ഒടുവിൽ രംഗത്തു വരുന്ന സുവിശേഷകന് ആധാരമായിരുന്നതു് ഈ പാരമ്പര്യമാണ്. ലിഖിതവും അലിഖിതവുമായ ഈ പാരമ്പര്യങ്ങളവർ സുവിശേഷങ്ങളിലേക്കു പകർന്നു. ഇപ്രകാരം ചെയ്യുന്നതിന് ഓരോരുത്തരുടെയും പ്രത്യേക ലക്ഷ്യത്തിനനുസൃതമായ രീതിയാണ് അവരവലംബിച്ചതു്. വിവേചനാപൂർവ്വം തിരഞ്ഞെടുത്ത വസ്തുതകളെ സമന്വയിപ്പിച്ച് സഭകളുടെ ആവശ്യമനുസരിച്ച് വിശദീകരണം നൽകി. ഇതാണ് ക്രിസ്തുപാരമ്പര്യത്തിന്റെ സുവിശേഷ പശ്ചാത്തലം (sitz im Evanglium.) എന്നാലിവിടെയെല്ലാം മുഖ്യപ്രശ്നം സത്യസന്ധമായസന്ദേശം പകരുകയായിരുന്നു. അതവർ പരിശുദ്ധാത്മാവിന്റെ നിവേശനങ്ങളിലൂടെയും സ്വാധീനത്തിലൂടെയും നിർവഹിച്ചു.

സഭയുടെ പ്രബോധനം

നേരത്തേ സൂചിപ്പിച്ച ''സുവിശേഷങ്ങളുടെ ചരിത്ര സത്യത്തെ സംബന്ധിച്ച പ്രബോധനം''(Instruction on the historical truth of the gospels) ഈ ആശയങ്ങളെ ക്രിയാത്മകമായിത്തന്നെ സ്വാഗതം ചെയ്തു. രൂപരചനാചരിത്രനിരൂപണരീതികളെ തുറന്നനുകൂലിക്കുന്ന ചരിത്രത്തിലെ ആദ്യത്തെ ഔദ്യോഗിക രേഖയാണിതു്. അതോടൊപ്പം രൂപചരിത്രനിരൂപണ പഠനത്തിൽനിന്നരിത്തിരിഞ്ഞ സുവിഷേഷപാരമ്പര്യരൂപീകരണത്തിലെ മൂന്നു ഘട്ടങ്ങളെയും ഉദാരമായി അംഗീകരിക്കുന്ന ആദ്യ രേഖയും. ബൈബിൾ വ്യാഖ്യാതാക്കളെ, സുവിശേഷങ്ങളുടെ മൂലത്തേയും രചനയേയും സംബന്ധിച്ച എല്ലാ ഘടകങ്ങളിലും ശ്രദ്ധ പതിക്കാൻ ഈ രേഖ ആഹ്വാനം ചെയ്തു.

''സമീപകാലപഠനങ്ങൾ ഒരു വസ്തുത തെളിയിക്കുന്നു. ഈശോയുടെ ജീവിതവും ചിന്തകളും ഓർമ്മയിൽ സൂക്ഷിക്കാൻ മാത്രമായി പുനരാഖ്യാനം ചെയ്യുകയായിരുന്നില്ല; പ്രത്യുത, വിശ്വാസവും ധാർമ്മികമൂല്യങ്ങളും പണിതുയർത്താനുള്ള അടിത്തറയായി സഭ തീരത്തക്കവണ്ണം അവ പ്രഘോഷിക്കപ്പെടുകയായിരുന്നു. അതിന്റെ

അർത്ഥം സുവിശേഷകരുടെ സാക്ഷ്യം നന്നായി അപഗ്രഥിക്കാനായി അതിനെ വിഷയമാക്കുന്ന വ്യാഖ്യാതാവിന്, കൂടുതൽ വെളിച്ചം വീശാൻ കഴിയുന്ന മേഖലകളുണ്ടെന്നാണ്. സുവിശേഷങ്ങളുടെ സ്ഥിരമായ ദൈവവിജ്ഞാനീയമൂല്യമാണൊന്ന്. മററൊന്ന് സഭയുടെ വ്യാഖ്യാനത്തിൻെറ ജീവൽപ്രാധാന്യത്തിന് മാനം നൽകുന്ന മേഖലയും.''

അതേസമയംതന്നെ, രൂപചരിത്രനിരൂപണ ശാഖയുടെ അബദ്ധ സങ്കല്പങ്ങളിൽപ്പെട്ടുപോയേക്കരുതെന്ന് ഈ പ്രബോധന രേഖ പറയുന്നുണ്ട്. അതിൽ സുപ്രധാനമാണ് സ്വാഭാവാതീതമായതിനോടുള്ള വികർഷം. സുവിശേഷങ്ങളാവിർഭവിച്ച സമൂഹത്തെക്കുറിച്ചും തെററായൊരു ധാരണ നിലനില്ക്കുന്നുണ്ട്. തൻെറ സന്ദേശം നിലനിൽക്കാൻ ക്രിസ്തു നിയോഗിച്ച സമൂഹമെന്നല്ല ക്രിസ്തുസന്ദേശംതന്നെ കെട്ടിച്ചമച്ച ഒന്നായിട്ടത്രേ രൂപചരിത്രനിരൂപകർ അതിനെ വീക്ഷിക്കുക. വർഷാന്തരങ്ങളായടിഞ്ഞുകൂടി സഞ്ചയിച്ച ഒരു ജനകീയ പാരമ്പര്യത്തോടവർ ക്രിസ്തീയ പാരമ്പര്യത്തെ തുല്യപ്പെടുത്തുകയായിരുന്നു. സുവിശേഷത്തിൻെറ ശുശ്രൂഷകരും ദൃക്സാക്ഷികളുമെന്ന നിലയിൽ ശ്ലീഹന്മാർക്കുള്ള പങ്കിനെ അവർ അംഗീകരിക്കുന്നതേയില്ല. തങ്ങൾക്കേല്പിക്കപ്പെട്ട സുവിശേഷ സന്ദേശത്തിൻെറ സാകല്യം സംരക്ഷിക്കാൻ സദാ ജാഗരൂകമായിരുന്നല്ലോ, ശ്ലൈഹികസഭ.

ക്രിസ്തുവിനേക്കുറിച്ചുള്ള പാരമ്പര്യം പച്ചപിടിച്ച സമൂഹം യാതൊരു ക്രമവും ചിട്ടയും ഇല്ലാത്ത ഒരു ജനക്കൂട്ടമല്ലായിരുന്നു. അപ്പസ്തോലന്മാരുടെ ശിക്ഷണത്തിൽ ആ ജനപദം വ്യവസ്ഥാപിതമായിരുന്നു. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിലെ പത്രോസിൻെറ പ്രഭാഷണങ്ങളിലേക്ക് നാമൊന്നു കണ്ണോടിക്കുകയേ വേണ്ടു, എത്ര ശക്തിയായ പ്രാമുഖ്യം ആദിമ സഭ അപ്പസ്തോലരുടെ സാക്ഷ്യത്തിനു നൽകിയെന്നറിയാൻ(ശ്ലീഹ 10: 39–42). അപ്പസ്തോലപദവിക്കൊഴിവില്ലാത്തൊരു വ്യവസ്ഥ അവരുടെ സാക്ഷ്യം വഹിക്കലിനുള്ള കഴിവായിരുന്നു (ശ്ലീഹ 1:22; 2പത്രോ 1:16–18, 1യോഹ 1:1–3).

ഇനി നാം, മൂന്നു ഘട്ടങ്ങളിലൂടെ എങ്ങനെ സുവിശേഷങ്ങളാവിർഭവിച്ചെന്നു കാണാൻ ശ്രമിക്കയാണ്. ഒരു വശത്ത് രൂപരച

നാചരിത്ര നിരൂപണങ്ങളുടെ ക്രിയാത്മക സംഭാവനകളെ വിലയിരുത്തിക്കൊണ്ടാണ് നാം ഇതു ചെയ്യുക. മറുവശത്തു് ദൈവവചനമെന്ന നിലയിൽ, സുവിശേഷങ്ങളെ മനസ്സിലാക്കുന്നതിനു് വിഘാതമായിട്ടുള്ള ഘടകങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടും (പ്രബോധനത്തിൻെറ 5—ാം ഖണ്ഡിക കാണുക).

a) സുവിശേഷങ്ങളുടെ അടിസ്ഥാനം ഈശോയുടെ പരസ്യജീവിതത്തിൽ (Sitz im Leben Jesu)

b) പ്രഘോഷിത സുവിശേഷവും ജീവിത ബന്ധിയായ സുവിശേഷവും (Sitz im Leben der Kirche)

c) എഴുതപ്പെട്ട സുവിശേഷങ്ങൾ (Sitz im Evangelium)

---

a) സുവിശേഷങ്ങളുടെ അടിസ്ഥാനം ഈശോയുടെ പരസ്യജീവിതത്തിൽ (Sitz im Leben Jesu)

സുവിശേഷപാരമ്പര്യത്തിൻെറയും സുവിശേഷങ്ങളുടെതന്നെയും ആരംഭവും, അടിസ്ഥാനവും, നസ്രസ്സിലെ ഈശോയുടെ ജീവിത വ്യാപാരങ്ങളാണു്. സുവിശേഷരൂപീകരണം എന്ന സങ്കീർണ്ണ പ്രക്രിയയെ നാം മനസ്സിലാക്കാൻ ആരംഭിക്കേണ്ടതും ഇവിടെത്തന്നെ. ശ്ലീഹന്മാർ കാണുകയും കേൾക്കുകയും ചെയ്ത ചരിത്രത്തിലെ ഈശോയുടെ പ്രവർത്തികളുടെയും വാക്കുകളുടെയും ഘട്ടമാണിതു്. വിശ്വാസികൾക്കെന്നും ഏററം സുപ്രധാനമായ ഘട്ടമായിക്കൂടി ഇത റിയപ്പെടുന്നു. ശ്ലീഹന്മാർ രേഖപ്പെടുത്തിയതിനേക്കാളും ആദിമസഭ പുനരാഖ്യാനിച്ചതിനേക്കാളും സുപ്രധാനമായതാണു് ക്രിസ്തു യഥാർത്ഥത്തിൽ പറഞ്ഞതു്, എന്നു തോന്നുക സ്വാഭാവികമത്രേ. എന്നിരുന്നാലും പാരമ്പര്യത്തിൻെറ പ്രഥമ ഘട്ടത്തിലുള്ളവ മാത്രമാണു് സുവിശേഷങ്ങളിലുള്ളതെന്നു് പ്രബോധനം പഠിപ്പിക്കുന്നില്ല. അതിവിടെ ശ്രദ്ധേയവുമാണു് (7—ാം ഖണ്ഡിക).

b) പ്രഘോഷിത സുവിശേഷവും ജീവിത ബന്ധിയായ സുവിശേഷവും (Sitz im Leben der Kirche).

ശ്രോതാക്കളിൽ കണ്ടെത്തിയ വ്യത്യസ്ത സന്ദർഭങ്ങൾക്കനുസൃതമായി ശ്ലീഹന്മാർ ക്രിസ്തുവിൻെറ സന്ദേശം പ്രഘോഷിച്ചു. ഈ ഘട്ടത്തെക്കുറിച്ചാണു് പ്രബോധനം ഇവിടെ ചർച്ച ചെയ്യുന്നതു്.

ഉത്ഥാനത്തിന്റെയും സത്യാത്മാവിന്റെ ആഗമനത്തിന്റെയും വെളിച്ചത്തിൽ ക്രിസ്തുവിനേക്കുറിച്ചു കൂടുതൽ വ്യക്തവും പൂർണ്ണവുമായൊരറിവു് അവർക്കു ലഭിച്ചു. ഇതാണവരെ ശ്രോതാക്കളുടെ ആവശ്യത്തിനനുസൃതമായി ക്രിസ്തുവിന്റെ മൊഴികളും, ചെയ്തികളും വ്യാഖ്യാനിക്കുവാൻ സഹായിച്ചതു് (യോഹ 2:22, 12.16).

അപ്പസ്തോലന്മാരുടെ പങ്കിനും, അവരുടെ പ്രഘോഷണത്തിനും വലിയ പ്രാധാന്യം പ്രബോധനരേഖ നല്കുന്നുണ്ടു്. അതേസമയം ഈശോയെക്കുറിച്ചുള്ള പാരമ്പര്യം പരിരക്ഷിച്ചു് അനാവരണം ചെയ്യുന്ന ആദിമസഭയുടെ ജീവിതസാഹചര്യങ്ങൾക്കത്ര പ്രാധാന്യം കല്പിക്കുന്നുമില്ല.

വാസ്തവത്തിൽ സുവിശേഷങ്ങളെ പൂർണ്ണമായി മനസ്സിലാക്കാൻ അവയുടെ രൂപീകരണത്തിന്റെ ഈ ഘട്ടത്തെ കൂടുതൽ അടുത്തപഗ്രഥിക്കേണ്ടിയിരിക്കുന്നു. ഈശോയുടെ പരസ്യജീവിതത്തിനുശേഷം ഏതാണ്ടു മുപ്പതുവർഷം കഴിഞ്ഞാണു് തിരുലിഖിതാക്കൾ സുവിശേഷമെഴുതുന്നതു്. സഭയുടെ വൈവിദ്ധ്യംനിറഞ്ഞ ജീവിതമാണു് ഈ കാലയളവിൽ നാം ദർശിക്കുന്നതു്. പ്രഘോഷണം മാത്രമല്ല, ആരാധന, അദ്ധ്യാപനം, വിശ്വാസസംരക്ഷണം തുടങ്ങിയവയും ഇക്കാലത്തു് സുവിശേഷപാരമ്പര്യത്തെ സ്വാധീനിച്ചിട്ടുണ്ടു്. ഇവയുടെ പഠനത്തിന്റെ പ്രാധാന്യത്തെപ്പററി പ്രബോധനരേഖ എടുത്തു പറയുന്നു.

''സുവിശേഷ സാക്ഷ്യത്തിന്റെ സ്വഭാവമറിയാൻ വ്യാഖ്യാതാവു് ലഭ്യമായ എല്ലാ മാർഗ്ഗവും വിനിയോഗിക്കണം. അതുപോലെതന്നെ, ആദിമ സഭകളുടെ മതാത്മകജീവിതത്തെ പഠിക്കുവാനും അപ്പസ്തോലിക പാരമ്പര്യത്തിന്റെ അർത്ഥവും മൂല്യവും അറിയുവാനും എല്ലാ മാർഗ്ഗങ്ങളും ആരായേണ്ടതുണ്ടു്'' (ഖ. IV). ഇതിന്റെ വെളിച്ചത്തിൽ സുവിശേഷ രൂപീകരണത്തിന്റെ ഈ ഘട്ടത്തെ നമുക്കിങ്ങനെ വിഭജിക്കാം:

1 പ്രഘോഷിത സുവിശേഷം: ആദിമസഭയുടെ ക്രിസ്തുഘോഷണം (Kerygma)

2 ജീവിത ബന്ധിയായ സുവിശേഷം: ആദിമസഭ ജീവിതത്തിലാവിഷ്കരിച്ച സുവിശേഷം

(a) ദൈവാരാധനയിൽ
(b) പ്രബോധനത്തിൽ
(c) വിശ്വാസ സംരക്ഷണത്തിൽ.

1. പ്രഘോഷിത സുവിശേഷം: ആദിമസഭയുടെ ക്രിസ്തുഘോഷണം

രചനയല്ലായിരുന്നു ശ്ലീഹന്മാരുടെ പ്രഥമ കർത്തവ്യം, പ്രത്യുത, പവിത്രമായൊരു പ്രഖ്യാപനമായിരുന്നു. പ്രഘോഷിക്കുക എന്നതു് മാത്രമാണു് ദൂതന്റെ ധർമ്മം. മനുഷ്യർക്കു വിശ്വസിക്കാനുള്ള ഏതാനും സത്യങ്ങളുടെ സംഹിതയോ, അനുവർത്തിക്കേണ്ട പെരുമാററച്ചട്ടമോ അല്ലായിരുന്നാസന്ദേശം. ഒരു സംഭവവും ഒരു സന്ദേശവും ആയിരുന്നു അവർക്കു വിജ്ഞാപനം ചെയ്യേണ്ടിയിരുന്നതു്. മാനവചരിത്രത്തിലെ ദൈവത്തിന്റെ യുഗാന്ത്യപരമായ ഇടപെടലായിരുന്നു ആ സംഭവം. സന്ദേശം മനുഷ്യരക്ഷയും. ഇവയ്ക്കു രണ്ടിനും സാക്ഷികളായിരുന്നതിനാലാണു് ശ്ലീഹന്മാർ തന്നെ ഇതു പ്രഘോഷിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടതു്.

ഈ ക്രിസ്തുഘോഷണത്തിന്റെ ചുരുക്കമാണു് ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽ നമുക്കു് ലഭിച്ചിരിക്കുന്നതു് (ശ്ലീഹ 2:14–39; 3:12–16; 4:9–12; 5:29–32; 10:34–43; 13:16–41). അവയുടെ സന്ദേശം ഇപ്രകാരം സംഗ്രഹിക്കാം:

''മെശിയാനിക യുഗം സമാഗതമായിരിക്കുന്നു. തന്റെ മരണത്തിലൂടെയും, ഉത്ഥാനത്തിലൂടെയും ഈശോ തെളിച്ചു കാട്ടിയ യുഗം തന്നെ. ആ ഉത്ഥാനത്തിലൂടെ നവ്യ ഇസ്രായേലിനു രക്ഷയുടെ ശിരസ്സായി അവിടുന്നു് മഹത്വീകരിക്കപ്പെട്ടിരിക്കുന്നു. സഭയിൽ വ്യക്തമായും വ്യാപരിക്കുന്ന അവിടുത്തെ പരിശുദ്ധാത്മാവു തന്നെയാണു് ഇപ്പോഴുള്ള അവിടുത്തെ ശക്തിമഹത്വങ്ങളുടെ തെളിവു്. ഈ യുഗത്തിന്റെ സമാപ്തഘട്ടം മഹത്വീകൃതനായ ക്രിസ്തുവിന്റെ മടങ്ങിവരവിൽ സംപ്രാപ്തമാകും. നിങ്ങളുടെ മാർഗ്ഗങ്ങളെ ശുദ്ധീകരിക്കുക, അപ്പോൾ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടും; നിങ്ങൾക്കപ്പോൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്യാം.''

ഈ സംക്ഷിപ്ത പ്രസ്താവങ്ങൾ വ്യത്യസ്ത രീതികളിൽ, അവരഭിസംബോധനചെയ്ത സമൂഹങ്ങൾക്കനുസൃതമായി വികസിതമായി.

ശ്ലീഹ 10:36–43 പോലുള്ള ഒരു പ്രഭാഷണസംഗ്രഹത്തിൽ, ഈശോയുടെ ജീവിതവ്യാപാരങ്ങളുടെ രേഖാചിത്രം കാണാൻ കഴിയും. ഇവയാണ് പിൽക്കാലത്ത് സുവിശേഷങ്ങളിൽ വിവരിക്കേണ്ടിയിരുന്നത്. സുവിശേഷങ്ങൾ കെട്ടിപ്പടുക്കാനുപയോഗിച്ച ചട്ടക്കൂടാണിത്. എങ്കിലും ഉപര്യുപരി വർണ്ണവും നിഴലും വെളിച്ചവുമണിഞ്ഞ ഛായാ ചിത്രങ്ങളായി ഈശോയുടെ ജീവിതത്തിന്റെ ഈ നഖചിത്രങ്ങൾ വളരേണ്ടിയിരുന്നു. അതാണ് ആദ്യപ്രഭാഷണങ്ങൾക്കും സുവിശേഷങ്ങൾക്കുമിടയിൽ സംഭവിച്ചത്.

2. ജീവിത ബന്ധിയായ സുവിശേഷം ആദിമസഭ ജീവിതത്തിൽ ആവിഷ്കരിച്ചപ്പോൾ

ആദിമസഭയുടെ ജീവിതത്തെക്കുറിച്ചൊരേകദേശ ചിത്രം നമുക്കു ലഭിക്കുന്നത് ശ്ലീഹ 2:42–47, 4:32–35, 5:12–16 മുതലായ ഭാഗങ്ങളിൽ നിന്നാണ്. ഊരും പേരുമില്ലാത്ത ഒരാൾക്കൂട്ടമല്ലായിരുന്നു ആദിമസഭ. പ്രത്യുത, ക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികളെന്ന നിലയിൽ അപ്പസ്തോലന്മാർ നയിക്കുകയും നിയന്ത്രിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിരുന്ന ഒരു സംഘടിത ഗാത്രമായിരുന്നവർ.

ഈ സമൂഹത്തിന്റെ കേന്ദ്രാനുഭവം ദൈവാരാധനയായിരുന്നു. പ്രത്യേകിച്ചും വാരാന്ത്യത്തിലുള്ള അപ്പം മുറിക്കൽ ശുശ്രൂഷയിൽ അപ്പസ്തോലിക പ്രബോധനങ്ങളും ഇതിനോടു ചേർക്കപ്പെട്ടു. അപ്പോഴാണീ നവജാതസമൂഹത്തിന്റെ ബോദ്ധ്യങ്ങളും ആചാരങ്ങളും ന്യായീകരിക്കേണ്ടതിന് വിശ്വാസസംരക്ഷകരെ ആവശ്യമായി വന്നത്. ഈ സാഹചര്യങ്ങളെ വ്യക്തമായി കാണാൻ നമുക്കു ശ്രമിക്കാം.

a ആരാധനയുടെ സ്വാധീനം സുവിശേഷ പാരമ്പര്യത്തിൽ

ക്രിസ്തീയാരാധനാസമ്മേളനത്തിന്റെ വിശദമായ ഒരു വിവരണം ശ്ലീഹ 20:7–12 തരുന്നുണ്ട്. ഇതിൽ അവർ ''കർത്താവിന്റെ മരണമുൽഘോഷിക്കുകയായിരുന്നു'' എന്നു കാണുന്നു (2കൊറി 11:26). അവിടുന്ന് ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ സംഭവിച്ചവ ഉച്ചരിച്ചും പ്രവർത്തിച്ചുമായിരുന്നു ഈ പ്രഘോഷണം അവർ നടത്തിയത്. അതിന് പീഡാനുഭവകഥയുടെ ഒരു രൂപമുണ്ടായിരുന്നു. യഥാർത്ഥ

ത്തിൽ, സുവിശേഷങ്ങളിൽ കാണുന്ന പീഡാനുഭവവിവരണമാണ ത്രേ ഈശോയെക്കുറിച്ചുള്ള ആദിമ പാരമ്പര്യത്തിൻെറ പ്രഥമ ഭാഗം. ഒരു തുടരാഖ്യാനത്തിന്നായിട്ടായിരിക്കാം ഇതാദ്യം വന്നതു്. ഉപദേശരൂപേണയാണു് ഈ വിവരണങ്ങൾ നൽകിയിരുന്നതു്.

പീഡാനുഭവ വിവരണത്തിൻെറ ജീവത്ഭാഗമായിരുന്ന സ്ഥാപന വാക്യങ്ങൾ. അവ ആത്മാർപ്പണത്തിൻെറ പരമകോടി യിലെത്തിയ ഈശോയുടെ നിസ്വാർത്ഥ സ്നേഹത്തെയാണല്ലോ പ്രകാ ശിപ്പിച്ചിരുന്നതു്. അതിലെ ആരാധനക്രമപരമായ വാക്കുകളാ ണു് ''എടുത്തു, വാഴ്ത്തി, മുറിച്ചു, നൽകി'' എന്നിവ. ഇവ പ്രധാ നപ്പെട്ടവയാണു്. അപ്പംമുറിക്കൽശുശ്രൂഷയിലെ ഈ അനുസ്മ രണ ഈശോയുടെ പരസ്യജീവിതത്തിലെ മററു സംഭവങ്ങളെയും സ്വാധീനിച്ചു. അങ്ങനെയാണു് ഈ സംഭവങ്ങൾക്കു് ദിവ്യകാരുണ്യാ ത്മകമായ അർത്ഥനിർണ്ണയം ലഭിച്ചതു്. ഉദാ: എമ്മാവൂസ് സംഭവം (ലൂക്കാ 24:13–14, (v.30); അപ്പം വർദ്ധിപ്പിക്കുന്നതു് (മത്താ 14:13–21) (v.19); മർക്കോ 6:30–44 (v.41); ലൂക്കാ 9:10–17 (v.16); യോഹ 6:1–15 (v.11)

b മൈത്രികപ്രബോധനത്തിൻെറ സ്വാധീനം

വിശ്വാസികൾക്കു് പ്രബോധനം ആവശ്യമായിരുന്നു. കാര ണം അവർ ക്രിസ്തീയ വീക്ഷണത്തിലൂടെ അനുദിന ജീവിതത്തിലെ വ്യത്യസ്ത സാഹചര്യങ്ങളെ നേരിടേണ്ടിയിരുന്നു. ഇക്കാര്യത്തിൽ, ഈശോയുടെ ഉപദേശങ്ങളെയാണു് അപ്പസ്തോലന്മാരവലംബമാക്കി യതു്. മോശയുടെ നിയമം, പരിച്ഛേദനം, യഹൂദാനുഷ്ഠാനവിധികൾ ഇവയോടൊക്കെ എന്തു മനോഭാവമാണു് ഒരു വിശ്വാസി പുലർത്തേ ണ്ടതു്? വിശ്വാസിക്കു് തൻെറ ഭാര്യയെ പരിത്യജിക്കാൻ പാടുണ്ടോ? അവൻ നികുതി അടയ്ക്കണമോ? ക്രിസ്തീയ ധാർമ്മികതയെ നയിക്കുന്ന പൊതുതത്വങ്ങളേതൊക്കെയാണു്? ഇതുപോലുള്ള ചോദ്യങ്ങൾക്കാ ണു് അപ്പസ്തോലന്മാർ ഉത്തരം നൽകിയിരുന്നതു്.

എന്നാലിതു് മാനുഷികവിജ്ഞാനത്തിൽ നിന്നല്ല, ഈശോ യുടെ പ്രബോധനങ്ങളിൽനിന്നാണവർ നൽകിയിരുന്നതു്. ഓർമ്മ കളിൽനിന്നു ചികഞ്ഞെടുത്ത ഈ പ്രബോധനങ്ങളെ അവർ വ്യത്യ

സ്ഥ ദേശസാഹചര്യങ്ങളിലെ ആവശ്യാനുസരണം പ്രയോഗിച്ചിരുന്നു. ക്രിസ്തുവിന്റെ വാക്കുകൾ ഓർത്തിരിക്കുവാൻ സഹായിക്കുന്ന വാചിക സങ്കേതങ്ങളും, സ്മൃതി വർദ്ധകോപായങ്ങളും അവർ ഉപയോഗിച്ചു.

ക്രിസ്തുവിനേയും തന്റെ പ്രബോധനങ്ങളേയും കുറിച്ചുള്ള പാരമ്പര്യം പകരുന്ന ഈ പ്രക്രിയയിൽ സംഭവ്യമായിട്ടുള്ള ഏതാനും സംഗതികളുണ്ട്. രൂപാന്തരത്തിനും പൃഥൽക്കരണത്തിനും, അനുരൂപണത്തിനുമുള്ള സാദ്ധ്യതകൾ അവയിലുണ്ട്. ചില സാഹചര്യങ്ങളിൽ വ്യാഖ്യാനവും പ്രതീകവൽക്കരണവും വരാം. ഇവയെ നാം അംഗീകരിക്കേണ്ടതാണ്. മററു വാക്കുകളിൽ പറഞ്ഞാൽ ഈ യൂണിററുകളെ പച്ചപ്പരമാർത്ഥമായി, ഈശോയുടെ പരസ്യജീവിതകാലത്തു സംഭവിച്ചതായി,പലസ്തീനായിൽ അവിടുന്നു പറഞ്ഞ അതേ വാക്കുകളായി നാം മനസ്സിലാക്കേണ്ടതില്ല. അവ സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി പുനരാഖ്യാനം ചെയ്യപ്പെടുകയും പുനഃപ്രയോഗിക്കപ്പെടുകയും ചെയ്തിരുന്നു. അങ്ങനെ കൂടുതൽ ആഴമേറിയ അർത്ഥവുമവയ്ക്കുണ്ടായി. കൂടാതെ, സംഭവങ്ങളേയും മൊഴികളേയും കൃത്യമായ കാലക്രമമോ, ഭൂവിവരണമോ ഇല്ലാതെ വേർതിരിച്ചതിനും കാരണമുണ്ട്. പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം വിശദാംശങ്ങൾ അനാവശ്യമെന്ന് അവർക്ക് തോന്നിയിരുന്നു.

ഇവയിലെല്ലാം ആദിമസഭ അല്പം സ്വാതന്ത്ര്യമെടുത്തു. പക്ഷേ, ഉത്ഥിതനായ ക്രിസ്തുവിന്റെ അരൂപിയിലുള്ള സ്വാതന്ത്ര്യമായിരുന്നു അത്.

III ആദിമസഭയിലെ പ്രേഷിതപ്രവർത്തനവും വിശ്വാസസംരക്ഷണവും

പലസ്തീനായിൽ പുതുതായി ആവിർഭവിച്ച മതത്തിനെതിരായിരുന്നുവല്ലോ, യഹൂദർ. ആ യഹൂദമതത്തിൽനിന്നുതന്നെ രൂപം കൊണ്ട സമൂഹമെന്നനിലയിൽ സഭയ്ക്ക് യഹൂദരുടെ ശത്രുതയും, വ്യാജാരോപണങ്ങളും കൈയേൽക്കേണ്ടിവന്നു. പലസ്തീനായിലെ വിശ്വാസികളും രൂക്ഷമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു. അവരുടെ യഹൂദവൽക്കരണ പ്രവണതകളാണ് നവജാതസഭയെ ഏറെ പീഡിപ്പിച്ചിരുന്നത്.

ഇവിടെ സഭ അവളുടെ ശരിയായ ദൗത്യം മനസ്സിലാക്കുക യായിരുന്നു. അതാകട്ടെ ഈശോയുടെ ജീവിത സാക്ഷ്യത്തിൻെറ തുടർച്ചയും. അവിടുത്തെ ജീവിതം തൻെറ ശത്രുക്കളുമായുള്ള ഒരു നിര ന്തര സമരം തന്നെയായിരുന്നല്ലോ അപ്പോൾ സഭയ്ക്കുംവടെ ചെയ്യേ ണ്ടിയിരുന്നതു്. ഈശോ പുലത്തിയ അതേ മനോഭാവത്തോടെ, അതേ രീതിയിൽത്തന്നെ എതിപ്പുകാർക്കുത്തരം നൽകുകയായിരുന്നു. അവിടുത്തെ സന്ദേശത്തിൻെറ പ്രാമാണ്യം ഉയത്തിക്കാട്ടുകയും, അങ്ങനെ വിവാദപരമായ ഇത്തരം സാഹചര്യങ്ങൾക്കനുസൃതമായി ഈശോയുടെ വചനങ്ങളേയും പ്രവത്തികളേയും വ്യാഖ്യാനിച്ച് അനു രൂപണം ചെയ്യുകയും വേണമായിരുന്നു.

സുവിശേഷങ്ങളിലുള്ള വിവാദപരമായ കഥകളുടേയും ഈശോയുടെ മൊഴികളുടേയും തന്നെ ഘടന അടുത്തുകാണുന്നതു് വിജ്ഞാനപ്രദമാണ്. വിവാദാത്മകമായ അത്തരം സാഹചര്യങ്ങ ളിൽ നിന്നാണ് അവയ്ക്കു് ഇന്നുള്ള രൂപം ലഭിച്ചതെന്നു കാണാം. ''പ്രഖ്യാപനകഥകൾ' ഇത്തരത്തിൽപ്പെട്ടവയാണ്(മക്കോ 2:1;3:6 മക്കോ 7:1–13; മത്താ 23:1–36).

ഇങ്ങനെ വ്യത്യസ്ത സാഹചര്യങ്ങളിൽ തഴച്ചു വളന്ന യേശു പാരമ്പര്യമായിരുന്നു ആദിമസഭയുടെ അമൂല്യമായ നിധി. കാരണം അതിലൂടെയായിരുന്നു ഈശോയുടെ ഭൗമികജീവിതത്തിൻെറ നിറം കെടാതെ അവർ കാത്തുപോന്നതു്. സഭയതൊരുനിവേശിത പാരമ്പര്യമായിക്കരുതി. കാരണം, ഉത്ഥാനം ചെയ്ത ഈശോയുടെ ആത്മാവ് സഭയിൽ സജീവമായി പ്രവത്തിക്കുന്നു എന്നും അവിടു ന്നാണ് ഈ പാരമ്പര്യവളർച്ചയ്ക്കു നിദാനമെന്നും വിശ്വസിക്കപ്പെട്ടി രുന്നു. പ്രഘോഷണത്തിലും, പ്രബോധനത്തിലും, ആരാധനയിലും, വിശ്വാസ സംരക്ഷണത്തിലും ഈ ആത്മാവ് സജീവമായി പ്രവ ത്തിച്ചിരുന്നു. എല്ലാം അവരെ പഠിപ്പിച്ചിരുന്നു, ഈശോ അവരോടു പറഞ്ഞവയെ അനുസ്മരിപ്പിക്കുകയും (യോഹ 14:25,26) ചെയ്തി രുന്നു. അതിനാൽ സുവിശേഷങ്ങളുടെ രചനയിലുള്ള നിവേശന ത്തിനു മുൻപു് യേശുപാരമ്പര്യത്തിൻെറ ഒരു നിവേശനം തന്നെ നിലനിന്നിരുന്നുവെന്നോക്കണം. അതു ദൈവ നിയന്ത്രിതമായൊരു പ്രക്രിയയല്ലാതെ മററൊന്നുമായിരുന്നില്ല: ഈശോയെക്കുറിച്ച് ശരി

യായൊരു പാരമ്പര്യം വളർത്താൻ സഭസ്ഥതിലൂടെയാണ് സഹായംലഭിച്ചതു്.

ഈശോയെക്കുറിച്ചുള്ള നിവേശിതപാരമ്പര്യമാണ്, സുവിശേഷങ്ങളെഴുതപ്പെട്ടതിനു മുൻപുള്ള ഘട്ടം. അത്തരമൊരു യേശു പാരമ്പര്യത്തെക്കുറിച്ചു വി. ലൂക്കാ സൂചിപ്പിക്കുന്നുമുണ്ട്.

> ''ആരംഭം മുതൽ വചനത്തിന്റെ സാക്ഷികളും, ശുശ്രൂഷകരുമായിരുന്നവർ നമുക്കു കൈമാറിയതും നമ്മുടെയിടയിൽ സംഭവിച്ചതുമായ കാര്യങ്ങളുടെ ഒരു ശരിവിവരണം നൽകാൻ പലരും ശ്രമിച്ചിട്ടുണ്ട്.'' (ലൂക്കാ 1:1—2)

ഈ പാരമ്പര്യം, ആഖ്യാനങ്ങളിലും മൊഴികളിലുമാണ് വിന്യസിക്കപ്പെട്ടിരുന്നതു്. ഈ ആഖ്യാനങ്ങളിലടങ്ങിയിരുന്നതു് അത്ഭുതകഥകൾ, പ്രഖ്യാപനകഥകൾ, ഈശോയെക്കുറിച്ചുള്ള കഥകൾ, സർവ്വോപരി പീഡാനുഭവകഥനങ്ങൾ ഇവയാണ്. മൊഴികളിലാകട്ടെ, പ്രധാനമായും ഉപമകൾ, പ്രഭാഷണങ്ങൾ എന്നിവയായിരുന്നു. ഇവ പലതും സമാഹാരങ്ങളായിത്തീർന്നിരുന്നു. അവ സ്രോതസ്സായുപയോഗിച്ചുകൊണ്ട് പ്രാദേശികസഭ അതിന്റെ വിശ്വാസവും ആചാരങ്ങളും നിയന്ത്രിച്ചുകൊണ്ടിരുന്നു. ഇതിനായി താമസിയാതെതന്നെ ഈ സമാഹാരങ്ങൾ അറമായയിലും, ഗ്രീക്കിലും സംലബ്ധമാകേണ്ടിയുമിരുന്നു. ഇത്തരം അനവധി സമാഹാരങ്ങൾ ഓരോ സഭകളിലും ഉണ്ടാകുന്നതിനുള്ള സാദ്ധ്യതകൾ നമുക്കനുമാനിക്കാവുന്നതേയുള്ളു. ഈശോയുടെ മൊഴികളുടേയും ചെയ്തികളുടേയും സമാന്തര സമുച്ചയങ്ങളും ഉടലെടുത്തതു് ഇങ്ങനെയാകാനേ തരമുള്ളു.

സുവിശേഷങ്ങളുടെ രചന (Sitz im Evangelium·)

പൊന്തിഫിക്കൻ കമ്മീഷന്റെ പ്രബോധനം ഈശോപാരമ്പര്യത്തിന്റെ ഈ മൂന്നാംഘട്ടത്തിനു വളരെ പ്രാധാന്യം നൽകുന്നുണ്ട്

ഓരോ സുവിശേഷകനും സ്വീകരിച്ച 'പ്രത്യേകലക്ഷ്യങ്ങൾക്കനുസൃതമായ രീതി'ക്കാണതിൽ പ്രാധാന്യം നൽകിയിരിക്കുന്നതു്. ഈശോപാരമ്പര്യത്തിന്റെ ഈ ഘട്ടത്തിലെ നിർദ്ധാരണം, സമന്വയം, വിശദീകരണം തുടങ്ങിയ പ്രക്രിയകളെ ഈ രീതിക്കു് പരി

ഗണിക്കേണ്ടിയിരിക്കുന്നു. വായനക്കാരുടെ ആവശ്യങ്ങളോടുള്ള അനുരൂപണവും ഈ പ്രക്രിയയെ സ്വാധീനിച്ചു. തങ്ങളുടെ സാഹിത്യസൃഷ്ടിയിൽ സുവിശേഷകർ പലപ്പോഴും സംഭവങ്ങളെ ഒരു സാഹചര്യത്തിൽ നിന്നു് മറെറാന്നിലേക്കു് മാററിയിട്ടുണ്ടു്. അതുകൊണ്ടു വ്യാഖ്യാതാവു തേടേണ്ടതു് സുവിശേഷകൻ ഉദ്ദേശിച്ചിരിക്കാവുന്ന അർത്ഥമാണു്, ഓരോ സുവിശേഷകനും ഒരു മൊഴിയേയോ, പ്രവൃത്തിയേയോ പ്രത്യേകരീതിയിലും സാഹചര്യത്തിലും വിവരിക്കുമ്പോഠം ഉദ്ദേശിച്ചിരിക്കാവുന്ന അർത്ഥം.

കമ്മീഷൻെറ പ്രബോധനം തുടരുന്നു. 'വ്യത്യസ്ത ക്രമത്തിൽ സുവിശേഷകർ നമ്മുടെകർത്താവിൻെറ വാക്കുകളേയോ വർത്തനങ്ങളേയോ വിവരിച്ചാലും അതിൻെറ സത്യത്തിനു കോട്ടം സംഭവിക്കുന്നില്ല; അവയുടെ അർത്ഥം കണ്ടുകൊണ്ടുതന്നെയാണവർ അവയെ വ്യത്യസ്ത സാഹിത്യ ശൈലികളിൽ വിവരിക്കുന്നതു്'' (9-ാം ഖണ്ഡിക).

സത്യത്തേക്കുറിച്ചു മാത്രമേ കമ്മീഷൻെറ പ്രബോധനം പ്രസ്താവിക്കുന്നുള്ളു, ചരിത്രസത്യമെന്നു വ്യക്തമാക്കുന്നില്ല. സുവിശേഷസത്യമാണു്, നാമിവിടെ പ്രതിപാദിക്കുന്ന സത്യം.

പത്താമത്തെ ഖണ്ഡികയിൽ, വ്യഖ്യാതാക്കഠംക്കുള്ള നിർദ്ദേശങ്ങളിങ്ങനെ ഉപസംഹരിക്കുന്നു: 'സുവിശേഷങ്ങളുടെ ഉത്ഭവത്തേയും രചനയേയും സംബന്ധിക്കുന്നഎല്ലാക്കാര്യങ്ങളേയും വ്യാഖ്യാതാക്കഠം ശ്രദ്ധിച്ചില്ലെങ്കിൽ വി. ഗ്രന്ഥകാരന്മാർ ഉദ്ദേശിച്ചതും, യഥാർത്ഥത്തിൽ പറഞ്ഞതുമായ കാര്യങ്ങളെ മനസ്സിലാക്കാൻ കഴിയാതെ പോകും. അതുപോലെ, ആധുനിക ഗവേഷണങ്ങളുടെ സ്തുത്യർഹമായ നേട്ടങ്ങളെ പ്രയോജനപ്പെടുത്തുവാനും അവർ ശ്രദ്ധിക്കണം. ഈ ഗവേഷണങ്ങളിൽ നിന്നു് വ്യക്തമാകുന്നതുപോലെ, ഈശോയുടെ ജീവിതവും പ്രബോധനങ്ങളും അനുസ്മരണക്കായിമാത്രം വെറുതെ റിപ്പോർട്ടു ചെയ്യുകയല്ലായിരുന്നു.മറിച്ചു്,സഭയ്ക്കു് വിശ്വാസത്തിൻേറയും ധാർമ്മികതയുടേതുമായ ഒരടിസ്ഥാനമുണ്ടാകുന്നതിനായി അവ പ്രഘോഷിക്കപ്പെടുകയായിരുന്നു.'

സുവിശേഷ രചനയുടെ മൂന്നു ഘട്ടങ്ങളെപ്പററിയാണിതുവരെ പറഞ്ഞതു്. ഇതിൽനിന്നു് ഒന്നു വ്യക്തമാണു്: സുവിശേഷങ്ങളെ ഇന്നു മനസ്സിലാക്കുന്നതിനുമുണ്ടു് മൂന്നു പടികഠം.

ഒന്നാമതു് നാം ആദ്യം കണ്ടെത്തുന്ന ലിഖിതം സുവിശേഷക നിൽ നിന്നുതന്നെ വരുന്നു എന്നു മനസ്സിലാക്കുന്നഘട്ടം. രണ്ടാമതു് ആദിമസഭയിൽ നിന്നാണ് അവയുടെ പ്രത്യേകതകൾ എന്നു മന സ്സിലാക്കുന്ന ഘട്ടം. മൂന്നാമതായി ഈശോയുടെ ജീവിതവ്യാപാര ങ്ങളിലാണതിൻെറ മൗലികസജ്ജീകരണമെന്ന ബോദ്ധ്യം.

സുവിശേഷങ്ങളുടെ ചാരിത്രപരത

സുവിശേഷ രൂപീകരണത്തെക്കുറിച്ചു നടത്തിയ ഈ അപഗ്ര ഥനത്തിൻെറ വെളിച്ചത്തിൽ വിലയിരുത്തേണ്ട ഒന്നാണ് അവ യുടെ ചരിത്രപരത. ചരിത്രപരതയെന്ന ഈ വശത്തെ മനസ്സിലാ ക്കുവാനും വിലയിരുത്താനുമുള്ള മാർഗ്ഗരേഖകളാണിവിടെ അവതരി പ്പിക്കാനുദ്ദേശിക്കുന്നതു്.

സുവിശേഷസന്ദേശം ശ്രവിക്കുന്നതിനു് വിഘാതമായ ഒരു മുഖ്യപ്രശ്നവും ഇവിടെ ഉദിക്കുന്നു. സുവിശേഷവസ്തുതകൾ ചരിത്ര രേഖകളാണെന്ന ധാരണ ഇതിനുപോത്ബലകമായുണ്ടു്. ഇതിനും പുറമേ, ചില സുവിശേഷ വിശദീകരണങ്ങളെ പൊരുത്തപ്പെടുത്തു ന്നതിനു് ശ്രമിച്ചവർ അനുഭവിച്ച വിഷമതകളും ഇതൊരു പ്രശ്നം തന്നെയാക്കുന്നുണ്ടു്.

ആദ്യപടിയെന്ന നിലയിൽ, ചരിത്രമെന്താണെന്നു് മന സ്സിലാക്കാൻ നമുക്കു ശ്രമിക്കാം. ശരിയായ സ്ഥല—കാല—ക്രമങ്ങ ളിൽ തൻെറ വിഷയത്തിനനുയോജ്യമായ വസ്തുതകളെ ചരിത്രകാ രൻ നിരത്തുന്നതാണ് ശാസ്ത്രീയ ചരിത്രരചന. യഥാർത്ഥത്തിൽ സംഭവിച്ചതിൻെറ വിശ്വസ്തമായ പുനരാവിഷ്കരണമാണ് അയാ ളുടെ ലക്ഷ്യം. താനെഴുതുന്ന വസ്തുതകളും അതുതന്നെ കാണിക്കുന്നു. ഈ മാനദണ്ഡമനുസരിച്ച് അയാൾ ചരിത്ര വസ്തുതകളുടെ വ്യാഖ്യാ താവല്ല, സമ്പാദകനും ശേഖകനുമാണ്. അതു് നിഷ്പക്ഷമായി രിക്കാനാണ് അയാൾ വ്യാഖ്യാനം നടത്താതിരിക്കുന്നതു്.

19—ാം നൂററാണ്ടിലെ ഈ ചരിത്രരചനാ സമീപനങ്ങൾക്ക് അടുത്തകാലത്തു് സാരമായ മാററം സംഭവിച്ചു. പുതിയൊരു സമീ പനമാണിന്നു നിലവിലുള്ളതു്. ഇന്നു പൊതുവെ അംഗീകരിക്ക പ്പെട്ടിട്ടുള്ള പ്രകാരം, താൻ സമാഹരിച്ച വസ്തുതകളെ ചരിത്രകാരൻ വ്യാഖ്യാനിക്കാത്ത ചരിത്രമേയില്ല. ചുരുങ്ങിയപക്ഷം രേഖപ്പെടു

ത്തണമെന്നു തോന്നുന്നവ തിരഞ്ഞെടുക്കുന്നതും അല്ലാത്തവ വിട്ടു കളയുന്നതും ഒരു മൂല്യനിർണ്ണയം ആവശ്യപ്പെടുന്നുണ്ട്. ഇന്നു പ്രാബല്യത്തിലുള്ള ചരിത്ര സങ്കല്പത്തെ സി. എച്ച്. ഡോഡ് ശരിയായി തന്നെ വ്യഞ്ജിപ്പിച്ചിട്ടുള്ളതു് നമുക്കു ശ്രദ്ധിക്കാം.

ചരിത്രമെഴുത്തു് എന്നു പറയുന്നതു് വെറുതേ സംഭവങ്ങളുടെ പടി രേഖപ്പെടുത്തലല്ല. ആ സംഭവങ്ങളിൽ പങ്കാളികളായവർക്കും തല്പരരായവർക്കും അവ നൽകിയ സന്ദേശവും മൂല്യവുമാണ് ചരിത്രം; വ്യംഗ്യാർത്ഥത്തിലെങ്കിലും. അങ്ങനെ ചരിത്രത്തിലെ സംഭവങ്ങൾ, അവയിലുന്മുഖമായ ഓരോ മനുഷ്യമനസ്സിനും സാപേക്ഷികമാണ്. തീർച്ചയായും നാം പറയും, ചരിത്രസംഭവമെന്നതു്, സംഭവവും, അതിൽ ഉൾപ്പെട്ടവർക്കു അതു നൽകുന്ന ആസക്തിയും അർത്ഥവുമാണെന്നു്. ഈ അർത്ഥവും സന്ദേശവുമാണ് ചരിത്രരേഖയെ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളും.

ഈ വീക്ഷണമനുസരിച്ച്, കാലഗണനം ചെയ്യേണ്ട വസ്തുതകളെ തെരഞ്ഞെടുക്കുന്നതും വ്യാഖ്യാനിക്കുന്നതുമാണ് ചരിത്രകാരന്റെ സുപ്രധാന പങ്ക്. ഈ തെരഞ്ഞെടുപ്പും വ്യാഖ്യാനവും ചില നിർണ്ണായക മാനദണ്ഡങ്ങളെ അവശ്യം അനുമാനിക്കുന്നു. സ്രോതസ്സുകളുടെ തെരഞ്ഞെടുപ്പുതന്നെ എഴുതാനുള്ള ചരിത്രത്തിന്റെ സ്വഭാവമനുസരിച്ചാണ്. അതു് സംസ്കാരപരമോ, രാഷ്ട്രീയ സംബന്ധിയോ, ധനതത്വപരമോ, മതാത്മകമോ ആകാം. തന്റെ സ്രോതസുകളിൽനിന്നു് ഉത്ഖനനം ചെയ്യുന്ന തെളിവുകൾ വ്യാഖ്യാനിക്കുന്നതിന്റെ തോതനുസരിച്ചാണ് ചരിത്രകാരന്റെ പ്രവർത്തനത്തെ ആത്യന്തികമായി വിലയിരുത്തേണ്ടതു്.

വസ്തുതകളെ വ്യാഖ്യാനിക്കുക എന്നാൽ അവയെ വളച്ചൊടിക്കുക എന്നല്ല, ശരിയായ അർത്ഥം നൽകത്തക്കവിധം ചരിത്രകാരൻ വസ്തുതകളുടെ വ്യാഖ്യാനം നൽകുന്നു — ഇതാണ് ശരിയായ വീക്ഷണം.

ചരിത്രത്തെക്കുറിച്ചുള്ള ഈ നവ്യധാരണയോടെ നമുക്ക് സുവിശേഷവിവരണങ്ങളുടെ ചരിത്രപരത പരിശോധിക്കാം. സുവിശേഷകർ സ്വീകരിച്ചിരിക്കാവുന്ന വ്യാഖ്യാനമാനദണ്ഡം എന്താണ്? അതു ക്രിസ്തീയ സമൂഹവുമായി അവർ പങ്കുവച്ചിരുന്ന

ക്രിസ്തുവിശ്വാസമല്ലാതെ മറെറാന്നും ആയിരുന്നില്ല അതു്. ഈശോ യിലൂടെ ദൈവം ചരിത്രത്തിൽ പ്രവർത്തിച്ചു എന്ന ദൃഢവും വ്യക്ത വുമായ വിശ്വാസം തന്നെ. ഈശോ തൻെറ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മിശിഹായും അധിനാഥനുമായിത്തീർന്നു എന്ന വിശ്വാസം.

ഈ വിശ്വാസത്തിൻെറ അത്യുദാത്തമായ ബഹിർസ്ഫുര ണമാണ് ആദിമസഭയുടെ, 'ഈശോകർത്താവാകുന്നു.' എന്ന സ്തുതി ഗീതം (ഫീലി 2.6:–11). ഇല്ലായ്മയിൽനിന്നല്ല ഈ വിശ്വാസം ഉദിച്ചതു്; ഈശോയുടെ ജീവിതത്തിൻെറ ദൃക്സാക്ഷികൾ അവ രുടെ വിശ്വാസം പങ്കുവെച്ച സമൂഹത്തിൽനിന്നുദിച്ചതാണിതു്; അവരാണിതേററുപാടിയതു്. സുവിശേഷകർ ഈ ബോദ്ധ്യത്തെയാ ണ് തങ്ങളുടെ സുവിശേഷങ്ങളിലൂടെ നമുക്കു പകർന്നതും.

വ്യാഖ്യാനിച്ച ചരിത്രമായി ക്രിസ്തുസംഭവത്തെ അവതരി പ്പിക്കുന്നതിൽ സുവിശേഷകർ പിന്തുടർന്നതു് ചരിത്രത്തെപ്പററി യുള്ള പഴയനിയമ പാരമ്പര്യമാണ്. ദൈവം സ്വയം വെളിപ്പെടു ത്തിയെന്നും അവിടുത്തെ പ്ലാനുകൾ മാനുഷിക പ്രവർത്തനപരിധി യിലാണെന്നുമുള്ള ബോദ്ധ്യത്തിൽ അധിഷ്ഠിതമാണീപാരമ്പര്യം. ഇസ്രായേൽ ഈ സംഭവങ്ങളെ മനസ്സിലാക്കിയതു് തങ്ങളുടെ രക്ഷാ ചരിത്രത്തെ സംബന്ധിക്കുന്നതും ദൈവാനുഭവത്തിലധിഷ്ഠിതവു മായ ഒന്നായത്രേ. ഈ ബോദ്ധ്യത്തിൻെറ വ്യക്തമായ പ്രകാശന മാണ് പഴയനിയമത്തിലെ പല പുസ്തകങ്ങളിലും നാം കാണു ന്നതു്.

എന്നാൽ സുവിശേഷകർ ഈശോയുടെ ലോകജീവിതം വര ച്ചുകാട്ടുവാനല്ല ഉദ്ദേശിച്ചതു്. മറിച്ചു് അവിടുത്തെ ദിവ്യരഹസ്യ ത്തിൻെറ ഒരുൾക്കാഴ്ച—മനുഷ്യവർഗ്ഗത്തിൻെറ പരിത്രാണമെന്ന ദൈവത്തിൻെറ സനാതന പദ്ധതി—തങ്ങളുടെ വായനക്കാർക്ക് നൽകുവാനാണ് അവരുദ്ദേശിച്ചതു്. നമുക്കും നമ്മുടെ രക്ഷക്കുമായി ദൈവം മാനവചരിത്രത്തിലിറങ്ങിവന്നു എന്ന സുനിശ്ചിത സത്യം പ്രകാശിപ്പിക്കുകയായിരുന്നു അവരുടെ പ്രാഥമിക ഉദ്ദേശ്യം.

സുവിശേഷങ്ങളിലേക്കു് കണ്ണോടിക്കുമ്പോൾ ശ്രദ്ധേയമായ ഒരു വസ്തുത നമുക്കു് കാണാൻ കഴിയും. അവ പ്രഘോഷണ

ത്തിൻെറ പ്രകരണമാണ്; അപ്പസ്തോലന്മാരുടെ ക്രിസ്തുഘോഷണ ത്തിൻെറ പരിപോഷണം. ഈശോയുടെ ജീവിതവും മരണവും ഉത്ഥാനവും മഹത്വീകരണവും മനുഷ്യപരിത്രാണത്തിനു നിദാനമാ ണെന്നു് വ്യാഖ്യാനിക്കുകയാണവിടെ (ശ്ലീഹ 10: 34–43) എങ്കിലുമു ണ്ടൊരു വ്യത്യാസം, ഈശോയുടെ ജീവിതത്തിനു് താരതമ്യേന കുറഞ്ഞ പ്രാധാന്യമാണ് പ്രഘോഷണത്തിലുണ്ടായിരുന്നതു്. കാ രണം വ്യക്തമത്രെ. അന്നോളം ക്രിസ്തുവിനെ സ്വീകരിച്ചിട്ടില്ലാതി രുന്നവർക്കാണു് ക്രിസ്തുവിനെ പ്രഘോഷിച്ചതു്. അതിൻെറ പ്രഥ മോദ്ദേശ്യം അവരുടെ മാനസാന്തരമായിരുന്നു.

അതിനായി ക്രിസ്തുസംഭവത്തിലെ പ്രധാന വിഷയങ്ങൾ ക്കാണു് ഊന്നൽ നൽകേണ്ടിയിരുന്നതു്. ക്രിസ്തുവിൻെറ മരണം ഉത്ഥാനം സ്വർഗ്ഗാരോഹണം ഇവയും പരിശുദ്ധാത്മാവിനെ അയക്കുന്ന തും മഹത്വപൂർണ്ണമായ മടങ്ങിവരവുമാണവ. നേരത്തെ വിശ്വാസി കളായവർക്കുവേണ്ടി പിന്നീട്ട് സുവിശേഷങ്ങൾ എഴുതപ്പെട്ടു. അവ യാണു് മനുഷ്യപരിത്രാണത്തിൽ ഈശോയുടെ ജീവിതത്തിനുള്ള അർത്ഥം വ്യക്തമാക്കിയതു്. സുവിശേഷങ്ങൾ എഴുതിയപ്പോൾ അവ യിലെ ചില വസ്തുതകളിൽ ഉത്ഥാനവിശ്വാസത്തിൻെറ സ്വാധീന മുണ്ടായിരുന്നു (യോഹ. 2:22). ചില കാലങ്ങളിൽ ആകട്ടെ, പുതിയ സാഹചര്യങ്ങളിൽ ഈശോയുടെ വാക്കുകൾ അനുരൂപണം ചെയ്യണ മെന്ന പ്രശ്നമുദിച്ചു. മൗലികമായി അവയ്ക്കുള്ള അർത്ഥമെന്താണ്? ഈശോയുടെ ജീവിതകാലത്തു് ആ വാക്കുകൾ ആരോടു പറയപ്പെ ട്ടോ അവരെ സംബന്ധിച്ചു മാത്രമാണല്ലോ സാർത്ഥകമായിരിക്കുന്ന തു്. അതു് ആദിമ സഭയുടെയോ, അപ്പസ്തോലന്മാരുടെയോ ദൗത്യ ത്തിനും വിഘാതമല്ല. കാരണം അവർ സത്യത്തിലേക്കു തങ്ങളെ നയിക്കുന്ന ദിവ്യാത്മാവിനെ സ്വീകരിച്ചവരാണെന്ന ബോദ്ധ്യമുള്ള വരായിരുന്നു (യോഹ 16:13 cf മത്ത:10:20 ലൂക്ക 12:12). അതൊ ടൊപ്പംതന്നെ പുതിയ സാഹചര്യങ്ങൾക്കനുസൃതമായി ചില വാ ക്കുകൾ വ്യാഖ്യാനിക്കാനും ഭേദപ്പെടുത്താനും ചിലതു കൂട്ടിച്ചേർക്കാനും ഈ ആത്മാവു് നയിക്കുമെന്നു് അവർക്കറിയാമായിരുന്നു (മത്താ 13:19–23).

സുവിശേഷങ്ങളുടെ ചരിത്രപരത എന്നതു് യാഥാസ്ഥിതി കർ അവകാശപ്പെടുന്നതുപോലെ അത്ര ലളിതമല്ല. അവയുടെ കർത്താക്കളുടെ ലക്ഷ്യവും ഉദ്ദേശ്യവും ആധുനികചരിത്രകാരന്മാരുടേ

തിൽ നിന്നും വിഭിന്നമായിരുന്നു. പ്രഥമോദ്ദേശ്യം തന്നെ ഈശോ മിശിഹായിലൂടെ മനുഷ്യപരിത്രാണം നടത്തിയ ദൈവീകസത്യത്തിനു സാക്ഷ്യം വഹിയ്ക്കലായിരുന്നു. മാനവ ചരിത്രത്തിലെ ദൈവിക ഇടപെടൽ എന്ന ദൈവ മനുഷ്യ സത്യമാണിതു്. ക്രിസ്തീയ വിശ്വാസത്തിൻെറ ഈ മൗലികസത്യം പ്രകാശിപ്പിക്കാൻ അവർ വ്യത്യസ്ത രൂപത്തിലുള്ള വിവരങ്ങളാണു് തെരഞ്ഞെടുത്തതു്; ദൃക്സാക്ഷി വിവരണങ്ങൾ, ഉപമകൾ തുടങ്ങിയവ.

ഈശോയുടെ മൊഴികളിൽ നിന്നും സുഭാഷിതങ്ങളിൽ നിന്നും യഹൂദാരാധനയിൽ നിന്നും തിരുലിഖിത കർത്താവു് തയ്യാറാക്കിയ പ്രതിപാദനങ്ങളെ (മിദ്രാഷിക് വ്യാഖ്യാനങ്ങൾ) നമുക്കു കാണാൻ കഴിയും. അതിനാൽ നാം അനുമാനിക്കേണ്ടതു് ആധുനിക ഭാഷയിലെതുപോലെയുള്ള ചരിത്രപരമായ അർത്ഥത്തിൽ സുവിശേഷ സംഭവങ്ങൾ തെളിയിക്കപ്പെടുക അസാദ്ധ്യമെന്നാണു്. ഈ പരിമിതിക്കു കാരണം ഭൂമിവിവരണത്താലോ കാലഗണനത്താലോ, വസ്തുതകൾക്കു നിറം കൊടുക്കുവാൻ സുവിശേഷകൻ തല്പരനല്ലാതിരുന്നതാകണം. ദൃക്സാക്ഷ്യത്തിലധിഷ്ഠിതമായ ഒരു വിവരണമേ അവരുദ്ദേശിച്ചിരിക്കുകയുള്ളു. പക്ഷേ ഏററം ശ്രദ്ധേയമായ വസ്തുത, രക്ഷാകരചരിത്രമെഴുതുന്നതിനു് അവർ പുലർത്തിയ മാനദണ്ഡമാണു്.

ഏതൊരു ദൃക്സാക്ഷിയുടെ കാര്യക്ഷമതയ്ക്കും അതീതമായ ഒന്നിനു് സാക്ഷ്യമേകുന്ന ഒരു രക്ഷാചരിത്രമാണു് അവരുദ്ദേശിച്ചതു്; മുഖ്യലക്ഷ്യം ക്രിസ്തുരഹസ്യത്തിൻെറ അർത്ഥത്തിലേയ്ക്കൊരുൾക്കാഴ്ചയും. ഇതിൽ സുവിശേഷങ്ങൾ വിജയം വരിച്ചു. അതിനാൽ സുവിശേഷങ്ങൾ ഈശോയുടെ ജീവചരിത്രങ്ങളല്ല എന്നാണു് മനസ്സിലാക്കേണ്ടതു്. സുവിശേഷകരുടെ ദൗത്യം സുവിശേഷം പ്രഘോഷിക്കുകയായിരുന്നു; ഈശോയുടെ വാക്കുകളേയും പ്രവൃത്തികളേയും കുറിച്ചു് ഒരു സ്റ്റെനോഗ്രാഫർ നൽകുംവിധമുള്ള വിവരണം തരികയായിരുന്നില്ല. വിശ്വാസികളുടെ ജീവിതത്തിൽ ഈശോയുടെ വചനങ്ങൾക്കും പ്രവർത്തനങ്ങൾക്കും സജീവമായൊരു പങ്ക് നിർവ്വഹിക്കാനുണ്ടെന്നു് അവർക്കറിയാമായിരുന്നു. വിശ്വാസികൾക്കു വേണ്ടിയാണവർ സുവിശേഷം എഴുതിയതു്. ഈശോ പറഞ്ഞതും ചെയ്തതുമെല്ലാം ഭൂതകാലത്തിൽ മാത്രമല്ല ഒതുങ്ങി നിന്നതു്, എന്നും സമകാലീനവും അനുദിനജീവിതത്തിൽ സാർത്ഥകവുമായിരുന്നു

അവ. സഭയിലായിരുന്നുകൊണ്ടു് സഭയ്ക്കുവേണ്ടിയാണു് സുവിശേഷകർ എഴുതിയതു്. തങ്ങളുടെ ദൗത്യം ഈശോയെക്കുറിച്ചുള്ള സ്മൃതികൾ പാരമ്പര്യത്തിൽനിന്നെടുത്തു് വർണ്ണനകളെ വർജ്ജിച്ചു് അവയുടെ മൗലിക രൂപത്തിൽ പുനഃസ്ഥാപിക്കുകയായിരുന്നില്ല; പാരമ്പര്യം നെയ്തെടുത്ത വിപുലീകരണത്തെ പൂർത്തീകരിക്കാനും പവിത്രീകരിക്കാനുമാണവർ ഉദ്യമിച്ചതു്.

തൽഫലമായി സുവിശേഷങ്ങൾ ഒരു പ്രത്യേക സാഹിത്യ രൂപമായി തീർന്നിരിക്കുന്നു. ലിഖിത രൂപത്തിലും അവ ''സുവിശേഷം'' തന്നെ. ലോകചരിത്രത്തിലെ ഏതാനും സംഭവങ്ങൾ വഴി സുനിശ്ചിതമായും ദൈവം നമ്മുടെ ലോകത്തിലേയ്ക്കു വന്നു എന്ന അറിയിപ്പാണു് രക്ഷയുടെ സദ്‌വാർത്താ പ്രഘോഷണം.

സുവിശേഷസന്ദേശം ഒരു ചരിത്ര വസ്തുതയാണു്. അക്കാരണത്താൽ അതു് സ്ഥലകാലക്ലിപ്തവുമത്രെ. എന്നാൽ കലാതിരായിയായ അതിന്റെ ദൈവികവിശേഷണമോ, ചരിത്രാതീതമത്രേ. പരിത്രാണസംഭവത്തിന്റെയും ആ സംഭവം പ്രഘോഷിക്കുന്ന സുവിശേഷങ്ങളുടെയും അടിസ്ഥാനമായി നില്ക്കുന്നതു് അവയുടെ ചരിത്രപരതയും അതേ സമയം അവയുടെ കാലദേശങ്ങളെ അതിശയിക്കുവാനുള്ള കഴിവുമാണു്. സുവിശേഷങ്ങൾ അവയുടെ ഉറവിടമായ പ്രഘോഷണം പോലെതന്നെ സ്ഥലകാലാനുഭവങ്ങൾക്കു് അതീതമായൊരു യാഥാർത്ഥ്യമാണു് പ്രകാശിപ്പിക്കുന്നതു്. ഇതാണു് രക്ഷാസംഭവം എന്ന യാഥാർത്ഥ്യം.

ഒരു പ്രത്യേക സാഹിത്യരൂപമെന്നനിലയിൽ സുവിശേഷങ്ങൾ ചരിത്രത്തേയും പ്രവചനത്തേയും അതിൽ സമന്വയിപ്പിക്കാൻ ശ്രമിക്കുന്നു. പ്രവാചകത്വമെന്നാൽ മുൻകൂട്ടി പറയലല്ല, പരമോന്നത ദൈവാവിഷ്കരണത്തെ ഒരു സന്ദേശമെന്നനിലയിൽ നമുക്കു് വ്യാഖ്യാനിച്ചു് വിശദീകരിച്ചു് വെളിപ്പെടുത്തിത്തരുന്നതാണതു്. ഈ ദൈവാവിഷ്കരണം സ്ഥലകാലാത്മകമായ നമ്മുടെ ലോകത്തിൽ മനുഷ്യാവതാരത്തോടെ ആരംഭിച്ചു. ഈശോയുടെ ഭൂമിയിലെ ജീവിതവൃത്തികളിൽ വികസിച്ചു് തന്റെ പീഡകളിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും അതു പരിപൂർണ്ണമായി. ചരിത്രവും പ്രവചനവുമെന്നനിലയിൽ സുവിശേഷങ്ങൾ അവശ്യമായും വർത്തമാന—ഭൂത—ഭാവികാലങ്ങൾക്കതീതമാണു്.

അവ നമുക്കു തരുന്ന സന്ദേശം ദൈവത്തിന്റെ സ്വഭാവവും പദ്ധതികളുമാണ്. അവ ചിരന്തനമായും സമകാലീനം തന്നെയത്രേ.

സുവിശേഷവിവരങ്ങളുടെ പ്രവചനപരവും സമകാലീനവുമായ സ്വഭാവത്തെ സ്പഷ്ടീകരിക്കുന്ന വസ്തുതയിതാണ്. തങ്ങൾ രേഖപ്പെടുത്തിയ ഈശോയുടെ പരസ്യജീവിതത്തിലെ മിക്ക സംഭവങ്ങളെയും സ്ഥലകാലങ്ങളിൽനിന്നകററിനിത്താനുള്ള ശക്തമായൊരു പ്രവണത സുവിശേഷകർ പ്രകടിപ്പിച്ചിട്ടുണ്ട്. ആധുനിക ചരിത്രരചനയിൽനിന്നും സുവിശേഷങ്ങളെ വ്യതിരിക്തമാക്കുന്ന അന്തരമാണിതു്.

അങ്ങനെ ഒരു സംഭവത്തിൽനിന്നും മറെറാന്നിലേക്കുള്ള സംക്രമണം സാധിക്കാൻ അവ്യക്തമായ ചില പദങ്ങളെയാണ് സുവിശേഷകന്മാർ കണ്ണികളാക്കിയിരിക്കുന്നതു്. അത്തരം ചില ഘടകപദങ്ങളിതാ— ''അപ്പോൾ,'' 'ഉടനെ'' ''സംഭവിച്ചതെന്തെന്നാൽ,'' ''ആ കാലത്തു്'', ആ ദിവസങ്ങളിൽ.'' ഇവയൊക്കെ മതിയായിരുന്നു രണ്ടു സംഭവങ്ങളടുത്തടുത്തുവയ്ക്കാൻ. അക്ഷരാർത്ഥത്തിൽ എടുത്താൽ ഈ പദങ്ങൾക്കു പ്രത്യേക അർത്ഥമൊന്നും നാം കൊടുക്കുകയില്ല.

ഈ അപഗ്രഥനത്തിൽനിന്നും നാം അനുമാനിക്കേണ്ടതെന്താണ്? സുവിശേഷങ്ങൾ പ്രഥമമായും പ്രഘോഷണമാണ്. ദൈവരാജ്യത്തിന്റെ സദ്‌വാർത്തയുമാണതു്. ഇതു ചരിത്രസംഭവങ്ങളിലധിഷ്ഠിതമത്രേ. പക്ഷെ, അപ്പസ്തോലന്മാരും സുവിശേഷകരും ആ സംഭവങ്ങൾ വ്യാഖ്യാനിച്ചിരിക്കുന്നു. അതിനാൽ സുവിശേഷത്തിലെ ചരിത്രം ദൈവശാസ്ത്രപരമായി വ്യാഖ്യാനിക്കപ്പെട്ടതും, അതേസമയം തന്നെ ഒരു ക്രിസ്തുഘോഷണചരിതവുമാണ്. സുവിശേഷങ്ങളിൽ വിവരിച്ച് വ്യാഖ്യാനിച്ചുൽഘോഷിച്ച ഈ ചരിത്രം, ബൈബിളിലാകെയുള്ള രക്ഷാചരിത്രത്തിന്റെ തുടർച്ചയാണ്, അതിന്റെ വ്യക്തമായ പ്രകാശനവുമാണ്.

വി. ലൂക്കാ തിയോഫിലോസിനെഴുതിയതുപോലെ, സുവിശേഷങ്ങളെഴുതപ്പെട്ടതു് വാക്ക്മൊഴിയായി താങ്കൾക്കുലഭിച്ച പ്രബോധനങ്ങളുടെ സത്യാവസ്ഥ വ്യക്തമായും മനസ്സിലാക്കാനാണ് (ലൂക്ക 1:4). നേരത്തെതന്നെ വിശ്വാസികളായവരാണ് നാം. വിശ്വാസികൾക്കുവേണ്ടി എഴുതപ്പെട്ട ഈ സുവിശേഷങ്ങളെ ആ

നിലയിൽത്തന്നെ നാം വായിക്കണം. വിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേയ്ക്കാണ് (റോമ 1:17) സുവിശേഷങ്ങളിലെഴുതപ്പെട്ടിരിക്കുന്നത്. ഈ വസ്തുതയാണ് സുവിശേഷങ്ങളെ, വിശ്വസിക്കുന്നവർക്കെല്ലാം രക്ഷയേകുന്ന ദൈവത്തിന്റെ ശക്തിയാക്കുന്നത് (റോമ1:16). സുവിശേഷങ്ങൾ വായിക്കുമ്പോഴും പഠിക്കുമ്പോഴും സുവിശേഷകർക്കും നമുക്കുമിടയിൽ നിരന്തരമായൊരു സംഭാഷണം നടക്കണം. തിരുലിഖിതമെഴുതിയവർക്ക് പ്രചോദനമേകിയ ദിവ്യാത്മാവുതന്നെയാണ് ഈ സംഭാഷണത്തേയും നയിക്കേണ്ടത്.

"സുവിശേഷങ്ങളും ഈശോചരിതങ്ങളും''

സുവിശേഷങ്ങളെക്കുറിച്ച് പുതിയൊരവബോധമാണല്ലോ നമുക്കിപ്പോൾ കൈവന്നിരിക്കുന്നത്. ഇന്നത്തെ ജീവചരിത്ര രചനപോലുള്ള ഒരു ക്രിസ്തുചരിത്രം സുവിശേഷങ്ങളിലെഴുതപ്പെട്ടിട്ടില്ലെന്ന് ഇതു നമ്മെ ബോദ്ധ്യപ്പെടുത്തും. അതുപോലെതന്നെ ഈശോയുടെ പരസ്യജീവിത സംഭവങ്ങളെ കാലക്രമരീതിയിലടുക്കുന്നതിന്റെ ഫലശൂന്യത ആധുനികസുവിശേഷപണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രാഷ്ട്രീയ വിമർശനവും ക്രിസ്തീയവണക്കവും ഒരുപോലെ ഈ ശ്രമങ്ങളുടെ വിഫലതയെ വകവച്ചുകൊടുക്കാൻ നമ്മെ നിർബന്ധിക്കുന്നതായി കാണാം. അതിനു ചെറിയ ഒരു കാരണമേയുള്ളു. ക്രിസ്തുവിനെയും തന്റെ സന്ദേശത്തെയും നാം മനസ്സിലാക്കുവാൻ ദൈവം ഇച്ഛിക്കുന്ന മാർഗ്ഗമിതല്ലതന്നെ. ക്രിസ്തുവിന്റെ ജനനമരണ ദിവസങ്ങൾ കൃത്യമായറിയുവാനശക്തരാണു നാമിന്നും. പരസ്യജീവിതത്തിന്റെ ദൈർഘ്യവും അജ്ഞാതമത്രെ. നമ്മുടെ അജ്ഞതതന്നെ മേല്പറഞ്ഞ കാര്യത്തിനു മതിയായതെളിവാണല്ലോ. ഈ വസ്തുതകൾ നമ്മെ സംബന്ധിച്ചിടത്തോളം എത്ര സുപ്രധാനമായാലും പുതിയ നിയമവെളിപാടിന്റെ ഭാഗമേയല്ല.

ഈ അശക്യതയുണ്ടല്ലോ, ആധുനിക നിലവാരത്തിനൊത്തൊരു ക്രിസ്തുചരിതം വിരചിക്കാനുള്ള കേവലമായ കഴിവുകേട്, ഇതുകൊണ്ടു ചില ഗുണങ്ങളൊക്കെയുണ്ട്. ഈ പരമാർത്ഥമാണ് പിയർ ലഗ്രാഞ്ച് 1936—ൽ വ്യക്തമാക്കിയത്. അഗാധമായ സത്യത്തിന്റെ വ്യക്തമായ കാഴ്ചപ്പാടും കൂടിയാണത്.

''എഴുതപ്പെട്ടിരിക്കാവുന്ന ഏക ക്രിസ്തുചരിതമാണ് സുവിശേഷങ്ങൾ.നമ്മുടെ കഴിവിനൊത്ത് ഏററം നന്നായി അവയെ മനസ്സിലാക്കുന്നതാണ് നമ്മുടെ ധർമ്മം.''

''സുവിശേഷം'' ഒരു പ്രത്യേക സാഹിത്യരൂപം

ഈ നിഷേധവീക്ഷണംകൊണ്ടു് കാര്യമവസാനിക്കുന്നില്ല. സുവിശേഷമെന്ന പദംതന്നെ പുതിയനിയമ ക്രിസ്തീയതയുടെ വിശിഷ്ടമായ സാഹിത്യസൃഷ്ടിയാണെന്നോക്കണം. പുതിയനിയമത്തിലെ മററെല്ലാ സാഹിത്യരൂപങ്ങൾക്കും സമാന്തരങ്ങളുണ്ടു്. പ്രശസ്തരായ ആളുകളുടെ പ്രവർത്തനങ്ങളെപ്പററി മററുള്ളവർ കത്തുകളും ദിനവൃത്താന്തങ്ങളുമെഴുതി, വെളിപാടുഭാഷണങ്ങളുമുണ്ടായി. എന്നാൽ ആദിമക്രൈസ്തവർ മാത്രമാണു് ''സുവിശേഷങ്ങൾ'' ആവിഷ്കരിച്ചതു്. മററു വാക്കുകളിൽ സുവിശേഷമെന്ന സാഹിത്യരൂപം ആദിമക്രിസ്തീയതയുടെ അതുല്യസൃഷ്ടിയാണു്. അതിനാൽത്തന്നെ ആദിമക്രൈസ്തവവിശ്വാസത്തിന്റെ വിശിഷ്ടമായൊരു സംഭാവനയുമത്രെ അതു്.

ഈ രൂപത്തിന്റെ നിജസ്വഭാവത്തെക്കുറിച്ചു് രചനാചരിത്രനിരൂപണം ചില വസ്തുതകൾ വ്യക്തമാക്കുന്നുണ്ടു്. അതനുസരിച്ചു് A. D. 27 മുതൽ 30 വരെയുള്ള കാലത്തെ ഈശോയുടെ പരസ്യജീവിതചരിത്രമല്ല സുവിശേഷങ്ങൾ ചിത്രീകരിക്കുന്നതു് എന്നു നാം അംഗീകരിക്കേണ്ടിവരും. ക്രൈസ്തവാനുഭവത്തിന്റെ ചരിത്രമാണു് ഈശോയുടെ ജീവിതചരിത്രത്തിന്റെ ഘടനയുടെ പശ്ചാത്തലത്തിൽ അവതരിക്കപ്പെട്ടിരിക്കുന്നതു്. മർക്കോസിന്റെ സുവിശേഷമാണു് മററു സുവിശേഷങ്ങളുടെയെല്ലാം മാതൃക. അതാകട്ടെ ജീവചരിത്രമോ ആത്മകഥനമോ, മതാദ്ധ്യായനമോ, ക്രിസ്തുഘോഷണമോ ഒന്നുമല്ല. ഇതിന്റെയെല്ലാം ഒരു സമ്മിശ്രയാഥാർത്ഥ്യം മാത്രം, ചുരുക്കത്തിൽ പറഞ്ഞാൽ ഒരു സുവിശേഷം. സുവിശേഷങ്ങൾ, ആദിമക്രിസ്തീയതയുടെ പ്രത്യേകതയും അതുല്യമായ സാഹിത്യസൃഷ്ടിയുമാണെന്നു് നാം കണ്ടല്ലോ. ഈ സാഹിത്യരൂപം മെനയാനവരെ സഹായിച്ചതു്, ലോകജീവിതകാലത്തു് സംസാരിച്ച ഈശോതന്നെ ഇപ്പോഴും സഭയിലൂടെ സംസാരിക്കുന്നു എന്ന ബോദ്ധ്യം മാത്രമാണു്. ഈ ബോദ്ധ്യം ഒന്നുകൊണ്ടുമാത്രം, ആദിമസഭയ്ക്കു, യേശുപാരമ്പര്യത്തെ സ്വതന്ത്രമായി വിനിയോഗിക്കാൻ സാധിച്ചു. ഈ ബോദ്ധ്യമില്ലായിരുന്നുവെങ്കിൽ സുവിശേഷങ്ങൾ ഒന്നുംതന്നെ വെളിച്ചം കാണുമായിരുന്നില്ല. അന്നു് സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഈശോതന്നെയാണു് ഇന്നും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു്.

ഈ പഠനം ഉപസംഹരിക്കുംമുമ്പ് സുവിശേഷസത്യങ്ങൾക്ക ടിസ്ഥാനമായ സുപ്രധാനമായൊരു സത്യത്തേക്കൂടി പരാമർശിക്കേ ണ്ടതുണ്ട്. ആദിമസഭ ഈശോയെക്കുറിച്ചുള്ള പാരമ്പര്യം എഴുതാൻ ശ്രമിച്ചപ്പോഴും അതിനൊരു സാഹിത്യരൂപവും ജീവചരിത്രഘടന യും നൽകിയപ്പോഴും, ആ സമൂഹത്തിൽ ഏററം ശക്തിയായി നില നിന്ന ബോദ്ധ്യമിതായിരുന്നു. ഈശോ ഉയിർത്തു; അവിടുന്നീസമൂ ഹത്തിന്റെ ജീവിതത്തിലും വൃത്തികളിലും സജീവമായും സന്നി ഹിതൻ തന്നെ. ഏതാനും വർഷം മുമ്പുവരെ പലസ്തീനയിൽ ജീവി ക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഈശോതന്നെ ഇന്നും സമൂഹ ത്തിൽ പുതിയൊരു രീതിയിൽ ശക്തിപൂർവ്വം പരിലസിക്കുന്നു. അടി യുറച്ച ഈ ബോദ്ധ്യമാണ് ആദിമസഭയുടെ പ്രഘോഷണത്തിലും പ്രബോധനത്തിലും ആരാധനയിലും മററു മതാത്മക പ്രവർത്തനങ്ങ ളിലും വിളങ്ങിയിരുന്നത്. ക്രിസ്തുവിന്റെ വാക്കുകളുടെ അർത്ഥം പുതിയ മാനങ്ങൾ കൈക്കൊണ്ടു; അവിടുത്തെ പ്രവൃത്തികൾക്ക് ഉപരിസർഗ്ഗശക്തിയുണ്ടെന്ന ബോദ്ധ്യവും പ്രബലമായിത്തീർന്നു. ഉത്ഥി തനായ കർത്താവിലെ വ്യക്തിയോടുള്ള സവിശേഷമായ ഈ സമീ പനം, സുവിശേഷങ്ങളിൽ ഇന്നു് നാം കാണുന്ന പല പ്രത്യേകത കളും വിശദമാക്കും.

സുവിശേഷങ്ങളുടെ അർത്ഥം മനസ്സിലാക്കി പഠിക്കുന്നതിനുള്ള ഏകമാർഗ്ഗം ആദിമസഭയുടെ ഈ സമീപനം സ്വീകരിക്കുക മാത്രമാ ണ്. വിശ്വാസികളുടെ ഗണത്തിൽ പ്രവർത്തിക്കുന്ന, ഉത്ഥിതനായ ക്രിസ്തുവിന്റെ ശക്തി അവരംഗീകരിച്ചു. മരിച്ചവരിൽ നിന്നുയിർത്ത കർത്താവിന്റെ ഈ ശക്തിയാണ് അവരെ ഗാഢമായി സംയോജി പ്പിച്ചത്. വിഭിന്ന മതസാംസ്കാരിക പശ്ചാത്തലമാണ് അവർക്കുണ്ടാ യിരുന്നതെന്നോർക്കണം. ക്രിസ്തുവിനേക്കുറിച്ചുള്ള അവരുടെ ജ്ഞാനം സാമാന്യബോധത്തിനും ഉപരിയായിരുന്നു. അതു അനുഭവജന്യമാ യിരുന്നു; അനുഭവാധിഷ്ഠിതവും. ഇതർത്ഥമാക്കിക്കൊണ്ടു് യോഹന്നാൻ എഴുതുന്നു. ''ആദ്യം മുതലേ ഉള്ളതും, ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണു കൊണ്ടു കണ്ടതും ദർശനം നടത്തിയതും കൈകൊണ്ടു് സ്പർശിച്ചതുമായ ജീവന്റെ വചനത്തെക്കുറിച്ചാണ് ഞങ്ങൾ പ്രഖ്യാപിക്കുന്നത്. ജീവൻ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾ അതുകണ്ടു. അതിനെപ്പററി ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പിതാവിനോടു ആയിരുന്നതും ഞങ്ങൾക്കു വെളിപ്പെടുത്തപ്പെട്ടതുമായ നിത്യജീവനെക്കുറിച്ചു് ഞങ്ങൾ നിങ്ങ

ളോട് പ്രഖ്യാപിക്കുന്നു. നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകുന്നതിനാണ് ഞങ്ങൾ കണ്ടതും കേട്ടതും നിങ്ങളോട് പ്രഖ്യാപിക്കുന്നത്. നമ്മുടെ കൂട്ടായ്മ പിതാവിനോടും അവിടുത്തെ പുത്രനായ ഈശോമിശിഹായോടുമാണ്. ഞങ്ങൾ ഇതെഴുതുന്നത് നമ്മുടെ സന്തോഷം പൂർണ്ണതയടയുന്നതിനു വേണ്ടിയാണ് (1യോഹ. 1:1–4).

ആദിമസഭ തന്റെ ആനന്ദം പൂർത്തീകരിക്കുന്നതിനും പകർന്നു കൊടുക്കുന്നതിനുമായി സുവിശേഷങ്ങളെഴുതി. അവയിലൂടെ ആ സന്തോഷം പങ്കുവച്ചു. ഉത്ഥാനം ചെയ്ത കർത്താവിന്റെ മഹത്വം അനുഭവിച്ചു. അനന്തരതലമുറ വിശ്വാസത്തിൽ വളരണമെന്ന് അവളഭിലഷിച്ചു. എഴുതപ്പെട്ട എല്ലാ വാക്കിന്റെയും ആശയത്തിന്റെയും പിന്നിലുണ്ടായിരുന്ന ബോദ്ധ്യമിതായിരുന്നു.

''ചരിത്രത്തിലെ ഈശോ മാത്രമല്ല സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. വിശ്വാസത്തിലെ ക്രിസ്തുവും—ഉത്ഥിതനായ കർത്താവും—സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

ഇതിന്റെ വ്യക്തമായൊരു ചിത്രം ലൂക്കാ തന്റെ സുവിശേഷത്തിൽ വരച്ചുകാട്ടുന്നുണ്ട്. സുവിശേഷകർ തങ്ങളുടെ വിവരണങ്ങളിൽ ക്രിസ്തുവെന്ന വ്യക്തിയെ ''ഈശോയെന്നാണല്ലോ സാധാരണ വിളിക്കുക. അതിന്റെ അർത്ഥം നസ്രത്തിൽ നിന്നുള്ള ചരിത്രപുരുഷനായ ഈശോയെന്നത്രേ. എന്നാൽ ലൂക്കാ പലപ്രാവശ്യം ''കർത്താവെ''ന്ന അഭിധാനത്തിൽ ഈശോയെ അവതരിപ്പിക്കുന്നുണ്ട്. ഈ സംജ്ഞയാകട്ടെ ഈശോയുടെ ദൈവികത്വവും വിശ്വാസഗണത്തിലെ തുടർന്നുള്ള സാന്നിദ്ധ്യവും സൂചിപ്പിക്കാൻ ഉത്ഥാനാനന്തരം നല്കപ്പെട്ട ഒരു നാമധേയവുമായിരുന്നു.

തന്മൂലം ഈശോയല്ല. 'കർത്താവാണ്'' എഴുപതുപേരെ സർവ്വത്രികദൗത്യവുമായി അയച്ചത് (ലൂക്കാ. 1:10:1). മറിയത്തിന്റെയും മാർത്തയുടെയും കഥയിൽ മറിയം ഈശോയുടെ പാദാന്തികത്തിലല്ല, 'കർത്താവിന്റെ പാദാന്തികത്തിലാണ് ഇരുന്ന് അങ്ങയെ ശ്രവിച്ചത് (ലൂക്കാ. 10:39). അനേകം കാര്യങ്ങളെക്കൊണ്ടുവരം, ആകുലയും ക്ലേശിതയുമാണെന്നു മർത്തായെ അനുസ്മരിച്ചതും 'കർത്താവ്'' തന്നെയായിരുന്നു (ലൂക്കാ.10:41). അപ്പസ്തോലന്മാർ കർത്താവിനോടപേക്ഷിച്ചു: ''ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ''. കർത്താവ് അവർക്ക് മറുപടി നൽകുകയും ചെയ്തു (ലൂക്കാ. 17:5).

ഈ അഭിധാനങ്ങളുപയോഗിക്കുന്നതിൽ വലിയ ഭേദം കല്പി ക്കേണ്ടതില്ലെന്നു പറഞ്ഞാൽ അതു സുവിശേഷങ്ങളെ മനസ്സിലാക്കാനുള്ള നമ്മുടെ കഴിവുകേടുകൊണ്ടു മാത്രമായിരിക്കും. വാസ്തവത്തിൽ സുവിശേഷങ്ങളെ ഈശോയുടെ ജീവചരിത്രമെന്ന നിലയിൽ മനസ്സിലാക്കുന്ന പാരമ്പര്യത്തിൽ ഏറ്റെ തഴങ്ങിയ നമുക്കിന്നാവശ്യമായിരിക്കുന്നതു് ഈ സമീപനമാണു്. സുവിശേഷങ്ങളിലെ അത്ഥവും സന്ദേശവും പ്രത്യപഹരിക്കുന്നതിനുള്ള ഏകമാഗ്ഗം ആദിമസഭയുടെ ഈ ബോദ്ധ്യം വീണ്ടെടുക്കുകയാണു്.

മറെറാന്നു് സുവിശേഷങ്ങളെ ധ്യാനാത്മകമായി വായിക്കുന്നതിലും പഠിക്കുന്നതിലും ഇതേ സമീപനംതന്നെ പോഷിപ്പിച്ചെടുക്കുകയാണു്. എന്നത്തേക്കാളുമിന്നാവശ്യം, ആഴമേറിയ വിശ്വാസജീവിതമാണല്ലോ. അതായിരിക്കണം സമപ്പിതജീവിതം. കൂടുതൽ ധന്യാത്മകമായി ക്രിസ്തുവിനു സാക്ഷ്യമേകൽ, അങ്ങനെ മാത്രമെ, നാമുയർത്തിപ്പിടിച്ചിരിക്കുന്ന പ്രതീക്ഷക്കൊത്തുയരാൻ നമുക്കാവൂ. ഇതു കൂടുതൽ യാഥാത്ഥീകരിക്കാനാവും നമുക്കു്, വിശ്വാസരേഖകളെന്ന നിലയിൽ, സുവിശേഷങ്ങളെ സ്നേഹിക്കുകവഴി; ക്രിസ്തുഘോഷണമുൾക്കൊള്ളുന്ന ചരിത്രമെന്ന നിലയിലവയെ മാനിക്കുന്നതുവഴി; ആദിമസഭയുടെ വിശ്വാസമനുഭവവേദ്യമാകുന്ന കണ്ണാടിയെന്ന നിലയിൽ, അവയെ വിലമതിച്ചുകൊണ്ടു്. കാരണം, ഉത്ഥിതനായ ഈശോയുടെ തുടന്നുള്ള സാന്നിദ്ധ്യം തങ്ങളുടെയും മറ്റു തലമുറയുടെയും കത്താവാണവിടുന്നു് എന്ന വിശ്വാസംവഴി, അനുഭവിച്ചവരാണവർ. സുവിശേഷങ്ങളുടെ കണ്ണാടിയിൽ നാമീവിശ്വാസം ദശിക്കുന്നു.

സുവിശേഷപഠനങ്ങളുടെ പുരോഗതി അവയുടെ പ്രാധാന്യം ഒട്ടും കുറയ്ക്കുന്നില്ല. സുവിശേഷങ്ങളുടെ പ്രസക്തി കുറയ്ക്കാതെയും, നശിപ്പിക്കാതെയും, അവയുടെ ചരിത്രമൂല്യം നിഷേധിക്കാതെയും, ഇന്നത്തെ സമീപനംകൊണ്ടു് ഒട്ടേറെ മിഥ്യാപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടു്.

മറെറാന്നുകൂടി, ക്രിസ്തീയ ജീവിതത്തിൽ സുവിശേഷങ്ങളുടെ പങ്കെന്താണു്? ഇതു കൂടുതൽ ധന്യവും സ്വാത്മകവുമായി ഗ്രഹിക്കാനുള്ള ഉൾക്കാഴ്ചയും ആഭിമുഖ്യവുമിന്നു് സാദ്ധ്യമാണു്. സുവിശേഷപഠനങ്ങളുടെ പുരോഗതി അത്രയ്ക്കും ഗുണകരമായിത്തീന്നിരിക്കുന്നു.

ഈശോ പറഞ്ഞതും ചെയ്തതുമെല്ലാം പൂർണ്ണമായ അർത്ഥത്തിൽ വായനക്കാർ മനസ്സിലാക്കണമെന്നായിരുന്നു, സുവിശേഷ രൂപീകരണത്തിനു പരിശ്രമിച്ചവർ അഭിലഷിച്ചത്. അതു വായിച്ച് നാം വിശ്വാസത്തിൽ വളരുകയും സുവിശേഷങ്ങളിൽ കണ്ടുമുട്ടുന്ന ക്രിസ്തുവിനോടുള്ള ഗാഢബന്ധംവഴി നിത്യജീവനിലേക്കണയണമെന്നും അവരഭിലഷിച്ചു. നാലാം സുവിശേഷകൻ തന്റെ കൃതിയുടെ അവസാനം പറഞ്ഞ വാക്കുകൾ ശ്രദ്ധാർഹമാണ്. ''ഇവ എഴുതപ്പെട്ടിരിക്കുന്നത്, ഈശോ ദൈവപുത്രനായ മിശിഹായാണെന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും, അങ്ങനെ വിശ്വസിക്കുകമൂലം, നിങ്ങൾക്കവിടുത്തെ നാമത്തിൽ നിത്യജീവനുണ്ടാകേണ്ടതിനുമത്രേ' (യോഹ 20:31).

അനുബന്ധം

സുവിശേഷങ്ങളുടെ ചരിത്രസത്യത്തെ സംബന്ധിച്ച പ്രബോധനം

I സത്യത്തിന്റെ സ്തംഭവും സംരക്ഷകയുമായ[1] സഭാമാതാവ്, തന്റെ തനയർക്കു സ്വർഗ്ഗീയ രക്ഷ നൽകുന്നതിനായി എന്നും തിരുലിഖിതങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അപവ്യാഖ്യാനങ്ങളിൽനിന്നതിനെ പരിരക്ഷിക്കുകയും ചെയ്തു. ബൈബിൾ പ്രശ്നങ്ങൾക്കൊരിക്കലും അന്ത്യമുണ്ടാകുന്നില്ലല്ലോ. അതിനാൽ കത്തോലിക്കാവ്യാഖ്യാതാവെപ്പോഴും ദൈവികവചനം വിശദീകരിക്കുവാനും പ്രശ്നങ്ങൾ പരിഹരിക്കുവാനും സന്നദ്ധത കാട്ടണം. അതിലുമുപരിയായി തിരുലിഖിതങ്ങളുടെ നിജമായ അർത്ഥം തുറന്നുകാണിക്കാനും. അതിനായി സ്വന്തം സ്രോതസ്സുകളെ മാത്രം ആശ്രയിക്കാതെ, അവർ ദൈവകൃപയിലും സഭയുടെ പ്രകാശത്തിലും ആശ്രയിക്കണം.

II ബൈബിൾവിഷയങ്ങളിൽ പ്രവീണരായ വിശ്വസ്ത സഭാമക്കളിന്നേറെയുണ്ട്, കാലത്തിന്റെ ആവശ്യങ്ങൾ നികത്താൻ പോരുന്ന സന്തോഷകരമായ കാര്യംതന്നെ. സഭാതലവന്മാരുടെ പ്രബോധനങ്ങൾ പിന്തുടന്ന് മുഴുഹൃദയത്തോടെ അക്ഷീണം തങ്ങളെത്തന്നെ ഈ യത്നത്തിനവർ സമർപ്പിക്കുന്നു. ''കർത്താവിന്റെ മുന്തിരിത്തോപ്പിലെ ദൃഢമതികളായ ഈ പണിക്കാരുടെ പരിശ്രമങ്ങളെ നീതികൊണ്ടും യുക്തതകൊണ്ടും മാത്രമല്ല വിധിക്കേണ്ടതു്. എല്ലാ സഭാതനയരും മനസ്സിലാക്കേണ്ട വസ്തുതയാണിതു്. അത്യധികമായ ഉപവിയോടുകൂടിവേണം അവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ''[2]. ജറോമിനെപ്പോലുള്ള വിശ്രുതരായ വ്യാഖ്യാതാക്കൾപോലും വിഷമംപിടിച്ച പ്രശ്നങ്ങളെ വിജയകരമായ രീതിയിൽ പലപ്പോഴുംകൈകാര്യം ചെയ്തിട്ടില്ല[3]. ''സംവാദത്തിലെ രൂക്ഷമായ പോരാട്ടത്തിൽ പരസ്പര സ്നേഹത്തിന്റെ പരിധി ലംഘിക്കാതിരിക്കാൻ എപ്പോഴും ശ്രദ്ധ ചെലുത്തണം. അതുപോലെ ദൈവാവിഷ്കൃതസത്യങ്ങളും ദൈവിക പാരമ്പര്യങ്ങളും ചോദ്യംചെയ്യപ്പെടുന്നു എന്നൊരു ധാരണ ചർച്ചകളിലും വാദങ്ങളിലും പ്രകടമാകരുതു്. കാരണം, മനസ്സുകൾ തമ്മിൽ രഞ്ജനമില്ലാ

തെയും തത്ത്വങ്ങൾ മാനിക്കപ്പെടാതെയുമിരുന്നാൽ വ്യത്യസ്ത വ്യക്തികളുടെ വിഭിന്നമായ അന്വേഷണങ്ങൾ ഈ പഠനത്തിൽ പുരോഗമിക്കുകയില്ല.''4

III എന്നത്തേക്കാളും ഇന്നാണ് വ്യാഖ്യാതാക്കളുടെ സേവനം ആവശ്യമായിരിക്കുന്നത്. കാരണം, സുവിശേഷങ്ങളിലെ സംഭവങ്ങളുടെയും വാക്കുകളുടെയും വാസ്തവികതയെ ചോദ്യം ചെയ്യുന്ന ഗ്രന്ഥങ്ങളും മററും ധാരാളമായി പ്രചരിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ തിരുസ്സഭാദ്ധ്യക്ഷന്മാർ ഏല്പിച്ചിട്ടുള്ള ദൗത്യം തുടരാനായി പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ താഴെപ്പറയുന്ന കാര്യങ്ങൾ പ്രഖ്യാപിക്കുകയും നിഷ്ക്കർഷിക്കുകയും ചെയ്യുന്നു.

IV (i) സഭയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് കത്തോലിക്കാ ബൈബിൾ വ്യാഖ്യാതാവ് പൂർവ്വകാലത്തെ വ്യാഖ്യാനങ്ങളിൽ നിന്ന് ഫലമന്വേഷിക്കട്ടെ. (പ്രത്യേകിച്ച്) പരിശുദ്ധ സഭാപിതാക്കന്മാരും, വേദപാരംഗതരും, തിരുലിഖിത വിജ്ഞാനത്തിന് കനത്ത സംഭാവനകൾ നൽകിയിട്ടുള്ളവരാണ്. ഇന്നത്തെ വ്യാഖ്യാതാവ് അവരുടെ പ്രവർത്തനങ്ങൾ തുടരുകയാണു വേണ്ടത്. ബൈബിളിൻെറ ശാശ്വതസത്യത്തെയും ആധികാരികതയെയും മുഴുപ്രഭയിലവതരിപ്പിക്കുവാൻ അദ്ദേഹം സയുക്തികമായ കത്തോലിക്കാ വ്യാഖ്യാനതത്ത്വങ്ങളും നിയമങ്ങളും മുറുകപ്പിടിച്ചേ തീരൂ. നവീന വ്യാഖ്യാനരീതികളെ അദ്ദേഹം അവധാനതയോടെ അവലംബിക്കണം. സർവ്വോപരി, ചരിത്രവ്യാഖ്യാനരീതികൾ വ്യാപകാർത്ഥത്തിൽ നൽകുന്ന വ്യാഖ്യാനോപാധികളെ പ്രയോജനപ്പെടുത്തണം. സ്രോതസ്സുകളെ ശ്രദ്ധാപൂർവ്വം പരിശോധിച്ച് അവയുടെ സംഭാവമൂല്യങ്ങൾ നിർവ്വചിക്കുന്ന രീതിയാണിത്. പാഠനിരൂപണം (Taxtual critisism), സാഹിത്യനിരൂപണം, ഭാഷാപഠനം എന്നിവ ഈ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

സുഭഗസ്മരണാർഹനായ പന്ത്രണ്ടാം പീയൂസിൻെറ ഉപദേശം വ്യാഖ്യാതാക്കൾ പിന്തുടരേണ്ട ഒന്നാണ്. ''വിശുദ്ധ ഗ്രന്ഥകാരന്മാർ ഉപയോഗപ്പെടുത്തിയ ആശയപ്രകാശനരീതിയും, സാഹിത്യരൂപങ്ങളും, സത്യവും കൃത്യവുമായ വ്യാഖ്യാനത്തിന് എത്രമാത്രം ആവശ്യമുണ്ടെന്ന് വിവേകപൂർവ്വം പരിശോധിക്കാൻ അദ്ദേഹം

നിർദ്ദേശിച്ചു. കത്തോലിക്കാഭാഷ്യത്തിനു് കാര്യമായ ക്ഷതമേല്പിച്ചുമാത്രമേ വ്യാഖ്യാതാവിനു് ഈ യത്നം അവഗണിക്കാൻ സാധിക്കൂ.''5

ഈ പ്രബോധനശകലംകൊണ്ടു് പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഗ്രന്ഥങ്ങളെ വിശദമാക്കാനുള്ള വ്യാഖ്യാനതത്ത്വനിയമങ്ങളാണു് അദ്ദേഹം പ്രഖ്യാപിച്ചതു്.

സമകാലീനരുടെയിടയിൽ നടപ്പുണ്ടായിരുന്ന ചിന്തയുടെയും രചനയുടെയും രീതി അനുസരിച്ചാണു് വി. ഗ്രന്ഥകാരന്മാരും രചന നടത്തിയതു്. അതിനാൽ സുവിശേഷസാക്ഷ്യത്തിന്റെ സ്വഭാവത്തിലേയ്ക്കു് ആഴമായി ഇറങ്ങാൻ ലഭ്യമായ എല്ലാ മാർഗ്ഗങ്ങളും വ്യാഖ്യാതാവു് ഉപയോഗിക്കണം. അതോടൊപ്പം, ആദിമസഭയുടെ മതാത്മകജീവിതത്തിലേക്കും, അപ്പസ്തോലിക പാരമ്പര്യത്തിന്റെ ചൈതന്യത്തിലേയ്ക്കും മൂല്യത്തിലേയ്ക്കുമിറങ്ങാനും അവനു കഴിയണം.

V സുവിശേഷങ്ങളെ മെച്ചമായി മനസ്സിലാക്കാൻ സഹായിക്കുന്ന സദ്ഘടകങ്ങളും ''രൂപചരിത്രനിരൂപണ രീതിയിൽ'' ഉണ്ടോ എന്നു് വ്യാഖ്യാതാവു് അവസരോചിതം പരിശോധിക്കണം. പക്ഷേ, ഇതിലദ്ദേഹം ജാഗ്രത പുലർത്തേണ്ടതുണ്ടു്. കാരണം, തീരെ സ്വീകാര്യമല്ലാത്ത തത്ത്വദർശനങ്ങളും ദൈവശാസ്ത്രങ്ങളും ഇതിൽ കൂടികലരാറുണ്ടു്. ഇങ്ങനെ ഈ രീതിയേയും അതുൾപ്പെടുത്തുന്ന സാഹിത്യതലത്തെത്തന്നെയും ഇവ പലപ്പോഴും ന്യൂനീകരിക്കുന്നു. ഈ രീതിയുടെ ഉപജ്ഞാതാക്കൾ പലരും അങ്ങനെ യുക്തിവാദത്തിന്റെ പക്ഷപാതത്തിൽപ്പെട്ടു് വ്യതിചലിച്ചിട്ടുണ്ടു്. അതിസ്വാഭാവികമായ ഒരു ക്രമത്തിന്റെ യാഥാർത്ഥ്യത അവർ നിരസിക്കുന്നു. നിഷ്കൃഷ്ടമായ ആവിഷ്ക്കരണത്തിലൂടെയുള്ള ലോകത്തിലെ ദൈവത്തിന്റെ വ്യക്തിപരമായ വർത്തനവും അവർ നിഷേധിക്കുന്നു. അത്ഭുതങ്ങളുടെയും പ്രവചനങ്ങളുടെയും സ്ഥിതിസാദ്ധ്യതകളും അവർ തിരസ്കരിക്കുന്നു. വിശ്വാസത്തെപ്പററി ചിലരുടെ പ്രഥമധാരണതന്നെ അബദ്ധം. അതിനു ചരിത്രസത്യവുമായി ബന്ധമൊന്നുമില്ലെന്നോ, അതുമായി പൊരുത്തപ്പെടില്ലെന്നോ ഒക്കെ ധരിച്ചിരിക്കയാണവർ.

മററു ചിലർ ദൈവാവിഷ്കരണരേഖകളുടെ ചരിത്രമൂല്യത്തേയും സ്വഭാവത്തേയും അനുഭവനിരപേക്ഷം (apriori) എന്നെഴുതിത്തള്ളുന്നു.

ഇനിയും ചിലർ ക്രിസ്തുവിൻെറ സാക്ഷികളെന്നനിലയിലുള്ള അപ്പസ്തോലന്മാരുടെ പ്രാമാണികത്വം ലഘൂകരിക്കുന്നു; ആദിമ സമൂഹത്തിലുള്ള അവരുടെ സ്വാധീനവും അധികാരവും ചെറുതാക്കി ആ സമൂഹത്തിൻെറ സൎഗ്ഗശക്തിയെ മാത്രം ഉയൎത്തിക്കാട്ടുന്നു. ഇത്തരം വീക്ഷണങ്ങൾ കത്തോലിക്കാ സിദ്ധാന്തങ്ങൾക്കു വിരുദ്ധമാണെന്നു മാത്രമല്ല, അവ ശാസ്ത്രീയാടിസ്ഥാനമില്ലാത്തതും, ചരിത്രരീതിയുടെ അന്യൂനനിയമങ്ങൾക്കന്യവുമത്രേ.

VI (ii) സുവിശേഷങ്ങളിലൂടെ നമുക്കു ലഭ്യമായ വസ്തുതകളുടെ വിശ്വാസ്യത നിൎണ്ണയിക്കുവാൻ വ്യാഖ്യാതാവ്, പാരമ്പര്യത്തിൻെറ മൂന്നു ഘട്ടങ്ങളെയും അവധാനതയോടെ ശ്രദ്ധിച്ചേ തീരൂ. ഈ മൂന്നു ഘട്ടങ്ങളിലൂടെയാണ് ഈശോയുടെ ജീവിതവും ചിന്തകളും നമുക്കു കൈവന്നിട്ടുള്ളതു്.

VII ആരംഭം മുതൽ[6] തന്നെ അനുഗമിച്ചവരെയാണ് തിരഞ്ഞെടുക്കപ്പെട്ടവരായി നമ്മുടെ കൎത്താവായ ഈശോ തന്നോടു ചേൎത്തതു്.[7] ഈശോയുടെ വാക്കുകൾ കേട്ടും പ്രവൎത്തനങ്ങൾ കണ്ടും അവിടത്തെ ജീവിതത്തിനും പഠനത്തിനും സാക്ഷ്യം വഹിക്കുവാൻ ഒരുങ്ങിയവരാണവർ.[8] തൻെറ പഠനങ്ങൾ വായ്മൊഴിയായി കൎത്താവ് വിശദീകരിച്ചപ്പോൾ അന്നത്തെക്കാലത്തു നിലവിലിരുന്ന ചിന്താരീതികളും സ്പഷ്ടീകരണോപാധികളുമാണ് സ്വീകരിച്ചതു്. അവിടുന്നു ശ്രോതാക്കളുടെ മനോഭാവത്തോടിഴുക്കിച്ചേൎന്നു. താൻ പഠിപ്പിച്ചവ ശിഷ്യരുടെ മനസ്സിൽ പതിയണമെന്നും എളുപ്പം ഓൎത്തിരിക്കണമെന്നുമുള്ള നിഷ്കൎഷ ഈശോയ്ക്കുണ്ടായിരുന്നു. ഈശോയുടെ ജീവിതത്തിലെ അത്ഭുതങ്ങളും മററു സംഭവങ്ങളും ശരിയായിത്തന്നെ അവർ മനസ്സിലാക്കി. അവയിലൂടെ ക്രിസ്തുവിൽ വിശ്വസിച്ച് വിശ്വാസത്തെയും രക്ഷാനുശാസനത്തെയും പുല്കുത്തക്കവിധം രൂപംചെയ്യുവതരിപ്പിച്ച പ്രവൎത്തനങ്ങളായിരുന്ന് പ്രസ്തുത സംഭവങ്ങൾ.

VIII അപ്പസ്തോലന്മാർ എല്ലാററിനുപരി പ്രസംഗിച്ചതു് കൎത്താവിൻെറ മരണവും ഉത്ഥാനവുമായിരുന്നു. കാരണം, അവർ ഈശോയ്ക്കു സാക്ഷികളായിരുന്നതു തന്നെ.[9] വിശ്വസ്തതാപൂൎവ്വം അവർ അവിടത്തെ ജീവിതവും മൊഴികളും വിശദീകരിച്ചു.[10] അതേസമയം തന്നെ തങ്ങളുടെ ശ്രോതാക്കളുടെ ജീവിതസാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടു് പ്രഘോഷണരീതി ക്രമീകരിക്കുകയും ചെയ്തു.[11]

കർത്താവിൻെറ ഉത്ഥാനശേഷം അവിടുത്തെ ദൈവത്വമവർ വ്യക്തമായി ദർശിച്ചു. ആ പ്രത്യക്ഷീകരണത്തിൻെറ ഓർമ്മകളെ വിശ്വാസം നശിപ്പിച്ചില്ല, മറിച്ച് ഉറപ്പിക്കുകയാണുണ്ടായതു്. കാരണം, ഈശോ ചെയ്തവയും പഠിപ്പിച്ചവയും ആയിരുന്നു വിശ്വാസത്തിന്നടിസ്ഥാനം.[12]

അതുപോലെ, ഉത്ഥാനംവഴി അവിടുന്ന് ഒരു പുരാണപുരുഷനായിത്തീർന്നില്ല. ആരാധനയുടെ അനന്തരഫലമായി, തൻെറ പഠനങ്ങളും വികലമായില്ല. മറിച്ച്, തങ്ങളനുഭവിച്ച അതേ സമ്പൂർണ്ണ ധാരണയോടെതന്നെ, അപ്പസ്തോലന്മാർ കർത്താവു യഥാർത്ഥത്തിൽ പറഞ്ഞതും ചെയ്തതും ശ്രോതാക്കൾക്കു പകർന്നുനല്കി, എന്നതു നിഷേധിക്കാനുമാവില്ല.[13] എന്തെന്നാൽ ക്രിസ്തുവിനെ സംബന്ധിച്ച മഹത്വപൂർണ്ണമായ സംഭവങ്ങളും, സത്യാത്മാവിൻെറ പ്രകാശവുമവരെ പഠിപ്പിച്ചിരുന്നു, അഭ്യസിപ്പിച്ചിരുന്നു.[14] ഈശോതന്നെ ഉത്ഥാനാനന്തരം, പഴയനിയമത്തെ അവക്കു വ്യാഖ്യാനിച്ചു കൊടുത്തതുപോലെ, അവരും ശ്രോതാക്കളുടെ ആവശ്യാനുസാരം, അവിടുത്തെ വാക്കുകളും ചെയ്തികളും വ്യാഖ്യാനിച്ചുകൊടുത്തു. വചനത്തിൻെറ ശുശ്രൂഷയ്ക്കു സ്വയം സമപ്പിച്ചിട്ട്,[15] അവർ പ്രസംഗിക്കുകയും, ശ്രോതാക്കളുടെ മന:സ്ഥിതിക്കും തങ്ങളുടെ ആവശ്യത്തിനുമിണങ്ങിയ പ്രഭാഷണരീതികൾ സ്വീകരിക്കുകയും ചെയ്തു. അവരങ്ങനെ ഗ്രീക്കുകാരോടും, അപരിഷ്കൃതരോടും, പണ്ഡിതരോടും പാമരരോടും[16] കടപ്പെട്ടവരായിരുന്നു.[17]

എന്നാൽ പ്രസംഗകർ ക്രിസ്തുവിനെ പ്രഘോഷിച്ച ഇത്തരം രീതികളെ നാം വ്യവച്ഛേദിച്ച്, വേണ്ടവിധം വിലയിരുത്തണം: മതബോധനം, കഥകൾ, സാക്ഷ്യങ്ങൾ, ഗീതങ്ങൾ, സ്തോത്രങ്ങൾ, പ്രാർത്ഥനകൾ. അവയോടൊപ്പം വി. ഗ്രന്ഥത്തിലുണ്ടായിരുന്നവയും, അന്നത്തെ കാലത്തുള്ളവർ ഉപയോഗിച്ചു പോന്നതുമായ മററു സാഹിത്യരൂപങ്ങളും. ഇവയൊക്കെ നാം വേർതിരിച്ച് മനസ്സിലാക്കണം.

IX ആദ്യം വായ്മൊഴിയായും പിന്നീട് വരമൊഴിയായും പകർന്ന ഈ പ്രാഥമിക പ്രബോധനമാണ് പിന്നീട്, നാലു സുവിശേഷങ്ങളായിത്തീർന്നതു്. അവ, സഭകളുടെ നന്മയ്ക്കായി എഴുതുവാൻ, സുവിശേഷകർത്താക്കൾക്കു ഭരമേല്പിക്കപ്പെടുകയാണുണ്ടാ

യത്തു്. എന്തെന്നാൽ, കർത്താവായ ഈശോയെപ്പററിയുള്ള ഒരു ശരിവിവരണം നല്കുന്നതിനു് പലരുമന്നു് ശ്രമിക്കുകയുണ്ടായി.[18]

ഓരോരുത്തർക്കുമുണ്ടായിരുന്ന ഉദ്ദേശ്യങ്ങൾക്കനുസൃതമായ രീതികളുമവർ തെരഞ്ഞെടുത്തു. കൈമാറപ്പെട്ട പല കാര്യങ്ങളിൽനിന്നും ചിലതുമാത്രമാണവർ തെരഞ്ഞെടുത്തതു്. മററുള്ളവയെ സമന്വയിച്ചു. മററു ചിലതിനെ, സഭകളുടെ സ്ഥിതി കണക്കിലെടുത്തു്, അവർ പ്രസ്പഷ്ടമാക്കി. സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും വഴി, വായനക്കാരെ പഠിപ്പിച്ചു, വാക്കുകളുടെ വിശ്വാസ്യതയെപ്പററി ബോധവാന്മാരാക്കുന്നതിനവർ ശ്രമിച്ചു.[19]

അങ്ങനെ തങ്ങൾ സ്വീകരിച്ചതിൽനിന്നും, വി. ഗ്രന്ഥകാരന്മാർ, തങ്ങളുടെ പ്രത്യേക ഉദ്ദേശ്യവും, വിശ്വാസികളുടെ വ്യത്യസ്തമായ അവസ്ഥകളും, ആവശ്യങ്ങളും കണക്കാക്കി, വിവരണങ്ങളെ അനുരൂപപ്പെടുത്തി.

ഒരു പ്രസ്താവനയുടെ പൂർണ്ണമായ അർത്ഥമടങ്ങിയിരിക്കുന്നതു്, അതിൻെറ അനുക്രമത്തിലും കൂടിയാണല്ലോ. അതിനാൽ ദിവ്യരക്ഷകൻെറ മൊഴികളും പ്രവൃത്തികളും, സുവിശേഷകൻ പലപ്പോഴും അവയെ വ്യത്യസ്ത സന്ദർഭങ്ങളിലാണു് അവതരിപ്പിക്കുന്നതു്. വായനക്കാരുടെ പ്രയോജനമായിരുന്നു ഇവിടെയുമടിസ്ഥാനം.

അതിനാൽ ഒരു പ്രത്യേക തരത്തിൽ, പ്രത്യേകമായൊരു സന്ദർഭത്തിൽ, ക്രിസ്തുവിൻെറ ഒരു മൊഴിയേയോ. പ്രവൃത്തിയേയോ വിവരിക്കുന്നതിൽ സുവിശേഷകനുദ്ദേശിച്ച അർത്ഥമെന്തെന്നു് വ്യാഖ്യാതാവന്വേഷിക്കട്ടെ. കാരണം, കർത്താവിൻെറ വാക്കുകളും പ്രവൃത്തികളും, മറെറാരു ക്രമത്തിൽ വിവരിച്ചതുമൂലം, അതിൻെറ കഥായുക്തിക്കു ഭംഗം വരുന്നില്ല.[20]

അവിടുത്തെ മൊഴികൾ അക്ഷരാർത്ഥത്തിലവതരിപ്പിക്കാതെ, അവയുടെ അർത്ഥംമാത്രം നിലനിർത്തി, വ്യത്യസ്തമായവതരിപ്പിക്കുകയാണല്ലോ, അവർ ചെയ്തതു്.[21] സെൻറഗസ്റ്റിൻ പറയുന്നതുപോലെ. ''ഓരോ സുവിശേഷകനും, തൻെറ സ്മൃതിയിൽ ദൈവം കനിഞ്ഞു തോന്നിച്ച ക്രമത്തിൽ ഓർമ്മിക്കുക ധർമ്മമാണെന്നു വിശ്വസിക്കാൻ ന്യായമുണ്ടു്—ചുരുങ്ങിയപക്ഷം, സുവിശേഷങ്ങളുടെ വാസ്തവികതയിൽനിന്നോ, പ്രാമാണികതയിൽനിന്നോ,

ഒന്നും ന്യൂനീകരിക്കാത്ത ക്രമമായിരിക്കുമത്. പക്ഷെ, പരിശുദ്ധാത്മാവ് ഓരോരുത്തർക്കും താനിച്ഛിക്കുന്നതുപോലെയാണല്ലോ തന്റെ വരങ്ങൾ നൽകുന്നത്.[23]

തിരുലിഖിതാക്കളുടെ മനസ്സുകളെ അസന്നിദ്ധമായി നിയന്ത്രിക്കുന്നതും അവിടുന്നുതന്നെ. അങ്ങനെ വി. ഗ്രന്ഥങ്ങൾക്കവകാശപ്പെട്ടിരുന്ന സർവ്വോത്കൃഷ്ടമായ പ്രാമാണികതമൂലം, എന്താണെഴുതേണ്ടതെന്നും, അവരെ ഓർമ്മിപ്പിച്ചതും പരിശുദ്ധാത്മാവുതന്നെ. എന്നാൽ അവിടുന്ന് എന്തുകൊണ്ട്, ഒരാളെ അയാളുടെ വിവരണം ഒരുതരത്തിലും, മററൊരാളെ മററൊരുവിധത്തിലുമെഴുതാനിടയാക്കി എന്നതു് ശ്രദ്ധേയമായിരിക്കുന്നു. വിശ്വാസവും കഴിവുമുള്ളവർ, ഇതിന്റെ ആധാരമെന്തെന്നു തിരയട്ടെ; ദൈവികസഹായത്തോടെ അവർ അതു കണ്ടെത്തും.[24]

X സുവിശേഷങ്ങളുടെ സ്രോതസ്സിനേയും രചനയേയും സംബന്ധിക്കുന്ന ഈ വക കാര്യങ്ങളിൽ വ്യാഖ്യാതാവു പ്രത്യേകം ശ്രദ്ധിക്കണം. ആധുനിക ഗവേഷണത്തിന്റെ ശ്ലാഘ്യമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും വേണം. ഇപ്രകാരം ചെയ്യാത്ത പക്ഷം, തിരുലിഖിതാക്കൾ (യഥാർത്ഥത്തിൽ) ഉദ്ദേശിച്ചതും പറഞ്ഞതുമായ കാര്യങ്ങളെ സംശോധിച്ചറിയാൻ അദ്ദേഹത്തിനു കഴിഞ്ഞെന്നുവരില്ല. നൂതനഗവേഷണങ്ങളിൽ ഒരു കാര്യം വ്യക്തം: ഈശോയുടെ ജീവിതവും ചിന്തകളും, ഓർമ്മയ്ക്കുവേണ്ടി മാത്രം റിപ്പോർട്ടു ചെയ്യുകയല്ലായിരുന്നു; പ്രത്യുത, സഭയ്ക്ക് വിശ്വാസത്തിന്റെയും ധാർമ്മികതയുടെയുമായ അടിസ്ഥാനമുണ്ടാകുവാൻ ''പ്രസംഗിക്കപ്പെടുകയായിരുന്നു.''

സുവിശേഷകരുടെ സാക്ഷ്യത്തെ അശ്രാന്തം നിരീക്ഷിക്കുക വഴി, സുവിശേഷങ്ങളുടെ ശാശ്വതമായ ദൈവശാസ്ത്രമൂല്യങ്ങൾ അവതരിപ്പിക്കുവാൻ വ്യാഖ്യാതാവിനു സാധിക്കുന്നു. അതോടൊപ്പം സഭയുടെ വ്യാഖ്യാനം എത്രമാത്രം അനിർവ്വാര്യവും, പ്രാധാന്യമർഹിക്കുന്നതുമാണെന്നു വ്യക്തമാക്കാനും അദ്ദേഹത്തിനു കഴിയും.

XI ഇനിയും പല കാര്യങ്ങളും ചർച്ചചെയ്യാനുണ്ട്. കത്തോലിക്കാ വ്യാഖ്യാതാവിന്, തന്റെ കഴിവിനേയും പ്രതിഭയേയും, സ്വതന്ത്രമായി വിന്യസിപ്പിക്കാൻ, സാദ്ധ്യമായ മാർഗ്ഗങ്ങൾ,

അദ്ദേഹമതിനനുഷ്ഠിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവ. അവ വിശദമാക്കുകവഴി എല്ലാവരുടെയും നമ്മുടെ തിരുശാസനങ്ങളുടെ അനുക്രമമായ പുരോഗതികളുമായി, അവനവൻെറ സംഭാവന നല്ലാനാവും. അവരുടെ കഴിവുകൾ വേണ്ടവിധം സഭയിൽ പ്രയോജനപ്പെടുത്താനാവും. സഭയുടെ ന്യായാധികാരമനുവർത്തിക്കേണ്ട നിർണ്ണയനരീതിയെ ഒരുക്കുന്നതിനും പിന്തുണയ്ക്കുന്നതിനും, സഭയുടെ അന്തസ്സിനെ സംരക്ഷിക്കുന്നതിനും ഇതുപകരിക്കും.

എന്നാലദ്ദേഹം, സഭയുടെ പ്രബോധനാധികാരത്തെ അനുസരിക്കാൻ സന്നദ്ധത കാട്ടണം. പരിശുദ്ധാത്മാവുകൊണ്ടുനിറഞ്ഞ അപ്പസ്തോലന്മാരാണ്, സദാത്ത പ്രസംഗിച്ചതെന്നദ്ദേഹം മറക്കരുത്. തിരുലിഖിതാക്കളെ എല്ലാ പ്രമാദങ്ങളിലുംനിന്നു കാത്ത അവിടുത്തെ നിവേശനത്തിലാണ് സുവിശേഷങ്ങളെഴുതപ്പെട്ടതെന്നും ഭാഷ്യകാരൻ വിസ്മരിച്ചുകൂടാ.

''സുവിശേഷങ്ങൾ ആരിലൂടെ നമ്മിലേയ്ക്കണെഞ്ഞുവോ, അവരിലൂടെയല്ലാതെ, മററാരിലൂടെയും, നമ്മുടെ പരിത്രാണപദ്ധതിയെ നാമറിഞ്ഞിട്ടില്ല. തീർച്ചയായും ദൈവതിരുമനസ്സിലൂടെ, നമ്മുടെ വിശ്വാസത്തിൻെറ അടിസ്ഥാനവും സ്തൂപവുമെന്ന നിലയിലാണ്, ഒരിക്കലവർ പ്രസംഗിച്ചതിനെ, തിരുലിഖിതങ്ങളിലൂടെ നമുക്കു പകർന്നിരിക്കുന്നത്. പൂർണ്ണമായ അറിവു ലഭിക്കുന്നതിനു മുമ്പാണവർ പ്രസംഗിച്ചതെന്നു പറയുന്നതു ശരിയല്ല.

വാസ്തവത്തിൽ, മരിച്ചവരിൽനിന്നും നമ്മുടെ കർത്താവു് ഉത്ഥാനം ചെയ്തശേഷം, പരിശുദ്ധാത്മാവവരിൽ ആവസിച്ചപ്പോഴാണ്, ഉന്നതങ്ങളിൽനിന്നുള്ള ശക്തിയാലവർ അലങ്കരിക്കപ്പെട്ടതു്. അവിടുത്തെ ദാനങ്ങളാൽ നിർഭരരായവർ സമ്പൂർണ്ണവിജ്ഞാനികളായതുമപ്പോൾതന്നെ. ഭൂമിയുടെ അതിർത്തികളിലേയ്ക്കു് ദൈവത്തിൻെറ സുവിശേഷവുമായി അവരെല്ലാവരും പുറപ്പെട്ടു, നമുക്കായി ദൈവത്തിൽനിന്നുള്ള സന്ദേശം പ്രഘോഷിച്ചുകൊണ്ടു്; സ്വർഗ്ഗീയ ശാന്തി മനുഷ്യർക്കു വിളംബരം ചെയ്തുകൊണ്ടു്.''25

XII (iii) സെമിനാരികളിലും, സദൃശസ്ഥാപനങ്ങളിലും പഠിപ്പിക്കുവാൻ നിയുക്തരായവർ ''കാലത്തിൻെറ ആവശ്യങ്ങളും, ശിക്ഷണത്തിൻെറ ഗൗരവവും കണക്കിലെടുത്തു്, വി. ഗ്രന്ഥം പഠിപ്പിക്കേണ്ടതു്, പ്രഥമ താല്പര്യമാക്കണം.26 എല്ലാററിനുമുപരി ഈ

അദ്ധ്യാപകർ, അതിൻെറ ദൈവശാസ്ത്രപഠനം വിശദീകരിക്കയാണു വേണ്ടതു്. അങ്ങനെ ''സഭയുടെ പുരോഹിതക്കു്, വി. ഗ്രന്ഥം അവരുടെ ആദ്ധ്യാത്മിക ജീവിതത്തിൻെറ ശുദ്ധവും, അക്ഷയവുമായ സ്രോതസ്സായിത്തീരട്ടെ; അതിലേറെ, അവർക്കേറ്റെടുക്കാനുള്ള പ്രസംഗദൗത്യത്തിൻെറ പോഷണവും ശക്തിയും.''27

വിമശ്നകല, പ്രത്യേകിച്ചു്,രചനാവിമശ്നമെന്നു പറയപ്പെടുന്ന കല അവർ പരിശീലിക്കുമ്പോഠം, അതിൽത്തന്നെയുള്ളൊരു ലക്ഷ്യമായി അവരതിനെ പിന്തുടരാതിരിക്കട്ടെ. പ്രത്യുത, തിരുലിഖിതാവിലൂടെ പകരാൻ ദൈവമുദ്ദേശിച്ച അത്ഥം വ്യക്തമായി അവർ ദർശിക്കണം. അതിനാൽ തങ്ങളുടെ സാഹിത്യപരമായ കണ്ടുപിടുത്തങ്ങഠംകൊണ്ടു തൃപ്തിപ്പെട്ടു്, പാതിവഴിയിൽ വച്ചവരവസാനിപ്പിക്കരുതു്. ഇവയെല്ലാം ആവിഷ്കൃതപ്രമാണത്തിൻെറ വ്യക്തമായ ധാരണക്കെത്രമാത്രം ഉതകുന്നു എന്നു് അതോടുകൂടിത്തന്നെ തെളിയിക്കയാണു വേണ്ടതു്. അതുപോലെതന്നെ, അബദ്ധങ്ങളുടെ ഖണ്ഡനത്തിനും അവ എത്രമാത്രം പ്രയോജനകരമാണെന്നു വ്യക്തമാക്കണം.

ഈ നിയമങ്ങഠം സ്വീകരിക്കുന്ന അദ്ധ്യാപകക്കു് ഒന്നു ചെയ്യാനാവും. മനസ്സിനെ ദൈവത്തിലേയ്ക്കുയർത്തുന്നതും, ആത്മാവിനെ പോഷിപ്പിക്കുന്നതും, ആന്തരികജീവിതത്തിൽ ഉന്നതി കൈവരുത്തുന്നതുമായ ഒന്നു്, വി. ഗ്രന്ഥത്തിൽ കണ്ടെത്തുവാൻ തങ്ങളുടെ വിദ്യാത്ഥികളെ അവക്കു പ്രാപ്തരാക്കാനാവും.28

നവീനതയ്ക്കായുള്ള ദുഷിച്ച അതിമോഹത്താൽ വിവേകപൂവ്വകമായ ഉദ്ധാരണമോ ശ്രദ്ധാപൂവ്വകമായ വിമോചനമോ കൂടാതെ, പരീക്ഷണപോംവഴികഠം ആരെങ്കിലും പ്രചരിപ്പിക്കുന്നതിനെ കണിശമായും നിരോധിച്ചിരിക്കുന്നു. ഇതുമൂലം വളരെപ്പേരുടെ വിശ്വാസമാണുലയ്ക്കപ്പെടുന്നതു്.

ബൈബിഠം വിഷയകമായ ഗ്രന്ഥങ്ങളും പത്രങ്ങളും മാസികകളിലെ ലേഖനങ്ങളും തദ്ദേശ മെത്രാന്മാരുടെ ആധിപത്യത്തിലും ന്യായാധികാരത്തിലും ആണെന്നനുസ്മരിക്കുക യുക്തമെന്നു് പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ അഭിപ്രായപ്പെടുന്നു. കാരണം, അവ മതാത്മകമായ കാര്യങ്ങഠം കൈകാര്യം ചെയ്യുന്നവയും വിശ്വാ

സികളുടെ മതബോധനത്തെ സംബന്ധിച്ചവയുമാണെന്നതുതന്നെ.[29] ഇത്തരം പോപ്പുലർ സൃഷ്ടികളുടെമേൽ മെത്രാന്മാർ അതീവ ശ്രദ്ധയുള്ളവരായിരിക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ബൈബിൾസമിതികളുടെ ചുമതല വഹിക്കുന്നവർ,പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള നിയമങ്ങൾ വിശ്വസ്തതാപൂർവ്വം അനുവർത്തിക്കണം.[30]

ഇക്കാര്യങ്ങളെ ശ്രദ്ധിക്കുന്നപക്ഷം വി. ഗ്രന്ഥപഠനം വിശ്വാസികളുടെ നന്മയ്ക്കുതകുന്നതായിത്തീരും. നമ്മുടെ ഈ കാലത്തുപോലും വി. പൗലോസ് എഴുതിയ വസ്തുതയുടെ പൊരുൾ എല്ലാവരും മനസ്സിലാക്കുന്നു: ''തിരുലിഖിതങ്ങൾക്കു് ഈശോമിശിഹായിലുള്ള വിശ്വാസംവഴിയുള്ള രക്ഷയെപ്പററി നമ്മെ പഠിപ്പിക്കാൻ കഴിയും. വി. ലിഖിതങ്ങളെല്ലാം ദൈവനിവേശിതമാണു്. അവ പ്രബോധനത്തിനും, ശാസനത്തിനും, തെററുതിരുത്തലിനും ധാർമ്മികതയിലുള്ള പരിശീലനത്തിനുമുപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണ്ണത പ്രാപിക്കുകയും എല്ലാ സൽകൃത്യങ്ങളും ചെയ്യുന്നതിനു് പര്യാപ്തനാവുകയും ചെയ്യുന്നു.''[31]

പരിശുദ്ധപിതാവ് ആറാം പൗലോസ് മാർപ്പാപ്പാ താഴെ ഒപ്പുവച്ചിരിക്കുന്ന സെക്രട്ടറിക്കു് 1964 ഏപ്രിൽ 21–ാം തീയതി കനിഞ്ഞനുവദിച്ച കൂടിക്കാഴ്ചയിൽ ഈ പ്രബോധനമനുവദിക്കുകയും പ്രസിദ്ധീകരണത്തിനുത്തരവാകുകയും ചെയ്തു.

റോമാ, 1964 ഏപ്രിൽ 21

ബെഞ്ചെമിൻ എൻ. വാമ്പാകോ, ഓ. പ്രേം
കമ്മീഷൻ സെക്രട്ടറി.

നസ്രത്തിലുള്ള മംഗളവാർത്തയുടെ
ബസിലിക്കാ.

1969–ലാണ് മനോഹരമായ ഈ ദേവാലയം പൂർത്തിയായത്. ജോവാന്നി മൂസ്സിയോ ആണ് ഇതിന്റെ പിന്നിലെ ശില്പകലാവിദഗ്ധൻ.

''ആറാം മാസത്തിൽ, ഗലിലെയായിലെ നസ്രത്ത് എന്ന പട്ടണത്തിൽ ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട യൗസേപ്പ് എന്ന പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന ഒരു കന്യകയുടെ അടുക്കലേക്ക് ദൈവം ഗബ്രിയേൽ ദൂതനെ അയച്ചു........ ദൈവദൂതൻ പറഞ്ഞു. ''മറിയമേ........ ഇതാ നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അദ്ദേഹത്തിന് ഈശോ എന്നു പേരിടണം.'' (ലൂക്കാ 1:26–31)

II

സമവീക്ഷണ സുവിശേഷങ്ങളും സമവീക്ഷണ പ്രശ്നവും

ഫാ. പോൾ സാവിയോ പുതുശ്ശേരി

സമവീക്ഷണ സുവിശേഷങ്ങളും സമവീക്ഷണ പ്രശ്നവും

ആമുഖം

ക്രിസ്തു പ്രസംഗിച്ചതും സ്വജീവിതംവഴി പൂർത്തിയാക്കിയതുമായ രക്ഷയുടെ സദ്വാർത്ത അഥവാ ''സുവിശേഷം'' ഒന്നേയുള്ളു. ഈ സുവിശേഷത്തിന്റെ ഉള്ളടക്കം ക്രിസ്തുതന്നെയാണ്; അവിടുത്തെ ജീവിതം, മരണം, ഉത്ഥാനം എന്നീ മഹത്സംഭവങ്ങളിലൂടെ മനുഷ്യരക്ഷ സാധിതമായി എന്നത്രെ പ്രധാനമായും ശ്ലീഹന്മാർ പ്രഘോഷിച്ചിരുന്നത്. ശ്ലീഹന്മാർ പ്രസംഗിച്ച, ക്രിസ്തുവിനെ കുറിച്ചുള്ള ഈ ഏകസുവിശേഷം പിന്നീട് ലിഖിതരൂപം സ്വീകരിക്കുകയും നാലു വ്യത്യസ്ത പതിപ്പുകളിലായി നമുക്കു ലഭിക്കുകയും ചെയ്തു. കൃത്യമായിപ്പറഞ്ഞാൽ, സുവിശേഷകന്മാർ നാലു ''സുവിശേഷങ്ങൾ'' നമുക്കു നൽകിയിട്ടില്ല; പ്രത്യുത ഒരേയൊരു സുവിശേഷത്തിന്റെ—ഒരേയൊരു സദ്വാർത്തയുടെ—ചതുർമുഖ വ്യാഖ്യാനങ്ങളാണ് അഥവാ ഭാഷ്യങ്ങളാണ് നൽകിയിരിക്കുന്നത്. മത്തായിയും മർക്കോസും ലൂക്കായും യോഹന്നാനും ഈ ഒരേയൊരു സുവിശേഷത്തെ അവരുടേതായ ദൈവശാസ്ത്ര കാഴ്ചപ്പാടിലൂടെ വ്യാഖ്യാനിച്ചിരിക്കുന്നു എന്നർത്ഥം. അതുകൊണ്ടാണ് ഗ്രീക്കു പുതിയ നിയമത്തിൽ ''മത്തായി എഴുതിയ സുവിശേഷം'' (The Gospel according to Mathew), ''സുവിശേഷം'' മത്തായിയുടെ കാഴ്ചപ്പാടിൽ എന്നു സാരം. ''മർക്കോസ്'' എഴുതിയ സുവിശേഷം'' (The Gospel according to Mark); ''ലൂക്കാ എഴുതിയ സുവിശേഷം.'' ''യോഹന്നാൻ എഴുതിയ സുവിശേഷം'' എന്ന് പറഞ്ഞിരിക്കുന്നത്.

ക്രിസ്തു സംഭവത്തെ—അവിടുത്തെ ജീവിതത്തെയും പ്രബോധനങ്ങളെയും—സുവിശേഷകന്മാർ നാലു വിധത്തിലാണ് സമീപിച്ചിരിക്കുന്നതെങ്കിലും ഈ സമീപനങ്ങൾ പരസ്പര വിരുദ്ധങ്ങളല്ല; പ്രത്യുത, പരസ്പര പൂരകങ്ങളാണ്. ക്രിസ്തുസംഭവത്തെപ്പററി

യുള്ള സമഗ്ര ജ്ഞാനമാണ് ഈ നാലു സുവിശേഷങ്ങളിലൂടെ അനു വാചകർക്ക് ലഭിക്കുന്നത്. സുവിശേഷകന്മാർ ഈശോയെ സംബ ന്ധിച്ച നാലു വ്യത്യസ്ത ചിത്രങ്ങൾ നൽകുന്നുണ്ടെങ്കിലും ഈശോ, മിശിഹായും (ദൈവത്തിൻെറ അഭിഷിക്തനും) ദൈവപുത്രനും ആണെന്നുള്ള കേന്ദ്രസത്യം നാലുപേരും ഊന്നിപ്പറയുന്നുണ്ട്. (മർക്കോ 1:1; 8:29; 15:39; 14:61–62; മത്താ 16:16; 26:63–64; ലൂക്കാ 9:20; 22:67–70; യോഹ 20:31 കാണുക).

1 സമവീക്ഷണ സുവിശേഷങ്ങൾ Synoptic.

ആദ്യത്തെ മൂന്നു സുവിശേഷങ്ങൾ, അതായത്, മത്തായിയു ടെയും, മർക്കോസിൻെറയും, ലൂക്കായുടെയും സുവിശേഷങ്ങൾ ''സമവീക്ഷണ സുവിശേഷങ്ങൾ'' (Synoptic Gospels)എന്നാണറിയ പ്പെടുന്നത്. ''സിനോപ്റ്റിക്'' (Synoptic) എന്ന പദത്തിൻെറ ഉപജ്ഞാതാവ്, ജെ. ജെ. ഗ്രീസ്ബാക് (J. J. Griesbach) എന്ന ജർമ്മൻ ബൈബിൾ പണ്ഡിതനാണ്. 1776–ൽ അദ്ദേഹം ആദ്യത്തെ മൂന്നു സുവിശേഷങ്ങളും ഒരുമിച്ചുചേർത്ത് അച്ചടിപ്പിച്ചു. താരതമ്യ പഠനത്തെ മുൻനിർത്തി ഈ സുവിശേഷങ്ങളിലെ സമാന ഭാഗങ്ങൾ ഓരോന്നും അടുത്തടുത്ത്, സമാന്തരമായി, നെടുകയുള്ള കോളങ്ങളി ലാണ് അച്ചടിപ്പിച്ചത്. ഈ കൃതിയെ അദ്ദേഹം യാദൃച്ഛികമായി ''സമവീക്ഷണം'' (Synopsis) എന്നു വിളിച്ചു. ഇതുകൊണ്ടാണ് ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ ''സമവീക്ഷണ സുവിശേഷ ങ്ങൾ'' എന്നു വിളിക്കുന്നത്. ''സിനോപ്സിസ്'' (Synopsis) എന്ന ഗ്രീക്ക നാമത്തിൽനിന്നാണ് സിനോപ്റ്റിക് (Synoptic) എന്ന നാമവിശേഷണം വന്നിരിക്കുന്നത്. ''സിനോപ്സിസ്'' എന്നത് ഒരു സംയുക്ത പദമാണ്; അതിൻെറ അർത്ഥം ''ഒന്നിച്ചു കാണൽ'' (Syn= ഒരുമിച്ച്; opsis=കാണൽ) അഥവാ ''പൊതു വീക്ഷണം'' എന്നാണ്. അങ്ങനെ ''സമവീക്ഷണം'' എന്ന പദം പ്രയോഗത്തിൽ വന്നു.

2 സമവീക്ഷണ സുവിശേഷങ്ങളും യോഹന്നാൻെറ സുവിശേഷവും

ആദ്യത്തെ മൂന്നു സുവിശേഷങ്ങൾക്ക് ക്രിസ്തുസംഭവത്തോട് പൊതുവായ ഒരു സമീപനമാണുള്ളത്. ക്രിസ്തുവിൻെറ ജീവിത ത്തിലെ പ്രധാന സംഭവങ്ങളുടെ ചിത്രീകരണത്തിൽ ഈ മൂന്നു

സുവിശേഷങ്ങൾതമ്മിൽ വളരെയേറെ സാമ്യമുണ്ട്. അതുപോലെ തന്നെ, ക്രിസ്തു പ്രവർത്തിച്ച അത്ഭുതങ്ങളും അരുൾച്ചെയ്ത ഉപമകളും വിവരിക്കുന്നതിലും ക്രിസ്തുവും യഹൂദപ്രമാണികളും തമ്മിലുണ്ടായ വാദപ്രതിവാദങ്ങൾ ചിത്രീകരിക്കുന്നതിലും ഈ സുവിശേഷങ്ങൾ തമ്മിൽ പൊരുത്തം കാണാം.

ഈ മൂന്നു സുവിശേഷങ്ങൾ യോഹന്നാന്റെ സുവിശേഷവുമായി താരതമ്യപ്പെടുത്തുമ്പോൾ കാതലായ വളരെയേറെ വ്യത്യാസങ്ങൾ കാണുവാൻ സാധിക്കും. സമവീക്ഷണ സുവിശേഷങ്ങളിൽനിന്നും തികച്ചും വ്യത്യസ്ഥമായ ഒരന്തരീക്ഷവും കാഴ്ചപ്പാടുമാണ് യോഹന്നാന്റെ സുവിശേഷത്തിൽ കാണുക. ഈശോയുടെ പീഡാസഹനവിവരണമൊഴിച്ച് സമവീക്ഷണസുവിശേഷങ്ങളുമായി യോഹന്നാന്റെ സുവിശേഷത്തിന് കാര്യമായ സാമ്യമില്ലെന്നുതന്നെ പറയാം. ഈശോയുടെ വാക്കുകളും പ്രവൃത്തികളും തെരഞ്ഞെടുക്കുന്നതിലും അവ ക്രമീകരിക്കുന്നതിനും പ്രതിപാദിക്കുന്നതിനും അദ്ദേഹം സ്വീകരിച്ചിട്ടുള്ള രീതിയിലും വളരെയേറെ വ്യത്യാസങ്ങൾ നമുക്കു കാണുവാൻ സാധിക്കും.

സമവീക്ഷണ സുവിശേഷങ്ങളും യോഹന്നാന്റെ സുവിശേഷവും തമ്മിലുള്ള ചില സുപ്രധാന വ്യത്യാസങ്ങൾ താഴെപ്പറയുന്നവയാണ്:

(1) സമവീക്ഷണ സുവിശേഷങ്ങൾ ഈശോയുടെ പ്രബോധനങ്ങൾക്കും അത്ഭുതങ്ങൾക്കും കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. (മത്താ 4:23; 9:35; മർക്കോ 1:39; ലൂക്കാ 4:43–44 കാണുക). യോഹന്നാന്റെ സുവിശേഷം ഈശോ എന്തു പറഞ്ഞു, എന്തു പ്രവത്തിച്ചു എന്നു വിവരിക്കുന്നതിനേക്കാൾ ഈശോയുടെതന്നെ പ്രാധാന്യത്തെക്കുറിച്ചുള്ള അഗാധമായ ഉൾക്കാഴ്ചയാണ് നൽകുന്നത്. ഈശോയുടെ ദൈവികവ്യക്തിത്വമാണ് ഈ സുവിശേഷത്തിൽ ആദ്യന്തം മുഴച്ചുനിൽക്കുന്നത്.

(2) സമവീക്ഷണ സുവിശേഷങ്ങളനുസരിച്ച് ഈശോയുടെ പ്രബോധനങ്ങളുടെയെല്ലാം മുഖ്യ പ്രമേയം ''ദൈവരാജ്യമാണ്. എന്നാൽ യോഹന്നാന്റെ സുവിശേഷമനുസരിച്ച് ഈശോയുടെ പ്രബോധനങ്ങളുടെ മുഖ്യ പ്രമേയം'' ''നിത്യജീവനാണ് (യോഹ 1:4; 10:10; 20:31 കാണുക).

(3) സമവീക്ഷണ സുവിശേഷങ്ങൾ ഈശോയെ പ്രധാനമായും അവതരിപ്പിച്ചിരിക്കുന്നത് വാഗ്ദാനം ചെയ്യപ്പെട്ട ദൈവത്തിൻെറ അഭിഷിക്തനായിട്ടാണ്. എന്നാൽ യോഹന്നാനാകട്ടെ, ഈശോയെ പ്രധാനമായും നമ്മുടെ വഴിയും സത്യവും ജീവനും പ്രകാശവുമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത് (യോഹ 14:6; 8:12).

(4) സമവീക്ഷണ സുവിശേഷങ്ങളനുസരിച്ച് ഈശോയുടെ പ്രേഷിതപ്രവർത്തനത്തിൻെറ സിംഹഭാഗവും ഗലിലെയാ പ്രദേശത്താണ് നടന്നിട്ടുള്ളത്. യോഹന്നാൻെറ സുവിശേഷമനുസരിച്ച് ഈശോയുടെ പ്രേഷിതപ്രവർത്തനത്തിൻെറ മുഖ്യഭാഗവും നടന്നിട്ടുള്ളത് ജറുശലേമിലും ചുററുമുള്ള പ്രദേശങ്ങളിലും വെച്ചാണ്; വ്യാപകാൎത്ഥത്തിൽ യൂദയായിൽവെച്ചാണ്. സുവിശേഷത്തിൻെറ നാലിൽ മൂന്നുഭാഗവും ജറുശലേമിലുള്ള ഈശോയുടെ പ്രവർത്തനങ്ങളെ വിവരിക്കുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത് (യോഹ 2:13–3:21; 5:1–47; 7:1–10; 39; 12:12–20:31 കാണുക).

(4) ഈശോ ഒരു പെസഹാത്തിരുനാൾ ആചരിച്ചതിനെക്കുറിച്ചു മാത്രമെ സമവീക്ഷണ സുവിശേഷങ്ങൾ പറഞ്ഞിട്ടുള്ളു. തൻെറ പരസ്യജീവിതകാലത്ത് ഒരിക്കൽ മാത്രമാണ് ഈശോ ജറുശലേം സന്ദർശിക്കുന്നത്. ഗലിലെയായിലെ സുദീൎഘമായ ശുശ്രൂഷയ്ക്കുശേഷം ഈശോ നിർണ്ണായകവും അവസാനത്തേതുമായ ഒരേയൊരു യാത്ര മാത്രമേ ജറുശലേമിലേക്ക് ചെയ്തിട്ടുള്ളതായി സമവീക്ഷണ സുവിശേഷകർ രേഖപ്പെടുത്തിയിട്ടുള്ളു. ഇതിൽനിന്നും ഈശോയുടെ പരസ്യജീവിതം ഒരു വർഷം മാത്രമേ നീണ്ടുനിന്നുള്ളു എന്ന പ്രതീതിയാണ് അനുവാചകൎക്ക് ലഭിക്കുക. എന്നാൽ ഈശോ തൻെറ പരസ്യജീവിതകാലത്ത് മൂന്നു പെസഹാ ആഘോഷിച്ചതായി യോഹന്നാൻ എടുത്തുപറയുന്നുണ്ട്: 2:13ലെ പെസഹാ (ഏപ്രിൽ); 6:4 ലെ പെസഹാ (ഏപ്രിൽ) 11:55 ലെ പെസഹാ (ഏപ്രിൽ). ഇതിൽനിന്നും ഈശോയുടെ പരസ്യജീവിതം മൂന്നുവർഷം നീണ്ടുനിന്നു എന്നു വായനക്കാൎക്ക് മനസ്സിലാക്കാം.

(5) സമവീക്ഷണസുവിശേഷങ്ങളിൽ പിശാചുബാധിതരെ സുഖപ്പെടുത്തുന്ന അനേകം സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. എന്നാൽ യോഹന്നാനാകട്ടെ അത്തരം ഒററ സംഭവംപോലും തൻെറ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

(6) ദൈവരാജ്യത്തെപ്പററിയുള്ള അനേകം ഉപമകഠം സമവീക്ഷണസുവിശേഷങ്ങളിൽ നമുക്ക കാണാം; എന്നാൽ അത്തരം ഉപമകഠം ഒന്നുംതന്നെ യോഹന്നാൻെറ സുവിശേഷത്തിലില്ല.

(7) ഈശോയുടെ ജനനം, സ്നാനം, പരീക്ഷകഠം, രൂപാന്തരീകരണം, വിശുദ്ധ കുർബ്ബാനയുടെ സ്ഥാപനം തുടങ്ങിയവയെല്ലാം യോഹന്നാൻ വിട്ടുകളഞ്ഞിരിക്കുകയാണ്.

(8) ഈശോയുടെ ദൈവികതയെ വ്യക്തമാക്കുന്ന കേവലപ്രയോഗവും (ഉദാ: ''ആയിരിക്കുന്നവൻ ഞാൻ ആകുന്നു,'' 8:24, 28,58; 13:19), അതുപോലെയുള്ള മററു പ്രസ്താവനകളും (ഉദാ: ജീവൻെറ അപ്പം ഞാനാകുന്നു,'' 6:35,51; ''ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു'', 8:12; ''ഉയിപ്പും ജീവനും ഞാനാകുന്നു'', 11:25; ''ഞാൻ വഴിയും സത്യവും ജീവനും ആകുന്നു'', 14:6 എന്നിവ) യോഹന്നാൻെറ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളു.

മുകളിൽ കണ്ടവയിൽനിന്നും ഒരു കാര്യം വ്യക്തമാണ്: സമവീക്ഷണ സുവിശേഷങ്ങളും യോഹന്നാൻെറ സുവിശേഷവും തമ്മിൽ പ്രതിപാദനവിഷയത്തിൽ മാത്രമല്ല, പ്രതിപാദനരീതിയിലും വളരെ വ്യക്തമായ പല വ്യത്യാസങ്ങളുമുണ്ട്. നാമിവിടെ കാണുവാൻ പോകുന്നതു് സമവീക്ഷണ സുവിശേഷങ്ങഠം മാത്രമാണ്. ക്രിസ്തുസംഭവത്തോടു് ആദ്യത്തെ മൂന്നു സുവിശേഷങ്ങഠംക്കു് പൊതുവായ ഒരു സമീപനം ഉള്ളതുകൊണ്ടാണ് നാം അവയെ ഒരുമിച്ചെടുത്തു് പഠനവിഷയമാക്കുന്നതു്. എന്നാൽ ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ക്രിസ്തുസംഭവത്തോടു് പൊതുവായ ഒരു സമീപനമാണ് സമവീക്ഷണ സുവിശേഷകർക്കുള്ളതെങ്കിലും ഓരോ സമവീക്ഷണ സുവിശേഷകനും ക്രിസ്തുസംഭവത്തെ സ്വകീയമായ രീതിയിലാണ് വ്യാഖ്യാനിച്ചിരിക്കുന്നതു്. അതിനാൽ അവർ ഓരോരുത്തരും കാഴ്ചവെയ്ക്കുന്ന ദൈവവിജ്ഞാനീയം സർഗാത്മകവും ചലനാത്മകവുമാണ്. അവരുടെ സുവിശേഷങ്ങഠം തമ്മിൽ വളരെ സാമ്യങ്ങഠം ഉണ്ടു് എന്നതു് ശരിതന്നെ. ഒരേ ചരിത്രസംഭവങ്ങളാണ് പ്രതിപാദിക്കുന്നതെങ്കിലും സംഭവങ്ങഠം തെരഞ്ഞെടുക്കുന്ന രീതിയിലും അവയ്ക്കു് പ്രാധാന്യം നൽകുന്നതിലും അവയുടെ വിവരണത്തിലും ക്രമീകരണത്തിലുമെല്ലാം വ്യക്തമായ വ്യത്യാസങ്ങളും അവരുടെ സുവിശേഷങ്ങളിൽ കാണാം. തങ്ങളുടെ

ദൈവവിജ്ഞാനീയ ഉദ്ദേശ്യത്തിനിണങ്ങുംവിധമാണ് അവർ അവയെ രൂപപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഓരോ സുവിശേഷത്തിലും അതാതു് ഗ്രന്ഥകർത്താവിന്റെ വ്യക്തിമുദ്ര വ്യക്തമായി കാണാം. എങ്കിലും, ഓരോരുത്തരുടെ വ്യക്തിപരമായ പ്രത്യേകതകൾ മാററി നിറുത്തിയാൽ ക്രിസ്തുരഹസ്യത്തോടുള്ള അവരുടെ സമീപനം അടിസ്ഥാനപരമായി ഒന്നുതന്നെ. അതുകൊണ്ടാണു് ആദ്യത്തെ മൂന്നു സുവിശേഷങ്ങളെയും ഒരുമിച്ചെടുത്തു് പഠിക്കുന്നതു്.

3 സമവീക്ഷണ പ്രശ്നം

സമവീക്ഷണ സുവിശേഷങ്ങൾ തമ്മിൽ സാമ്യങ്ങളും അതേസമയം വ്യത്യാസങ്ങളും ഉണ്ടെന്നു് നാം പൊതുവായി കണ്ടുകഴിഞ്ഞു. സമവീക്ഷണ സുവിശേഷങ്ങൾ സമാന്തര കോളങ്ങളിൽ ക്രമീകരിച്ചു് പഠിക്കുമ്പോൾ ഈ സാമ്യങ്ങളും വ്യത്യാസങ്ങളും വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. എന്തുകൊണ്ടു് ഈ സുവിശേഷങ്ങളിൽ ഇപ്രകാരം പ്രകടമായ സാമ്യങ്ങളും അതേസമയം ശ്രദ്ധേയമായ വ്യത്യാസങ്ങളും കാണുന്നു എന്നതിലാണു് സമവീക്ഷണ പ്രശ്നം (Synoptic problem) അടങ്ങിയിരിക്കുന്നതു്. സമവീക്ഷണ സുവിശേഷങ്ങളിലുള്ള ഈ സാമ്യങ്ങളും വ്യത്യാസങ്ങളും എന്തൊക്കെയാണെന്നു് ആദ്യം വിശകലനം ചെയ്യാം. അതിനുശേഷം സമവീക്ഷണ പ്രശ്നത്തിനു് പണ്ഡിതന്മാർ നൽകുന്ന വ്യത്യസ്ഥങ്ങളായ വിശദീകരണങ്ങളും കാണാം.

A. സമവീക്ഷണ സുവിശേഷങ്ങൾ തമ്മിലുള്ള സാമ്യങ്ങൾ.

സമവീക്ഷണ പ്രശ്നത്തിനു് നിദാനമായ പ്രധാന വസ്തുത ഈ മൂന്നു സുവിശേഷങ്ങൾ തമ്മിലുള്ള സാമ്യങ്ങളാണു്. ഉള്ളടക്കത്തിലും, ക്രമീകരണത്തിലും, ഭാഷ, ശൈലി എന്നിവയിലും ഈ സാമ്യങ്ങൾ കാണാം.

(a) ഉള്ളടക്കത്തിലുള്ള സാമ്യം

മർക്കോസിന്റെ സുവിശേഷത്തിൽ ആകെ 673 വാക്യങ്ങളാണുള്ളതു്. ഇതിൽ 606 വാക്യങ്ങളുടെയും സാരാംശം സംക്ഷിപ്തരൂപത്തിൽ മത്തായിയുടെ സുവിശേഷത്തിലുണ്ടു്. അതുപോലെ മർക്കോസിന്റെ ഈ 673 വാക്യങ്ങളിൽ 350–ഓളം വാക്യങ്ങളുടെ സാരാംശം ലൂക്കായുടെ സുവിശേഷത്തിലും കാണാം. മത്തായിയുടെ

സുവിശേഷത്തിൽ 1068 വാക്യങ്ങളാണുള്ളത്. മക്കോസിന്റെ സുവിശേഷത്തിലെ 606 വാക്യങ്ങളുടെയും സാരാംശം ഇതിൽ ഉൾപ്പെടുന്നു. മത്തായിശ്ലീഹായ്ക്കു ലൂക്കായുടെ സുവിശേഷവുമായി സാമ്യമുള്ള 235 വാക്യങ്ങളുണ്ട്. അങ്ങനെ മത്തായിയുടെ സുവിശേഷത്തിൽ അദ്ദേഹത്തിന്റേതായി ഏതാണ്ട് 300 വാക്യങ്ങളാണുള്ളത്.

ലൂക്കായുടെ സുവിശേഷത്തിൽ 1149 വാക്യങ്ങളുണ്ട്. മക്കോസിന്റെ സുവിശേഷത്തിലെ 673 വാക്യങ്ങളിൽ 350–ന്റെയും സാരാംശം ഇതിൽപ്പെടും. മത്തായിയ്ക്കും ലൂക്കായ്ക്കും കൂടി പൊതുവായി 235 വാക്യങ്ങളാണുള്ളത്. ലൂക്കായുടെ സുവിശേഷത്തിൽ അദ്ദേഹത്തിന്റേതായി ഏകദേശം 550 വാക്യങ്ങളുണ്ട്.

(b) ക്രമീകരണത്തിലുള്ള സാമ്യം.

മത്തായിയും ലൂക്കായും ആമുഖമായി നല്കുന്ന ബാല്യകാല വിവരണങ്ങൾ മാററിനിറുത്തിയാൽ ഈശോയുടെ പ്രേഷിതപ്രവർത്തനം അവതരിപ്പിക്കുന്നതിൽ ഈ മൂന്നു സുവിശേഷങ്ങൾക്കും ഒരേ രൂപമാണുള്ളത്. (1) ക്രിസ്തുവിന്റെ പരസ്യജീവിതത്തിനുള്ള ഒരുക്കം. (2) കഫർനാഹും കേന്ദ്രമാക്കിക്കൊണ്ട് ഗലിലെയാ കടൽത്തീരത്തുള്ള പട്ടണങ്ങളിൽ ഈശോയുടെ ദീർഘകാല പ്രവർത്തനം. (3) അവിടുത്തെ ജറുശലേം യാത്ര. (4) ക്രിസ്തുവിന്റെ ജറുശലേം പ്രവേശനവും പ്രവർത്തനങ്ങളും (5) പീഡാനുഭവം മരണം ഉത്ഥാനം. ഈ ഘടനയാണ് താഴെ കൊടുത്തിരിക്കുന്നത്:

	മക്കോസ്	മത്തായി	ലൂക്കാ
1. പരസ്യ ജീവിതത്തിനുള്ള ഒരുക്കം.	1:1–13	3:1–4:11	3:1–4:13
2. ഗലിലെയായിലെ പ്രവർത്തനം.	1:14–9:50	4:12–18:35	4:14–9:50
3. ജറുശലേം യാത്ര.	10:1–52	19:1–20:34	9:51–19:28
4. ജറുശലേം പ്രവേശനവും പ്രേഷിതവൃത്തിയും	11:1–13:37	21:1–25:46	19:29–21:38
5. പീഡാനുഭവം, മരണം, ഉത്ഥാനം.	14:1–16:20	26:1–28:20	22:1–24:53

ക്രിസ്തുവിന്റെ സ്നാനവും, പ്രലോഭനവും, ജീവിതാന്ത്യത്തിലുള്ള സംഭവങ്ങളുടെ ക്രമവും വിവരിച്ചിരിക്കുന്നതിൽ അസാധാരണ

മായ സാമ്യമുണ്ട്. ചിലപ്പോൾ, ഒരേ ക്രമമായിരിക്കും മൂവരും അവലംബിച്ചിരിക്കുന്നത്. ഉദാഹരണത്തിന് കഫർണാഹുമിലെ തളർവാത രോഗിയെ സുഖപ്പെടുത്തിയത്, ലേവിയെ വളിച്ചിത്, ഉപവാസസംബന്ധമായ ചർച്ച (മക്കോ 2:1–22=മത്താ 9:1–7=ലൂക്കാ 5:17–39); പത്രോസിൻെറ വിശ്വാസപ്രഖ്യാപനം, പീഡാനുഭവത്തെപ്പററിയുള്ള ആദ്യപ്രവചനം, രൂപാന്തരീകരണം, അപസ്മാരരോഗിയുടെ സുഖപ്രാപ്തി, പീഡാനുഭവത്തെപ്പററിയുള്ള രണ്ടാം പ്രവചനം (മക്കോ 8:27–9:32=മത്താ 16:13–17:23=ലൂക്കാ 9:18–45).

ചിലപ്പോൾ ഒരേക്രമം തന്നെ ശരിയായ ക്രമത്തിനു പകരം തുടരുന്നതായിക്കാണാം. മക്കോ 6:14–29ലും, മത്താ 14:1–12ലും നല്ല ഉദാഹരണമുണ്ട്. സ്നാപകയോഹന്നാൻെറ മരണസംബന്ധമായ കഥയുമായി ബന്ധിപ്പിക്കുന്നതിന് അവർ അവരുടെ പ്രതിപാദനത്തിൽനിന്ന് വ്യതിചലിച്ച് കഥയുടെ തുടർച്ചയ്ക്ക് വിഘ്നം വരുത്തുന്നു. അതേസമയം ലൂക്കാശ്ലീഹാ മക്കോസിൻെറ വിവരണത്തെ അവലംബിക്കുന്നില്ല. കാരണം, യോഹന്നാൻെറ ബന്ധനത്തെക്കുറിച്ചും, മരണത്തെപ്പററി പരോക്ഷമായും, ലൂക്കാശ്ലീഹാ ചെറുതായൊരു സൂചന നേരത്തെ നല്കിയിട്ടുണ്ട് (ലൂക്കാ 3:19–20).

(c) ഭാഷയിലും ശൈലിയിലും ഉള്ള സാമ്യങ്ങൾ.

സമവീക്ഷണ സുവിശേഷങ്ങളിലെ പല ഭാഗങ്ങളും ഭാഷയുടെയും ശൈലിയുടെയും കാര്യത്തിൽ വളരെ യോജിക്കുന്നു: ഉദാഹരണം: മക്കോസിൻെറ സുവിശേഷം 2:10–11ലും മത്തായിയുടെ സുവിശേഷം 9:6ലും, ലൂക്കായുടെ സുവിശേഷം 5:24ലും ഒരേ തരത്തിലുള്ള വാക്യങ്ങളാണ്—ഒരന്തർവാക്യം അവയ്ക്കു നടുവിൽ ചേർത്തുകൊണ്ടുള്ള ക്രിസ്തുവിൻെറ മൊഴികളുടെ ഒരാവർത്തനമാണ്—കാണുന്നത്. ഈ അന്തർവാക്യം അവരുടെ ശൈലിയിലുള്ള യോജിപ്പിനെ ശ്രദ്ധേയമാക്കുന്നു. മററു ചില സംഭവങ്ങളിലും ഇതുപോലുള്ള വാക്കുകൾ തമ്മിലുള്ള, സാമ്യങ്ങൾ കാണാം. മുടന്തനെ സുഖപ്പെടുത്തിയത് (മക്കോ 1:40–45=മത്താ 8:1–4=ലൂക്കാ5:12–16). ക്രിസ്തുവിൻെറ അധികാരത്തെ സംബന്ധിച്ചുള്ള ചോദ്യംചെയ്യൽ (മക്കോ 11:27–33=മത്താ 21:23–27=ലൂക്കാ 20:1–8); യുഗാന്ത്യത്തെ സംബന്ധിച്ചുള്ള ഈശോയുടെ ഉപദേശങ്ങൾ (മക്കോ 13:5–8=മത്താ 24:4–8=ലൂക്കാ 21:8–11); അരിമത്തിയാക്കാരൻ ജോസഫ്

ഈശോയുടെ ശരീരത്തിനായി ആവശ്യപ്പെടുന്നതു് (മക്കോ 15:43d= മത്താ 27:58=ലൂക്കാ 23:52).

കൂടാതെ, പുതിയനിയമത്തിൽ മററൊരിടത്തും കാണാത്ത ചില പ്രത്യേക ശൈലികൾ ഈ സമവീക്ഷണ സുവിശേഷങ്ങളിലെ ഒരുപോലുള്ള ഭാഗങ്ങളിൽ കാണാം. ഉദാ: 'എടുക്കപ്പെടുന്ന' (aparthe, മക്കോ 2:20=മത്താ 9:15 ലൂക്കാ 5:35), 'ഒരു കഷ്ണം' (epiblema, മക്കോ 2:21=മത്താ=9:16=ലൂക്കാ 5:36), 'അവർ അവിടുത്തെ പരിഹസിച്ചു' (Kategelon autou, മക്കോ 5:40=മത്താ 9:24=ലൂക്കാ 8:53) തുടങ്ങിയ രീതിയിലുള്ള വാക്കുകൾ സമാന്തര സുവിശേഷഭാഗങ്ങളിലൊഴിച്ചു് പുതിയനിയമത്തിൽ മററൊരിടത്തും കാണുന്നില്ല.

(d) മത്തായിയും ലൂക്കായും തമ്മിലുള്ള സാമ്യങ്ങൾ

മക്കോസിൻെറ സുവിശേഷത്തിൽ ഇല്ലാത്തതും എന്നാൽ മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ പൊതുവായി ഉള്ളതുമായ ധാരാളം വസ്തുതകളുണ്ടു്. ഏകദേശം 235 വാക്യങ്ങളുടെ സാരാംശത്തിൽ മത്തായിയും ലൂക്കായും യോജിക്കുന്നു. ചിലപ്പോൾ, പദപ്രയോഗത്തിലും വളരെ പൊരുത്തമുണ്ടു്. ഇവ രണ്ടിനും പൊതുവായുള്ള വസ്തുതകളിൽ മിക്കതും വലിയ വിവരണങ്ങളൊന്നും കൂടാതെയുള്ള ക്രിസ്തുവിൻെറ പ്രബോധനങ്ങളാണു്. ഇതിൽ പീഡാനുഭവമൊട്ടില്ലതാനും. മത്തായിയുടെയും ലൂക്കായുടെയും വിഷയങ്ങൾ തമ്മിലുള്ള സാമ്യം ചിലപ്പോൾ പദപ്രയോഗങ്ങൾവരെ എത്തിനില്ക്കുന്നു. ഉദാഹരണമായി, സ്നാപകൻെറ പ്രസംഗം (മത്താ 3:7-10= ലൂക്കാ 3:7–9); രണ്ടു് യജമാനന്മാരെ സേവിക്കുന്നതു്(മത്താ 6:24= ലൂക്കാ 16:13); സ്നാപകയോഹന്നാൻെറ ചോദ്യങ്ങൾക്കുള്ള ക്രിസ്തുവിൻെറ മറുപടി മത്താ 11:4–6=ലൂക്കാ 7:22–23); സ്നാപകനെപ്പററിയുള്ള ക്രിസ്തുവിൻെറ വാക്കുകൾ (മത്താ 11:7–19=ലൂക്കാ 7:24–35); ക്രിസ്തു ശിഷ്യത്വത്തിൻെറ സ്വഭാവം (മത്താ 8:19–22= ലൂക്കാ 9:57–68); കൊറാസിൻെറയും ബേത്സയ്ദായുടേയും മേലുള്ള ശാപം (മത്താ 11:21–23=ലൂക്കാ 10:13–15); ചോദിക്കുന്നതും ലഭിക്കുന്നതും (മത്താ 7:7–11=ലൂക്കാ 11:9–13); കർത്തൃ പ്രാർത്ഥന (മത്താ 6:9–13=ലൂക്കാ 11;2–4); ഈശോയുടെ മൂന്നു പ്രലോഭനങ്ങൾ (മത്താ 4:3–11=ലൂക്കാ 4:3–13;) യോനായുടെ അടയാളം

(മത്താ 12:38_42=ലൂക്കാ 11:29–32); പിതാവിനോടുള്ള ക്രിസ്തുവിൻെറ നന്ദിപ്രകടനം (മത്താ 11:25–27=ലൂക്കാ 10:21–22); ജറുശലേമിനേപ്പററിയുള്ള ക്രിസ്തുവിൻെറ വിലാപം (മത്താ 23:37–39=ലൂക്കാ 13:34–35).

മൂന്നു സുവിശേഷങ്ങൾ തമ്മിലും മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങൾ തമ്മിലും ഉള്ള ഇത്തരം സാമ്യങ്ങൾ യാദൃച്ഛികമായി സംഭവിച്ചതായിരിക്കയില്ല. ഈ മൂന്നു സുവിശേഷങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവ തമ്മിൽ രചനാപരമായ ബന്ധമുണ്ടെന്നും ഈ സാദൃശ്യങ്ങൾ വ്യക്തമാക്കുന്നു.

B. സമാന്തര സുവിശേഷങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ

''സമവീക്ഷണ'' പ്രശ്നത്തെ സംബന്ധിച്ച രണ്ടാമത്തെ പ്രധാനവസ്തുത മൂന്നു സുവിശേഷങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളാണ്. ഈ വ്യത്യാസങ്ങൾ പ്രതിപാദ്യ വിഷയത്തിലും വിവരണങ്ങളുടെ പദവിന്യാസത്തിലും കാണാം.

മർക്കോസിൻെറ സുവിശേഷത്തിൽ നല്ലൊരു ഭാഗം ക്രിസ്തുവിൻെറ അത്ഭുതപ്രവൃത്തികളാണ് വിവരിക്കുന്നതെങ്കിൽ, മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ നല്ലൊരു ഭാഗം ക്രിസ്തുവിൻെറ പ്രസംഗങ്ങളാണ്. ക്രിസ്തുവിൻെറ ജനനത്തെയും ബാല്യത്തെയുംപററി മത്തായിയും ലൂക്കായും മാത്രമേ പ്രതിപാദിക്കുന്നുള്ളു. ഈ വിവരണത്തിൽതന്നെ മത്തായിയും ലൂക്കായും തമ്മിൽ വലിയ അന്തരമുണ്ട്; മാത്രമല്ല, അവ തമ്മിൽ കാര്യമായ ബന്ധമില്ലതാനും.

ഒരേ സംഭവത്തേപ്പററിത്തന്നെ സമവീക്ഷണ സുവിശേഷങ്ങളിൽ വ്യത്യസ്തങ്ങളായ വിശദീകരണങ്ങളാണുള്ളത്; ഈശോയുടെ സ്നാനം, പ്രലോഭനം, രൂപാന്തരീകരണം, ഉത്ഥാനം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. സ്നാനത്തെ സംബന്ധിച്ച വിവരണങ്ങളിൽ (മത്താ 3:17–18=മർക്കോ 1:9-11=ലൂക്കാ 3:21–22) കാണുന്ന ഏററവും ശ്രദ്ധേയമായ വ്യത്യാസം ലൂക്കായുടെ സുവിശേഷത്തിൽ സ്നാനഭാഗത്തു് സ്നാപകയോഹന്നാനേപ്പററി പരാമർശമേ ഇല്ല എന്നതാണ്. ലൂക്കാ 3:19–20–ൽ യോഹന്നാൻെറ കാരഗൃഹവാസത്തെപ്പററി പറയുന്നുണ്ട്. അതുകൊണ്ടായിരിക്കാം യോഹ

ന്നാൻതന്നെ ഈശോയെ സ്നാനപ്പെടുത്തിയെന്ന് ലൂക്കായ്ക്കറിയാമായിരുന്നിട്ടും അദ്ദേഹത്തെപ്പററി പരാമർശിക്കാത്തത്. വാസ്തവത്തിൽ, മാമ്മോദീസായ്ക്കല്ല, ക്രിസ്തുവിൻെറ പ്രാത്ഥനയ്ക്കും തുടർന്നുള്ള പരിശുദ്ധാത്മാവിൻെറ ആവാസത്തിനുമാണ് ലൂക്കാ പ്രാധാന്യം കൊടുത്തിരിക്കുന്നത്. മാമ്മോദീസായ്ക്കു മുമ്പുള്ള ക്രിസ്തുവിൻെറ ഈ പ്രാത്ഥനയെപ്പററി ലൂക്കാ മാത്രമേ സൂചിപ്പിച്ചിട്ടുള്ളു. സ്നാനത്തിനുശേഷമുള്ള ഈശോയുടെ പ്രാത്ഥനാ സമയത്ത് എന്തു സംഭവിച്ചു എന്നതിനാണ് ലൂക്കാ ഊന്നൽ കൊടുത്തിരിക്കുന്നത്.

പ്രലോഭനത്തെപ്പററിയുള്ള വിവരണത്തിൽ മർക്കോസിൻെറ പ്രതിപാദനം വളരെ ലളിതമാണ്. ഓരോപ്രലോഭനത്തെയും അദ്ദേഹം പ്രത്യേകം വിവരിക്കുന്നില്ല. മത്തായിയുടെയും ലൂക്കായുടെയും വിവരണങ്ങളിൽ കാണുന്ന ഏററവും ശ്രദ്ധേയമായ വ്യത്യാസം ഇതാണ്. മത്തായിയുടെ വിവരണത്തിലെ രണ്ടാമത്തെ പ്രലോഭനം ലൂക്കായുടെ പ്രതിപാദനത്തിൽ വരുന്നത് മൂന്നാമതായിട്ടാണ്. ജറുശലേമിനു പ്രാധാന്യം കൊടുക്കുന്നതിനുവേണ്ടിയാണ് ലൂക്കാ ശ്ലീഹാ അവയുടെ സ്ഥാനക്രമം മാററിയത്. ജറുസലേമിൽവെച്ചുള്ള ക്രിസ്തുവിൻെറ ആദിമ വിജയം അവിടെത്തന്നെയുള്ള ക്രിസ്തുവിൻെറ അവസാന വിജയത്തിൻെറ സൂചന നൽകുന്നു (ലൂക്കാ 24:45–53). ലൂക്കായുടെ സുവിശേഷം ആരംഭിക്കുന്നതും (1:5ff), അവസാനിക്കുന്നതും (24:52–53) ജറുസലേമിനേപ്പററിയുള്ള പരാമർശത്തോടെയാണ്. ക്രിസ്തുവിൻെറ ലക്ഷ്യകേന്ദ്രമാണത്.

രൂപാന്തരീകരണ വിവരണത്തിൽ (മർക്കോ. 9:2–8 = മത്താ –17:1--8, ലൂക്കാ 9:28–36). ലൂക്കാശ്ലീഹാ മാത്രം ക്രിസ്തുവിനെ പ്രാത്ഥിക്കുന്ന നിലയിൽ ചിത്രീകരിച്ചിരിക്കുന്നു. (9:29) മറെറാരു പ്രത്യേകത, ഏലിയായും മൂശയും ക്രിസ്തുവിനേപ്പോലെ (ലൂക്കാ 9:32c) 'മഹത്വീകരിക്കപ്പെട്ടവരായി (ലൂക്കാ 9:31a) കാണപ്പെടുന്നു എന്നതാണ്. അങ്ങനെ അവരും സ്വർഗ്ഗത്തിൽ നിന്നുള്ള സന്ദർശകരാണെന്ന് സൂചിപ്പിക്കുന്നു. അതുപോലെ ലൂക്കാ മാത്രമേ ഈശോയും ഈ സ്വർഗ്ഗീയ സന്ദർശകരും തമ്മിലുള്ള സംഭാഷണവിഷയം എന്താണെന്ന് സൂചിപ്പിച്ചിട്ടുള്ളു. അതായത്, ''ജറുശലേമിൽവച്ച് അടുത്തുതന്നെ പൂത്തിയാകുവാനിരുന്ന അവിടുത്തെ വേർപാടിനെക്കുറിച്ചാണ് അവർ സംസാരിച്ചത്'' (ലൂക്കാ 9:31). ''വേർപാട്'' എന്നതിന് ഗ്രീക്കുമൂലത്തിൽ ഉപയോഗിച്ചിരിക്കുന്ന

പദം ''എക്സോഡൊസ്'' (exodos) ആണ്. ക്രിസ്തുവിൻെറ മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും ഉൾക്കൊള്ളുന്ന സ്വർഗ്ഗയാത്രയെന്ന ഒരേക സംഭവത്തേയാണ് ഈ പദം സൂചിപ്പിക്കുന്നത്. ഈ രക്ഷാകരസംഭവം ജറുശലേമിൽ വച്ചുതന്നെ ക്രിസ്തുവിനു പൂർത്തിയാക്കേണ്ടിയിരുന്നു. അതുപോലെ പത്രോസിൻെറയും യോഹന്നാൻെറയും യാക്കോബിൻെറയും കണ്ണുകൾ നിദ്രാഭാരമുള്ളവയായിരുന്നു (ലൂക്കാ 9:32) എന്നു ലൂക്കാശ്ലീഹാ മാത്രമേ ചൂണ്ടിക്കാണിക്കുന്നുള്ളു. അതിനാൽ രൂപാന്തരീകരണം രാത്രിയിലായിരിക്കണം സംഭവിച്ചിരിക്കുക. കണ്ണഞ്ചിപ്പിക്കുംവിധം വെണ്മയുള്ളവയായിരുന്നു ക്രിസ്തുവിൻെറ വസ്ത്രങ്ങൾ (ലൂക്കാ 9:29c) എന്ന പ്രസ്താവം ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കുവാൻ എളുപ്പമുണ്ട്.

മത്തായിയുടെയും മർക്കോസിൻെറയും സുവിശേഷങ്ങളനുസരിച്ച് ഉത്ഥിതനായ ക്രിസ്തു ജറുശലേമിലും പിന്നീട് ഗലിലെയായിലും പ്രത്യക്ഷപ്പെടുന്നുണ്ട് (മത്താ 28:1–10, 16–20; മത്താ 16:1–20); എന്നാൽ ലൂക്കായുടെ സുവിശേഷപ്രകാരം ഉത്ഥിതനായ ക്രിസ്തു ജറുശലേമിലും സമീപപ്രദേശത്തും മാത്രമാണ് പ്രത്യക്ഷപ്പെടുന്നത് (ലൂക്കാ 24:1–53). മർക്കോസും ലൂക്കായും ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണത്തെപ്പററി വ്യക്തമായ വിവരണം നല്കുമ്പോൾ, മത്തായി അതേപ്പററിയൊന്നും പറയുന്നില്ല (മക്കോ 16: 19–20=ലൂക്കാ 24:50–53). മക്കോസിൻെറയും ലൂക്കായുടെയും സുവിശേഷങ്ങളനുസരിച്ച് ക്രിസ്തുവിൻെറ സ്വർഗ്ഗാരോഹണം ഉയിർപ്പുഞായറാഴ്ച തന്നെ സംഭവിച്ചു എന്ന പ്രതീതിയാണ് അനുവാചകർക്കു ലഭിക്കുക. എന്നാൽ ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളിൽ (1:3,9) നാല്പതു ദിവസത്തിനുശേഷമാണ് ക്രിസ്തു സ്വർഗ്ഗാരോഹിതനാകുന്നത്.

ഈശോയുടെ ഗിരിപ്രഭാഷണം മത്തായി ശ്ലീഹാ തൻെറ സുവിശേഷത്തിൽ തുടർച്ചയായ മൂന്നദ്ധ്യായങ്ങളിലൂടെ (5–7) നൽകുമ്പോൾ ഈ വിഷയങ്ങൾ മിക്കവയുംതന്നെ ലൂക്കായുടെ 6, 11, 13, 14, 16 എന്നീ അദ്ധ്യായങ്ങളിലായി കാണുന്നു (6:20–49; 14:34–35; 11:33; 16:17; 12:58–59; 16:18: 11:2–4; 12:33–34; 11: 34–36; 16:13; 12:22–31; 11:9–13; 13:23–24; 13:26–27). മക്കോസ് ഗിരിപ്രഭാഷണത്തെപ്പററി പരാമർശിക്കുന്നേയില്ല.

മേല്പറഞ്ഞ വ്യത്യാസങ്ങൾക്ക പുറമേ ഓരോ സുവിശേഷത്തിലും അതിൽ മാത്രം കാണപ്പെടുന്ന ചില ഭാഗങ്ങളുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ മാത്രം കാണുന്നതും എന്നാൽ മററു സുവിശേഷങ്ങളിൽ കാണപ്പെടാത്തതുമായ വാക്യങ്ങൾ ഏകദേശം 50 ഓളം വരും. എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണപ്പെടുന്ന 300 വാക്യങ്ങളും ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണപ്പെടുന്ന 550 വാക്യങ്ങളുമാണുള്ളത്.

മർക്കോസിന്റെ സുവിശേഷത്തിൽ മാത്രമുള്ള ഭാഗങ്ങൾ

സ്വയം മുളച്ചുപൊടിക്കുന്ന വിത്തിന്റെ ഉപമ (4:26–29); ബധിരനും മൂകനുമായവനെ ക്രിസ്തു സുഖപ്പെടുത്തുന്നത് (7:32–36); ബേത്സൈദായിലെ അന്ധനെ സുഖപ്പെടുത്തുന്നത് (8:22–26); സ്വജനങ്ങളിൽനിന്നു ക്രിസ്തുവിനു ലഭിക്കുന്ന അവജ്ഞ (3:196–21); അഗ്നിയാൽ ഉറക്കുട്ടപ്പെടുന്നതു (9:49); ക്രിസ്തുവിനെ പടയാളികൾ ബന്ധിക്കുന്ന അവസരത്തിൽ ചുററിയിരുന്ന പുതപ്പ് ഉപേക്ഷിച്ചു പോയ യുവാവു്, (14:51–52); ഇവയും അവിടവിടെയായുള്ള ക്രിസ്തുവിന്റെ ഏതാനും ചില സൂക്തങ്ങളും മർക്കോസിന്റെ മാത്രം പ്രത്യേകതകളാണ്.

മത്തായിൽ മാത്രമുള്ള വിവരണങ്ങൾ

കളകളുടെ ഉപമ (13:24–30,36–43), മറഞ്ഞിരിക്കുന്ന നിധിയുടെ ഉപമ (13:44), വിലയേറിയ മുത്തിന്റെ ഉപമ (12:45–46), വലയുടെ ഉപമ (13:47–50), കരുണയില്ലാത്ത ഭൃത്യന്റെ ഉപമ (18:23–35), മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ (20:1–16), പിതാവിന്റെ ഇഷ്ടം നിറവേററുന്ന പുത്രന്റെ ഉപമ (21:28–32), വിവാഹ വസ്ത്രം (22:11–14), പത്തു കന്യകകളുടെ ഉപമ (25:1–13), അന്ത്യവിധിയുടെ വിവരണം (25:31–46), ദൈവാലയ നികുതി (17:24–27) എന്നിവ മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്നു.

ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ള വിവരണങ്ങൾ

''യാത്രാവിവരണം'' (9:51–19:28) എന്നു പൊതുവേ അറിയപ്പെടുന്ന ദീർഘമായ ഒരു ഭാഗം ലൂക്കായുടെ സുവിശേഷത്തി

ലുണ്ട്. ഈ സുവിശേഷത്തിൽ മാത്രം കാണുന്ന വളരെയധികം വിവരണഭാഗം ഇതിലടങ്ങിയിട്ടുണ്ട്. ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന 14 ഉപമകൾ താഴെ പറയുന്നവയാണ്: രണ്ടു കടക്കാർ (7:41–43), നല്ല ശമറായൻ (19:29–37), അർദ്ധരാത്രിയിൽ അപ്പം ചോദിച്ചുവരുന്ന സുഹൃത്ത് (11:5–8), ധനികനായ വിഡ്ഢി (12:13–21), അത്തിമരം (13:6–9), ഗോപുരം പണിക്കാരൻ (14:28–30), യുദ്ധത്തിനു പുറപ്പെടുന്ന രാജാവ് (14:31–33), നഷ്ടപ്പെട്ട നാണയം (15:8–10), ധൂർത്തപുത്രൻ (15:11–32), കൗശലക്കാരനായ കാര്യസ്ഥൻ (16:1–9), ധനവാനും ലാസറും (16:19–31), ഭൃത്യന്റെ കടമ(17:7–10), നീതിയില്ലാത്ത ന്യായാധിപൻ(18:1–8), പ്രീശനും ചുങ്കക്കാരനും (18:9–14). നായിമിലെ വിധവയുടെ പുത്രനെ ഉയിർപ്പിച്ച വിവരണം (7:11–17), പാപിനിയായ സ്ത്രീയുടെ കഥ (7:36–50), ക്രിസ്തുവിനെ അനുഗമിച്ച സ്ത്രീകളുടെ വിവരണം (8:1–3), മാർത്തയുടേയും മറിയത്തിന്റെയും കഥ (10:38–42), കൂനിയായ സ്ത്രീ (13:10–17), പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തൽ (17:11–19), സക്കായിയുടെ കഥ (19:1–10), ഗത്സേമനിയിൽ ഈശോ രക്തം വിയർക്കുന്നത് (22:40–46), യറുശലേം സ്ത്രീകളുടെ വിലാപം (23:27–3), കുരിശിലെ നല്ല കള്ളൻ (23:39–43), എമ്മാവൂസിലേയ്ക്കു പോയ ശിഷ്യന്മാരുടെ കഥ (24:13–35), ഇവ ലൂക്കായുടെ സുവിശേഷത്തിൽ മാത്രമുള്ളവയാണ്.

സമവീക്ഷണ പ്രശ്നം സൃഷ്ടിക്കുന്ന അടിസ്ഥാന ഘടകങ്ങൾ ഇവയാണ്. ആദ്യത്തെ ഈ മൂന്നു സുവിശേഷങ്ങളിൽ എന്തുകൊണ്ട് ഈ സാമ്യവ്യത്യാസങ്ങൾ കാണുന്നു?

4 സമവീക്ഷണപ്രശ്നവും വ്യത്യസ്ത വിശദീകരണങ്ങളും

സമവീക്ഷണപ്രശ്നം വിശദീകരിക്കുന്നതിനു ഒട്ടേറെസിദ്ധാന്തങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

1 വാമൊഴി പാരമ്പര്യ സാദ്ധാന്തം (Oral tradition theory)

ഇതനുസരിച്ച് സമാന്തരസുവിശേഷങ്ങളിലെ വസ്തുതകൾക്ക് അടിസ്ഥാനം വാക്പാരമ്പര്യമാണ്. വായ്മൊഴിയായി ലഭിച്ച ഈ പാരമ്പര്യം അത്തരമൊരു സുവിശേഷത്തിനു അടിസ്ഥാനമിട്ടു. ഈ സുവിശേഷത്തിനു കൃത്യമായ ഒരു രൂപ

രേഖയുമുണ്ടായിരുന്നു. അറമായ ഭാഷയിലാണ് ഈ വാകപാര മ്പര്യം നിലനിന്നതു്. പ്രേഷിത താല്പര്യത്തെ മുൻനിർത്തി അതിന് പരിഭാഷകളും രൂപഭാവങ്ങളും ഉണ്ടായി. പിന്നീടതു് എഴുതപ്പെട്ടു. ഈ സാർവ്വത്രികസുവിശേഷമാണ് പിന്നീട് സമാന്തര സുവിശേഷ ങ്ങൾക്ക് ഉറവിടമായി ഭവിച്ചതു്. ഓരോരുത്തരും വ്യത്യസ്ത സമീ പനമനുസരിച്ച്,വ്യത്യസ്തമായ രീതിയിൽ ഇതിനെ ഉപയോഗിച്ചു. 1797–ൽ ജെ. ജി. ഹെർഡെർ ആണ് ആദ്യം ഈ സിദ്ധാന്തം നിർദ്ദേ ശിച്ചതു്. 1818–ൽ ജെ. കെ. എൽ. ഗീസ്‌ലെർ അതിനെ ഒന്നു കൂടി വിപുലീകരിക്കുകയും ചെയ്തു.

പാരമ്പര്യത്തിൻെറ വളർച്ചയിൽ വാമൊഴി വഹിച്ച പങ്കിനെ ഈ സിദ്ധാന്തം പരിഗണിക്കുന്നുണ്ട്. കൂടാതെ, രൂപ ചരിത്രനിരൂപണ (Form criticism) വുമായി ഇതിന് ബന്ധമുള്ളതി നാൽ ഈ സിദ്ധാന്തം പരിഗണാർഹംതന്നെ. സമവീക്ഷണ സുവി ശേഷങ്ങളിൽ, അവയുടെ വിഷയം ക്രമീകരണം ശൈലി ഭാഷ എന്നിവ സംബന്ധിച്ച ഒരു ഐകരൂപ്യമുണ്ട്. എന്നാൽ, മേൽ പ്പറഞ്ഞ സിദ്ധാന്തംകൊണ്ട് ഇതിനെ വിശദീകരിക്കാനാവില്ല. വാചിക പാരമ്പര്യത്തിന് സംഭവങ്ങളുടേയോ സൂക്തങ്ങളുടേയോ ഹ്രസ്വമായ ഭാഗങ്ങളെ മാത്രമേ നിലനിർത്തുവാൻ കഴിയുകയുള്ളു. അതേസമയം പല അദ്ധ്യായങ്ങളിലായി നിറഞ്ഞുനിൽക്കുന്ന വിഷ യക്രമ സാമ്യത്തെ ഇതിന് വിശദീകരിക്കാനാവില്ല.

ഉദാ: ലൂക്കാ 4:31–6:19→മർക്കോ 1:21–3:12.
ലൂക്കാ 8:4 –9:17→മർക്കോ 4: 1–6:44.
ലൂക്കാ 9:18–9:50→മർക്കോ 8:27–9:40.
ലൂക്കാ 18:15–21:36→മർക്കോ 10:13–13:37.
ലൂക്കാ 22:40–24:8→മർക്കോ 14:32–16:7.

2 ഖണ്ഡസിദ്ധാന്തം (Fragment theory)

'വിവരണസിദ്ധാന്തം' എന്നുകൂടി അറിയപ്പെടുന്ന ''ഖണ്ഡ സിദ്ധാന്തം'' പൂർണ്ണമായും മറെറാരു മാർഗ്ഗമാണ് അവലംബിച്ചി രിക്കുന്നതു്. ലഘുലേഖകളായും ശകലങ്ങളായും ശേഖരിക്കപ്പെട്ട വിവരണങ്ങളും സൂക്തങ്ങളും നിലനിന്നിരുന്നു എന്നതാണ് ഇതിൻെറ ആധാരപ്രമാണം. ചിലർ ക്രിസ്തുവിൻെറ ഉപമകൾ ശേഖരിച്ചിരിക്കാം; ചിലർ അത്ഭുതങ്ങൾ; ചിലർ ക്രിസ്തുവിൻെറ

ഗലിലെയായിലെ പ്രവത്തനം; വേറെ ചിലർ അവിടുത്തെ ജറുശലേം യാത്രയുടെ വിവരണം; മററുചിലർ പീഡാനുഭവങ്ങൾ, ഇങ്ങനെ പലതും. ഈ ഖണ്ഡശേഖരങ്ങളെ സുവിശേഷകന്മാർ വിവിധ നിദ്ധാരണങ്ങളിലും ക്രമങ്ങളിലുമായി കൂട്ടിച്ചേർത്തു. ലൂക്കായുടെ ആമുഖം (1:1–4) ഈ സാദ്ധ്യാന്തത്തിനു് തെളിവായി ചിലർ കൊണ്ടുവരുന്നുണ്ടു്. 1817–ൽ എഫ്. ഷ്ളെയർമാക്ർ (F. Schleirmacher) ഈ സിദ്ധാന്തം നിർദ്ദേശിച്ചു.

സുവിശേഷകന്മാർ ഉപയോഗിച്ച പ്രത്യേക സ്രോതസ്സുകളെ വിശദീകരിക്കാൻ ഈ സിദ്ധാന്തം സഹായകമാകാം. സുവിശേഷങ്ങളിൽ ചില സംഭവങ്ങൾക്കും വിവരണങ്ങൾക്കും കൊടുത്തിരിക്കുന്ന ശക്തീകരണത്തെ മനസ്സിലാക്കാൻ ഈ സമീപനം സഹായിക്കും. മാത്രമല്ല, നിരൂപണത്തിൻെറ വിവിധ രൂപങ്ങളുമായി ഇതിനു് സാമ്യമുണ്ടു്. എന്നാൽ ഈ സിദ്ധാന്തത്തിനു് പല ന്യൂനതകളുണ്ടു്. നേരത്തെ എഴുതപ്പെട്ട ഏതെങ്കിലും രേഖകളെ കണ്ടെത്തുന്നതിലുള്ള പരാജയമാണു് ഒന്നു്. മറെറാന്നു്, സമാന്തര സുവിശേഷത്തിലെ ഭാഷയിലും അതിലേറെ സംഭവപരമ്പരയിലും ഉള്ള വ്യക്തമായ സാമ്യം വിശദീകരിക്കാൻ കഴിയുന്നില്ല എന്നതാണു്.

3 മൂലസുവിശേഷ സിദ്ധാന്തം (Original gospel theory)

അറമായ ഭാഷയിലെഴുതപ്പെട്ട ഒരു മൂലസുവിശേഷം ഉണ്ടായിരുന്നു എന്ന അനുമാനമാണു് ഈ സിദ്ധാന്തത്തിനടിസ്ഥാനം. ഏതായാലും അത്തരമൊരു സുവിശേഷത്തിൻെറ യാതൊരു സൂചനയും നമുക്കിന്നു് ലഭിച്ചിട്ടില്ല. ഇന്നു നമുക്കുള്ള സമാന്തര സുവിശേഷങ്ങൾ ഈ ആദിമ സുവിശേഷത്തിൻെറ സ്വതന്ത്രങ്ങളായ വിവത്തനങ്ങളായിട്ടാണു് ഈ സിദ്ധാന്തത്തിൻെറ അനുയായികൾ കരുതുന്നതു്.

1776 ലും 1778 ലും തൻെറ പഠനങ്ങളിലൂടെ ജി. ഇ. ലെസ്സിംഗാണു് (G. E. Lessing) ഈ തത്ത്വം ആവിഷ്കരിച്ചതു്. ജെ. ജീ. അയ്ക്ക്ഹോൺ (Eichhorn) 1804–ൽ ഈ തത്ത്വത്തെ വിപുലീകരിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ അനുമാനമിതായിരുന്നു: മൂലസുവിശേഷം എഴുതപ്പെട്ടതിൻെറയും സമാന്തരസുവിശേഷങ്ങൾ എഴുതപ്പെട്ടതിൻെറയും കാലഘട്ടത്തിനിടയിൽ വിവിധ ഘട്ടങ്ങളിലായി അനേകം പരിഷ്കരിച്ച പതിപ്പുകൾ (Revisions)

ഉണ്ടായിട്ടുണ്ട്. സമവീക്ഷണസുവിശേഷങ്ങൾ വളരെ ദീർഘമായ സാഹിത്യപ്രക്രിയയുടെ ഫലമാണ് എന്ന അനുമാനത്തിനു് ഈ സിദ്ധാന്തം വഴിതെളിച്ചു. ഈ സിദ്ധാന്തം വസ്തുനിഷ്ഠമായി ശരിയായിരുന്നുവെങ്കിൽ, സമവീക്ഷണസുവിശേഷങ്ങളുടെ ഉള്ളടക്കത്തിലും ക്രമത്തിലും ഭാഷയിലും കൂടുതൽ ഐകരൂപ്യം കാണുമായിരുന്നു. ആധുനിക പണ്ഡിതന്മാർ ഈ സിദ്ധാന്തത്തെ അംഗീകരിക്കുന്നില്ല.

4 ദ്വിരേഖാസിദ്ധാന്തം (Two-Source or Two document theory)

സമവീക്ഷണ സുവിശേഷങ്ങളിലെ വ്യാപകമായ സാമ്യങ്ങളെയും വ്യത്യാസങ്ങളെയും വിശദീകരിക്കാൻ മേല്പറഞ്ഞ മാർഗ്ഗങ്ങളെല്ലാം ഉപയോഗിച്ചുനോക്കിയെങ്കിലും അവയെല്ലാം അപര്യാപ്തങ്ങളാണെന്നു പണ്ഡിതന്മാർ കണ്ടു. ഇതിനുശേഷമാണ് ദ്വിരേഖാസിദ്ധാന്തം പൊതുവായി സ്വീകരിക്കപ്പെട്ടതു്. ഈ സിദ്ധാന്തമാണ് ഇന്നും പ്രാബല്യത്തിലിരിക്കുന്നതു്. ഇതിന്റെ വക്താക്കൾ സി. ലാക്കുമാനും (C. Lachmann 1835), എച്ച്. ജെ. ഹോൾട്സ്മാനും (H. J. Holtzmann 1863), ബി. വയ്സ്സ (B. Weiss 1887-1888) മാണ്. 1835—ൽ ലാക്മാൻ വളരെ നിർണ്ണായകവും ദൂരവ്യാപകവുമായ ഒരു നിരീക്ഷണം നടത്തി. അദ്ദേഹം ഇങ്ങനെ സമർത്ഥിച്ചു: മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നതു് അവ മർക്കോസിന്റെ സുവിശേഷവുമായി പൊരുത്തപ്പെടുമ്പോൾ മാത്രമാണ്. ഈ നിരീക്ഷണം വികസിച്ച് രൂപപ്പെട്ടതാണ് ദ്വിരേഖാസിദ്ധാന്തം.

ഈ സിദ്ധാന്തമനുസരിച്ച് മത്തായിയും ലൂക്കായും തങ്ങളുടെ സുവിശേഷരചനയ്ക്കായി രണ്ടു് ലിഖിത സ്രോതസ്സുകൾ ഉപയോഗിച്ചു. ആദ്യ സ്രോതസ്സ് മർക്കോസിന്റെ സുവിശേഷം തന്നെ. ഒന്നുകിൽ നമുക്കു ലഭിച്ച അതിന്റെ നിയതരൂപത്തിൽ, അല്ലെങ്കിൽ അതിന്റെ ഒരു പുരാതന രൂപത്തിൽ. രണ്ടാമത്തെ ഉറവിടം 'ക്യൂ' (Q) എന്നു് പൊതുവേ അറിയപ്പെടുന്ന ഈശോയുടെ മൊഴികളുടെ സമാഹാരമാണ്. ഉറവിടം എന്നർത്ഥമുള്ള 'ക്വെല്ലെ' (Quelle) എന്ന ജർമ്മൻ വാക്കിൽനിന്നാണ് 'ക്യൂ' വന്നിട്ടുള്ളതു്. 'ക്യൂ' വിൽ അടങ്ങിയിട്ടുള്ളതു് ക്രിസ്തുവിന്റെ സൂക്തങ്ങൾ മാത്രമാണെന്നു പറയാം. ശതാധിപന്റെ ഭൃത്യനെ സുഖപ്പെടുത്തിയതൊഴികെ (ലൂക്കാ 7:1–10=മത്താ. 8:5–10,13) മററത്ഭുതങ്ങളൊന്നും അതി

ലില്ല. പീഡാനുഭവത്തിന്റെയോ, ഉത്ഥാനത്തിന്റെയോ യാതൊരു വിവരണങ്ങളുമില്ല. ഈ കാരണത്താലാണ് ഈ സ്രോതസ്സിനെ ''വചന സ്രോതസ്സ്'' (Logia Source) എന്ന് പണ്ഡിതന്മാർ വിളിക്കുന്നത്. ഈ രണ്ടാമത്തെ ഉറവിടത്തിന്റെ ഒരു സൂചന എവുസേബിയൂസ് (AD-260-340) നല്കുന്നുണ്ട്. പപ്പിയാസ്എഴുതി: ''മത്തായി ഹീബ്രു ഭാഷയിൽ ഈ ഉദ്ബോധനങ്ങൾ(Ta logia)രചിക്കുകയും ഓരോരുത്തരും അതു് അവരവക്ക് കഴിവുള്ള രീതിയിൽ വ്യാഖ്യാനിക്കുകയും ചെയ്തു.'' 'ലോഗിയാ' (Logia) എന്നതുകൊണ്ട് ഇവിടെ സൂചിപ്പിക്കുന്നതു് ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ ഒരു സമാഹാരമാണ്. ഈ 'ക്യൂ' സ്രോതസ്സ് ഒരു പ്രത്യേക ശേഖരമായിട്ടല്ല നമുക്ക് ലഭിച്ചിരിക്കുന്നതു്. 'ക്യൂ' ആറാമായ ഭാഷയിലാണെഴുതപ്പെട്ടതു്. താമസിയാതെ അതു് ഗ്രീക്കിലേയ്ക്കു് വിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. ആറാമായ മൂലത്തിന്റെ ഗ്രീക്കു വിവർത്തനമാണ് മത്തായിയും ലൂക്കായും ഉപയോഗിച്ചിരിക്കുന്നതു്. സ്ട്രീററർ,ഡബ്ല്യൂ.ഡി. ഡേവീസ്,ടി.ഡബ്ല്യൂ. മാൻസൺ തുടങ്ങിയ പണ്ഡിതന്മാർ 'ക്യൂ'വിന്റെ ഉത്ഭവം അന്തിയോക്കിലാണെന്നും അതെഴുതപ്പെട്ടതു് എ. ഡി 50 നടുത്താണെന്നും കരുതുന്നു. അതിനു കാരണം വിജാതീയരോടുള്ള'ക്യൂ'വിന്റെ അനുകൂലമനോഭാവമായിരിക്കാം (ലൂക്കാ 7:1—10=മത്താ 8:5—10,13;ലൂക്കാ 10:13=മത്താ 11:21; ലൂക്കാ 11:31-32=മത്താ 12:41—42) 'ക്യൂ'വിന്റെ ഉത്ഭവം മതബോധനാത്മകമായിരുന്നുവെന്നുവേണം കരുതുവാൻ. അതായതു്, മാനസ്സാന്തരപ്പെട്ട് ക്രിസ്ത്യാനികളായവർക്കു് ധാർമ്മിക ബോധനം നല്കുന്നതിനായിട്ടുള്ള ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ നിന്നുള്ള ഒരു സമാഹാരം. ഈ സിദ്ധാന്തത്തിന്റെ രൂപരേഖ താഴെ ചേർക്കുന്നു.



5 കാലക്രമമനുസരിച്ച് മർക്കോസിനുള്ള മുൻഗണന

ദ്വിരേഖാസിദ്ധാന്തമനുസരിച്ച് മർക്കോസിന്റെ സുവിശേഷമാണ് ആദ്യം എഴുതപ്പെട്ടത്. കാലക്രമമനുസരിച്ച് മർക്കോസിന് മുൻഗണന നല്കാനുള്ള പൊതുധാരണയ്ക്ക് അടിസ്ഥാനമുണ്ട്. താഴെപ്പറയുന്ന കാരണങ്ങൾ മർക്കോസിന്റെ സുവിശേഷത്തിന്റെ പുരാതന സ്വഭാവത്തെ കാണിക്കുന്നു:

(1) മർക്കോസിന്റെ സുവിശേഷം മുഴുവനായുംതന്നെ (90 ശതമാനവും) വ്യത്യസ്തമായ രൂപത്തിലെങ്കിലും മത്തായിയുടെ സുവിശേഷത്തിൽ കാണാം. മർക്കോസിന്റെ സുവിശേഷത്തിന്റെ ഏകദേശം പകുതിഭാഗം ലൂക്കായുടെ സുവിശേഷത്തിലും കാണാം. മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങൾ സംയോജിപ്പിച്ചാൽ മർക്കോസിന്റെ സുവിശേഷത്തിലുള്ള നാലു ഖണ്ഡികകൾ മാത്രമാണ് അവയിൽ ഉൾപ്പെടാതെ അവശേഷിക്കുന്നത്.

(2) മർക്കോസിന്റെ സുവിശേഷത്തിലെ സംഭവങ്ങളുടെ ക്രമം മത്തായിയും ലൂക്കായും പൊതുവേ പിൻതുടർന്നിരിക്കുന്നതായിക്കാണാം. എപ്പോഴെങ്കിലും അവർ മൂവരും യോജിക്കാതെ വരുമ്പോഴും, മത്തായിയോ ലൂക്കായോ ആരെങ്കിലും ഒരാൾ മർക്കോസുമായി പൊരുത്തപ്പെട്ടു പോകുന്നു.

(3) മർക്കോസിന്റെ ഭാഷയും ശൈലിയും പല രീതിയിലും പുരാതനമാണ്. ഒന്നാമതായി, മർക്കോസിന്റെ വിശദീകരണങ്ങളും സുവിശേഷം മുഴുവൻ തന്നെയും വളരെ സംഗ്രഹിച്ചാണ് മത്തായിയുടെയും ലൂക്കായുടെയും സുവിശേഷത്തിൽ കാണപ്പെടുന്നത്. മത്തായിയും ലൂക്കായും നല്കാത്ത ചില വിശദാംശങ്ങൾ മർക്കോസിന്റെ സുവിശേഷത്തിൽ ഉണ്ട്. ഉദാഹരണത്തിന്: ''സൂര്യാസ്തമയത്തിൽ'' (മർക്കോ 1:32=മത്താ 8:16), ''പുൽത്തകിടി'' (മർക്കോ 6:39; മത്താ 14:19; ലൂക്കാ 9:14), ''300 ദേനറോകൾ'' (മർക്കോ 14:5; മത്താ 26:9), തുടങ്ങിയവ. മർക്കോസിന്റെ സുദീർഘമായ വിവരണത്തെ മത്തായിയും ലൂക്കായും സംഗ്രഹിച്ചതിന് ഉദാഹരണം ജനക്കൂട്ടത്തെ സൗഖ്യമാക്കുന്ന വിവരണത്തിൽ കാണാം (മർക്കോ 3:7–12; മത്താ 12:15–16; ലൂക്കാ 6:17–19). ഗദറായരുടെ ദേശത്തുവച്ച് പിശാചുബാധിതനെ സുഖപ്പെടുത്തിയത് (മർക്കോ

5:1–20; മത്താ 8:28–34; ലൂക്കാ 8:26–39,) മററൊരുദാഹരണമാണ്.

രണ്ടാമതായി മക്കോസിൻെറ ഭാഷയും ശൈലിയും മത്തായിയുടേതിൽനിന്നും ലൂക്കായുടേതിൽനിന്നും താഴ്ന്ന നിലവാരമാണ് പുലത്തുന്നതു്. പലയവസരത്തിലും അവർ മക്കോസിൻെറ വിവരണങ്ങളിൽ വ്യതിയാനം വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിനു്, മക്കോസ് 6:3–ൽ ഈശോയെ ''തച്ചൻ'' എന്നു വിളിക്കുന്നുണ്ട്: ''മറിയത്തിൻെറ പുത്രനായ തച്ചനല്ലേ ഇയാരം?'' മത്തായി ഇതിനെ ''തച്ചൻെറ മകനല്ലേ ഇയാരം?'' (13:55) എന്നും, ലൂക്കാ ''ഇയാരം യൗസേപ്പിൻെറ മകനല്ലേ?''(ലൂക്കാ 4:22) എന്നും ഭേദപ്പെടുത്തി. കൊടുങ്കാററിനെ ശമിപ്പിക്കുന്ന വിവരണത്തിൽ (മക്കോ 4:35–41 = മത്താ 8:23–27 = ലൂക്കാ 8:22–25) ഈശോയെ സമീപിച്ച ശിഷ്യന്മാരുടെ നിലവിളിയെ മക്കോസ് ഇങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നതു്: ''ഗുരോ, ഞങ്ങരം നശിക്കാൻ പോകുന്നതിൽ അങ്ങേയ്ക്കു് വിചാരമൊന്നുമില്ലേ?'' (4:38). 'ഞങ്ങരം മുങ്ങി മരിക്കാൻ പോവുകയാണെങ്കിൽ പോലും അങ്ങ് ഞങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലേ' എന്ന ചോദ്യവുമായി ശിഷ്യന്മാർ ഈശോയെ കുററപ്പെടുത്തുന്നു. ഈ നിലവിളി ഭയത്തിൻെറയോ, ക്ഷോഭത്തിൻെറയോ, ഒരുപക്ഷേ, ദേഷ്യത്തിൻെറയോ പ്രകടനമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതു്. മത്തായിയും ലൂക്കായും അവരുടെ ഈ നിലവിളി വളരെ മയപ്പെടുത്തി ചിത്രീകരിച്ചിരിക്കുന്നു: ''കത്താവേ രക്ഷിക്കണമേ. ഞങ്ങളിതാ നശിക്കാൻ പോകുന്നു'' (മത്താ 8:25); ''ഗുരോ, ഗുരോ ഞങ്ങളിതാ നശിക്കുന്നു: (ലൂക്കാ 8:24).

(4) മർക്കോസിൻെറ സുവിശേഷത്തിൽ ചിലയിടത്തു കാണുന്ന വിഷമം പിടിച്ച ശൈലികരം ലൂക്കായുടെയും മത്തായിയുടെയും സുവിശേഷങ്ങളിലെ സമാന്തരഭാഗങ്ങളിൽ കാണുന്നില്ല. ഉദാ:മക്കോ 2:26–ൽ ദാവീദ് ദൈവഭവനത്തിൽ പ്രവേശിച്ചപ്പോരം ''അബിയാഥർ ആയിരുന്നു ശ്രേഷ്ഠപുരോഹിതൻ'' എന്ന വാക്യം 1ശാമു 21:1–6–മായിട്ടു് ഒത്തുപോകുന്നില്ല. (ഈ രേഖയനുസരിച്ച് അഹിമലേക് ആയിരുന്നു പ്രധാന പുരോഹിതൻ). മക്കോസിൻെറ ഈ പരാമശം ലൂക്കായുടെയും മത്തായിയുടെയും സമാന്തര ഭാഗങ്ങളിൽ (മത്താ 12:13; ലൂക്കാ 6:3) കാണുന്നില്ല. വീണ്ടും, മക്കോസിൻെറ സുവിശേഷത്തിലെ പ്രമാണങ്ങളുടെ പട്ടികയിൽ കാണുന്ന

(മക്കോ 10:19) ''വഞ്ചിക്കരുതു്'' എന്ന കല്പന മത്തായിയുടെയും ലൂക്കായുടെയും സുവിശേഷത്തിലെ സമാന്തരഭാഗങ്ങളിൽ (മത്താ 19:18–19; ലൂക്കാ 18:20) ഉപേക്ഷിച്ചിരിക്കുകയാണു്. പത്തുകല്പനകളുമായി (പുറ 20:12–16; നിയമ 5:16–20) ഒത്തുപോകുന്നില്ല എന്ന ധാരണയിലായിരിക്കണം അവർ ഇതു വിട്ടുകളഞ്ഞിരിക്കുന്നതു്.

(5) ആദിമസഭയിൽ ക്രിസ്തുവിൻെറ പന്ത്രണ്ടു് ശിഷ്യന്മാരെ സഭാസ്തംഭങ്ങൾ എന്നു വിളിച്ചു് ബഹുമാനിച്ചിരുന്നു (ഗലാ 2:9). എന്നാൽ, ശ്ലീഹന്മാർക്കു് പ്രത്യേക പരിവേഷം ചാർത്താൻ മക്കോസു് ശ്രമിക്കുന്നതേയില്ല. വാസ്തവത്തിൽ അവരുടെ ഹൃദയകാഠിന്യവും (മക്കോ 6:52; 8:17; 16:14),ഈശോയെ ഗ്രഹിക്കുവാൻ വേണ്ട കഴിവില്ലായ്മയും (മക്കോ 4:13; 6:52 (രണ്ടുപ്രാവശ്യം); 7:18; 8:17,21; 9:32; cf. 9:10) തുറന്നുതന്നെ മക്കോസ് പറയുന്നു. മത്തായിയും ലൂക്കായും ശിഷ്യന്മാരെപ്പററി വളരെ ബഹുമാനത്തോടെയാണെഴുതിയിരിക്കുന്നതു്. അവർ ഇരുവരും ശ്ലീഹന്മാരുടെ ഹൃദയകാഠിന്യത്തെ സംബന്ധിച്ചുള്ള എല്ലാ സൂചനകളും ഉപേക്ഷിച്ചിരിക്കുന്നു; മക്കോസിൻെറ സുവിശേഷവുമായി താരതമ്യപ്പെടുത്തിയാൽ അവർ തങ്ങളുടെ സുവിശേഷങ്ങളിൽ ഈശോയെ മനസ്സിലാക്കുന്നതിനുവേണ്ട ശ്ലീഹന്മാരുടെ കഴിവില്ലായ്മയെപ്പററി വളരെ അപൂർവ്വമായിട്ടേ സൂചിപ്പിച്ചിട്ടുള്ളു. മത്തായിയുടെ സുവിശേഷത്തിൽ ഒരു പ്രാവശ്യവും (15:16), ലൂക്കായുടെ സുവിശേഷത്തിൽ രണ്ടു പ്രാവശ്യവും (9:45; 18:34) മാത്രമെ ഉള്ളു. എന്നാൽ മക്കോസിൻെറ സുവിശേഷത്തിലാകട്ടെ ഏഴു പ്രാവശ്യം ഇതേപ്പററി സൂചനകളുണ്ടു്. കൊടുങ്കാററിനെ ശാന്തമാക്കുന്ന വിവരണത്തിൽ ശിഷ്യന്മാരോടു് ക്രിസ്തു ചോദിച്ച ചോദ്യം മക്കോസിൽ ഇപ്രകാരമാണു്: ''നിങ്ങൾ ഇത്ര ഭീരുക്കളായതെന്തുകൊണ്ടു്? നിങ്ങൾക്കിപ്പോഴും എന്നിൽ വിശ്വാസമില്ലേ?''(4:40). മത്തായി, ''അല്പവിശ്വാസികളെ നിങ്ങൾ എന്തിനു ഭയപ്പെടുന്നു? (8;26). ലൂക്കാ, ''നിങ്ങളുടെ വിശ്വാസം എവിടെ?'' (8:25) എന്നുമായി ഭേദപ്പെടുത്തിയിരിക്കുന്നു. 'തങ്ങളിൽ ആരാണു് വലിയവൻ' എന്നു് ശിഷ്യഗണത്തിലുണ്ടായ തർക്കം മത്തായി വിട്ടുകളഞ്ഞിരിക്കുന്നു. (മക്കോ 9:33-35=മത്താ 18:1–4). ''സാത്താനെ നീയെൻെറ പിറകിൽ പോവുക'' എന്ന ക്രിസ്തു പത്രോസിനു നല്കിയ വേദനാജനകമായ ശാസന (മക്കോ 8:33= ലൂക്കാ 9:22) ലൂക്കാ ഉപേക്ഷിച്ചിരിക്കുന്നു. അതുപോലെ

ഈശോയെ തിരസ്കരിച്ചുകൊണ്ടു് പത്രോസ് ആവത്തിച്ചു് ആണ യിടുന്ന മക്കോസിന്റെ വിവരണം (മക്കോ 14:71) ലൂക്കാ വളരെ മയപ്പെടുത്തി പറഞ്ഞിരിക്കുന്നു. ''മനുഷ്യാ നിങ്ങരം പറയുന്നതു് എന്താണെന്നു് എനിക്കറിയില്ല'' (ലൂക്കാ 22:60).

(6) മത്തായിയുടെയും ലൂക്കായുടെയും സുവിശേഷത്തിൽ ക്രിസ്കുവിനോടുള്ള ബഹുമാനാദരവിന്റെ വളർച്ച കാണാം. ഈശോയുടെ ദുഃഖം, കോപം (മക്കോ 3:5), നിഷ്ക്കഷ് (1:43), നെടുവീപ്പു് (8:12), കാക്കശ്യം (8:33), അമഷം (10:14), ആശ്ചര്യം (6:6), മുതലായ മാനുഷികവികാരങ്ങളെ മക്കോസ് തുറന്നുതന്നെ രേഖപ്പെടുത്തുന്നു. ഈശോയിലുള്ള മൃദുലവികാരങ്ങളായ അലിവു് (1:41), ആർദ്രത (10:16), സ്നേഹം (10:21) എന്നിവയേയും മക്കോസ് രേഖപ്പെടുത്തുന്നുണ്ടു്.

8-4-44

മത്തായിയും ലൂക്കായും അവരുടെ സമാന്തരസുവിശേഷഭാഗങ്ങളിൽ ക്രിസ്കുവിന്റെ മാനുഷികവികാരങ്ങളെ വിട്ടുകളയുകയോ ഭേദപ്പെടുത്തുകയോ ചെയ്തിട്ടുണ്ടു്. ഉദാഹരണമായി, മത്തായിയും ലൂക്കായും ക്രിസ്കുവിന്റെ മാനുഷികവികാരങ്ങളായ ദുഃഖം, കോപം (മക്കോ 3:5=മത്താ 12:13=ലൂക്കാ 6:10), നിഷ്ക്കഷ് (മക്കോ 1:43=മത്താ 8:3–4=ലൂക്കാ 5:14), നെടുവീപ്പു്(മക്കോ 10:14=മത്താ 19:14=ലൂക്കാ 18:16), ആശ്ചര്യം (മക്കോ 6:6 = മത്താ 13:58= ലൂക്കാ 4:24) ഇവയെപ്പററി മക്കോസു് നല്കിയിരിക്കുന്ന സൂചനകളെ വിട്ടുകളയുകയാണു്. ക്രിസ്കുവിന്റെ മനസ്സിന്റെ സമനില തെററിയിരിക്കുന്നു എന്നു് അവിടുത്തെ സ്വന്തക്കാർ കരുതി (മക്കോ 3:21) എന്ന മക്കോസിന്റെ പ്രസ്കാവനയെയും മത്തായിയും ലൂക്കായും ഒഴിവാക്കിയിരിക്കുന്നു.

(7) മക്കോസിന്റെ സുവിശേഷത്തിൽ ക്രിസ്കുവിന്റെ പരിമിതികരംക്കു് പ്രാധാന്യം നല്കുമ്പോരം മത്തായിയും ലൂക്കായും അത്തരം പ്രസ്കാവനകളെ മിതപ്പെടുത്തുന്നു. സുവിദിതമായ ഒരു ഉദാഹരണമിതാ: ''ക്രിസ്കുവിനവിടെ (നസ്രത്തിൽ) അത്ഭുതമൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല'' എന്നു മക്കോസും(6:5), ''ക്രിസ്കു അവിടെ അധികം അത്ഭുതങ്ങരം ചെയ്തില്ല'' എന്നു് മത്തായിയും (13:58) രേഖപ്പെടുത്തിയിരിക്കുന്നു. ലൂക്കായാകട്ടെ, ഇതു പാടെ ഉപേക്ഷിച്ചിരിക്കുകയാണു്. എന്നാൽ ശ്രദ്ധേയമായ മറെറാരു വസ്കുതയുണ്ടു്:

മത്തായിയുടെ ഈ ഭേദപ്പെടുത്തലിനു കുറച്ചൊക്കെ സമാനമായി മക്കോസ് ഒരു കാര്യം സൂചിപ്പിച്ചിട്ടുണ്ട്, ''കുറെ രോഗികളുടെ മേൽ കൈവച്ച് സുഖപ്പെടുത്തുവാനേ അവിടത്തേക്ക് കഴിഞ്ഞുള്ളൂ.'' അത്തിമരത്തെ ശപിച്ച വിവരണത്തിൽ (മക്കോ 11:12–14, 20–25) അതു് ഉടൻ തന്നെ വാടിക്കരിഞ്ഞതായിട്ട് മക്കോസ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, അതു് ഉടൻ തന്നെ സംഭവിച്ചതായി മത്തായി രേഖപ്പെടുത്തിയിരിക്കുകയാണ് (മത്താ 21:18–22). ഈശോയോടുള്ള ആദരവിൽനിന്നുമെടുത്ത മത്തായിയുടെ വിശദീകരണമായിരിക്കാമിതു്. ശ്ലീഹന്മാരുടെ കൺമുൻപിൽവച്ചുതന്നെ മരം ഉണങ്ങിപ്പോകുന്നതു് സ്വാഭാവികമല്ലല്ലോ. മക്കോസ് പറയുന്നതുപോലെ രണ്ടവസരങ്ങളിലായിട്ടായിരിക്കണം ഈ സംഭവം നടന്നതു്. ഈ കഥ പഴയനിയമ പ്രവാചകന്മാരുടെ രീതിയിലുള്ള പ്രതീകാത്മകമായ ഒരു പ്രവൃത്തിയാകാനാണു സാധ്യത. (ജെറ 13:1–11; എസക്കി 4:1–3; ശ്ലീഹ 21:11–13). ഇസ്രായേൽ ജനത്തെ ദൈവം വൃഥാ ഫലമന്വേഷിച്ച ഒരു അത്തിമരത്തോട് ജറമിയാ ഉപമിച്ചിട്ടുണ്ട് (ജെറ 8:13). 'ഫലം' സൽപ്രവൃത്തികളുടെ ഒരു പ്രതീകമാണ് (മത്താ 3:8, 10; 7: 17; 12:33); ഈ ഫലത്തിനുവേണ്ടിയാണ് ഈശോ ദാഹിച്ചതു്. ''അതു് ഫലങ്ങളുടെ കാലമല്ലായിരുന്നു'' (മക്കോ 11:13) എന്നുള്ള മക്കോസിൻെറ പരാമശത്തെ ഉപേക്ഷിച്ചുകൊണ്ട് മത്തായി യഹൂദക്ക് മാപ്പില്ല എന്നു് സ്ഥാപിക്കുന്നു; അവരിൽ നിന്നു് ഫലം പ്രതീക്ഷിക്കാനുള്ള അവകാശം ക്രിസ്തുവിനുണ്ടായിരുന്നു. ക്രിസ്തുവിൻെറ ഈ രക്ഷാകരമായ ആവിഷ്കരണത്തെ (മക്കോ 11:1–11 = മത്താ 21:1–17) തിരസ്കരിച്ചുകൊണ്ട് (മക്കോ 11:15–19) അവർ ഫലം പുറപ്പെടുവിക്കാനുള്ള എല്ലാ അവസരവും നഷ്ടപ്പെടുത്തി അഭിശപ്തരായിത്തീൻ. അധരംകൊണ്ടുമാത്രം ദൈവത്തെ പുകഴ്ത്തുകയും എന്നാൽ, ഹൃദയം തന്നിൽനിന്നകന്നിരിക്കുകയും (മക്കോ 7:6) ചെയ്യുന്ന ഒരു ജനത, ഫലമില്ലാതെ ഇലകൾ തിങ്ങി നില്ക്കുന്ന ഒരു മരംപോലെയാണ്. ഇസ്രായേൽ ദേശത്തിൻെറ ആദ്ധ്യാത്മികകേന്ദ്രമായ യറുശലേമിൻെറ മേൽ പതിക്കാനിരുന്ന വിധിയെ വെളിവാക്കുന്ന ഒരു അന്യാപദേശമായിരുന്നു—പ്രവൃത്തീകരിച്ച ഒരന്യാപദേശമായിരുന്നു (ലൂക്കാ 13: 6–9), അതു്. മക്കോസിൻെറ വിവരണക്രമമനുസരിച്ചായിരിക്കണം സംഭവങ്ങൾ നടന്നിരിക്കുക.

മത്തായിയും ലൂക്കായും ക്രിസ്തു ചോദിച്ച ചില ചോദ്യങ്ങൾ ഉപേക്ഷിച്ചിട്ടുണ്ട്. അവിടുത്തെ അജ്ഞതയെ അവ സൂചിപ്പിച്ചേക്കാമെന്നു കരുതിയിട്ടാകാം ഇങ്ങനെ ചെയ്തിരിക്കുന്നതു്. മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന, ''നിങ്ങളുടെ പക്കൽ എത്ര അപ്പമുണ്ടു്?'' (മർക്കോ 6:38), ''നിങ്ങൾ അവരുമായി എന്തിനെക്കുറിച്ചാണു് തർക്കിക്കുന്നതു്?'' (മർക്കോ 9:16) ''ഇവനു് ഇതുണ്ടാകാൻ തുടങ്ങിയിട്ടു് എത്ര കാലമായി?'' (മർക്കോ 9:21), ''എന്തിനെപ്പററിയാണു് വഴിയിൽവച്ചു് നിങ്ങൾ തർക്കിച്ചുകൊണ്ടിരുന്നതു്?'' (മർക്കോ 9:33) എന്നീ ചോദ്യങ്ങൾ മത്തായിയുടെയും ലൂക്കായുടെയും സമാന്തരഭാഗങ്ങളിൽ ഇല്ല. മത്തായി വിട്ടുകളഞ്ഞിരിക്കുന്ന മററു ചില ചോദ്യങ്ങളാണു്: ''നിന്റെ പേരെന്താണു്?'' (മർക്കോ 5:9), ''ആരാണു് എന്റെ വസ്ത്രത്തിൽ സ്പർശിച്ചതു്?'' (മർക്കോ 5: 30) തുടങ്ങിയവ.

(8) ഈശോയുടെ വ്യക്തിപ്രാഭവത്തെ കുറച്ചുകാണിക്കുന്ന ശൈലികൾ മത്തായിയും ലൂക്കായും ഇപ്രകാരം മിതപ്പെടുത്തുന്നു. ഒപ്പം തന്നെ, അതുയർത്തിക്കാണിക്കുന്നതിനും അവർ ശ്രമിച്ചിട്ടുണ്ടു്. ''ജനങ്ങൾ എല്ലാവിധ രോഗികളെയും പിശാചുബാധിതരെയും ഈശോയുടെ അടുക്കൽ കൊണ്ടുവന്നു....വിവിധ രോഗങ്ങൾ ബാധിച്ചിരുന്ന വളരെപ്പേരെ അവിടുന്നു് സുഖപ്പെടുത്തുകയും അനേകം പിശാചുക്കളെ പുറത്താക്കുകയും ചെയ്തു'' (1:32; 34) എന്നു് മർക്കോസു് പറയുന്നിടത്തു് മത്തായി രേഖപ്പെടുത്തുന്നു: ''ജനങ്ങൾ പിശാചുബാധിതരായ അനേകരെ അവിടുത്തെ അടുക്കൽ കൊണ്ടുചെന്നു; അവിടുന്നു് വചനംകൊണ്ടു് പിശാചുക്കളെ പുറത്താക്കുകയും രോഗികളെ എല്ലാവരേയും സുഖപ്പെടുത്തുകയും ചെയ്തു'' (മത്താ 8:16; ലൂക്കാ 4:40). ഈശോയുടെ അത്ഭുതപ്രവൃത്തികൾ വിവരിക്കുമ്പോൾ ''ഒററ വാക്കുകൊണ്ടു്'' എന്ന ശൈലിയോടൊപ്പം തന്നെ ''ഉടൻ തന്നെ'' എന്ന പദവും പലപ്രാവശ്യം മത്തായി ഉപയോഗിക്കുന്നുണ്ടു്. അങ്ങനെ രോഗവിമുക്തി പെട്ടെന്നു് നടന്നു എന്നു് അദ്ദേഹം ഊന്നിപ്പറയുകയാണു് ചെയ്യുന്നതു് (മത്താ 9:22; 15:28; 17:18; 21:19).

(9) മത്തായിയും ലൂക്കായും ക്രിസ്തുസൂക്തങ്ങളെ രേഖപ്പെടുത്താൻ സ്വീകരിച്ചിരിക്കുന്ന ശൈലികൾ പരിശോധിച്ചാൽ അവയ്ക്കു് മർക്കോസിനു ശേഷമുണ്ടായ ദൈവശാസ്ത്രവീക്ഷണമാണുള്ളതെന്നു

കാണാൻ കഴിയും. ഉദാഹരണമായി, പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിനു് മർക്കോസു് ലളിതമായ രൂപമാണു് നല്കിയിട്ടുള്ളതു്: ''അങ്ങു് മിശിഹായാകുന്നു'' (8:29). മത്തായിയും ലൂക്കായും കൂടുതൽ വിശദീകരണങ്ങൾ നല്കുന്നുണ്ടു്. അതു് ഏറെ വ്യക്തമാകുന്നതു് ലൂക്കായുടെ സുവിശേഷത്തിലാണു്: ''അങ്ങു് ദൈവത്തിന്റെ മിശിഹായാകുന്നു'' (9:20); കൂടുതൽ ദൈവശാസ്ത്രപരമായിട്ടു് മത്തായിയുടെ സുവിശേഷത്തിലും: ''അങ്ങു് സജീവനായ ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു'' (16:16). മർക്കോസു്, ലൂക്കായിൽനിന്നും മത്തായിയിൽനിന്നും സ്വീകരിച്ചു എന്നതിനേക്കാൾ, ലൂക്കായും പ്രത്യേകിച്ചു്, മത്തായിയും, മർക്കോസിന്റെ സുവിശേഷത്തോടു് കൂട്ടിച്ചേർക്കുകയാണു് ചെയ്തിട്ടുള്ളതെന്നു് ഊഹിക്കാൻ സാധിക്കും.

ഹേറോദേസ് അന്തിപ്പാസിനെ, മർക്കോസു്, ''രാജാവു്'' (6:14, 26) എന്നു വിളിക്കുന്നുണ്ടു്. എന്നാൽ, മത്തായിയും ലൂക്കായും ''ഉപരാജാവു്'' (മത്താ 14:1; ലൂക്കാ 9:7; cf. ലൂക്കാ 3:19; ശ്ലീഹ 13:1) എന്ന കൂടുതൽ ശരിയായ നാമം ഉപയോഗിക്കുന്നു. മത്തായി 14:19—ൽ ഹേറോദേസിനെ രാജാവെന്നു് വിളിക്കുന്നതു് ശരിയാണു്; എന്നാൽ അതു് മർക്കോസിന്റെ സുവിശേഷത്തെ ഉപയോഗിക്കുന്നതിൽ വന്ന ഒരു നോട്ടപ്പിഴയായി മനസ്സിലാക്കിയാൽ മതിയാകും. നിഷ്കൃഷ്ടാർത്ഥത്തിൽ, ഹേറോദേസ് ഒരു രാജാവായിരുന്നില്ല; ഒരു ഉപരാജാവു് (Tetrarch) മാത്രമായിരുന്നു. ഉപരാജാവു് എന്നതുകൊണ്ടർത്ഥമാക്കുന്നതു്, ഒരു രാജ്യത്തിന്റെ നാലിലൊരു ഭാഗത്തിന്റെയോ, ഒരു പ്രവിശ്യയുടേയോ ഭരണാധികാരി എന്നാണു്. മഹാനായ ഹേറോദേസ് ആയിരുന്നു ആദ്യത്തെ ഉപരാജാവു്; പിന്നീടു് അദ്ദേഹം രാജപദവി സ്വീകരിച്ചു. ഉപരാജാക്കന്മാരായിത്തീർന്ന അദ്ദേഹത്തിന്റെ പുത്രന്മാർക്കു്, 'രാജാവു്' എന്ന നാമം റോമാക്കാർ നല്കിയില്ല. ''....ഹേറോദേസ് ഗലിലെയായിലും അയാളുടെ സഹോദരൻ പീലിപ്പോസ് ഇത്തുറിയാ ത്രാക്കൊനീത്തിസു് എന്നീ പ്രദേശങ്ങളിലും....ഉപരാജാക്കന്മാരും.... ആയിരിക്കുമ്പോൾ....'' എന്നു് ലൂക്കാ (3:1) രേഖപ്പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു് ഉപരാജാവു്, രാജാവിനേക്കാൾ ഒരു പടികൂടി താഴ്ന്ന ഒരു ഭരണാധികാരിയാണു്. മർക്കോസിന്റെ 'രാജാവു്' (6:14) എന്ന പ്രയോഗം ഒരുപക്ഷേ, അന്നത്തെ നാട്ടുനടപ്പിനെയായിരിക്കാം സൂചിപ്പിക്കു

ന്നതു്. ഹേറോദേസിൻെറ രാജപദവിയ്ക്കായുള്ള അത്യാഗ്രഹം അദ്ദേഹത്തിൻെറ പതനത്തിനു വഴിതെളിച്ചു.

പീഡാനുഭവത്തിൻെറ മൂന്നാം പ്രവചനത്തെ രേഖപ്പെടുത്തുമ്പോഴ് മർക്കോസിൻെറ 'കൊല്ലുക' എന്ന പദപ്രയോഗം (ലൂക്കായുടെ സുവിശേഷത്തിലും മർക്കോസുപയോഗിച്ചിരിക്കുന്നതുപോലെ തന്നെ പ്രയോഗിച്ചിട്ടുണ്ടു്) മത്തായിയുടെ സുവിശേഷത്തിൽ വന്നപ്പോഴ് 'ക്രൂശിക്കുക' എന്നായിത്തീൎന്നു (മർക്കോ 10:34=മത്താ 20:19=ലൂക്കാ 18:33). 'കൊല്ലുക' എന്ന പദം കൂടുതലും സാമാന്യാൎത്ഥത്തിലുള്ളതാണു്. അതുകൊണ്ടു് മത്തായി 'ക്രൂശിക്കുക' എന്ന പദമുപയോഗിച്ചു് അതു കുറച്ചുകൂടി വ്യക്തമാക്കുന്നു:

മർക്കോസ്സിൻെറ ചില സുവിശേഷഭാഗങ്ങളെ (10:18) മത്തായി കുറച്ചുകൂടി മെച്ചമായ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നതു് കൂടുതൽ ശ്രദ്ധേയമാണു്: ''നിങ്ങൾ എന്തുകൊണ്ടാണു് എന്നെ നല്ലവനെന്നു് വിളിക്കുന്നതു്?'' (മർക്കോ 10:18). മത്തായി ഇതിനെ: ''നന്മയെപ്പററി എന്തിനു് നീ എന്നോടു് ചോദിക്കുന്നു?'' (19:17) എന്നാക്കിയിട്ടുണ്ടു്. മത്തായിയുടെ സുവിശേഷത്തിൽ യുവാവിൻെറ ചോദ്യത്തിലും ഈശോയുടെ ഉത്തരത്തിലും വ്യത്യാസം വരുത്തിയിട്ടുണ്ടു്. മർക്കോസിൻെറ സുവിശേഷത്തിൽ ക്രിസ്തുവിനെത്തന്നെയാണു് ''നല്ലവനായ ഗുരോ'' എന്നു് സംബോധന ചെയ്യുന്നതു്. അതിനുത്തരം, ഈശോയുടെ ധാർഷ്ട്യമായ മറുപടിയും: ''നീ എന്തിനു് എന്നെ നല്ലവനെന്നു വിളിക്കുന്നു?, ദൈവം ഒരുവനല്ലാതെ നല്ലവനായി മററാരുമില്ല'' (മർക്കോ 10:17–18). ''നല്ലവൻ'' എന്ന വിശേഷണത്തെ മത്തായി ഒഴിവാക്കിയിരിക്കുന്നു. യുവാവിൻെറ ചോദ്യത്തെ: ''ഞാൻ എന്തു നന്മയാണു് ചെയ്യേണ്ടതു്?''എന്നും വ്യത്യാസപ്പെടുത്തിയിരിക്കുന്നു. ''നന്മയെപ്പററി എന്തിനു നീ എന്നോടു ചോദിക്കുന്നു?'' എന്ന ക്രിസ്തുവിൻെറ മറുചോദ്യം ഇതിൽ നിന്നാണു് മത്തായി രൂപപ്പെടുത്തുന്നതു്. മർക്കോസിൻെറ സുവിശേഷപ്രകാരം 'നല്ലവൻ' എന്ന അഭിധാനം ക്രിസ്തു സ്വയം തിരസ്കരിച്ചതും അതിലേറെ തൻേറതായ നന്മയേയും അതുവഴി ദൈവവുമായുള്ള ഐക്യത്തേയും നിഷേധിക്കുമാറു് ദൈവത്തിൻേറതു മാത്രമായ നന്മയെ ഏററു പറഞ്ഞതും മത്തായിക്കു ഗ്രഹിക്കുവാൻ വളരെ വിഷമമായിരുന്നു. ''നല്ലവനായി ഒരാളേയുള്ളു'' (19:17c) എന്നുള്ള മത്തായിയുടെ ഭേദപ്പെടുത്തൽ മനസ്സിലാക്കേണ്ടതു് താഴെ പറയുന്ന

വിധത്തിലാണ്: 'നന്മ'യെന്നതു് ഒരു സ്വഭാവവിശേഷമാണ്; എല്ലാ അർത്ഥത്തിലും അതു് ദൈവത്തിനു മാത്രമുള്ളതും. ദൈവനന്മ ദൈവത്തിൻെറ കല്പനകളിലൂടെ പ്രകടമാകുന്നു. ഈ കല്പനകളുടെ നേർക്കുള്ള മനുഷ്യൻെറ ആത്മാർത്ഥമായ മറുപടിയാണ് അവൻെറ നന്മയുടെ ഉത്തമ നിദർശനം. ഈ ആശയം കൂടുതൽ വ്യക്തമാക്കുന്നതിനാണ് മർക്കോസിൻെറ, ''നിങ്ങൾ കല്പനകൾ അറിയുന്നു'' എന്നതിനു പകരം ''നിങ്ങൾ ജീവനിൽ പ്രവേശിക്കണമെങ്കിൽ കല്പനകൾ കാക്കുക'' എന്നു് മത്തായി രേഖപ്പെടുത്തിയിരിക്കുന്നതു്.

മുന്തിരിത്തോട്ടത്തിലെ കൃഷിക്കാരുടെ അന്യാപദേശം മർക്കോസ് (12:8) ഇപ്രകാരം സംഗ്രഹിക്കുന്നു: മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ തൻെറ ഓഹരി വാങ്ങുവാൻ സ്വന്തം പുത്രനെ മുന്തിരിത്തോട്ടത്തിലേയ്ക്കയച്ചപ്പോൾ കൃഷിക്കാർ ''അവനെ പിടിച്ച് കൊല്ലുകയും മുന്തിരിത്തോട്ടത്തിനു് പുറത്തു് എറിയുകയും ചെയ്തു.'' ക്രിസ്തുവിനെ നഗരകവാടത്തിനു് വെളിയിൽവച്ച് ക്രൂശിച്ചതിനു് (യോഹ 19:17; ഹെബ്രാ. 13:12–13) സമാനമായ ഒരാശയം ഈ അന്യാപദേശത്തിൽ കണ്ടിട്ട് മത്തായിയും ലൂക്കായും വാക്യങ്ങളുടെ ക്രമത്തിനല്പം മാററം വരുത്തിയിരിക്കുന്നു: ''അവർ അവിടുത്തെ പിടിച്ച് മുന്തിരിത്തോട്ടത്തിൻെറ പുറത്തു കൊണ്ടുപോയി കൊന്നുകളഞ്ഞു'' (മത്താ 21:39=ലൂക്കാ 20:15).

(10) മർക്കോസാണ് മററു രണ്ടു് സുവിശേഷകരുടെയും ഉറവിടമെങ്കിൽ അദ്ദേഹത്തിൻെറ ചില പ്രത്യേക വിശദാംശങ്ങൾ മത്തായിയും ലൂക്കായും ഉപേക്ഷിച്ചിരിക്കുന്നതു് നമുക്ക് പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കും. മർക്കോസ് വിവരിക്കുന്ന രണ്ടു രോഗശാന്തികൾ (മർക്കോ 7:31–37; 8:22–26) അവയുടെ സ്വാഭാവികമല്ലാത്ത പ്രവർത്തനം കൊണ്ടു് മത്തായിയും ലൂക്കായും ഉപേക്ഷിച്ചിരിക്കുന്നു. ഭക്തവികാരങ്ങളെ വ്രണപ്പെടുത്തുന്നതുമൂലം ഈശോയുടെ സ്വന്തക്കാരുടെ മനോഭാവത്തെ (3:20–21) അവർ രേഖപ്പെടുത്തുന്നില്ല. അതുപോലെ, അഗ്നിയാൽ ഉറ കൂടപ്പെടുന്ന ഉപ്പിൻെറ പരാമർശം (9:49) സുഗ്രാഹ്യമല്ലാത്തതിനാൽ വിട്ടുകളഞ്ഞിരിക്കുന്നു. ഇതുപോലെതന്നെ, ഗദ്സമനിൽവച്ച് ക്രിസ്തുശിഷ്യനായ ഒരു യുവാവു് രക്ഷപ്പെടുന്നതു് (14:51–52) പ്രസക്തമല്ലാത്തതിനാൽ ഉപേക്ഷിച്ചിരിക്കുന്നു. ഇവയിൽ മുഖ്യമായതു് രണ്ടു രോഗശാന്തികൾ (7:31–37;8:22–26) വിട്ടുകളഞ്ഞതുതന്നെ. ഈ രണ്ടു് അത്ഭുതങ്ങൾ

ക്കും പൊതുവായ ഒരു സ്വഭാവമുണ്ട്. രണ്ട് അത്ഭുത വിവരണങ്ങളിലും രോഗശാന്തി ഉണ്ടാകുന്നതിന് കുറച്ചു സമയമെടുക്കുകയും ചെയ്തു. ബധിരമൂകനുവേണ്ടി ഈശോ പ്രാർത്ഥിക്കുകയും ''സ്വർഗ്ഗത്തിലേയ്ക്കു നോക്കി നെടുവീർപ്പിടുകയും ചെയ്തു'' (മർക്കോ. 7:31–37). ഇവിടെ ശാരീരികമായ കഴിവുകളും ഉപയോഗിക്കുന്നു. (''അയാളുടെ ചെവികളിൽ തന്റെ വിരലുകൾ ഇടുകയും തുപ്പി അയാളുടെ നാവുകളിൽ തൊടുകയും ചെയ്തു.'' (7:33). രോഗം ശമിക്കുന്നതിന് കുറച്ചു സമയമെടുത്തു എന്ന് ഇതിൽ നിന്നു മനസ്സിലാക്കാം. ബേത്സയ്ദായിലെ കുരുടനെ സുഖപ്പെടുത്തിയ അവസരത്തിൽ രണ്ടു പ്രാവശ്യം കൈകൾ വച്ചു എന്നതിന് സൂചനകളുണ്ട് (8.25). ഇതു്, ക്രിസ്തുവിന്റെ രേഖപ്പെടുത്തിയിട്ടുള്ള അത്ഭുതങ്ങളിൽ ഒററപ്പെട്ട സംഭവമാണ്. സുഖപ്രാപ്തി സാവധാനത്തിലും രണ്ടുഘട്ടങ്ങളിലുമായിട്ടാണ് സംഭവിക്കുന്നതു്. മർക്കോസ് രേഖപ്പെടുത്തിയ ഈ രണ്ട് അത്ഭുതങ്ങൾ മത്തായിയും ലൂക്കായും ഉപേക്ഷിച്ചതിന് കാരണമെന്തായിരിക്കാം? അവർ ക്രിസ്തുവിന്റെ വചനത്തിന്റെ ശക്തി ഉടൻതന്നെ വെളിപ്പെടുത്തുന്ന അത്ഭുതങ്ങളെ ഇഷ്ടപ്പെട്ടതുമൂലമായിരിക്കാനേ ഇടയുള്ളു.

മർക്കോസുമായുള്ള ഇവരുടെ വ്യത്യാസങ്ങൾ, അദ്ദേഹത്തിന്റെ സുവിശേഷത്തിന് ആധികാരികതയും പ്രാമുഖ്യവും നല്കുന്നുണ്ടെന്ന് മിക്ക പണ്ഡിതന്മാരും കരുതുന്നു. മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളാണ് ആദ്യം എഴുതപ്പെട്ടതെന്നു കരുതുക; അങ്ങനെ അവ മർക്കോസിന്റെ സ്രോതസ്സായിത്തീർന്നുവെന്നും സങ്കല്പിക്കുക. എങ്കിൽ എന്തുകൊണ്ടാണ് ചില സുപ്രധാന ഭാഗങ്ങൾ മർക്കോസ് വിട്ടുകളഞ്ഞതു് എന്ന് വിശദീകരിക്കാനാവില്ല. ഈശോയുടെ ബാല്യകാലവിവരണം, സമതലത്തിൽ വച്ചുള്ള പ്രസംഗം (ലൂക്കാ) അല്ലെങ്കിൽ, മലയിലെ പ്രസംഗം (മത്തായി), ദൈവരാജ്യത്തെപ്പററിയുള്ള പല അന്യാപദേശങ്ങൾ (മത്തായി 13) കർത്തൃപ്രാർത്ഥന (മത്താ 6:9–15; ലൂക്കാ 11:2–4) അതുപോലെ മററു പല ഭാഗങ്ങളും.

മർക്കോസിന്റെ സ്രോതസ്സുകൾ

സാമാന്യമായിപ്പറഞ്ഞാൽ മൂലഗ്രന്ഥനിരൂപണം മർക്കോസിന്റെ സുവിശേഷത്തെ അടിസ്ഥാന സ്രോതസ്സായി കരുതുന്നു. ഇതിന്റെ ഉത്ഭവത്തെപ്പററി പ്രത്യേകിച്ചൊരന്വേഷണം ആവശ്യപ്പെട്ട

ന്നില്ല. എന്നാൽ ഇതേക്കുറിച്ച് പണ്ഡിതന്മാർ ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്. യഥാൎത്ഥത്തിൽ മർക്കോസിൻെറ സുവിശേഷം തന്നെയാണോ മത്തായിയും ലൂക്കായും ഉപയോഗിച്ചതു്? അതോ മർക്കോസിനും മുമ്പുള്ള ഒരു ഉറവിടത്തെയാണോ ഇവർ രണ്ടു പേരും മർക്കോസ് തന്നേയും ഉപയോഗിച്ചതു്? പല അഭിപ്രായങ്ങളും ഉയൎന്നു വന്നിട്ടുണ്ട്. അതിലൊരഭിപ്രായം ഇതാണ്: ''പ്രാചീന മർക്കോസ്'' (ur-Markus) എന്നു വിളിക്കാവുന്ന ഒരു മുൻകാലപതിപ്പ് മർക്കോസിനുണ്ടായിരുന്നു. മത്തായിയുടേയും ലൂക്കായുടെയും സുവിശേഷങ്ങളിൽ കാണാത്ത ഭാഗങ്ങൾ ഇതിലും കാണുന്നില്ല. അവർ ഉപയോഗിച്ചതും ഇതു തന്നെയായിരിക്കണം. എന്തുകൊണ്ടാണ് മർക്കോസിൻെറ സുവിശേഷത്തിലെ സുദീൎഘമായ ഒരു ഭാഗം (6:45–8:26) ലൂക്കാ ഉപേക്ഷിച്ചിരിക്കുന്നതു്. (ഇതിനു പൊതുവേ ''വലിയ ഉപേക്ഷ'' എന്നു പറയുന്നു.) എന്ന് ഈ അഭിപ്രായത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാം. കാരണം, പ്രാചീന മാൎക്കൻസ്രോതസ്സിൽ ഈ ഭാഗം ലൂക്കാ കണ്ടിരിക്കാനിടയില്ല. എന്നാൽ ഇവിടെ മറ്റൊരു പ്രശ്നം ഉദിക്കുന്നു. മത്തായി തൻെറ സുവിശേഷത്തിൽ മേല്പറഞ്ഞ, മർക്കോസിൻെറ സുവിശേഷഭാഗത്തിലെ (മർക്കോ 6:45–8:26) പല കാര്യങ്ങളും ഉപയോഗിച്ചിട്ടുണ്ട്. അതിനാൽ അദ്ദേഹം പ്രാചീന മാൎക്കൻസുവിശേഷമല്ല, അതിൻെറ ഒരു മെച്ചപ്പെട്ട പതിപ്പാണ് ഉപയോഗിച്ചിരിക്കുന്നതു് എന്ന അനുമാനം ഇവിടെ ബലപ്പെടുകയാണ്. എന്തൊക്കെയാണെങ്കിലും 'പ്രാചീന മാൎക്കൻസുവിശേഷം' എന്ന ഈ അഭിപ്രായം പണ്ഡിതന്മാരുടെയിടയിൽ പൊതുവേയുള്ള അംഗീകാരം നേടിയിട്ടില്ല.

ചിലരുടെ അഭിപ്രായം 13–ാം അദ്ധ്യായം എഴുതിയപ്പോൾ മർക്കോസ് വളരെ മുമ്പുണ്ടായിരുന്ന ഒരു യഹൂദക്രൈസ്തവ സാഹിത്യരൂപം (അപ്പൊകാലിപ്സ്) ഉപയോഗിക്കുകയും പീഡാനുഭവചരിത്രമെഴുതിയപ്പോൾ വേറെ രണ്ടു പ്രധാന ഉറവിടങ്ങൾ ഉപയോഗിക്കുകയും ചെയ്തു എന്നാണ്. ഈ അഭിപ്രായങ്ങളെ കുറച്ചുപേർ അനുകൂലിക്കുന്നുണ്ട്.

'ക്യൂ' വിൽനിന്നും മത്തായിയും ലൂക്കായും എടുത്തിട്ടുള്ള കുറച്ചു സംഭവങ്ങൾ മർക്കോസിലും കാണാം. ഇപ്രകാരം മർക്കോസും 'ക്യൂ' സ്രോതസ്സും താഴെപ്പറയുന്നവ രേഖപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിൻെറ പരീക്ഷ (മർക്കോ 1:12–13; മത്താ 4:1–11=ലൂക്കാ 4:1–13),

ബേൽസ് ബൂബിനെപ്പററിയുള്ള വിവാദം (മക്കോ 3:22–27; മത്താ 12:22–30=ലൂക്കാ 11:14--29; മത്താ 12:31–32= ലൂക്കാ 12:10), പന്ത്രണ്ട് ശിഷ്യന്മാരെ അയക്കുന്നതു് (മക്കോ 6:7–13; മത്താ 10:1, 9–11,14=ലൂക്കാ 9:1–5), കടുകുമണിയുടെ ഉപമ (മക്കോ 4:30–32 മത്താ 13:31-32=ലൂക്കാ 13:18-19). എന്നാൽ, മക്കോസിൻെറ പദപ്രയോഗം മത്തായിയുടേതിൽനിന്നും ലൂക്കായുടേതിൽനിന്നും തുലോം വ്യത്യസ്തമായതിനാൽ, മക്കോസിൻെറ ഈ അറിവ് സ്വതന്ത്രമായി ലഭിച്ചതായിരിക്കണം. ഇതു് മക്കോസും ഉറവിടങ്ങൾ ഉപയോഗിച്ചിരുന്നു എന്ന വസ്തുതയെ വ്യക്തമാക്കുന്നു.

6 "ക്യൂ" സ്രോതസ്സ്

മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ, മക്കോസിൻേറതല്ലാത്ത ധാരാളം വിശദാംശങ്ങൾ കാണാം. തന്മൂലം പല പണ്ഡിതന്മാരും ഇവർ ഒരു പൊതുസ്രോതസ്സ് ഉപയോഗിച്ചിരുന്നുവെന്ന് അനുമാനിക്കുന്നു. 'ക്യൂ' എന്ന സാമാന്യസ്രോതസ്സിൽ ക്രിസ്തുവിൻെറ പ്രബോധനങ്ങളും ഏതാനും ചില വിവരണഭാഗങ്ങളും ഉണ്ടായിരിക്കാനാണ് സാദ്ധ്യത. പുതിയനിയമപഠനങ്ങൾ സുവിശേഷങ്ങൾക്കുപിന്നിലുള്ള ലിഖിതരേഖകളെ കേന്ദ്രീകരിച്ചതുമുതൽ 'ക്യൂ' ഒരു ലിഖിത സ്രോതസ്സാണെന്നുള്ള അനുമാനത്തിന് സ്ഥിരീകരണം ലഭിച്ചു. ഈ ഊഹത്തിനു് അടിസ്ഥാനമായ വസ്തുതകളാണ് താഴെപ്പറയുന്നതു്.

(1) മത്തായിയിലും ലൂക്കായിലും ഉള്ള പൊതുവായ വസ്തുതകൾ (235 വാക്യങ്ങൾ)—ഇവയിൽ മിക്കതും തമ്മിൽ ഭാഷാപരമായ ബന്ധമുണ്ട്–ഒരു പൊതുവായ ലിഖിത സ്രോതസ്സിൽനിന്നു് മാത്രമുള്ളതാണ്.

(2) ഈ വസ്തുതകളുടെ ക്രമം രണ്ടു സുവിശേഷങ്ങളിലും ഏതാണ്ടൊരുപോലെതന്നെയാണ്.

3) മത്തായിയിലും ലൂക്കായിലുമുള്ള ഈ സാമ്യം അസാധാരണമായ പദങ്ങളിലും ശൈലികളിലും അതുപോലെ വ്യാകരണപ്രയോഗങ്ങളിലും കാണാൻ സാധിക്കും. (ഉദാഹരണത്തിനു് മത്താ 7:7–11=ലൂക്കാ 11:9–13; മത്താ 4:1-11=ലൂക്കാ 4:1–13; പ്രത്യേകിച്ചും മത്താ 4:5; ലൂക്കാ 4:9, ''ദേവാലയഗോപുരത്തിൻെറ മുകളിൽ അവിടുത്തെ നിറുത്തി''; മത്താ 3:7–10=ലൂക്കാ 3:7–9).

(4) മത്തായിയ്ക്കും ലൂക്കായ്ക്കും ഉള്ള യുഗ്മവിവരണങ്ങൾ (Doublets): ഒരേ വിവരണംതന്നെ രണ്ടു പ്രാവശ്യം ഒരു സുവിശേഷത്തിൽ കാണപ്പെടുന്നതിനെ യുഗ്മവിവരണം എന്നു വിളിക്കുന്നു. പൊതുവായ ലിഖിതസ്രോതസ്സിന്റെ തെളിവാണിതു്. മത്തായിയിലും ലൂക്കായിലും രണ്ടു സ്ഥലത്തു് ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ ഒരു പരമ്പരതന്നെയുണ്ടു്. പരസ്പരം ബന്ധപ്പെട്ട രീതിയിൽ ഇത്തരം ഒരു യുഗ്മവിവരണം മർക്കോസിലുമുണ്ടു്. രണ്ടാമതു് കാണുന്നതു് ഈശോയുടെ പ്രഭാഷണങ്ങളിലാണു്. ഇതു് മത്തായിയ്ക്കും ലൂക്കായ്ക്കും മാത്രമേയുള്ളു. ഏററവും പ്രധാനപ്പെട്ട ഉദാഹരണങ്ങൾ ഇവയാണു്:

(a) ''ഉള്ളവനു് അധികം നല്കപ്പെടും.'' (മത്താ 13:12= മർക്കോ 4:25=ലൂക്കാ 8:18; വീണ്ടും മത്താ 25:29=ലൂക്കാ 19:26).

(b) ''ആരെങ്കിലും എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെപരിത്യജിക്കട്ടെ'' (മത്താ 16:24–25= മർക്കോ 8:34–35=ലൂക്കാ 9:23–24; വീണ്ടും മത്താ 10:38–39= ലൂക്കാ 14:27+17:33). ഈ വസ്തുതകളുടെ വെളിച്ചത്തിൽ മത്തായിയും ലൂക്കായും മർക്കോസിന്റെ സുവിശേഷത്തിനു പുറമേയുള്ള മററൊരു ലിഖിതസ്രോതസ്സു് ഉപയോഗിച്ചുവെന്നു് വ്യക്തമാകുന്നു.

'ക്യു' വിവരണം സ്നാപകയോഹന്നാനെ സമാദരണീയനായ ഒരു വ്യക്തിയായി ചിത്രീകരിക്കുന്നുണ്ടു്. എന്നാൽ അദ്ദേഹത്തെപ്പററിയുള്ള എല്ലാ വിവരണങ്ങളിലും അദ്ദേഹം ക്രിസ്തുവിന്റെ മുന്നോടിയായിരുന്നുവെന്നതു് സുവിദിതമാണു്. 'ക്യു' ദുഃഖകരമായ ഒരു വിവരണം നൽകുന്നുണ്ടു്. ഗലിലേയൻ നഗരങ്ങളുടെ തണുപ്പൻ പ്രതികരണത്തിൽ ഈശോയ്ക്കുള്ള ദുഃഖവും ജറുശലേമിനെയോർത്തുള്ള വിലാപവും. പീഡാനുഭവത്തേയോ ഉത്ഥാനത്തേയോ സംബന്ധിച്ചു് 'ക്യു' വിൽ യാതൊരു സൂചനയും കാണുന്നില്ല.

'ക്യു'വിന്റെ ഉള്ളടക്കം

'ക്യു' സ്രോതസ്സിനെ അംഗീകരിക്കുന്ന പണ്ഡിതന്മാർ അതിലെ വിശദാംശങ്ങളെപ്പററി അഭിപ്രായഭിന്നതയുള്ളവരാണു്. എന്നാൽ അതിലെ പ്രധാന ഭാഗങ്ങളെ സംബന്ധിച്ചു് അവരുടെയി

ടയിൽ യോജിപ്പുണ്ട്. 'ക്യ'വിന്റെ പ്രധാന പ്രത്യേകതകൾ താഴെ ക്കാണുന്ന ഘടനയിൽനിന്നു് വ്യക്തമാണ്.

1 യോഹന്നാന്റെ പ്രസംഗം (മത്താ 3:7–10=ലൂക്കാ 3:7–9)

2 യോഹന്നാന്റെ ചോദ്യവും ക്രിസ്തുവിന്റെ മറുപടിയും (മത്താ 11:2–19=ലൂക്കാ 7,18–35)

3 ഈശോ നേരിട്ട പ്രലോഭനങ്ങൾ (മത്താ 4,1–11 =ലൂക്കാ 4:1–13)

4 മലയിലെ പ്രസംഗം

a) സുവിശേഷഭാഗ്യങ്ങൾ (മത്താ 5:3,4–6,11,12 =ലൂക്കാ 6:20–23)

b) ശത്രുക്കളെ സ്നേഹിക്കുക (മത്താ 5:39–42,44–48;7:12 =ലൂക്കാ 6:27–36)

c) കർത്തൃപ്രാർത്ഥന (മത്താ 6:9–13=ലൂക്കാ 11:2–4)

d) പ്രാർത്ഥനയെ സംബന്ധിച്ചുള്ളവ (മത്താ 7:7–11 =ലൂക്കാ 11:9–13)

e) വ്യഗ്രതയും സമ്പാദ്യങ്ങളും (മത്താ 6:25–33,19–21 =ലൂക്കാ 12:22–34)

f) പ്രകാശത്തെക്കുറിച്ചുള്ള പ്രഭാഷണം (മത്താ 5:15; 6:22–23=ലൂക്കാ 11:33-35)

g) രണ്ടു് യജമാനന്മാരെ സേവിക്കുന്നതിനെപ്പററി (മത്താ 6:24=ലൂക്കാ 16:13)

h) വിധിയെക്കുറിച്ച് (മത്താ 7:1–5=ലൂക്കാ 6:37–38; 41–42)

i) ദൈവവചനം ശ്രവിക്കുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരും (മത്താ 7:24–27=ലൂക്കാ 5:47–49)

5 ശതാധിപന്റെ ഭൃത്യൻ (മത്താ 8:5–13 =ലൂക്കാ 7:1–10)

6 ക്രിസ്തുശിഷ്യത്വം

a) ശിഷ്യത്വത്തിന്റെ മൂല്യം (മത്താ 10:37–38 =ലൂക്കാ 14:26–27)

b) ശിഷ്യത്വത്തിന്റെ സ്വഭാവം (മത്താ 8:19–22 =ലൂക്കാ 9:57–60)

c) പന്ത്രണ്ടു് ശിഷ്യരെ അയയ്ക്കുന്നതു് (മത്താ 10:1, 9–11 =ലൂക്കാ 9:1–5)

d) ശിഷ്യരുടെ പ്രേഷിതദൗത്യം (മത്താ 9:37–38; 10:20–24=ലൂക്കാ 10:2–12)

7 ഭയരഹിതമായ സാക്ഷ്യത്തെപ്പററി (മത്താ 10:26–33 =ലൂക്കാ 12:2–12)

8 വിശ്വാസത്തെ സംബന്ധിച്ച് (മത്താ 17:20 =ലൂക്കാ 17:5–6)

9 ഗലീലേയൻ നഗരങ്ങളെ ശപിക്കുന്നു (മത്താ 11:20–24 =ലൂക്കാ 10:13–15)

10 പിതാവിനോടുള്ള ക്രിസ്തുവിന്റെ നന്ദിപ്രകാശനം (മത്താ 11:25–27=ലൂക്കാ 10:21–22)

11 ബെൽസ്ബൂബിനെക്കുറിച്ചുള്ള വിവാദം (മത്താ 12:22–30=ലൂക്കാ 11:14–23)

12 പരിശുദ്ധാത്മാവിനെതിരായ പാപം (മത്താ 12:31–32=ലൂക്കാ 12:10)

13 ദുഷ്ടാരൂപിയുടെ തിരിച്ചുവരവ് (മത്താ 12:43–45 =ലൂക്കാ 11:24–25)

14 ജോനാപ്രവാചകന്റെ അടയാളം (മത്താ 12:38–42 =ലൂക്കാ 11:29–32)

15 കടുകുമണിയും പുളിമാവും (മത്താ 13:31–33 =ലൂക്കാ 13:18–21)

16 ഫ്രീശർക്കെതിരായ താക്കീതുകൾ (മത്താ 23:4. 13, 23–25, 29–36 = ലൂക്കാ 11:39–52)

17 യറുശലേമിനെക്കുറിച്ചുള്ള വിലാപം (മത്താ 23:37–39 =ലൂക്കാ 13:34–35)

18 ജാഗ്രതയെക്കുറിച്ച് (മത്താ 24:43–51 =ലൂക്കാ 12:39–46)

19 ഇസ്രായേലിനെതിരായ വിധി (മത്താ 7:13–14; 8:11–12; 25:10–12; 19:30=ലൂക്കാ 13:23–30)

20 നിയമത്തെയും വിവാഹമോചനത്തെയും സംബ
ന്ധിച്ച് (മത്താ 11:12–13; 5:18,32
=ലൂക്കാ 16:16–18)

21 മനുഷ്യപുത്രൻെറ ദിവസം (മത്താ 24:26–28, 37:41
=ലൂക്കാ 17:23–27,30, 34–37)

22 താലന്തിൻെറയും നാണയത്തിൻെറയും ഉപമകൾ
(മത്താ 25:14–30=ലൂക്കാ 19:12–27)

'ക്യൂ'വിൻെറ ഈ പുനഃസംഘടന പ്രഥമദൃഷ്ട്യാ രൂപഭദ്രതകുറഞ്ഞതും കുറച്ചുമാത്രം വിവരണഭാഗങ്ങളുള്ളതുമായ ഒരു രേഖയാണ് നല്കുന്നതു്. ഒററപ്പെട്ട സൂക്തങ്ങൾ അവയെ യോജിപ്പിക്കുന്ന ഒരു വ്യക്തമായ ഘടനയില്ലാതെ കാണപ്പെടുന്നു. മത്തായിയും ലൂക്കായും 'ക്യൂ'വിലെ വസ്തുതകൾ ഉപയോഗിച്ചിരിക്കുന്നതു് വ്യത്യസ്തമായ രീതികളിലാണ്. ഇതിൽ സവിശേഷമായതു് മത്തായിയുടെ നിർധാരണരീതിയാണ്.

'ക്യൂ'വിൻെറ ഉദ്ദേശ്യം പ്രബോധനപരമായിരുന്നിരിക്കണം. ആദിമക്രിസ്തീയസമൂഹങ്ങളിൽ ക്രിസ്തുവിൻെറ പ്രബോധനങ്ങൾ സമാഹരിച്ചു് ഉപയോഗിച്ചിരുന്നുവെന്നു് ന്യായമായും കരുതാവുന്നതാണ്. ഇതിൽ 'ക്യൂ'വിലുള്ളവയെല്ലാംതന്നെ ക്രൈസ്തവശിഷ്യത്വത്തെപ്പററിയുള്ള പ്രായോഗികവശങ്ങളെ പ്രതിപാദിക്കുന്നു. ക്രിസ്തുവിൻെറ പ്രാമാണികതയുടെ ബലത്തിൽ ആദിമശിക്ഷണസംഹിതയായി ഇതു രൂപപ്പെടുത്തിയിരിക്കണം.

7 ചതുർരേഖാസിദ്ധാന്തം

സമവീക്ഷണസുവിശേഷങ്ങൾക്കടിസ്ഥാനമായ ദ്വിരേഖാസിദ്ധാന്തം പല പ്രകാരത്തിൽ വികസിച്ചു് രൂപം പ്രാപിച്ചിട്ടുണ്ട്. മറെറാരു സുവിശേഷത്തിലും സമാന്തരമായി കാണാത്ത, മത്തായിയുടെ സുവിശേഷത്തിൽ മാത്രമുള്ള ഏകദേശം 300 വാക്യങ്ങളുടെയും ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന 550–ഓളം വാക്യങ്ങളുടെയും ഉത്ഭവം ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. 1924–ൽ ബി. എച്ച്. സ്ട്രീററർ ഒരു ചതുർരേഖാ സിദ്ധാന്തത്തിനു് രൂപം നല്കി. പല പണ്ഡിതന്മാരും ഇതിനെ അംഗീകരിക്കുകയുണ്ടായി. മത്തായി, മർക്കോസിൻെറ സുവിശേഷത്തിനും 'ക്യൂ'വിനും

പുറമേ, മററു സുവിശേഷകന്മാർ അറിയുകയോ ഉപയോഗിക്കുകയോ ചെയ്യാത്ത മററൊരു സ്രോതസ്സ് ഉപയോഗിച്ചു എന്നു് അദ്ദേഹം സിദ്ധാന്തിക്കുന്നു. മത്തായിയുടെ ഈ പ്രത്യേക സ്രോതസ്സിനെ ''M'' എന്നു വിളിക്കാം. ഇതേ രീതിയിൽ, ലൂക്കാ, മർക്കോസിനും 'ക്യ'വിനും പുറമേ അദ്ദേഹത്തിനുമാത്രം അറിയാമായിരുന്ന ഒരു ഉറവിടം ഉപയോഗിച്ചുവത്രേ. ഇതിനെ ''L'' എന്നു വിളിക്കാം. ഇതു് അർത്ഥമാക്കുന്നതു്, മത്തായി, മർക്കോസും 'ക്യ'വും ''M''ഉം പ്രധാന സ്രോതസ്സുകളായി ഉപയോഗിച്ചു എന്നും; ലൂക്കാ, മർക്കോസും 'ക്യ'വും ''L''ഉം ഉപയോഗിച്ചു എന്നുമാണു്. ഈ ചതുർരേഖാസിദ്ധാന്തം ദ്വിരേഖാസിദ്ധാന്തത്തിന്റെ ഒരു വികസിതരൂപമാണു്. ചതുർരേഖാസിദ്ധാന്തം ഇപ്രകാരം സംഗ്രഹിക്കാം.



ഈ സിദ്ധാന്തത്തിനു് അനേകം രൂപഭേദങ്ങളുണ്ടായിട്ടുണ്ടെങ്കിലും സുവിശേഷോല്പത്തിയെ സംബന്ധിച്ച ഒരു സാങ്കേതികതത്ത്വമായി ചതുർരേഖാ സിദ്ധാന്തം ഇന്നും അംഗീകരിക്കപ്പെടുന്നുണ്ടു്. ബ്രിട്ടീഷ് പണ്ഡിതന്മാരുടെയിടയിലാണു് ഇതിനേറെ അംഗീകാരമുള്ളതു്. (എന്നാൽ, ഒട്ടേറെ ജർമ്മൻ പണ്ഡിതന്മാർ മത്തായിയുടെയും ലൂക്കായുടെയും പ്രത്യേക സ്രോതസ്സെന്ന ആശയത്തെ തിരസ്കരിക്കുന്നു). ഈ പ്രത്യേക സ്രോതസ്സുകളാണു് (M, L) മത്തായിയുടേയും ലൂക്കായുടേയും സുവിശേഷങ്ങൾക്ക് അവയുടെ വ്യതിരിക്തങ്ങളായ സ്വഭാവങ്ങൾ നല്കുന്നതു്. മത്തായിയുടെ പ്രത്യേക വിഷയത്തിലെ (M) പ്രധാന സ്വഭാവം അതിന്റെ യഹൂദച്ചുവതന്നെയാണു് (കാണുക: മത്താ 5:17–19;10:6;13:52;22:11–14;25:1–13,31–33;23:2;19:28).

ലൂക്കായുടെ പ്രത്യേക വിഷയത്തിലധികവും (L) അദ്ദേഹത്തിന്റെ സുവിശേഷത്തിലെ ''യാത്രാവിവരണം'' എന്നറിയപ്പെടുന്ന പ്രധാന വിഭാഗത്തിലാണ് ഉൾച്ചേർന്നിരിക്കുന്നത് (ലൂക്കാ 9:51—18:14). ക്രിസ്തുവിന്റെ വിവിധ അന്യാപദേശങ്ങളാണ് ഈ ഭാഗത്തുള്ളത്. ലൂക്കായുടെ പ്രത്യേക സ്രോതസ്സിന്റെ സ്വഭാവ വിശേഷങ്ങൾ ഇവയാണ്:

(a) ഈശോയ്ക്ക് മനുഷ്യവ്യക്തികളോടുള്ള താത്പര്യം ഈ ഭാഗത്തെ മിക്ക അന്യാപദേശങ്ങളിലും ദൃശ്യമാകുന്നുണ്ട്.

(b) ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ക്രിസ്തുവിന്റെ അത്ഭുതങ്ങളിൽ, അവിടുത്തെ കരുണയും ദയാവായ്പും ക്ഷമയും മിഴിവുററതാണ്.

(c) സ്ത്രീകളുടെ കാര്യത്തിലുള്ള താത്പര്യവും ശ്രദ്ധേയമാണ്.

പ്രഥമ "ലൂക്കൻ സങ്കല്പം" (Proto–Luke hypothesis)

ബി. എച്ച്. സ്ട്രീററർ, വിൻസൻറ് ടെയ്ലർ തുടങ്ങിയ ബ്രിട്ടീഷ് പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ലൂക്കായുടെ ഇപ്പോഴത്തെ സുവിശേഷം വ്യത്യസ്ത ഘട്ടങ്ങൾ തരണം ചെയ്ത ഒരു വികസിത രൂപമാണ്. ആദ്യം, ലൂക്കാ തന്റെ പ്രത്യേക സ്രോതസ്സും (L) 'ക്യൂ'വും തമ്മിൽ യോജിപ്പിച്ചു; അങ്ങനെ ആദിമ–ലൂക്കൻ (Proto–Luke) സുവിശേഷമുണ്ടായി. പിന്നീട് ലൂക്കാ മർക്കോസിന്റെ സുവിശേഷത്തെപ്പററി കേട്ടപ്പോൾ, മർക്കോസിന്റെ സുവിശേഷത്തിലെ പ്രധാന ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, തന്റെ ആദ്യസുവിശേഷം കുറച്ചുകൂടി വിപുലമാക്കിത്തീർത്തു. എന്നാൽ, ആധുനിക പുതിയനിയമപണ്ഡിതന്മാരുടെ അംഗീകാരമൊന്നും ഈ ആദിമ–ലൂക്കൻ സിദ്ധാന്തത്തിന് കിട്ടിയില്ല; പലരും തിരസ്കരിച്ചിരിക്കുകയാണത്.

8 സമവീക്ഷണ സുവിശേഷങ്ങളുടെ വ്യാഖ്യാനത്തിൽ ദ്വിരേഖാ സിദ്ധാന്തത്തിന്റെ പ്രസക്തി

മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളുടെ ഉറവിടം മർക്കോസും 'ക്യൂ'വും ആണെന്നുള്ള അനുമാനമാണ് ദ്വിരേഖാ സിദ്ധാന്തം. ഈ സിദ്ധാന്തം സമവീക്ഷണ സുവിശേഷങ്ങളുടെ സാമ്യവുംവ്യത്യാസവും വിശദീകരിക്കാൻ നമ്മെ സഹായിക്കുന്നു. ഈ

സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ സമവീക്ഷണ സുവിശേഷങ്ങളെ പഠിക്കുമ്പോരം മത്തായിയും ലൂക്കായും തങ്ങളുടെ സ്രോതസ്സുകളെ സ്വതന്ത്രമായി ഉപയോഗിച്ചു എന്നു് വ്യക്തമാകും. അവർ സ്രോതസ്സുകളിൽനിന്നു് പദാനുപദം പകർത്തുകയല്ല, മറിച്ചു് മൂലത്തിൽ വ്യതിയാനം വരുത്തികൊണ്ടു് സ്വതന്ത്രമനോഭാവത്തോടെ നിരൂപണബുദ്ധ്യാ അവയെ ഉപയോഗിക്കുകയത്രേ ചെയ്തതു്. മക്കോസിൻെറ സുവിശേഷവും 'ക്യു'വും ഇപ്രകാരംതന്നെ അവർ കൈകാര്യം ചെയ്തു എന്നു പറയാം. മത്തായിയും ലൂക്കായും തങ്ങളുടെ സ്രോതസ്സുകളെ ഉപയോഗിച്ചതു് തങ്ങരംക്കു് തോന്നുംവിധമായിരുന്നില്ല, അവർ സ്വീകരിച്ചിരുന്ന ദൈവ ശാസ്ത്ര നിലപാടുമായി വ്യക്തമായും ബന്ധപ്പെടുത്തിയാണു്. ഉദാഹരണത്തിനു്, മത്തായിയും ലൂക്കായും മക്കോസിൻെറ സുവിശേഷത്തെ എങ്ങനെ ഭേദഗതി ചെയ്തു, എങ്ങനെ ചില ഭാഗങ്ങരം ഉപേക്ഷിച്ചു, എങ്ങനെ വീണ്ടും ക്രമപ്പെടുത്തി, എന്നു നാം നിരീക്ഷിക്കുകയാണെങ്കിൽ അവരുടെ ദൈവശാസ്ത്രപരമായ വീക്ഷണത്തെപ്പററി നമുക്കു് ഒരുരംക്കാഴ്ച തീർച്ചയായും ലഭിക്കും. തങ്ങളുടെ സ്രോതസ്സുകളിൽ എപ്രകാരം വ്യത്യസ്തരാണെന്നതിലത്രേ മത്തായിയുടെയും ലൂക്കായുടെയും സുവിശേഷതതരം അടങ്ങിയിരിക്കുന്നതു്. ഈ വസ്തുതയെയാണു് സുവിശേഷവ്യാഖ്യാനത്തിൽ ദ്വിരേഖാ സിദ്ധാന്തത്തിൻെറ പ്രാധാന്യം വ്യക്തമാക്കുന്നതു്. ഇതത്ഥമാക്കുന്നതു് മത്തായിയും ലൂക്കായും എല്ലായ്പ്പോഴും മക്കോസിൻെറ സുവിശേഷത്തിൻെറ വെളിച്ചത്തിലും ('ക്യു'വിൻെറയും) വിശദീകരിക്കപ്പെടണം എന്നതാണു്. കാരണം, ഇവയാണു് മത്തായിയുടെയും ലൂക്കായുടെയും സുവിവേഷങ്ങരംക്കു് പശ്ചാത്തലമൊരുക്കിയിട്ടുള്ളതു്. ഗ്രന്ഥകാരൻെറ സന്ദേശത്തിൻെറ പൂണ്ണരൂപം നമുക്കു് കിട്ടണമെങ്കിൽ നാം എല്ലാ ഭാഗങ്ങളിലുമുള്ള വ്യത്യാസങ്ങളെ കണക്കിലെടുക്കണം. ഓരോ മാററത്തിൻേറയും സാത്ഥകത നിണ്ണയിക്കുവാൻ ഗ്രന്ഥകാരൻെറ സന്ദേശത്തിൻെറ പൂണ്ണരൂപം നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം.

മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിലുള്ള ഈ മാററങ്ങരം മക്കോസിൻെറ സുവിശേഷത്തെ വ്യാഖ്യാനിക്കാൻ സഹായകമാണു്. കാരണം, ചില പ്രത്യേക സാഹചര്യങ്ങളിൽ മക്കോസിൻെറ സുവിശേഷത്തിലെ ചില പ്രസ്താവനകരം പിന്നീടുള്ള എഴുത്തുകാരെ എങ്ങനെ ബാധിക്കുമെന്നു് ഇവ വ്യക്തമാക്കുന്നു.

പിന്നീടുള്ള എഴുത്തുകാർക്ക് എഴുതാൻ താത്പര്യമില്ലാത്തതോ, കഴിയാത്തതോ ആയ ചില പ്രസ്താവനകളായിരിക്കാം അവ. അതിനാൽ പരോക്ഷമായിട്ട്, മത്തായിയിലും ലൂക്കായിലുമുള്ള ഈ മാററങ്ങൾ മർക്കോസിൻെറ പ്രസ്താവനകളിലേയ്ക്ക് വെളിച്ചം വീശുന്നവയാണ്. എന്നാൽ, ഇവിടെ നാം ശ്രദ്ധിക്കേണ്ട ഒരു വസ്തുത കാലിക ക്രമം (temporal sequene) ആണ്. ഇങ്ങനെ സമവീക്ഷണ സുവിശേഷ വ്യാഖ്യാനത്തിൽ ദ്വിരേഖാ സിദ്ധാന്തം സുപ്രധാനമായ ഒരു ഘടകമായിത്തീർന്നിരിക്കുന്നു.

ഉപസംഹാരം

ഇന്നു ലഭ്യമായ ഏററം മികച്ച ഒരു വ്യാഖ്യാനസിദ്ധാന്തമാണ് ദ്വിരേഖാ സിദ്ധാന്തം. ഇതിൻെറ പ്രാധാന്യത്തിനു കാരണം ഇതിൻെറ പ്രായോഗികത തന്നെ. എന്നാൽ, ഒരു വസ്തുത നാം വിസ്മരിക്കരുത്. അത് ഇപ്പോഴും ഒരു സിദ്ധാന്തം മാത്രമാണ്; സങ്കല്പാധിഷ്ഠിതമായ ഒരു സിദ്ധാന്തം മാത്രം. ഒരിക്കലും മാററം വരാത്ത ഒരു പ്രമാണമായി ഇതിനെ ഉയർത്തിപ്പിടിക്കുന്നത് ഭോഷത്തമായിരിക്കും. ഈ സിദ്ധാന്തത്തിനുപോലും ഉത്തരം നൽകാനാവാത്ത ചില പ്രശ്നങ്ങളും, വിശദീകരിക്കാനാവാത്ത ചില സുവിശേഷ പ്രതിഭാസങ്ങളുമുണ്ട്. മർക്കോസിൽനിന്നും വ്യത്യസ്തമായി, മത്തായിയും ലൂക്കായും പദപ്രയോഗത്തിൽ യോജിക്കുന്ന സന്ദർഭങ്ങളുണ്ട്—മത്തായിയുടെ സുവിശേഷത്തെ ലൂക്കാ അവലംബിക്കുകയോ ലൂക്കായുടെ സുവിശേഷത്തെ മത്തായി സ്രോതസ്സാക്കുകയോ ചെയ്തു എന്നു ദ്യോതിപ്പിക്കുന്ന സന്ദർഭങ്ങൾ—ഇതുപോലുള്ള സാമ്യങ്ങൾ അത്രയെളുപ്പം വിശദീകരിക്കാനാവില്ല. ഇങ്ങനെ നോക്കിയാൽ സമവീക്ഷണ പ്രശ്നം (synoptic problem) പൂർണ്ണമായി പരിഹരിക്കപ്പെടുന്നില്ല എന്നു കാണാം. ഉപരി ശാസ്ത്രീയ ഗവേഷണത്തിനായി അതു തുറന്നുതന്നെ കിടക്കുന്നു.

വിവർത്തകൻ: **ജോജോ പ്ലാക്കൂട്ടം**

തിരുക്കല്ലറ

തിരുക്കല്ലറ. യറുശലേമിലെ തിരുക്കബെറിട ദേവാലയത്തിലെ ഏററം പ്രധാന ഭാഗമാണിതു്. ഇവിടെയാണു് ഈശോയുടെ ശരീരം സംസ്കരിച്ചതു്. കല്ലറയുടെ മുൻഭാഗത്തുക്കൂടി ഉള്ളിൽ പ്രവേശിക്കാം. ഏതാനംപേക്കമാത്രമേ ഉാംഭാഗത്തു നില്ക്കാനിട മുള്ള മുൻഭാഗങ്ങരം ഭംഗിയായി അലങ്കരിച്ചിട്ടുണ്ടു്.

''....അരമത്തിയാക്കാരനായ യൗസേപ്പ് എന്ന പേരുള്ള ഒരു ധനികൻ അവിടെ വന്നു; അയാളും ഈശോയുടെ ശിഷ്യൻ ആയിരുന്നു.... യൗസേപ്പ് മൃതശരീരം ഏററുവാങ്ങി നിമ്മല മായ ഒരു കച്ചയിൽ പൊതിഞ്ഞു് പാറയിൽ വെട്ടിയുണ്ടാക്കി യ തന്റെ വക പുതിയ കല്ലറയിൽ സംസ്കരിച്ചു. കല്ലറയുടെ വാതിൽക്കൽ വലിയ ഒരു കല്ലു് ഉരുട്ടിവച്ചിട്ടു് അയാരം പോയി.'' (മത്താ 27:57–60)

III

പുതിയ നിയമത്തിന്റെ പശ്ചാത്തല ലോകം

ഫാ. ജോർജ് കണിയാരകത്ത്

പുതിയ നിയമത്തിൻെറ പശ്ചാത്തല ലോകം

വടക്കു് അമ്മാനൂസ്—താവരൂസ് മലകളുടേയും കിഴക്കു് സീനായ്—അറേബ്യൻ മരുഭൂമികളുടേയും, പടിഞ്ഞാറു് മദ്ധ്യധരണിയാഴിയുടേയും, കിഴക്കു് സിറിയായുടേയും മദ്ധ്യേ ഏതാണ്ടു് ദീർഘചതുരാകൃതിയിലുള്ള ഭൂപ്രദേശമാണു് പ്രധാനമായും പുതിയ ഉടമ്പടി ഗ്രന്ഥങ്ങളുടെ പശ്ചാത്തലമായി വരുന്നതു്. വടക്കു് ദാൻ മുതൽ തെക്കു് ഏലാത്തുവരെ 250 മൈൽ നീളുന്ന ഈ പ്രദേശം പഴയ ഉടമ്പടിപ്പുസ്തകത്തിൽ പറയുന്നതുപോലെ'' ദാൻ മുതൽ ബേർഷെബാ'' വരെ (ന്യായ, 20:1, ഏശാവ്യ 24:15) എന്നു കണക്കാക്കിയാൽ 150 മൈൽ നീളവും ഏററവും ഏറിയ ഭാഗത്തു് 57 മൈൽ വീതിയും ഉണ്ടാകും. സിറിയാ, ടർക്കി, സൈപ്രസ്, ഗ്രീസ്, ഇററലി എന്നീ ആധുനീക നാടുകറം പുതിയ ഉടമ്പടി ഗ്രന്ഥങ്ങളുടെ പശ്ചാത്തല ഭൂമിയെ ഉറംക്കൊള്ളുന്നു.

A പലസ്തീനാ

ഫിലിസ്ത്യക്കാരിൽനിന്നും രൂപപ്പെട്ട ഈ പേരു് വേദപുസ്തക പാരമ്പര്യത്തിൽ പരിമിതമായ ഒരു പ്രദേശത്തോടും ജനതയോടും ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിനു പന്ത്രണ്ടു നൂററാണ്ടുകറംക്കു മുമ്പു് യോപ്പേയ്ക്കു തെക്കു് വാഡിഗാസ്സേവരെയുള്ള പ്രദേശത്തു പാർത്തിരുന്നവരാണു്ഫിലിസ്ത്യാക്കാർ അഥവാ ഫെലിശ്ത്തീം(1 ശാമു. 4:1). ഗാസാ, അശ്ക്കേലോൺ, അശ്ദോദ്, എക്റോൺ, ഗാത്തു് എന്നിങ്ങനെ അഞ്ചു പട്ടണങ്ങളെ കേന്ദ്രീകരിച്ചാണു് ഇവർ ജീവിച്ചിരുന്നതു്. കപ്പൽ യാത്രയും കച്ചവടവുമായെത്തിയ ഗ്രീക്കുകാരാണു് ഇവരുടെ പേർ ആദ്യമായി വ്യാപകാർത്ഥത്തിൽ ഉപയോഗിച്ചതു്. ക്രിസ്തുവിനു് അഞ്ചു നൂററാണ്ടുകറംക്കുമുമ്പു് ഗ്രീക്കുചരിത്രകാരനായ ഹിറോഡോട്ടസ് ഈ വിധം ഉപയോഗിച്ചിട്ടുണ്ടു്. പ്ലൂട്ടാർക്കു തുടങ്ങിയ റോമൻ ചരിത്രകാരന്മാരും ഈ പാരമ്പര്യം തുടർന്നു. ക്രൈസ്തവസഭാപിതാക്കന്മാരായ വി. ജറോമും, എവുസേബിയസും ഇതനു

ഗമിച്ചു. ഒന്നാംലോകയുദ്ധശേഷം ഇവിടെ ആധിപത്യം ലഭിച്ച ഇംഗ്ലീഷുകാരും ഇതു തുടർന്നു. 1948–ൽ പലസ്തീന, ഇസ്രായേൽ (യഹൂദർ) യോർദ്ദാൻ (അറബികൾ) എന്നു് രണ്ടായി വിഭജിക്കപ്പെട്ടു. അവിഭജിത പലസ്തീനായാണു് നമുക്കു് ശ്രദ്ധേയം.

കാനാൻ ദേശം

വിശുദ്ധ നാടിന്റെ പേരായി വി. ഗ്രന്ഥം ഏററം ഉപയോഗിച്ചിട്ടുള്ളതു് ഈ പദമാണു് (സംഖ്യ.34:3–12). ബി.സി. പതിനഞ്ചാം നൂററാണ്ടിൽ ഈജിപ്ററു ഭരിച്ചിരുന്ന അമെനോഫീസ് രണ്ടാമന്റെ ഒരു രേഖയിലാണു് ആദ്യമായി ഈ പേർ കാണുന്നതു്. ബി. സി. പതിനഞ്ചാം നൂററാണ്ടിലെ അമാർണാ രേഖകളിൽ കാണുന്ന പേരും (Kinahna, Kinahhi) ബി. സി. പതിനഞ്ചാം നൂററാണ്ടിലെ നൂസിരേഖകളിൽ കാണുന്ന പേരും (Kinahhu) തമ്മിൽ കാര്യമായ വ്യത്യാസമില്ല. കടൽജീവികളിൽനിന്നു കിട്ടുന്ന ശ്യാമളവർണമുള്ള ഒരുതരം ചായത്തിൽനിന്നായിരിക്കണം ഈ പേരെന്നു കരുതാം. ഈ ചായം ഇവരുടെ ഒരു പ്രധാന കച്ചവടസാധനമായിരുന്നിരിക്കണം (ഏശാ. 23:8; ഹോശാ. 12). ഹ്രറിയൻ വർഗ്ഗക്കാർ ഫെനീഷ്യൻ പ്രദേശത്തിനു ''ശ്യാമളവർണം'' എന്ന അർത്ഥത്തിൽ 'ഫൊയിനിക്സ്'' എന്നു പേർ വിളിച്ചു. ഇതിൽനിന്നാണു് ഫെനീഷ്യ. കാനാൻദേശമെന്നതു് പപ്പീറസ് ചെടികളുടെ നാടു്, ഞാങ്കണ നാടു് എന്നു മനസ്സിലാക്കുന്നവരും ഉണ്ടു്.

ഇസ്രായേൽ ദേശം (എറെസ് യിസ്രായേൽ) എന്നതു് വേദപുസ്തകാധിഷ്ഠിതമായ മറെറാരു പേരാണു്. മക്കബായരുടെ തുടർച്ചയായ ഹസമോണിയൻ രാജാക്കളുടെ കാലംമുതൽ ഹേറോദേസിന്റെ കാലംവരെ ഈ പ്രദേശം ''യൂദയാ'', എന്നറിയപ്പെട്ടിരുന്നു (നെഹ 11:25–36). ദൈവജനത്തിനു ലഭിച്ച ഭൂമിയെന്ന അർത്ഥത്തിൽ വാഗ്ദാനഭൂമിയാണിതു് (ഉല്പ. 12:7); വിശുദ്ധ നാടുമാണു് (മക്ക. 2.12).

ഭൂവിഭാഗങ്ങൾ

ഭൂപ്രകൃതിയനുസരിച്ചു് പലസ്തീനായെ അഞ്ചായി വിഭജിക്കാം. 1. തീരപ്രദേശം, 2. മലമ്പ്രദേശം. 3. വരണ്ട പ്രദേശം 4. പിളർപ്പു പ്രദേശം, 5. യോർദ്ദാന്റെ കിഴക്കൻ പീഠഭൂമി.


ഈശോയുടെ കാലത്തെ പലസ്തീന
ഗലീലിയാ
ശമറിയ
ദശഗ്രാമം
യെരുശലേം
ചാവു കടൽ

ആദിമ സഭാ കേന്ദ്രങ്ങൾ



1, തീരപ്രദേശം

പലസ്തീനായുടെ പടിഞ്ഞാറൻ തീരത്തു് വടക്കു നിന്നു തെക്കോട്ടു നീണ്ടുംതോറും വീതി കൂടിവരുന്ന ഈ ഭാഗം സോറിനു (Tyre) അഞ്ചു മൈൽ വടക്കുള്ള ലെയൊൻറസ് നദീതടത്തിലാരംഭിച്ചു് തെക്കു ഗാസ്സാ കടന്നു് മരുഭൂമിവരെ എത്തുന്നു. ''സോറിൻെറ ഗോവണി'' എന്നറിയപ്പെടുന്ന റാഷ്എൽ–നഖൂറാ മല വടക്കും കര്മ്മേലമല തെക്കും ഇതിനെ വേർതിരിക്കുന്നു. ആക്കോ ആണ് ഈ പ്രദേശത്തെ പ്രധാന നഗരം. ഈജിപ്റ്റിലെ ടോള മികാം ഇതിനെ ''ടൊളെമായിസ്'' എന്നു പേരുമാററി. പൗലോസ് തൻെറ അവസാന യെറുശലേം യാത്രയിൽ ഇവിടെ പാർക്കുകയുണ്ടായി (ശ്ലീഹ 21:7). പ്രതാപവാനായ ഹേറോദേസ് ആക്കോയ്ക്കു തെക്കായി പണിതുയർത്തിയതാണ് കേസറിയാ. അഗസ്റ്റസ് കേസറിൻെറ നാമം പേറിയ ഈ നഗരം പലസ്തീനായിലെ റോമൻ ഭരണകൂടത്തിൻെറ ആസ്ഥാനമായിരുന്നു. എത്യോപ്യാക്കാരൻ ഷണ്ഡനെ സ്നാനപ്പെടുത്തിയശേഷം പീലിപ്പോസ് കേസറിയാവരെ യാത്ര തുടർന്നു (ശ്ലീഹ. 8:40). ദൈവഭക്തനായ കൊർണേലിയൂസെന്ന ശതാധിപൻ ഈ പട്ടണക്കാരനായിരുന്നു (ശ്ലീഹ 10: 1–33). പരിശുദ്ധാത്മാവിൻെറ ദാനംമൂലം തിരുലിഖിതം വിജാതീയർക്കും സംലഭ്യമായതു് ഇവിടെവച്ചാണ് (ശ്ലീഹ.10: 44–48). ഹേറോദേസ് അഗ്രിപ്പാ ഒന്നാമൻ ഇവിടെവച്ചു് ദൈവശിക്ഷയേററു് മരിച്ചു (ശ്ലീഹ 12:9–23). ഇവിടെവച്ചു് ഹേറോദേസ് അഗ്രിപ്പാ രണ്ടാമൻെറ മുമ്പിൽ പൗലോസ് ചെയ്ത പ്രഭാഷണം പ്രസിദ്ധമാണ് (ശ്ലീഹ. 26).

കര്മ്മേലമലയ്ക്കു തെക്കുള്ള എസ്ദ്രേലോൺ അഥവാ യെസ്രീൽ പലസ്തീനായിലെ ഏററവും വലിയ സമതലമാണ്. മദ്ധ്യഭാഗങ്ങളിലെ മലകളെ മുറിച്ചു് യോർദാൻവരെയെത്തുന്ന ഈ പ്രദേശത്തെ തീരപ്രദേശത്തോടു ബന്ധപ്പെടുത്താം. ആക്കോ സമതലവുമായി കീശോൻ നദി ഇതിനെ ബന്ധിക്കുന്നു. കർമ്മേലമല മുതൽ യോപ്പേവരെയെത്തുന്ന മറെറാരു സമതലമാണ് ഷാറോൺ. ശ്ലേമോൻെറ കാലത്തു സുപ്രധാന തുറമുഖമായിരുന്ന യോപ്പേയിൽ ദേവാലയനിർമ്മാണത്തിനുള്ള ഉരുപ്പടികരം ഇറക്കുമതി ചെയ്തിരുന്നു. സെറുബാബേലിൻെറ കാലത്തും ഇതുണ്ടായി (എസ്രാ 3:7). വിശുദ്ധയായ തബീഥ ഇവിടത്തുകാരിയായിരുന്നു (ശ്ലീഹ 9:36–42). തുകൽ

പ്പണിക്കാരനായ ശിമയോൻെറ ഭവനത്തിൽ പത്രോസ് അതിഥി യായിരുന്നിട്ടുണ്ട് (ശ്ലീഹ. 9:43). ഇവിടെവച്ചാണ് നാനാജാതി ജീവികളെ ഉൾക്കൊണ്ട പാത്രത്തിൻെറ ദർശനം പത്രോസിനു ണ്ടായതു് (ശ്ലീഹാ10:4–16). ഷാറോനു തെക്കായി ഏതാണ്ട് യെറുശലേമിനു വടക്കുപടിഞ്ഞാറാരംഭിച്ച് യൂദയാ മലകളെ മുറിച്ച് ബേർഷബാവരെയെത്തുന്ന ഒരു സമതലമാണ് ഷെഫെലാ.

2. മലമ്പ്രദേശം

ലെബനോൻ മലയുടെ തുടർച്ചയായ ഈ മലമ്പ്രദേശത്തെ മൂന്നായി തിരിക്കാം. a. ഉയന്ന ഗലിലെയാ എന്നറിയപ്പെടുന്ന വടക്കൻ ഭാഗത്തിനു് മൂവായിരത്തിലെറെ അടി ഉയരമുണ്ട്. ഇവി ടുള്ള ഹെർമോൻ മല സമുദ്രനിരപ്പിൽനിന്നു് 9101 അടി ഉയരത്തി ലാണ്. തെക്കുള്ള താഴ്ന്ന ഗലിലെയാ രണ്ടായിരം അടിയോളം ഉയരുന്നു. തെക്കൻ ഗലിലെയായിൽ ഗലിലെയാ തടാകത്തിനും മധ്യതരണിയാഴിക്കും മദ്ധ്യേയാണ് ഈശോയുടെ പട്ടണമായ നസ്രത്തു്(മത്താ 2:14–23, ലൂക്കാ 2:29–40). മാഗലവാത്ത്യ്ക്കിടമായ ഈ പട്ടണം അത്ര പ്രസിദ്ധമായിരുന്നില്ല (യോഹ 1:46). ഈശോ പര സ്യമായിപ്രഭാഷണം ആരംഭിച്ചതു് ഇവിടത്തെ ഒരു സിനഗോഗിൽ വെച്ചായിരുന്നിരിക്കണം (ലൂക്കാ 4:16–30). b. പലസ്തീനിയൻ മലമ്പ്രദേശത്തിൻെറ ഏതാണ്ട മധ്യഭാഗത്താണ് ശമറിയാകുന്നുകൾ. ഇവിടുള്ള ശമ്രായരുടെ വിശുദ്ധ മലയായ ഗെരിസിമിനു് 2849 അടി ഉയരമുണ്ട്. ഇതിനും എബാൽമലയ്ക്കും ഇടയ്ക്കാണ് ശെക്കെം. വടക്കേ ഇസ്രായേലിൻെറ തലസ്ഥാനമായ ശമറിയാപ്പട്ടണവും ഈ പ്രദേശത്താണ്. റോമൻ ചക്രവത്തിയെ പ്രീണിപ്പിക്കാൻ ഹേറോ ദേസ് ഈ പട്ടണത്തിനു് ''സെബാസ്റ്റേ'' എന്ന ഗ്രീക്കുനാമം (ലത്തീ നിൽ അവുഗുസ്തൂസ്) നൽകി. ഇവിടമായിരുന്നു പീലിപ്പോസിൻെറ പ്രധാന പ്രവത്തനകേന്ദ്രം. പത്രോസിൻെറയും യോഹന്നാൻെറയും ശുശ്രൂഷവഴി ഇവിടെവച്ച് പരിശുദ്ധാത്മാവിൻെറ ആവാസമുണ്ടാ യി (ശ്ലീഹ 8:5–25). c. ശമറായ കുന്നുകൾക്കു തെക്കാണ് യൂദയാ മലമ്പ്രദേശം. ഇതിനു കിഴക്കു വരണ്ട പ്രദേശമാണ്. മധ്യധരണിയാ ഴിക്ക് മുപ്പത്തിമൂന്നുമൈൽ തെക്കും ചാവുകടലിനു പതിന്നാലു മൈൽ പടിഞ്ഞാറുമാണ് യറുശലേം. (യഹൂദർ ഈ പട്ടണത്തെ ഇന്നും യെറുശലേം=സമാധാനത്തിൻെറ പട്ടണം) എന്നോ ''യറുശലയീം'' എന്നോ വിളിക്കുന്നു. അറബികൾക്ക് ഇതു് 'ഇൽ–ഖുദ്സ്'–വിശു

ദ്ധപട്ടണം ആണ്. യറുശലേം ഈശോയുടെ ജീവിതത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെനിന്ന് അഞ്ചുമൈൽ തെക്കാണ് അവിടുത്തെ ജന്മസ്ഥലമായ ബേത്ലെഹം (ലൂക്കാ 2:4–7). പതിന്നാലുമൈൽകൂടി തെക്കോട്ടുപോയാൽ അബ്രാഹത്തിന്റെ ശവകുടീരമുള്ള ഹെബ്രോൻ പട്ടണമായി.

3. വരണ്ടപ്രദേശം

യൂദയാമലകളുടെ കിഴക്കൻഭാഗം പത്തുപതിനഞ്ചു മൈലുകൾക്കിടയിൽ കിഴക്കാംതൂക്കായി മൂവായിരത്തോളം അടി താഴുന്നുണ്ട്. യറുശലേമിലെ ഒലിവുമലകൾക്ക് കിഴക്കാരംഭിക്കുന്ന വരണ്ടഭൂമി വടക്ക് ജറീക്കോയ്ക്കടുത്തെത്തി ചാവുകടലിനു പടിഞ്ഞാറായി തെക്കോട്ട് മരുഭൂമി സൃഷ്ടിക്കുന്നു. ഈ പ്രദേശത്താണ് സ്നാപകയോഹന്നാൻ വളർന്നതും അനുതാപത്തിന്റെ സ്നാനം പ്രസംഗിച്ചതും (ലൂക്കാ 1:80; മക്കാ 1:1; മത്താ 3:1).

4. പിളർപ്പു പ്രദേശം (dift valley)

അനേകം വർഷങ്ങൾക്കുമുമ്പുണ്ടായ ഭൂമികുലുക്കത്തിന്റെ ഫലമായി പലസ്തീനായുടെ അടിത്തറയിൽ മുന്നൂറുമൈൽ നീളത്തിലും മൂവായിരം അടി ആഴത്തിലും ഒരു പിളർപ്പുണ്ടായി. ആൻറിലെബനോൻ മലകൾ മുതൽ ചെങ്കടൽ വരെ ഇതെത്തുന്നു. ഇതിനു മുപ്പതു മൈലോളം വീതിയുണ്ട്. ഇതിന്റെ മധ്യത്തിലാണ് പാനിയാസിൽ(കേസറിന്റെ ഫീലിപ്പോസ്)ആരംഭിച്ച് 196 അടി ആഴമുള്ള ഗലിലയാക്കടൽ കടന്ന് വളഞ്ഞു പുളഞ്ഞു് ഇരുന്നൂറുമൈൽ സഞ്ചരിച്ചശേഷം ലോകത്തിലെ ഏററം ആഴമുള്ള (1286അടി) ചാവുകടലിൽ പതിക്കുന്ന യോർദ്ദാൻ നദി.

മഞ്ഞണിഞ്ഞ ഹെർമോൻ മലയുടെ അടിവാരത്തിൽ സമുദ്രനിരപ്പിൽനിന്ന്1700 അടിഉയരത്തിൽ ആരംഭിക്കുന്ന യോർദ്ദാൻ പന്ത്രണ്ടുമൈലുകൾക്കുശേഷം ഹ്ലേതടാകത്തിൽ പ്രവേശിക്കുന്നു. ആറുമൈൽകൂടി കഴിഞ്ഞാൽ ഗലിലെയാ തടാകമായി. യോർദ്ദാനിൽ വച്ചാണല്ലോ ഈശോ യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിച്ചതു്(മത്താ 3:13–15). ഗെനസറെത്തു് തടാകം (ലൂക്കാ 5:1),തിബേരിയാക്കടൽ (യോഹ 6:1; 20:1), എന്നൊക്കെപേരുള്ള ഗലിലയാ തടാകത്തിനു (മത്താ 4:18; 15:24) പതിമൂന്നുമൈൽ നീളവും ഏഴ

മൈൽ വീതിയുമുണ്ടു്. മുപ്പത്തിരണ്ടു് മൈലാണു് ഇതിന്റെ ഉപരിതലവിസ്തീർണ്ണം. സമുദ്രനിരപ്പിൽനിന്നു് എഴുനൂറടി ആഴമുള്ള ഈ തടാകത്തിൽ ഇരുനൂറടി ഘനത്തിൽ ജലമുണ്ടു്. അന്നെന്നപോലെ (മത്താ 4:18–22) ഇന്നും ഇതിൽ ധാരാളം മത്സ്യമുണ്ടു്. തെക്കുപടിഞ്ഞാറൻതീരങ്ങളിൽ പല പട്ടണങ്ങളും ഉണ്ടായിരുന്നു. ഇതിൽ ഏറ്റം ശ്രദ്ധേയം ഈശോസ്സു് പലപ്പോഴും സങ്കേതമരുളിയ കഫർണാഹുംതന്നെ (മത്താ 4:13–16). അവിടന്നു് മത്തായിയെ വിളിച്ചതു് ഇവിടെ വച്ചായിരുന്നു (മത്താ 9:9; മർക്കോ 2:14). അനേകം അത്ഭുതങ്ങൾനടന്ന ഈ പട്ടണം അനുതാപരാഹിത്യത്താൽ ശാപത്തിനു പാത്രമായി (മർക്കോ 2:24:31; മത്താ 8:5–13; മത്താ 11:23–24 ലൂക്കാ 10:15).

യോർദ്ദാൻനദി അവസാനമായി ചെന്നുപതിക്കുന്നതു് ചാവുകടലിലാണു്. ഭൂമിയുടെ ഏറ്റം ആഴമാർന്ന ഈ ഉപരിതലം സമുദ്രനിരപ്പിൽനിന്നു് 1300 അടി ആഴത്തിലാകുന്നു. ഇത്രയുംതന്നെ ആഴമുള്ള ജലംകൂടികൂട്ടിയാൽ ഇതിന്റെ അടിത്തട്ടു് സമുദ്രനിരപ്പിൽനിന്നു് 2600 അടി ആഴത്തിലത്രെ. ഈ പ്രദേശത്തുമാത്രം ഒരുവനു് സമുദ്രനിരപ്പിൽനിന്നു് ആയിരം അടി താഴ്ന്നു് വിമാനസഞ്ചാരം നടത്താൻ കഴിയും. ഈ കടലിനു് സുമാർ അമ്പതുമൈൽ നീളവും പത്തുമൈൽ വീതിയുമുണ്ടു്. ഇരുപത്തിയഞ്ചിലേറെ ശതമാനം രാസപദാർത്ഥങ്ങൾ ലയിച്ചിട്ടുള്ള ഈ ജലാശയപരപ്പിൽ മലർന്നുകിടന്നു് വേദപുസ്തകം വായിക്കാം. അനുദിനം ഇതിൽ പതിക്കുന്ന ഏഴു മില്യൻ ടൺ വരുന്ന ജലം മുഴുവൻ നീരാവിയായിമാത്രം മാറുന്നതിനാൽ രാസവസ്തുക്കൾ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. യാതൊരു ജീവിക്കും ഇതിൽ പൊറുക്കാനാവില്ല.

ചാവുകടലിന്റെ വടക്കുപടിഞ്ഞാറാൻ തീരത്തുള്ള ഖുമ്രാൻ എന്ന സ്ഥലത്തുനിന്നു് 1947–ൽ പ്രസിദ്ധമായ ചാവുകടൽ ചുരുളകൾ കണ്ടെടുക്കാൻതുടങ്ങി. അവിടെ പാർത്തിരുന്ന എസ്സീൻ സന്യാസികൾ ബി. സി. രണ്ടാംനൂറ്റാണ്ടു മുതൽ ഒന്നാംനൂറ്റാണ്ടിന്റെ ആദ്യഭാഗംവരെയുള്ള കാലയളവിൽ പകർത്തിവച്ച വേദപുസ്തകപാഠങ്ങളും വ്യാഖ്യാനങ്ങളും അവരുടെതന്നെ ജീവിതവിവരണങ്ങളും ധാരാളമായി നമുക്കു ലഭിച്ചിട്ടുണ്ടു്.

M/225
PAT

5. യോർദ്ദാൻെറ കിഴക്കൻ പീഠഭൂമി

മൂവായിരം അടിയിലേറെ ഉയരമുള്ള പീഠഭൂമിയാണിതു്. ഏതാനും അരൂപികളും ഈ പ്രദേശത്തുണ്ടു്. പെറെയാ, ദശഗ്രാമം, പീലിപ്പാസിൻെറ കേസറിയ തുടങ്ങിയവ ഇവിടാണു്. ഏററം വടക്കുള്ളഭാഗം പ്രതാപവാനായ ഹേറോദേസിൻെറയും യെറുശലേമിലെ ക്ളെയോപാട്രായുടെയും പുത്രനായ പീലിപ്പോസിനു് അവകാശമായി ലഭിച്ചു. ബാഷാൻ പ്രദേശത്തുള്ള ബത്താനിയാ, ത്രാക്കോനിത്തിസ്, ഗവ്വലാനിത്തിസ്, ഇത്തുറിയാ എന്നീ പ്രദേശങ്ങൾ ഇയാളുടെ രാജ്യത്തിൽപ്പെട്ടിരുന്നു. ഇത്തുറിയായെയും ത്രാക്കൊനിത്തിസിനെയും പററി ലൂക്കാ (3:1) പറയുന്നുണ്ടു്. ഇയാളിൽ നിന്നാണു് പാനിയാസിനു് പീലിപ്പോസിൻെറ കേസറിയാ എന്നു പേരുണ്ടായതു്. ഇവിടെവച്ചാണല്ലോ പത്രോസ് ഈശോമിശിഹാ (അഭിഷിക്തൻ) ആണെന്നു് ഏററു പറഞ്ഞതു്. (മത്താ. 6:13–20; മക്കോ 8:27–30; ലൂക്കാ 9:18–21). ഗലിലെയായിലെ യൂദന്മാർ ശമ്രായ നാടുവിട്ടു് പെറെയാ കടന്നു് യറുശലേമിലേക്കു് പോയിരുന്നതായി കരുതാൻ ന്യായമുണ്ടു്. റോമൻ ഭരണകാലത്തു് പത്തു പട്ടണങ്ങൾ ചേർന്നുണ്ടായതാണു് ദശഗ്രാമം. ഇവയുടെ അതിർത്തികൾ കൃത്യമായി തിട്ടപ്പെടുത്തുക എളുപ്പമല്ല. ഇവയുടെ പേരുകൾതന്നെ തീർച്ചയില്ല. ദമാസ്കസ്, ഫിലദൽഫിയാ, റാഫ്നാ, സിത്തോപ്പോളീസ്, ഗദാറാ, ഹിപ്പോസ്, ദീയോൻ, പെല്ലാ, ഗെറാസാ, കനാത്ത എന്നിവയാണു് ഈ പട്ടണങ്ങളെന്നു കരുതാം. സിത്തോപ്പോളിസു് യോർദ്ദാൻെറ പടിഞ്ഞാറുഭാഗത്താണു്. ദശഗ്രാമക്കാരും ഈശോയെ ശ്രവിച്ചവരിൽപ്പെടുന്നു (മത്താ 4:25). ഇവിടെയും ഈശോ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടു് (മക്കോ 6:20). ക്രിസ്ത്യാനികളെ മർദ്ദിക്കാൻ അധികാരപത്രങ്ങളുമായി ദമാസ്കസിലേക്കു പോകുമ്പോഴാണു് ശാവൂലിനു ദർശനമുണ്ടായതും മാനസ്സാന്തരം സംഭവിച്ചതും (ശ്ലീഹ 9:1–19; 22:1–16; 16:9–18). ശാവൂലിനു് ജ്ഞാനസ്നാനം നൽകിയ ഹനനിയാ ഇവിടാണു് താമസിച്ചിരുന്നതു്.

ഈശോയുടെ കാലത്തു് യഹൂദർ അധിവസിച്ചിരുന്നതു് പ്രധാനമായും യൂദയാ, ഗലിലെയാ, യോർദ്ദാനു കിഴക്കുള്ള പെറെയാ എന്നീ പ്രദേശങ്ങളിലായിരുന്നു. ബാബിലോണിയൻ അടിമത്തത്തിനുശേഷം തിരിച്ചെത്തിയ യഹൂദരുടെ പ്രധാന സങ്കേതം ഇവിടാ

യിരുന്നു. മതപരവും ദേശീയവുമായ കാര്യങ്ങളിൽ അതീവ തീക്ഷ്ണതയുണ്ടായിരുന്ന ഇവർ പുരാതന തലസ്ഥാനമായ യെറുശലേമിലും ജെറിക്കോയിലും തിങ്ങിപ്പാർത്തു. യൂദയായുടെ തെക്കു് ഇദുമെയാ പ്രദേശമാണു്.

യഹൂദരല്ലാത്തവരും ധാരാളമുള്ള ഒരു പ്രദേശമായിരുന്നു ഗലിലെയാ. കൂടുതൽ ഫലപുഷ്ടിയുണ്ടായിരുന്ന ഈ പ്രദേശത്തു് ജനവാസവും കൂടുതലുണ്ടായി. മതതീക്ഷ്ണതയും ഒട്ടും കുറവായിരുന്നില്ല. കഫർനാഹും, കൊറസിൻ, ബേത്സയിദാ, മാഗ്ദലാ തുടങ്ങിയ പട്ടണങ്ങൾ ഇവിടായിരുന്നു, ഈശോയുടെ പ്രവർത്തനത്തിന്റെ പ്രധാന കേന്ദ്രം ഗലിലെയാ ആയിരുന്നല്ലോ. യോർദ്ദാന്റെ കിഴക്കൻ തീരത്തുള്ള പെറെയായിലും ധാരാളം യഹൂദർ ഉണ്ടായിരുന്നു.

അസ്സിറിയൻ അടിമത്തകാലത്തു് കുടിയേറിയവരും അവശേഷിച്ച യഹൂദരും ചേർന്നുണ്ടായ സങ്കരവർഗ്ഗക്കാരായ ശമ്രായരുടെ നാടാണു് ശമറിയാ. ദശഗ്രാമം, ഫീലിപ്പോസിന്റെ കേസറിയാ, ഫെനീഷ്യാ (മത്താ 7:26; ശ്ലീഹ 11:14;15:3) എന്നീ പ്രദേശങ്ങളും നമ്മുടെ ശ്രദ്ധയിൽ പെടേണ്ടതുണ്ടു്.

B. പലസ്തീനായ്ക്കു പുറത്തുള്ള പുതിയ നിയമനാടുകൾ

നാലു സുവിശേഷങ്ങളുടെ പശ്ചാത്തല ഭൂമി പലസ്തീനായിലൊതുങ്ങുന്നു. എന്നാൽ സുവിശേഷ സന്ദേശം വഹിച്ച ശ്ലീഹന്മാരുടെ പ്രസംഗങ്ങൾക്കും പ്രവർത്തനങ്ങൾക്കും അതിവിശാലമായ ഒരുലോകം തുറന്നു കിട്ടി. പരിശുദ്ധാത്മാവിൽനിന്നും ശക്തിയാർജ്ജിച്ചു് അവർ യെറുശലേമിലും യൂദയാ മുഴവനിലും. ശമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും അവിടുത്തേയ്ക്കു് സാക്ഷ്യം വഹിക്കേണ്ടിയിരുന്നു (ശ്ലീഹ 1:8).

1. സിറിയാ

ഒരു കാലത്തു യൂഫ്രട്ടീസ് മുതൽ മദ്ധ്യധരണിയാഴിവരെയുള്ള പ്രദേശത്തെ ഈ നാമം കുറിച്ചിരുന്നു. ബി. സി. അറുപത്തിനാലോടുകൂടെ രൂപംകൊണ്ട റോമൻ പ്രവിശ്യയാണു് നമുക്കു് പ്രസക്തം (മത്താ 4:24). പടിഞ്ഞാറൻ ഏഷ്യയിലുള്ള ഈ രാജ്യത്തിന്റെ വടക്കൻ അതിർത്തിയിൽ താവുരുസ്മലകളും കിഴക്കു് യൂഫ്രട്ടീസ്

നദിയും തെക്കു് പലസ്തീനായും പടിഞ്ഞാറു് മദ്ധ്യധരണിയാഴിയും ആണുള്ളതു്. ആധുനിക സിറിയായുടെ അതിർത്തികൾക്കു് ചില മാററങ്ങൾ വന്നിട്ടുണ്ടു്. അന്തിയോക്യായായിരുന്നു സിറിയായുടെ തലസ്ഥാനം. ''കിഴക്കിൻെറ റാണി''യെന്നറിയപ്പെട്ട ഈ നഗരം യറുശലേമിനു മുന്നൂറുമൈൽ വടക്കായി ഒരോൻറസ് നദിയുടെ തെക്കൻ തീരത്താണു്. ഇന്നിതു് ടർക്കിയിലാണു്; അൻറാക്കിയ എന്നറിയപ്പെടുന്നു. യെറുശലേമിൽ വെച്ചു് എസ്തപ്പാനോസ് രക്തസാക്ഷിയാകയും ക്രൈസ്തവർ മർദ്ദിതരാകയും ചെയ്തപ്പോൾ അനേകർ ഈ പട്ടണത്തിൽ അഭയംതേടി (ശ്ലീഹ 11:19). ഇവിടെ വച്ചാണു് ക്രിസ്തുവിശ്വാസികൾക്കു് ''ക്രിസ്ത്യാനികൾ'' എന്ന പേരുണ്ടായതു് (ശ്ലീഹ 11:20–16). ആദ്യഡീക്കന്മാരിലൊരാളായ നിക്കോളസ് ഇവിടത്തുകാരനായിരുന്നു (ശ്ലീഹ 6:5). യറുശലേമിലെ സഭയെ ആവശ്യകാലത്തു് ഈ സഭ സഹായിച്ചിട്ടുണ്ടു് (ശ്ലീഹ 11:27–30). പൗലോസിൻെറ പ്രേഷിതയാത്രകളെല്ലാം ഇവിടെനിന്നാണു് ആരംഭിച്ചതു് (ശ്ലീഹ 13:1–3;15:36–41;18:22–23). ഒന്നാമത്തെ യെറുശലേം സൂന്നഹദോസിനുള്ള നീക്കം ഇവിടെ തുടങ്ങി (ശ്ലീഹ 15). അന്ത്യോക്യായുടെ തുറമുഖ പട്ടണമായ സെലൈവ്യസിയായിലൂടെ പൗലോസും ബർണബായും യാത്ര ചെയ്തിട്ടുണ്ടു് (ശ്ലീഹ 13:4).

2. കൊച്ചേഷ്യാ (ഏഷ്യാ മൈനർ)

ഇന്നത്തെ ടർക്കി ഏതാണ്ടു് ഈ പ്രദേശം ഉൾക്കൊള്ളുന്നെന്നു പറയാം. ഇവിടുള്ള സിൻഡസ് നദീതീരത്തു് മദ്ധ്യധരണിയാഴിക്കു് വടക്കു് താവൂസ് മലകൾക്ക മുപ്പതുമൈൽ തെക്കാണു് പൗലോസിൻെറ ജന്മനാടായ താർസോസ് പട്ടണം (ശ്ലീഹ 22:3). പൗലോസ് പ്രസംഗപര്യടനം നടത്തിയിട്ടുള്ള അത്താലിയാ (ശ്ലീഹ 14:25–25), പെർഗാ (ശ്ലീഹാ 14:24–25), പ്സീദായിലെ അന്ത്യോക്യാ (ശ്ലീഹ 13:14–43), ഇക്കോണിയും (ശ്ലീഹ 13:51,) ലിസ്ത്ര (ശ്ലീഹ ,14: 8–19) ദെർബേ (ശ്ലീഹ 14:20–21), മിലേററസ് (ശ്ലീഹ 20:18–35,) ത്രാവോസ് (ശ്ലീഹ 20:6–12) എന്നീ സ്ഥലങ്ങളെല്ലാം കൊച്ചേഷ്യയിലാകുന്നു. വെളിപ്പാടിൻെറ പുസ്തകം രണ്ടും മൂന്നും അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ള എഫേസോസ്, സ്മിർണാ, പെർഗാമോ, ത്യവത്തീറിയാ, സാർദിസ്, ഫിലദെൽഫിയാ, ലവൊദിക്യാ, എന്നീ പുരാതന സഭാ കേന്ദ്രങ്ങളും ഇവിടാണു്.

ഇവിടുള്ള ത്രോവാസിൽ വച്ചാണ് ഗ്രീസിലേക്കു പോകുവാനുള്ള പ്രചോദനം പൗലോസിനു ലഭിച്ചതു്.

3. ഗ്രീസ്

പ്രത്യേക ദർശനഫലമായാണ് പൗലോസ് ഗ്രീസിലെത്തിയതു് (ശ്ലീഹ 16:9). യൂറോപ്പിൽ ആദ്യമായി മിഷനറിമാരായ പൗലോസും സീലാസും കാലുകുത്തി (16:9–12). ഗ്രീസിന്റെ തലസ്ഥാനമായ ആഥൻസിലെ അരയോപ്പഗസിൽ അദ്ദേഹം ചെയ്ത ''മതസംവാദപ്രഭാഷണം'' പ്രസിദ്ധമാണ്. (ശ്ലീഹ 17:22–34). ആഥൻസ് വിട്ട് അദ്ദേഹം കോറിന്തോസിലെത്തി (ശ്ലീഹ 18:1–11). ഇവിടത്തെ സഭയ്ക്കായി രണ്ടു് കത്തുകൾ എഴുതിയിട്ടുണ്ടു്. ഫിലിപ്പോസിൽനിന്നും പുറപ്പെട്ട പൗലോസ് തെസ്സാലോണിക്കായിലും (ശ്ലീഹ 17:1–9), ബെറെയായിലും (ശ്ലീഹ 17:10–14) പ്രസംഗം തുടൎന്നു. വലിയൊരു തുറമുഖ പട്ടണവും വ്യാപാരകേന്ദ്രവുമായിരുന്നു കോറിന്തോസ്. രണ്ടാം പ്രഷിതയാത്രയിൽപൗലോസ് ഇവിടെത്തി പ്രവൎത്തനം നടത്തി (ശ്ലീഹ 18:1–18). കോറിന്തോസുകാൎക്കുവേണ്ടി പൗലോസ് എഴുതിയ രണ്ടു ലേഖനങ്ങളുണ്ടു്. ഗ്രീസിന്റെ ഭാഗമായ പാത്തമോസ് ദ്വീപിൽ വച്ചാണ് യോഹന്നാനു് വെളിപാടുണ്ടായതു് (വെളി 1:9–10).

4. ഇററലി (ഇത്താലിയ)

ആൽപ്സ് പൎവ്വതനിരകളിലാരംഭിച്ച് മദ്ധ്യധരണിയാഴിയിലേക്കു തള്ളിനില്ക്കുന്ന എഴുനൂററിഇരുപത്തഞ്ചു മൈൽ നീളവും എൺപതുമുതൽ നൂററിമുപ്പത്തഞ്ചുവരെ വീതിയുമുള്ള ഒരു വൻ ഉപദ്വീപാണ് ഇററലി, ഇററാലിയൻ ഭാഷയിൽ 'ഇത്താലിയാ.' റോമായാണ് തലസ്ഥാനനഗരം. ഈശോയുടെ കാലത്തു്പലസ്തീനാ റോമൻ ഭരണത്തിലായിരുന്നു. പൗലോസിന്റെ കാലത്തു് ലോകത്തിലെ ഏററം വലിയ പട്ടണം റോമായായിരുന്നു. പന്തക്കുസ്താദിനത്തിലെ പ്രസംഗം കേട്ടവരിൽ റോമാക്കാരും ഉൾപ്പെട്ടിരുന്നു (ശ്ലീഹ 2:10). പൗലോസ് ഇവിടെത്തുമ്പോൾ ക്രൈസ്തവ ദേവാലയം കണ്ടു (ശ്ലീഹ 28:15). ബന്ധിതനായ പൗലോസ് (ശ്ലീഹ 28:11–21) റോമിൽവെച്ച് രക്തസാക്ഷിയായെന്നു കരുതപ്പെടുന്നു.

റോമായുടെ ഒരു ഭാഗമാണ് 110 ഏക്കർ മാത്രമുള്ള വത്തി

ക്കാൻ. ഇവിടാണ് കത്തോലിക്കാ സഭയുടെ ആസ്ഥാനം. വത്തിക്കാൻ രാജ്യത്തിന് സ്വന്തമായ നാണയം, റേഡിയോ, പത്രം, പോസ്റ്റ്, തീവണ്ടി, എംബസികൾ എല്ലാം ഉണ്ട്. ഏ. ഡി. അറുപതിനോടടുത്ത് പത്രോസ് റോമിലെത്തിയെന്നും അവിടെവച്ച് രക്തസാക്ഷിയായി മരിച്ചെന്നുമാണ് ആദിമസഭയുടെ സുശക്തമായ പാരമ്പര്യം. പത്രോസിൻെറയും പൗലോസിൻെറയും ശവകുടീരങ്ങൾ വത്തിക്കാനിലെ വി. പത്രോസിൻെറ ബസിലിക്കയിലാണെന്ന് വിശ്വസിക്കപ്പെടുന്നു.

5. ലെബനോൻ

പഴയ ഉടമ്പടി ഗ്രന്ഥങ്ങളുടെ പശ്ചാത്തലഭൂമികളിൽ ഒന്നായ ലെബനോൻ (നിയമ 1:7;11:24; സങ്കീ 72:16; 1 രാജാ 5:8–11) പുതിയ ഉടമ്പടി ഗ്രന്ഥങ്ങളോടും ബന്ധമുള്ളതാണ്. പുതിയ ഉടമ്പടി ഭാഗങ്ങളിൽ ഈ നാടിനെ ''ഫെനീഷ്യ'' എന്നാണ് വിളിച്ചിരുന്നത് (ശ്ലീഹ 11:14;15:3;21:2). പലസ്തീനായുടെ ഏററം വടക്കുപടിഞ്ഞാററൻ അതിർത്തി കഴിഞ്ഞ് ലെബനോനിൽ പ്രവേശിച്ചാൽ ആദ്യം കാഴ്ചയിൽ പെടുന്ന പ്രമുഖ പട്ടണം സോർ ആണ്. ഇവിടെനിന്നുള്ള ജനങ്ങൾ ഈശോയെ ശ്രവിക്കാൻ എത്തുകയുണ്ടായി (മർക്കോ 3:8); ഈശോ ഈ പ്രദേശം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട് (മത്താ 15:21; മർക്കോ 7:24). യെറുശലേമിലേക്കുള്ള അന്ത്യയാത്രയ്ക്കു മുമ്പായി പൗലോസ് ഇവിടെ വിശ്രമിച്ചു. അവസാനം പ്രാർത്ഥനയോടെ സുഹൃത്തുക്കൾ അദ്ദേഹത്തെ യാത്രയാക്കി (ശ്ലീഹ 21:2–6).

ഈശോയുടെ ശുശ്രൂഷ ആദ്യമായി ലഭിച്ച യഹൂദേതര, സറേപ്തയിൽ നിന്നുള്ള ഒരു സ്ത്രീയായിരുന്നു (മത്താ 15:21–28; മർക്കോ 7:24–30). ഇവർ സോർ–സീദോൻ പ്രദേശത്തു നിന്നായിരിക്കണം. റോമിൽ തടവിലായിരുന്ന പൗലോസിന് സിദോനിലെ സുഹൃത്തുക്കളെ സന്ദർശിക്കാൻ അനുവാദം ലഭിച്ചു. ഫെനീഷ്യയിലെ ഏററം പുരാതന നഗരം സിദോൻ ആയിരുന്നെന്നു കരുതാം.

6. മധ്യധരണിയാഴിയിലെ ചില ദ്വീപുകൾ

ഇററലിയോടു ബന്ധപ്പെട്ടു കിടക്കുന്ന സിസിലിക്ക് അറുപതു മൈൽ തെക്കു കിഴക്കുള്ള മെലിത്തേ (ഇന്നത്തെ മാൾട്ടാ) ദ്വീ

പിൽ കപ്പലപകടത്തിൽപ്പെട്ട പൗലോസ് അഭയം തേടിയിട്ടുണ്ട്. (ശ്ലീഹ 28:1–10). ഇവിടെ നിന്നദ്ദേഹം സിസിലിയിലുള്ള സിറാക്കൂസിലെത്തി (ശ്ലീഹ 28:12–13). ഗ്രീസിനു് അറുപതു മൈൽ തെക്കു് കടലിലുള്ള ക്രേത്തേ (ക്രീററു്) തീരത്തു കൂടെയാണു് പൗലോസ് റോമാ യാത്ര നടത്തിയതു് (ശ്ലീഹ 27:7). ഈ ദ്വീപിലുള്ള ലെസായിയാ പട്ടണ പ്രാന്തത്തിലുള്ള ''ശുഭ തുറമുഖങ്ങ''ളിൽ പൗലോസ് എത്തിച്ചേർന്ന കാര്യം അനുസ്മരിക്കാം (ശ്ലീഹ 27:8). കുറച്ചുകൂടി തണുപ്പു കുറഞ്ഞ ക്രേത്തായിലെ തന്നെ ഫൊയനിക്സിലെത്താൻ അവർ ആഗ്രഹിച്ചു (ശ്ലീഹ 27:12). മദ്ധ്യധരണിയാഴിയിലെ മററൊരു പ്രധാന ദ്വീപാണു് സൈപ്രസ്. മതമർദ്ദനത്തിൽനിന്നു് ഓടിയെത്തിയവരാണു് ഇവിടെ സുവിശേഷം കൊണ്ടുവന്നതു് (ശ്ലീഹ 11:14). പൗലോസും ബർണബായും ഈ ദ്വീപിലുള്ള സലാമീസിലും പാഫോസിലും പ്രസംഗിച്ചിട്ടുണ്ടു് (ശ്ലീഹ 13:14.1). ഇവരുടെ ആദ്യത്തെ പ്രേഷിതയാത്ര ഇവിടേയ്ക്കായിരുന്നു (ശ്ലീഹ 13–1:2). പാഫോസിൽ വച്ചു് പൗലോസ് പ്രോക്കോൺസുൾ സേർജി യൂസ് പാവുളൂസിനെ ക്രിസ്ത്യാനിയായി മാററി (ശ്ലീഹ 13:6–13).

C. പലസ്തീനായിലെ കാലാവസ്ഥ, കൃഷി, മൃഗങ്ങൾ

പ്രധാനമായി രണ്ടു കാലങ്ങളാണു് പലസ്തീനായിൽ അനുഭവപ്പെടുക; നവംബർ മുതൽ ഏപ്രിൽ വരെ ശൈത്യകാലവും മെയ് മുതൽ ഒക്ടോബർ വരെ വേനൽക്കാലവുമാണു്. ശീതകാലത്തു മഴയും വേനൽ കാലത്തു വരൾച്ചയും ഉണ്ടാകും. ഒക്ടോബർ അവസാനമുള്ള ആദ്യമഴ വരണ്ടുണങ്ങിയ ഭൂമിയെ തണുപ്പിച്ചു് മയപ്പെടുത്തുന്നു. ഇതോടുകൂടെ കൃഷികാം ആരംഭിക്കാം. മാർച്ചു് ഏപ്രിലിൽ ശക്തമായ രണ്ടാം മഴയുണ്ടു്. ഏററം തണുപ്പനുഭവപ്പെടുന്നതു് ജനുവരിയിലാണു്. പല വർഷങ്ങൾ കൂടിയെങ്കിലും ഈ കാലത്തു യെറുശലേമിൽ ഏതാനും ദിവസങ്ങൾ മഞ്ഞുപെയ്യാറുണ്ടു്. കിഴക്കൻ പീഠഭൂമിയിൽ ഇതു് സാധാരാണമാകുന്നു. ഭൂമിയുടെ കിടപ്പനുസരിച്ചു് കാലാവസ്ഥയിൽ അന്തരം വരുന്നതിനാൽ ഏററം അധികം ചൂടനുഭവപ്പെടുന്നതു് യോർദ്ദാൻ താഴ്‌വരയിലാകുന്നു. തീരപ്രദേശത്തും ശമറിയാകുന്നുകളിലും ഒരു വർഷം ഇരുപതിഞ്ചു വരെ മഴ ലഭിക്കുന്നു. കിക്കോട്ടു മാറുന്തോറും മഴ കുറഞ്ഞുവരും. വേനൽക്കാലത്തെ പടിഞ്ഞാറൻ കാററു് മണ്ണിൽ നനവുണ്ടാക്കുന്നു (ലൂക്കാ 12:54). കഴിക്കുനിന്നടിക്കുന്ന 'കാംസിൻ' കാററു് പലപ്പോഴും അസഹനീയ

മാകുന്നു (ലൂക്കാ 12: 54-55). ഏറ്റെ താണുകിടക്കുന്ന യെറീക്കോയിലും വേനൽക്കാലം അത്ര സുഖപ്രദമല്ല; ശൈത്യകാലം നല്ലതു തന്നെ.

പലസ്തീനായിലെ കൃഷികൾ

കല്ലുകൾ നിറഞ്ഞ പലസ്തീനിയൻ മലമ്പ്രദേശത്തു് കൃഷി ക്ലേശകരമാണു്. ഈശോയുടെ ജീവിതവും പഠനവും സാധാരണ കൃഷകജീവിതത്തോടു് ബന്ധപ്പെട്ടിരിക്കുന്നു. കൃഷിജീവിതത്തിൽ നിന്നെടുത്തിയെടുത്ത പല ഉപമകളും പുതിയ ഉടമ്പടി പുസ്തകങ്ങളിലുണ്ടു്: വിതക്കാരൻ (മക്കോ 4:1–20), കളകൾ (മത്താ 13;24–32), മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ (മത്താ 20:1–16), മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ (മത്താ 21:33–46), ഫലം തരാത്ത വൃക്ഷം (ലൂക്കാ 6:43–45), നല്ല ഒലിവിലൊട്ടിച്ച കാട്ടുശിഖരം (മോ 11:14–24).

മധ്യധരണിയാഴി പ്രദേശത്തെ പ്രധാന കൃഷിയായ മുന്തിരി പലസ്തീനായിലും ധാരാളമുണ്ടു്. മുന്തിരിപ്പഴം പച്ചയായോ ഉണക്കിയോ ഭക്ഷിച്ചിരുന്നു; വീഞ്ഞാക്കിക്കുടിക്കുന്ന രീതി കൂടുതൽ വ്യാപകമായിരുന്നു. പുതിയ മുന്തിരിച്ചാർ പുതിയ കുടങ്ങളിൽ സൂക്ഷിക്കേണം. (മക്കോ 2:22). ആഘോഷാവസരങ്ങളിൽ മേൽത്തരം വീഞ്ഞു് ഉപയോഗിച്ചിരുന്നു (യോഹ 2:1-11). മുറിവുകളിൽ പുരട്ടാനുള്ള മരുന്നായും (ലൂക്കാ 10:34) വയറിനാരോഗ്യം നല്കുന്ന പാനീയമായും (1 തിമോ 5:23)വീഞ്ഞു് നിർദ്ദേശിക്കപ്പെട്ടിരുന്നു. ക്രൈസ്തവർക്കു് പരസ്പരവും ഈശോയോടുമുള്ള ബന്ധത്തെ കാണിക്കാൻ അവിടുന്നു് മുന്തിരിച്ചെടിയുടെ രൂപകം അരുൾചെയ്തു (യോഹ 15:1–10).

ഒലിവാണു് പലസ്തീനായിലെ മറ്റൊരു പ്രധാന കൃഷി. മഴകുറഞ്ഞ പ്രദേശത്തെ അഴമില്ലാത്ത മണ്ണിലും ഒലിവിനു വളരാൻ കഴിയും. ഒലിവ്കുരുവിൽ നിന്നുള്ള എണ്ണ മുഖം മിനുക്കാനെന്നപോലെ (മത്താ 6:17), മരുന്നായും (ലൂക്കാ 10:34) ഭക്ഷണമായും (എസക്കി 16:13) ഉപയോഗിക്കുന്നു. ഹോശാനാ ഞായറിൽ ഒലിവിലക്കൊമ്പുകൾ ഉയർത്തിവീശിയും നിലത്തുവിരിച്ചും ജനം ഈശോയെ യെറുശലേമിലേക്കു സ്വീകരിച്ചു(മക്കോ 11:9). ഈശോ പ്രാർത്ഥനയിൽ മുഴുകിയതും രക്തം വിയർത്തതും ഒലിവുമലയുടെ അടിവാരത്തിലുള്ള ഗാത്സേമ്നി(എണ്ണച്ചക്കു്)യിൽ വച്ചായിരുന്നു (മക്കോ 13:42).

അത്തിമരവും പലസ്തീനായിൽ സുലഭമാണ മുപ്പത്തഞ്ച് നാല്പതടി ഉയരത്തിൽ ശാഖോശാഖാപകളായി വളരുന്ന ഇതിന്റെ ശീതളഛായ വേനൽക്കാലത്തു് ഒരു വിശ്രമസങ്കേതമായിരുന്ന (യോഹ 1:48). അത്തിമരത്തെപ്പററി ഈശോ പല ഉപമകളും പറഞ്ഞിട്ടുണ്ട് (ലൂക്കാ 13:6–9. മത്താ 7:16. 21 18–22). ഈശോയെ കാണാൻ കൊതിച്ച സക്കായ് കയറിയിരുന്ന സിക്കമോർ (ലൂക്കാ 14:4) അത്തിവർഗ്ഗത്തിൽപ്പെട്ടം.

ഗോതമ്പ്, ബാർളി എന്നവയും കൃഷിയുല്പന്നങ്ങളിൽ ശ്രദ്ധേയമാകുന്നു. ഗോതമ്പുകതിരുകറം പറിച്ചെടുത്തു് തിരുമ്മി പച്ചയായി ത്തന്നെ ഭക്ഷിച്ചിരുന്നു(ലൂക്കാ 6:1). നിലത്തുവീണഴിഞ്ഞാൽ മാത്രം ഫലദായകമാകുന്ന ഗോതമ്പിനെപ്പററി ഈശോ സംസാരിച്ചിട്ടുണ്ട് (യോഹ 12:24–25). ചില രൂപകങ്ങളിലും (മത്ത3:12, ലൂക്കാ 3:17) ഉപമകളിലും (മത്താ 13:25–30) ഗോതമ്പ് ചർച്ചാവിഷയമായിട്ടുണ്ട്.സാധാരണ അപ്പം ഗോതമ്പുമാവുകൊണ്ടാണുണ്ടാക്കിയിരുന്നതു്. എങ്കിലും ദരിദ്രരുടെ ഭക്ഷണം ബാർളി അപ്പമായിരുന്നു(വെളി 6:6).



കഫർണാഹുമിൽ കണ്ടെടുക്കാൻ കഴിഞ്ഞ ഒലിവു ചക്ക്. ഈശോയുടെ കാലത്ത് ഇത്തരം ചക്കുകൾ ധാരാളം ഉപയോഗത്തിലിരുന്നു.

''കാളയേയും കഴുതയേയും ഒരുമിച്ചു പൂട്ടി ഉഴരുത്'' (നിയമ 22:10) എന്ന നിയമം ഇന്നു ഇസ്രായലിൽ ആദരിക്കപ്പെടുന്നില്ല.

ചരിത്ര–രാഷ്ട്രീയ പശ്ചാത്തലം

ബബിലോണിയൻ അടിമത്തം

ബി. സി 922–ൽ ശ്ലോമോൻ രാജാവിൻെറ മരണത്തോടു കൂടെ,ഒന്നായിരുന്ന യഹൂദരിൽ പത്തു ഗോത്രക്കാർ വടക്ക് ശമറിയാ കേന്ദ്രമാക്കിയുള്ള ഇസ്രായേൽ രാജ്യത്തിലും ശേഷിച്ച രണ്ടു ഗോത്രക്കാർ തെക്ക് യറൂശലേം കേന്ദ്രമാക്കിയുള്ള യൂദയാ രാജ്യത്തിലും പെട്ടു. ഇസ്രായേൽ–721 ൽ അസീറിയൻഅടിമത്തത്തിനും യൂദയാ 587–ൽ ബബിലോണിയൻ അടിമത്തത്തിനും വിധേയമായി. സെഹിയോൻെറ അജയ്യതയിലും ഉടമ്പടിയുടെ ഉറപ്പിലും ഉണ്ടായിരുന്ന യഹൂദവിശ്വാസം ഒട്ടേറെ ഇളകിയെങ്കിലും തകർന്നുവീണില്ല. എസക്കിയേൽ, രണ്ടാം ഏശായ തുടങ്ങിയ പ്രവാചകർ അവരുടെ വിശ്വാസം താങ്ങിനിറുത്തി. 539–ൽ ബബിലോണിയ കീഴടക്കിയ പേഷ്യാക്കാരൻ സൈറസ് പിറേറവഷം യഹൂദർക്ക് സ്വന്തം നാട്ടിലേക്കു തിരിച്ചുപോകാൻ സ്വാതന്ത്ര്യം നല്കി.അദ്ദേഹത്തിൻെറ വിളംബരം പ്രസിദ്ധമാണ്: പേർഷ്യൻ രാജാവായ സൈറസ് ഇങ്ങനെ പ്രഖ്യാപിക്കുന്നു: സ്വർഗീയ ദൈവമായ കർത്താവു് ഭൂമിയിലെ സർവ്വ രാജ്യങ്ങളും എനിക്കു നല്കിയിരിക്കുന്നു. യൂദയായിലുള്ള യറൂശലേമിൽ അവിടത്തേക്കു ഭവനംപണിയാൻ അവിടുന്നെന്നോട് നിർദ്ദേശിച്ചിരിക്കയാണ്. അവിടുത്തെ ജനതയിൽ പെട്ടവരായി നിങ്ങളുടെ ഇടയിലുള്ള ഓരോരുത്തനും യൂദയായിലുള്ള യെറുശലേമിലേക്കു പോകട്ടെ—അവൻെറ ദൈവം അവനോടുകൂടെ ഉണ്ടായിരിക്കട്ടെ—ഇസ്രായലിൻെറ ദൈവമായ കർത്താവിനു യെറുശലേമിലുള്ള ഭവനം പുനർനിർമാണം ചെയ്യട്ടെ. വെള്ളിയും സ്വർണ്ണവും മററുല്പന്നങ്ങളും നല്കി എവിടെങ്കിലും അവശേഷിച്ചിട്ടുള്ളവരെയെല്ലാം നിങ്ങൾ സഹായിക്കുവിൻ. യെറുശലേമിൽദൈവഭവനത്തിന് ഇഷ്ടികകൾ നല്കുവിൻ (എസ്രാ 1:2–9; 6:3–5). പേർഷ്യൻ പിന്തുണയോടെ ഷേഷ്സസാറിൻെറ നേതൃത്വത്തിൽ (1 നാളാ 3:18) ആരംഭിച്ച ഈ പ്രയാണം സെറുബാബേലിൻെറയും ജോഷ്വായുടെയും നേതൃത്വത്തിൽ (എസ്രാ 3–6) 515–ൽ പൂർത്തിയായി.

യവനീകരണം

പേർഷ്യാക്കാരുടെ സഹവർത്തിത്വനയം (539–332)യവനരുടെ നിബ്ബന്ധിതഭരണത്തിന് വിധേയമായി (332–63). മഹാനായ അലക്സാണ്ടറുടെ നേതൃത്വത്തിൽ ഗ്രീക്കുകാർ സമൃദ്ധിയുടെ ചന്ദ്രക്കല പ്രദേശം[1] മുഴുവൻ തങ്ങളുടെ ഭരണസീമയിലൊതുക്കി. അലക്സാണ്ടറുടെ മരണശേഷം അദ്ദേഹത്തിന്റെ നാലു സൈന്യാധിപന്മാർ സാമ്രാജ്യത്തെ പങ്കിട്ടെടുത്തു. ഇവരിൽ അലക്സാൺട്രിയാ തലസ്ഥാനമാക്കി ഈജിപ്റ്റു ഭരിച്ച ടോളമികളും (322–285) അന്ത്യോക്ക്യാ തലസ്ഥാനമാക്കി സിറിയായും മെസൊപ്പൊട്ടാമിയായും ഭരിച്ച സെലെവുസികളും (301–198) വേദപുസ്തകപഠിതാക്കൾക്ക് ശ്രദ്ധേയരാകുന്നു. ആദ്യകാലങ്ങളിൽ സെലെവുസികൾ യഹൂദരോട്ട് അനുഭാവപൂർവം പെരുമാറുകയും അവരുടെ പാരമ്പര്യങ്ങളെയും ആചാരങ്ങളെയും മാനിക്കയും ചെയ്തു. റോമൻശക്തിയുടെ മുന്നേററത്തിൽ സെലെവുസികൾ സാവകാശം ബലഹീനരായിക്കൊണ്ടിരുന്നു. ഈ ഗതികേടിലാണ് അൻറിയോക്കസ് നാലാമൻ എപ്പിഫാനസ് (175–163) യെറുശലേം ദേവാലയത്തിൽ നിന്നു് പണമെടുക്കാൻ തൻേറടപ്പെട്ടതു്. ഇതിനു പുറമേ ഗ്രീക്കു ദേവന്മാരെ ആരാധിക്കാൻ പ്രേരണ ചെലുത്തി. വിശുദ്ധനഗരമായ യെറുശലേമിൽ യവനരീതിയിലുള്ള ജിംനേഷ്യവും അഭ്യാസങ്ങളും ആരംഭിച്ചു. പ്രധാന പുരോഹിതനായിരുന്ന ഓനിയാസ് മൂന്നാമനെ മാററി കോഴകൊടുത്ത ജെയ്സനെ തത്സ്ഥാനത്തു് പ്രതിഷ്ഠിച്ചു (2 മക്ക 4:7–10). വീണ്ടും കൂടുതൽ നല്കിയ മെനെലാവൂസിനു് ഈ സ്ഥാനം നല്കി. ജെയിസൻെറ നേതൃത്വത്തിലുണ്ടായ അട്ടിമറിയിൽ കുപിതനായ അൻറിയോക്കസ് ദേവാലയം കൊള്ളയടിച്ചു (2 മക്ക: 5:15–21, 1 മക്ക 1:10–24); യഹൂദരുടെ പ്രധാന തിരുനാളാഘോഷങ്ങൾ മുടക്കി, ശാബതാചരണവും ബലിയർപ്പണവും ചോദനാചാരവും കുററകരമായി പ്രഖ്യാപിച്ചു. തോറാ (വി. ഗ്രന്ഥം) വച്ചു സൂക്ഷിക്കുന്നതും ഗുരുതരമായ പാതകമായി എണ്ണപ്പെട്ടു. (1 മക്ക 1:41–64). ആചാരവിധിപ്രകാരം അശുദ്ധമായവ ഭക്ഷിക്കുവാൻ യഹൂദർ നിബ്ബ

---

1. പേർഷ്യൻ ഉൾക്കടൽച്ചിനു വടക്കാരംഭിച്ച് യൂഫ്രട്ടീസ് ടൈഗ്രീസ് നദീതടങ്ങളെ ഉൾക്കൊണ്ടു് വടക്കു സിറിയായെയും പലസ്തീനായെയും സ്വന്തമാക്കി തെക്കോട്ടു നീങ്ങി നൈയിൽ നദീതടം കൂടി ഉൾപ്പെടുന്ന പ്രദേശം താരതമ്യേന മെച്ചപ്പെട്ടവയാണു്. അർദ്ധചന്ദ്രാകൃതിയിലുള്ള ഈ ഭൂവിഭാഗത്തെ ബ്രസ്റ്റഡ് 'സമൃദ്ധിയുടെ ചന്ദ്രക്കലപ്രദേശം' എന്നു വിളിച്ചു

ഡിതരായി (ദാനി 11:31, 1 മക്ക 1:54). 167 ഡിസമ്പറിൽ സാക്ഷാൽ യാഹ്വേയുടെ ഭവനത്തിൽ സീയൂസ് ദേവന് ബലി പീഠമുയൎന്നു; അവിടെ അശുദ്ധമൃഗമായ പന്നിയെ ബലിയൎപ്പിച്ചു.

പുരോഹിതരും സമ്പന്നരും യവനീകരണത്തെ സ്വാഗതം ചെയ്തപ്പോറം സാധാരണക്കാർ അതിനെ വെറുത്തു. അൻറിയോക്കസിൻെറ ഓരോ നീക്കവും സാധാരണക്കാരൻെറ മതവികാരത്തെ ആഴത്തിൽ വ്രണപ്പെടുത്തി. ഇങ്ങനെ വീൎപ്പുമുട്ടിക്കഴിഞ്ഞ ഭക്തരായ യഹൂദരാണ് ''ഹസിദീം'' എന്ന പേരിൽ അറിയപ്പെട്ടതു്. പ്രീശരും എസീൻ സന്യാസികളും ഇവരുടെ പിന്തുടൎച്ചക്കാരാകുന്നു.

മക്കബായ വിപ്ളവം, ഹസമോണിയൻ ഭരണം

ഗ്രീക്ക ദേവന്മാൎക്ക ബലിയൎപ്പിക്കാൻ ഒരുങ്ങിയ യെഹൂദനെയും അതിനു കല്പനകൊടുത്ത സിറിയൻ ഉദ്യോഗസ്ഥനെയും ഹനിച്ച ശേഷം പുരോഹിതനായ മത്തത്തിയാ യെറുശലേമിന് ഇരുപത്താറു മൈൽ വടക്കുള്ള മൊദെയിനിലേക്ക പലായനം ചെയ്തു (1മക്ക 2:15-28). ''നിയമത്തെപ്പററി തീക്ഷ്ണതയുള്ളവനും ഉടമ്പടി മാനിക്കുന്നവനും എൻെറ കൂടെ വരട്ടെ'' (1മക്ക 2:27) എന്ന ആഹ്വാനം സ്വീകരിച്ച് പലരും അദ്ദേഹത്തെ അനുഗമിച്ചു. മത്തത്തിയായുടെ മകൻ യൂദാ മക്കബൊ (കൊട്ടുവടി) നേതൃത്വം ഏറെറടുക്കയും 164 ഡിസംബറിൽ വിജിഗീഷുവായി ദേവാലയം ശുദ്ധീകരിക്കുകയും ചെയ്തു. ഇതിൻെറ ഓൎമ്മയ്ക്കാണ് ഇന്നും ആചരിക്കുന്ന ഹന്തുക്കാ (സമൎപ്പണ) തിരുനാറം (1മക്ക 4:36—59, യോഹ 10:22). തുടൎന്നു വന്ന യോനാഥൻ 140 ബി. സി.യിൽ പ്രധാന പുരോഹിതനും ഒപ്പം പട്ടാളനേതാവുമായി (1മക്ക 13:42). യഹൂദർ സിറിയാക്കാരിൽനിന്നും സ്വതന്ത്രരായി. 134—ൽ യോഹന്നാൻ ഹിർക്കാനസ് രാജാവായി. ഇദ്ദേഹത്തിൻെറ കാലത്തു് യൂദയായുടെ സ്വാതന്ത്ര്യം പൂർണമായി. സ്വന്തം പേരിൽ ഇദ്ദേഹം നാണയം മുദ്രണം ചെയ്തു. മോവാബും ശമറിയായും ഏദോമും യൂദയായുടെ ഭാഗമാക്കി. തുടൎന്ന് അരിസ്റ്റോബൊളുസും ശക്തനായ അലക്സാണ്ടർ യാന്നെവൂസും യൂദയാ ഭരിച്ചു. യാന്നെവൂസിൻെറ കാലത്തു് രാജ്യം ദാവീദിൻെറയും ശ്ലോമോൻേറയും കാലത്തേതുപോലെ വിസ്തൃതമായി. പക്ഷേ, ഇയാളുടെ ലൗകായതികത്വം പ്രീശന്മാരെ ചൊടിപ്പിച്ചു. നൂറുക്കണക്കിനു പ്രീശരെ ഇയാറം കുരി

ശിലേററി വധിച്ചു. ചാവുകടൽ ചുരുളുകളുടെ കൂട്ടത്തിൽ ലഭിച്ച നാഹും ഭാഷ്യത്തിൽ ഇയാളുടെ ക്രൂരമർദ്ദനങ്ങളെപ്പററി വായിക്കാം. കാര്യം പിടിയിലൊതുങ്ങാതെ വന്നപ്പോൾ പ്രീശരെ പ്രീണിപ്പിക്കാൻ ശ്രമിച്ചതു് സദൂക്കായർക്കു് ഇഷ്ടമായില്ല. ഇയാൾക്കു ശേഷം റാണീഭരണം നടന്നു. തുടർന്നു് അരിസ്ററോബോളുസ് രണ്ടാമനും ഹിർക്കാനസ് രണ്ടാമനും കിരീടത്തിനു മത്സരമായി. പിൻവലിയാൻ തുടങ്ങിയ ഹിർക്കാനസിനെ സഹായിക്കാൻ അദ്ധ്യയഹൂദനും ഇദുമെയാക്കാരനുമായ ആൻറിപാററർ മുമ്പോട്ടു വന്നു. ഇതോടെ മത്തത്തിയായുടെ അപ്പൻ ഹസമോണിൻെറ പേരിൽ അറിയപ്പെട്ട ഹസമോണിയൻ രാജവംശത്തിൽ ഭിന്നതയും നാശവും കുടിയേറി.

റോമൻ അധീശത്വം

ഹിർക്കാനസ് രണ്ടാമനും അരിസ്റ്റോബൊളുസ് രണ്ടാമനും തമ്മിൽ അധികാര വടംവലി നടക്കുമ്പോഴാണു് റോമൻ സൈന്യാധിപനായ പോംപേ പോൻറസിലെ രാജാവായ മിത്രിദാത്തസിനെ ആക്രമിക്കാനെത്തിയതു്. അരിസ്റ്റോബൊളുസ് പോംപേയുടെ സഹായം തേടി. ബി. സി. 63—ൽ പോംപേ ഇയാളെ കീഴടക്കി വിജാതീയർക്കു് പ്രവേശനമില്ലാതിരുന്ന വിശുദ്ധ സ്ഥലത്തു് കാൽ കുത്തി. ഇതിൽ യെഹൂദർക്കുണ്ടായ ദുഃഖം ബി. സി. 50—നോടടുത്തു് എഴുതപ്പെട്ട ശ്ലേമോൻെറ സങ്കീർത്തനങ്ങൾ എന്ന അപ്രമാണിക ഗ്രന്ഥത്തിൽ വായിക്കാം.

റോമാക്കാർ ഹിർക്കാനസിനെ പ്രധാന പുരോഹിതനും സാമന്തരാജാവും ആക്കിയെങ്കിലും യഥാർത്ഥത്തിൽ അധികാരം ആൻറിപാററർക്കായിരുന്നു. തികച്ചും അവസരവാദിയായ ഇയാൾ തക്കംനോക്കി കാലുമാറുകയും സദാ അധികാരക്കസേരയിൽ കണ്ണു നട്ടിരിക്കയും ചെയ്തു. ആദ്യം പോംപെയെ തുണച്ച ഇയാൾ പിന്നീടു് ശക്തനായി വന്ന ജൂലിയസ് സീസറിനോടു ചേർന്നു. തൽഫലമായി അയാൾ യൂദയായുടെ പ്രൊക്കുറേററർ ആയി ഉയർത്തപ്പെട്ടു. ബി. സി. 44—ൽ സീസർ ഹതനായപ്പോൾ യഹൂദർക്കു് ഇയാൾ പല ആനുകൂല്യങ്ങളും നൽകി. ഇയാളുടെ വീരസന്താനമാണു് പ്രതാപവാനായ ഹേറോദേസ്.

ഹേറോദേസ് രാജാവു്

ആൻറിപാറററുടെ പുത്രനായ ഹേറോദേസ് ഹിർക്കാ

നസ് രണ്ടാമൻ സാമന്തരാജാവായിരിക്കുമ്പോഴാണ് യൂദയായുടെ പ്രൊക്കുറേററായത്. ഇരുപതാം വയസ്സിൽ തന്നെ ഗലിലെയായുടെ സ്ട്രാററഗോസ് ഉദ്യോഗം സ്വീകരിച്ച ഇയാരം ആരോഗ്യവാനും സമത്ഥനും അധികാരമോഹിയും, രാഷ്ട്രീയ ചരടുവലിയിൽ വിദഗ്ദ്ധനും ആയിരുന്നു. ആത്മസംയമനം എന്നൊന്നു മാത്രം ഇല്ലാതെ പോയി. അപ്പനേപ്പോലെ സൗകര്യംപോലെ കൂറുമാറാൻ ഇയാരംക്കും കഴിഞ്ഞു. ആഭ്യന്തര സമരകാലത്തു് കാസിയൂസിനോടു ചേന്ന ഇയാരം പിന്നീട് മാർക്കു് ആൻറണിയോടു ചേന്നു. പാർത്ഥിയാക്കാർ കിഴക്കൻ പ്രദേശത്തു് ആക്രമണം തുടങ്ങിയപ്പോരം ഹിർക്കാനസ് രണ്ടാമൻെറ സഹോദരൻ ആൻറിഗോണസ് തലപൊക്കി യൂദന്മാരുടെ രാജാവാകാൻ ശ്രമിച്ചു. റോമിലെത്തിയ ഹേറോദേസിനു് യൂദന്മാരുടെ രാജപദവി ലഭിച്ചു. റോമൻ പട്ടാളം പാർത്ഥിയാക്കാരെ അമർത്തി. മൂന്നു വർഷത്തെ യുദ്ധശേഷം അൻറിഗോണസിനെ പരാജയപ്പെടുത്തികൊണ്ടു് ബി. സി. 37—ൽ ഹേറോദേസ് രാജാധികാരം പ്രയോഗിച്ചു തുടങ്ങി.

ബാഹ്യമായി നോക്കിയാൽ പ്രശാന്തതയുടെയും വളർച്ചയുടെയും കാലമായിരുന്നു ഹേറോദേസിൻെറ ഭരണം. എങ്കിലും അദ്ധ യഹൂദനായതുകൊണ്ടും റോമാക്കാരുടെ പിണിയാളായി ഭരിച്ചതുകൊണ്ടും യവനസംസ്കാരത്തിൻെറ അധിപ്രസരംകൊണ്ടും യഹൂദർ ഇയാളെ വെറുത്തിരുന്നു. മാക്കു് ആൻറണി പരാജയപ്പെട്ടപ്പോരം ഹേറോദേസ് റോമായിലെത്തി വിശ്വസ്തത പ്രഖ്യാപിച്ചു. ഇദുമെയാ, ശമറിയാ, ഗലിലെയാ, പെറയാ, ബാഷാൻ തുടങ്ങിയ പ്രദേശങ്ങരം ഹേറോറോദേസിൻെറ രാജ്യാതിത്തിയിലൊതുങ്ങി. പുതുക്കിപ്പണിത ശമറിയാ പട്ടണത്തിനു് അവുഗുസ്തൂസ് എന്ന ലത്തീൻ പേരിനു സമാനമായ 'സെബാസ്റ്റ' എന്ന പേരു നല്കി ചക്രവത്തിയെ മാനിച്ചു. കേസറിയാ,യെറുശലേം,ജെറീക്കോ എന്നിവടങ്ങളിലെല്ലാം പട്ടണം വളത്തിയതിനുപുറമെ ബേത്ലഹമിനടുത്തു്ഹെറോദിയവും ചാവുകടലിൻെറ പടിഞ്ഞാറൻതീരത്തു്മസാദയും പണിതുയത്തി. യഹൂദരെ പ്രീണിപ്പിക്കാൻ ബി. സി. 14—ൽ ആരംഭിച്ച ദേവാലയപുനർനിമ്മാണം പത്തുവഷംകൊണ്ടു പൂത്തിയായി; അവസാന മിനുക്കുപണികരംക്കു് പല വഷങ്ങരം വേണ്ടിവന്നു (യോഹ 2:20). എ. ഡി. 64—ൽ പൂത്തിയായ ഈ ദേവാലയമാണു്

പാർത്ഥിയ:

ഈശോയുടെ കാലത്തുണ്ടായിരുന്നതു് (ലൂക്കാ 21:5). ഏ. ഡി 70–ൽ ടൈററസിൻെറ നേതൃതപത്തിൽ റോമൻ സൈന്യം ഈ ദേവാലയം നശിപ്പിച്ചു. ഇന്നു് ഈ ദേവാലയത്തിൻെറ സ്ഥാനത്തു് ഒമാർ മോസ്ക്കും അൽ അക്സാമോസ്ക്കും ഉണ്ടു്. പഴയ ദേവാലയത്തിൻെറ ഏക അവശിഷ്ടത്തിന്മേൽ ഉയന്നതാണു് 'പടിഞ്ഞാററൻ മതിൽ' എന്നറിയപ്പെടുന്ന വിലാപമതിൽ. യഹൂദരുടെ ഏററം പൂജ്യസ്ഥലമാണിതു്.

Wailing Wall

ഹേറോദേസിൻെറ മരണശേഷം രാജ്യം അദ്ദേഹത്തിൻെറ മൂന്നു മക്കാംക്കായി വിഭജിതമായി.

1. ഹേറോദേസ് അൻറിപ്പാസ് ബി. സി 4 മുതൽ ഏ.ഡി 34–വരെ ഭരിച്ചു. ഇയാരം ഗലിലെയായുടേയും പെററയായുടേയും സാമന്തരാജാവായിരുന്നു (ലൂക്കാ 3:1). നബററയിൻ രാജാവായ അരേററസ് നാലാമൻെറ മകളെ വിവാഹം ചെയ്തിരുന്നെങ്കിലും ഇവളെവിട്ടു് സഹോദരനായ പിലിപ്പോസിൻെറ ഭാര്യ ഹെറോദ്യായെ സ്വന്തമാക്കി. ഇതിനെതിരായാണു് സ്നാപകയോഹന്നാൻ സ്വരമുയത്തിയതും മരിക്കേണ്ടിവന്നതും (മക്കോ 6:14–24). ഈ ഹേറോദേസ് ഈശോയെയും അവിടത്തെ ഒരത്ഭുതവും നേരിൽ കാണാൻ ആഗ്രഹിച്ചെങ്കിലും ഈശോ മൗനം ദീക്ഷിച്ചു. (ലൂക്കാ 23:6–12). ഇയാളെയാണു് ഈശോ 'കുറുക്കൻ' എന്നു വിശേഷിപ്പിച്ചതു് (ലൂക്കാ 13:32).

2. പീലിപ്പോസിനു് (ബി.സി. 4 ഏ.ഡി.34) ഇത്തുരിയായും ത്രക്കോനീത്തിസും ലഭിച്ചു (ലൂക്കാ 3:1). റോമാക്കാരോടു വിശ്വസ്തത പുലത്തിയ ഇയാളുടെ ഭരണം പൊതുവേ ശാന്തമായിരുന്നു. പഴയ ദാനട്ടത്തുണ്ടായിരുന്ന പാതിയാസിൽ പുതുക്കിപ്പണുത പട്ടണത്തിനു് കേസറിൻെറ പീലിപ്പോസ് എന്നു് പേരിട്ടു. ഇവിടെവച്ചാണു് താൻ ആരാണെന്നചോദ്യം ഈശോ ഉന്നയിച്ചതും പത്രോസു് ശരിയായ മറുപടിനല്കിയതും (മക്കോ 8:27).

3. അർക്കലൊവൂസ് (ബി. സി. 4–ഏ. ഡി. 6) യൂദയാ, ശമറിയാ, ഇദുമെയ പ്രദേശങ്ങളുടെ ഭരണാധികാരിയായിരുന്നു (മത്താ 2:22).

അഗ്രിപ്പാ ഒന്നാമനും രണ്ടാമനും

അരിസ്റ്റോബൊളുസിൽനിന്നും ബെർണ്ണീസിൽനിന്നും ജനിച്ച അഗ്രിപ്പാ ഒന്നാമൻ പ്രതാപവാനായ ഹേറോദേസിൻെറ പൗത്രൻ ആയിരുന്നു. ശ്ലീഹന്മാരുടെ പ്രവൎത്തനങ്ങളിൽ ഹേറോദേസ് എന്ന റിയപ്പെടുന്ന (12:1) ഇയാൾ മുത്തച്ഛൻെറ രക്ഷാധികാരിയുടെ പേരു് സ്വയം സ്വീകരിച്ചാണു് അഗ്രിപ്പായെന്നറിയപ്പെട്ടതു്. കലിഗുളാ ചക്രവർത്തി ഏ. ഡി. 34–ൽ പീലിപ്പോസിൻെറ സ്ഥാനത്തു് ഇയാളെ രാജാവാക്കി; പിന്നീടു് അൻറിപ്പാസിൻെറ രാജ്യവും ലഭിച്ചു. കലിഗുളായുടെ വധശേഷം ക്ളോദിയൂസിൻെറ പ്രീതിയും ഇയാൾക്കു ലഭിച്ചു. അങ്ങനെ ശമറിയായും യൂദയായും സ്വന്തമായി. ഇയാളാണു് സെബദിയുടെ പുത്രനായ യാക്കോബിനെ ഏ. ഡി. 42–ൽ വധിച്ചതു് (ശ്ലീഹ 12:2); പത്രോസിനെ ഇയാൾ കാരാഗൃഹത്തിലടച്ചു (ശ്ലീഹ 12:4).

അഗ്രിപ്പായുടെ മകൻ ഈ പേരിൽതന്നെ പുതിയനിയമ ത്തിൽ (ശ്ലീഹ 25:26) അറിയപ്പെടുന്നു. പ്രൊക്കുറേറററായ ഫേസ്തൂസ് കേസറിയായിൽവച്ചു് തടവിലായിരുന്ന പൗലോസിനെ സന്ദർശി ച്ചപ്പോൾ അഗ്രിപ്പാ രണ്ടാമനും ഭാര്യ ബെർണീക്കേയും ഉണ്ടായി രുന്നു. ഇവിടെവച്ചു് പൗലോസ് ചെയ്ത പ്രഭാഷണം പ്രസിദ്ധ മാണു് (ശ്ലീഹ 26).

റോമൻ പ്രൊക്കുറേറർമാർ

പ്രാദേശികഭരണത്തിനായി റോമൻ ചക്രവൎത്തിമാർ കാലാ കാലങ്ങളിൽ നിശ്ചയിച്ച അധികാരികളാണിവർ. യൂദയായിലെ പ്രൊക്കുറേറർ സിറിയായിലെ ലെഗററിനു് വിധേയമായാണു് ഭരിച്ചിരുന്നതു്. കരം പിരിക്കാനും പ്രധാന പുരോഹിതരെ നിയ മിക്കാനും മാററാനും ഇയാൾക്കവകാശമുണ്ടായിരുന്നു; സഹായ ത്തിനു് പട്ടാളവും ഉണ്ടായിരുന്നു. യൂദയായിലെ പ്രൊക്കുറേറർ സാമാന്യമായി കേസറിയായിൽ താമസിച്ചു്, അവശ്യാവസരങ്ങ ളിൽ മാത്രം യെറുശലേം സന്ദർശിച്ചിരുന്നു. കൊപ്പാണിയൂസായി രുന്നു ഒന്നാമത്തെ പ്രൊക്കുറേറർ (ഏ. ഡി. 6–9). പീലാത്തോസ് (ഏ. ഡി. 26–36). ഫെലിക്സ് (52–60), ഫേസ്തൂസ് (61–62) എന്നിവരെപ്പററി പുതിയനിയമത്തിൽ വായിക്കാം (മക്കോ 15; ശ്ലീഹ 21–24, 25–26).

യെറുശലേമിൻെറ നാശം

ഫേസ്റ്റസിനെ തുടന്ന് അൽബീനൂസിൻെറ കാലത്തു് (62–64) 'സിക്കാരികരം' എന്നറിയപ്പെട്ട ഖഠാരധാരികരം റോമിനെതിരായി തുറന്ന സമരം തുടങ്ങി. തുടർന്നുവന്ന ഫ്ളോറസ് പിശുക്കനും പണക്കൊതിയനുമായിരുന്നു. ഇയാരം ദേവാലയം കൊള്ളയടിച്ചതു് യഹൂദരെ രോഷാകുലരാക്കി. പ്രതിഷേധത്തെ മൃഗീയമായി അദ്ദേഹം അടിച്ചമർത്തി. 66—ൽ അൻറോണിയോ കോട്ടയിലുണ്ടായിരുന്ന പട്ടാളം ഒന്നടങ്കം കൊല്ലപ്പെട്ടു. നീറോ ചക്രവർത്തി വെസ്പേഷ്യനെ പലസ്തീനായിലേക്കയച്ചു. ഇതിനിടയിൽ ചക്രവർത്തി മരിച്ചതിനാൽ യൂദയായിലെ കാര്യം പുത്രനായ ടൈററസിനെ ഏല്പിച്ചിട്ട് അദ്ദേഹം റോമായ്ക്കു മടങ്ങി. ഏ. ഡി. 70 ഏപ്രിൽ മാസത്തിൽ അക്രമണം തുടങ്ങിയ ടൈററസ് അഞ്ചു മാസംകൊണ്ടു് പട്ടണം കീഴടക്കി. ദേവാലയത്തിൻെറ പടിഞ്ഞാറൻ ഭിത്തി മാത്രം അവശേഷിച്ചു. റോമൻ മേൽക്കോയ്മ സ്വീകരിച്ച റബ്ബിയോഹന്നാൻ ബെൻസക്കായ് വെസ്പേഷ്യൻെറ അനുവാദത്തോടെ ജാമ്നിയായിൽ ഒരു യഹൂദി പഠനകേന്ദ്രം ആരംഭിക്കുകയും യഹൂദമതത്തെ താങ്ങിനിറുത്താൻ ശ്രമിക്കുകയും ചെയ്തു.

ഖുമ്രാൻ ഗുഹകൾ



ചാവുകടൽ തീരത്തുള്ള ഈ സ്ഥലത്തുനിന്നാണ് ചാവുകടൽ ചുരുൾ എന്നറിയപ്പെടുന്ന പ്രസിദ്ധമായ ബൈബിൾ കൈയെഴുത്തുപ്രതികൾ 1947–ൽ കണ്ടെടുത്തത്.

പലസ്തീനായിലെ കുതിരസവാരി

III

മതസാംസ്ക്കാരിക പശ്ചാത്തലം

ജി. കണിയാരകത്തു്

മതസാംസ്ക്കാരിക പശ്ചാത്തലം

പീലാത്തോസ് ഒരു വിജ്ഞാപനവും എഴുതി കുരിശിനു മുകളിലായി സ്ഥാപിച്ചു........അതു് എബ്രായയിലും ലത്തീനിലും ഗ്രീക്കിലും എഴുതിവച്ചിരുന്നു (യോഹ 19:19–20). ഈ മൂന്നു ഭാഷകൾ അന്നത്തെ പലസ്തീനായിലെ മൂന്നു സംസ്കാരങ്ങളെ പ്രതിനിധാനം ചെയ്യുന്നു. റോമായുടെ ഔദ്യോഗിക ഭാഷയായിരുന്ന ലത്തീനും നാടൻ ഭാഷയായിരുന്ന അറാമായയും അഭ്യസ്തവിദ്യരുടെ ഭാഷയായ ഗ്രീക്കും അന്നു പ്രചാരത്തിലുണ്ടായിരുന്നു.

യവന പശ്ചാത്തലം

പലസ്തീനായിൽ യവനഭരണവും സ്വാധീനവും ഉണ്ടായ ചരിത്രം മുമ്പ് വിവരിച്ചിട്ടുണ്ട്. അലക്സാണ്ടറുടെ സാമ്രാജ്യം അധികകാലം നിലനിന്നില്ലെങ്കിലും യവനസംസ്കാരവും ഭാഷയും ഏതാണ്ട് സ്ഥിരപ്രതിഷ്ഠ നേടിയതുപോലെ അനുഭവപ്പെട്ടു. ഇതിന്റെ ഫലമായി ബി. സി. മൂന്നാം നൂററാണ്ടു മധ്യത്തിൽ വേദപുസ്തകം ഗ്രീക്കുഭാഷയിലേക്ക് വിവർത്തനം ചെയ്യാൻ സംഗതിയായി. ഇതാണ് പ്രസിദ്ധമായ സപ്തതി (septuagint). പുതിയനിയമ ഗ്രന്ഥങ്ങൾ വിരചിതമായതു് ഈശോയുടെ കാലത്തു സാധാരണമായിരുന്ന കൊയിനേ ഗ്രീക്കിലായിരുന്നു. ആദിമ സഭാസമൂഹത്തിൽ ഭാഷയുടെയും വർഗത്തിന്റെയും പേരിൽ ചില അസ്വാസ്ഥതകൾ ഉണ്ടായിട്ടുണ്ട് (ശ്ലീഹ 6:1).

ആദിമ ക്രൈസ്തവ സമൂഹത്തിന് ഒരു വെല്ലുവിളിയായി വന്നതു് എപ്പികൃൂറസിന്റെ (341–270 ബി. സി.) ചിന്തകളായിരുന്നു. ഇയാളുടെ ചിന്തയിൽ ദേവന്മാരും പിശാചുക്കളും ആരാധനയും എല്ലാം അത്ഥരഹിതമായിരുന്നു. ദേവന്മാരുടെ അസ്തിത്വത്തെ അദ്ദേഹം ചോദ്യം ചെയ്തില്ല. പക്ഷേ, അവക്കു മനുഷ്യരുടെ കാര്യത്തിൽ ഒന്നും ചെയ്യാനില്ലത്രെ. സൂക്ഷ്മമായ പരമാണുക്കൾ കൊണ്ടു നിമ്മിതമായ മനുഷ്യന്റെ ശരീരവും ആത്മാവും മരണത്തോടെ ശിഥിലമാവുന്നു. അതുകൊണ്ടു് മനുഷ്യൻ അവന്റെ ആനന്ദ

വും സംതൃപ്തിയും ഈ ഭൂമിയിൽതന്നെ കണ്ടെത്തണം. ഗ്രീസിൻെറ തലസ്ഥാനമായ ആഥൻസിലെ അരയോപ്പഗസ്സിൽ മരണാനന്തര ജീവിതത്തെപ്പററി പൗലോസ് സംസാരിച്ചപ്പോൾ പുച്ഛിച്ച് ചിരിച്ചതു് എപ്പിക്യൂറിയൻ സിദ്ധാന്തികൾ ആയിരുന്നിരിക്കണം (ശ്ലീഹ 17:32). ദേവീദേവന്മാരോടുള്ള ഭയത്തിൽനിന്നുള്ള വിമോചനം ആനന്ദത്തിൽ മൗലികമാണു്. യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ശരിയായ അറിവു് മനുഷ്യനെ വിമോചിപ്പിക്കും. എപ്പിക്യൂറസ് വാഗ്ദാനം ചെയ്യുന്ന ആനന്ദം കേവലം ശാരീരികമെന്നു കരുതാനാവില്ല. മനസ്സിൻെറ നിസ്സംഗതയിലും ശാന്തിയിലുമാണു് ഈ ആനന്ദം അനുഭവപ്പെടുക. ഒന്നുകൊണ്ടും ചഞ്ചലപ്പെടാത്ത ഒരവസ്ഥാവിശേഷമാണിതു്. ആനന്ദത്തിൻെറ ഏററം വലിയ ഉറവിടം സൗഹൃദമാകുന്നു.

പുതിയനിയമകാലത്തു് ഏറെ സ്വാധീനത്തിലായിരുന്ന മറെറാന്നാണു് സ്റ്റോയിക്കു് ചിന്ത. യഹൂദ മതചിന്തയോടു് ഒട്ടൊക്കെ സാമ്യമാന്ന ഈ ചിന്ത ഗ്രേക്കോറോമൻ സംസ്കാരത്തിൽ തഴച്ചു വളന്നു. മനുഷ്യനും ഈ പ്രപഞ്ചത്തിനും എല്ലാം അർത്ഥമുണ്ടു്. സർവ്വത്തെയും നിയന്ത്രിച്ച് പരിപാലിക്കുന്ന ഒരു ശക്തിയും ഉണ്ടു്. മനുഷ്യൻ സ്വാഭാവിക നിയമത്തിനും യുക്തിക്കും ചേരുംവിധം അവൻെറ ജീവിതം കരുപ്പിടിപ്പിക്കണം. പാവനമായ നിസ്സംഗതയും സ്വയംപര്യാപ്തതാബോധവും വളർത്തേണ്ടതുണ്ടു്. സ്റ്റോയിക്കു് കവിയായ അറാററസിനെ പൗലോസ് അരയോപ്പഗസ് പ്രസംഗത്തിൽ ഉദ്ധരിക്കയുണ്ടായി (ശ്ലീഹ 17:28).

റോമൻ പശ്ചാത്തലം

ഗ്രേക്കോറോമൻ സംസ്കാരത്തെ അന്നത്തെ പലസ്തീനായിൽ രണ്ടായി കാണാൻ പ്രയാസമായിരുന്നു. ഒന്നിനേ ഒന്നിൽനിന്നു വേർതിരിക്കുക ആവശ്യമെന്നു് പറഞ്ഞുകൂടാ. എങ്കിലും ചില റോമൻ പ്രത്യേകതകളെപ്പററി ചിന്തിക്കാവുന്നതാണു്. റോമാസാമ്രാജ്യത്തിൽ റോമാനഗരത്തെ ദേവതയായി പൂജിക്കാനുള്ള ശ്രമം വളന്നു. ഇതു് രാജപൂജയിൽ ചെന്നെത്തി. അലക്സാണ്ടറുടെ പിൻഗാമികളായ ഈജിപ്തിലെ ടോളമികളും സിറിയായിലെ സെലെവ്കസികളും റോമായിലെ സീസർമാരും ഇതിൽ ഉത്സാഹം കാണിച്ചു.

ഗ്രേക്കോറോമൻ സംസ്കാരത്തിൽ വളന്ന ഒന്നാണു് 'മിസ്റ്ററി

കരംട്ട്'' (mystery cults) ദേവീദേവന്മാരുടെ ചെയ്തികരം നാടകീയമായി പുനരവതരിപ്പിച്ച് അവയിൽ ലയിക്കുകമൂലം ദൈവാനുഗ്രഹം കിട്ടുമെന്ന വിശ്വാസമാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നതു്. വി. പൗലോസിന്റെ ലേഖനങ്ങളിൽ ഇതിന്റെ സ്വാധീനം കാണാം.

ക്രിസ്തുവിനു മുമ്പുതന്നെ ആരംഭിച്ച ഒന്നാണ് ജ്ഞാനവാദം (gnosticism) ആത്മാവബോധത്തിൽനിന്നുള്ള അറിവാണ് രക്ഷയേകുന്നതെന്ന് ഈ സിദ്ധാന്തം പഠിപ്പിക്കുന്നു. പടിപടിയായി നിർഗ്ഗമിച്ച സത്തകരം ഉറവിടത്തിൽനിന്നുള്ള അകൽച്ചയനുസരിച്ച് അപൂർണ്ണങ്ങളായി ഭവിച്ചു. ഉറവിടത്തിലേക്കു തിരിച്ചുപോകുന്നതിലാണ് ജന്മസാഫല്യം. ക്രിസ്തുവിന്റെ ശാരീരികാസ്തിത്വത്തെ ഇവർ ചോദ്യം ചെയ്തു (1യോഹ 1:1–4). ജ്ഞാനവാദത്തിലെ ചില പദങ്ങരം പുതിയനിയമ ഗ്രന്ഥങ്ങളിൽ കാണാമെങ്കിലും ഈ ചിന്തയുടെ സ്വാധീനം എത്രമാത്രമുണ്ടെന്നു പറയാനാവില്ല.

സാമ്രാജ്യത്തിലെ ഐക്യവും ഭാഷാസൗകര്യവും യാത്രാമാർഗ്ഗങ്ങളും ക്രൈസ്തവസഭയുടെ ത്വരിതമായ വളർച്ചയെ സഹായിച്ചു. ഈ സംസ്കാരത്തിൽ ഉയർന്നുവന്ന റോമായിലും കോറിന്തോസിലും അന്ത്യോക്യായിലും എഫേസോസിലും പീലിപ്പോസിലും തെസലോണിക്കേയിലും എല്ലാം യഹൂദ കോളണികരം ഉയർന്നു. ഇവിടെയെല്ലാം പൗലോസിനു് പ്രേഷിതപ്രവർത്തനത്തിനുള്ള സൗകര്യവും ലഭിച്ചു.

യഹൂദ പശ്ചാത്തലം

ക്രൈസ്തവ മതത്തിന്റെയും വേദഗ്രന്ഥങ്ങളുടെയും ഒന്നാമത്തെയും അടിസ്ഥാനപരവുമായ പശ്ചാത്തലം യഹൂദമതവും ജീവിതവുമാണ്. യഹൂദ മതപാരമ്പര്യങ്ങളുടെ വളർച്ചയും പൂർത്തീകരണവുമായ പുതിയ ഇസ്രയിലാണ് ക്രൈസ്തവ സമൂഹം. തന്റെ സ്വന്തക്കാരായ യഹൂദരെ ഹൃദയവികാരങ്ങളോടെ പൗലോസ് അനുസ്മരിച്ചു: ''അവർ ഇസ്രിയേൽക്കാരാകുന്നു. പുത്രസ്ഥാനവും മഹത്വവും ഉടമ്പടികളും നിയമദാനവും ആരാധനയും വാഗ്ദാനങ്ങളും അവരുടേതാണല്ലോ. പൂർവ്വപിതാക്കന്മാരും അവരുടേതുതന്നെ. മിശിഹായും മനുഷ്യനെന്ന നിലയിൽ അവരുടെ വംശജനാണ്'' (റോമ 9:4–5).

യറുശലേം ദേവാലയം

ചുററിനടന്നിരുന്ന കാലത്തു് ഇസ്രയേൽക്കാരുടെ ദൈവം അവരോടൊത്തു് താല്ക്കാലിക കൂടാരങ്ങളിൽ കഴിഞ്ഞു. ശ്ലേമോൻ രാജാവാണു് ആദ്യമായി ദേവാലയം നിർമ്മിച്ചതു് (1 രാജാ 6–7). ബി. സി. 587–ൽ ബാബിലോണിയാക്കാർ ഈ ദേവാലയം നശിപ്പിച്ചു. പിന്നീടു് സെറുബാബേലിന്റെ നേതൃത്വത്തിൽ ബി. സി. 537–ൽ ആരംഭിച്ചതു് 515–ൽ പൂർത്തിയായി. മൂന്നാമതായി ഹേറോദേസ് പണിത ദേവാലയമാണു് ഈശോയുടെ കാലത്തുണ്ടായിരുന്നതു്. ബി. സി. 19–ൽ ആരംഭിച്ച പണികൾ പത്തുകൊല്ലം കൊണ്ടു് ഒട്ടൊക്കെ ആയെങ്കിലും അവസാനം മിനുക്കുപണികൾക്കു് പിന്നെയും പലേ വർഷങ്ങൾ എടുത്തു (യോഹ. 2:20) എ. ഡി. 64–ലാണു് ഇതു പൂർത്തിയായതു്. പുതിയനിയമഗ്രന്ഥങ്ങളിൽ ഈ ദേവാലയത്തെപ്പററി നൂറിലേറെ പരാമർശങ്ങൾ ഉണ്ടെങ്കിലും ദേവാലയത്തിന്റെ ഘടനയും സംവിധാനവും വ്യക്തമല്ല.

ഒരു നല്ല യഹൂദനെന്നവിധം ഈശോ ദേവാലയത്തിൽ പോകയും അവിടത്തെ കർമ്മങ്ങളിൽ പങ്കെടുക്കയും ചെയ്തിരുന്നു (ലൂക്കാ. 2:41–50); അവിടുന്നു ദേവാലയത്തിൽ പരസ്യമായി പഠിപ്പിച്ചിരുന്നു (മർക്കോ 11:27; യോഹ 18;20). ദേവാലയം യഥാർത്ഥത്തിൽ ദൈവഭവനംതന്നെ (മത്താ 12:4; ലൂക്കാ 6:4). പ്രാർത്ഥനാലയമാണതു് (മർക്കോ 21:13; മത്താ 11:17). ദേവാലയ നികുതി കൊടുക്കാൻ അവിടുന്നു മടിച്ചില്ല (മത്താ 17:24–27). ഈശോയെ തുടർന്നു് അവിടത്തെ ശിഷ്യരും അനുയായികളും ദേവാലയത്തിൽ ആരാധന നടത്തുകയും (ശ്ലീഹ 2: 46; 3:1), പഠിപ്പിക്കയും (ശ്ലീഹ. 5:12,20) ചെയ്തിരുന്നു. ഭൂമിയിലെ ദേവാലയം സ്വർഗ്ഗീയമായതിനെ പ്രതിരൂപവല്ക്കരിക്കുന്നു. (വെളി 3:12; 7;15).

സിനഗോഗ്

പ്രാർത്ഥനക്കോ പഠനത്തിനോ വേണ്ടിയുള്ള യഹൂദസമ്മേളനത്തിനും സമ്മേളന സ്ഥലത്തിനും സിനഗോഗ് എന്നു പറയുന്നു. ബി. സി. 587–ൽ യറുശലേം ദേവാലയം നശിപ്പിക്കപ്പെട്ടുകയും യഹൂദർ ചിതറിക്കപ്പെട്ടുകയും ചെയ്ത സാഹചര്യത്തിലായിരിക്കാം ഇതിന്റെ ഉത്ഭവം. ഈശോയുടെ കാലത്തു് സിനഗോഗ് വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമായിരുന്നു. പ്രധാനപട്ടണങ്ങളിലെല്ലാം ഒന്നിലധികം സിനഗോഗുകൾ ഉണ്ടായിരുന്നു (ശ്ലീഹ 6:9).

സിനഗോഗുകളിൽ പുരോഹിതനോ ബലിയർപ്പണമോ ഇല്ല. സമൂഹത്തിലെ തലവൻ നേതൃത്വം നല്കുകയായിരുന്നു പതിവു് (ലൂക്കാ 8:41; ശ്ലീഹ 18:8);നിയമപരവും ശിക്ഷണപരവുമായ അധികാരം സിനഗോഗുകൾക്കുണ്ടായിരുന്നു. (മർക്കോ. 13:9; മത്താ.5:72).

ഈശോ സിനഗോഗുകളിൽ പ്രാർത്ഥിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടു് (മർക്കോ 1:39;മത്താ 4;23). നസ്രത്തിൽ അവിടുന്നു ചെയ്ത നയപ്രഖ്യാപനപ്രസംഗം പ്രസിദ്ധമാകുന്നു(ലൂക്കാ 4:16–21). പൗലോസും അദ്ദേഹത്തിന്റെ പ്രേഷിത യാത്രയിൽ ആദ്യമായി സിനഗോഗുകളിലാണു് പ്രസംഗിച്ചിരുന്നതു് (ശ്ലീഹ 9:20;13:5; 17:1; 18:4; 19:8).

പുരോഹിതർ

യഹൂദരുടെ മതജീവിതത്തിൽ പുരോഹിതർക്കു പ്രമുഖ സ്ഥാനം ഉണ്ടായിരുന്നു. ലേവിഗോത്രത്തിൽപ്പെട്ട അഹറോൻ കുടുംബത്തിന്റെ അവകാശമയിരുന്നു ബലിയർപ്പണം (ലേവാ 8:9). ബലിയർപ്പിക്കുക, കാഴ്ചയപ്പം ഭക്ഷിക്കുക, ശാബതാചാരങ്ങൾക്കു നേതൃത്വം നല്കുക (മത്താ 12:5), അശുദ്ധർ ശുദ്ധരായതിനു സാക്ഷ്യം നല്കുക (മത്താ 8:5; ലൂക്കാ 17;14) എന്നിവയെല്ലാം ഇവരുടെ അവകാശവും കടമയും ആയിരുന്നു. മഹാപുരോഹിതനു മാത്രമാണു് ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്തു പ്രവേശനമുണ്ടായിരുന്നതു്. സൻഹെദ്രീൻ എന്ന ഉന്നതാധികാരസമിതിയുടെ അദ്ധ്യക്ഷൻ ഇദ്ദേഹമായിരുന്നു.

സൻഹെദ്രീൻ

വിപുലമായ അധികാരങ്ങളോടുകൂടിയ ഒരുന്നത യഹൂദ ഭരണസമിതിയാണിതു്. മക്കബായ ഭരണകാലംമുതൽ ഇതേപ്പററി വായിക്കാം (മക്കാ 11: 23, 2 മക്ക 1: 10). പ്രധാന കുടുംബങ്ങളിൽ നിന്നുള്ള പ്രമാണികൾ, പ്രധാന പുരോഹിതർ, വേദപണ്ഡിതർ എന്നിവരായിരുന്നു ഇതിലെ അംഗങ്ങൾ. അതതുകാലത്തെ പ്രധാന പുരോഹിതൻ അധ്യക്ഷം വഹിച്ചു. മതപരവും സാമുദായികവുമായ അധികാരങ്ങളുണ്ടായിരുന്ന ഈ സംഘത്തിനു് യഹൂദനിയമത്തിന്റെ തുണയിൽ പലതും ചെയ്യാമായിരുന്നെങ്കിലും വധശിക്ഷ ഇവരുടെ പരിധിക്കപ്പുറമായിരുന്നു (യോഹ 18: 31).

പ്രീശർ

ഹെബ്രായയിൽ 'പെറുശീം' എന്നും അറാമായയിൽ 'പെറിശായാ' എന്നും അറിയപ്പെട്ട പ്രീശർ മററുള്ളവരിൽ നിന്നും 'വേർതിരിക്കപ്പെട്ടവരായി' സ്വയം കരുതിയിരിക്കാം. മതനിഷ്ഠയിലും നിയമവ്യാഖ്യാനത്തിലും മികച്ചവരായിരുന്നു ഇവർ. യവനീകരണത്തിൻെറ അതിപ്രസരത്തെ ചെറുത്ത 'ഹസിദീം' എന്ന 'ഭക്തരുടെ തുടർച്ചയാണിവർ എന്നു കരുതപ്പെടുന്നു. കർത്താവിൻെറ കാലത്തു ഹേറോദേസിനെ സ്വീകരിക്കാൻ വിമുഖത കാണിച്ചെങ്കിലും രാഷ്ട്രീയം വിട്ടകന്നു് മതപരമായ കാര്യങ്ങളിൽ ഇവർ ശ്രദ്ധിച്ചു. ഇവരും സദ്ദൂക്കായരും തമ്മിലുണ്ടായ വടംവലി ബി. സി. 63—ലെ റോമൻ ആഗമനത്തെ സഹായിച്ചു.

മതത്തെയും മനുഷ്യജീവിതത്തെയും ഗൗരവബുദ്ധിയോടെ വീക്ഷിക്കുന്ന ഇവർ ശാബതനിയമവും മററും കാര്യമായി കരുതി. ദൈവികനിയമങ്ങൾ ഊനമില്ലാതെ കാക്കാൻ സഹായിക്കുന്ന മുന്നൂററിപ്പതിമൂന്നു നിയമങ്ങൾ ഇവർ കണ്ടുപിടിച്ചു. ശാബതത്തെ ലംഘിക്കുന്നതായി തോന്നിയ ഏതു ജോലിയും നിഷിദ്ധമായി ഇവർ കരുതി (മക്കോ 2: 23;2). തോറായെ (വിശുദ്ധഗ്രന്ഥം) മുറുകെപ്പിടിച്ച ഇവർ പിതാക്കളുടെ പാരമ്പര്യങ്ങളെ മാനിച്ചതോടൊപ്പം (മത്താ 15:2; മക്കോ 7:5) പുതിയ ചിന്താഗതികളെ തുറന്ന മനസ്സോടെ സ്വീകരിക്കാൻ ഒരുക്കമായിരുന്നു; അങ്ങനെ പുനരുത്ഥാനവും മാലാഖാമാരുടെ അസ്തിത്വവും എല്ലാം അവരുടെ വിശ്വാസത്തിൽ ഉൾച്ചേർന്നു. ദൈവപരിപാലനയോടൊപ്പം മനുഷ്യൻെറ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും അവർ ഉയർത്തിപ്പിടിച്ചു.

പ്രീശരുടെ കൂട്ടത്തിൽ ശ്രദ്ധേയരായവരാണ് നിക്കദേമൂസ് (യോഹ 3:1; 7: 50), ഗമാലിയേൽ (ശ്ലീഹ 5), പൗലോസ് (ശ്ലീഹ 23: 6—9, പീലി 3:5) തുടങ്ങിയവർ. പ്രീശരിൽ ചിലർ ഈശോയുടെ പ്രബോധനം അംഗീകരിച്ചു (മക്കോ 12 :28—34). പ്രീശരും അവിടുത്തെ ക്ഷണിച്ചു സല്കരിച്ചിട്ടുണ്ടു് (മക്കോ 12:38—40; ലൂക്കാ 7:36). ഈശോയെ വധിക്കാൻ ഹേറോദേസ് ആലോചിക്കുന്ന കാര്യം ഇവരാണ് ഈശോയുടെ ശ്രദ്ധയിൽ പെടുത്തിയതു് (ലൂക്കാ. 13: 31).

നിയമങ്ങളുടെയെല്ലാം സാരസത്തായ സ്നേഹത്തെ അവഗണിച്ചുകൊണ്ടും നിയമത്തിൻെറ അക്ഷരത്തിൽ മുറുകെപ്പിടിച്ചതാ

ണ് പ്രീശക്കുപററിയ ഏററം വലിയ അബദ്ധം. സ്നേഹം നിയമ ങ്ങളുടെയെല്ലാം ലക്ഷ്യവും പൂർത്തീകരണവുമാണെന്ന മഹാസത്യം മനസ്സിലാക്കാൻ ഈ മതഭക്തന്മാക്കു കഴിഞ്ഞില്ല (മക്കോ 2: 23–28). ധാമ്മികതയും ദൈവരാജ്യവും തങ്ങളുടേതെന്നു ധരിച്ചുവശായ ഇവർ ചുങ്കക്കാരിൽനിന്നും പാപികളിൽനിന്നും അകന്നുമാറി (ലൂക്കാ 5: 29–32). പ്രീശൻെറയും ചുങ്കക്കാരൻെറയും ഉപമ ഇവരുടെ ചിന്തയുടെ ഒരു വശം വ്യക്തമാക്കുന്നു (ലൂക്കാ 18: .9–14). ധൂർത്ത പുത്രൻെറ ഉപമയിലെ (ലൂക്കാ 15) മൂത്തപുത്രൻ പ്രീശരെ പ്രതി രൂപവല്ക്കരിക്കുന്നു. അനേകവർഷം അയാറം അപ്പനു് ദാസ്യവേല ചെയ്തു (വാ. 29); കൂട്ടുകാരുമൊത്താറ്റാദിക്കാൻ എന്തെങ്കിലും വീട്ടിൽ നിന്നെടുക്കാനുള്ള സ്വാതന്ത്ര്യം അയാറംക്കു തോന്നിയില്ല (വാ 29). വഴിതെററിപ്പോയശേഷം തെരിച്ചെത്തിയ സ്വന്തം സഹോദരനെ അയാറം അന്യനായാണു് കണ്ടതു്: ''താങ്കളുടെ മകൻ തിരിച്ചുവന്നപ്പോറം കൊഴുത്തകാളകളെ കൊന്നിരിക്കുന്നു''(വാ.30). തൻെറ സഹോദരനായി ആ അനുജനെ കാണാൻ അയാറംക്കു കഴി ഞ്ഞില്ല. ചുങ്കക്കാരും പാപികളും ഈശോയെ ശ്രവിക്കുന്നതിൽ പരി ഭവപ്പെട്ടു് പിറുപിറുത്ത പ്രീശക്കും വേദപണ്ഡിതക്കും എതിരായാണു് ഈശോ ഈ ഉപമ പറഞ്ഞതു് (ലൂക്കാ 15: 1–3).

നിയമത്തിൻെറ നൂലാമാലകളിൽ മാനുഷികതയെ തളച്ചി ടാൻ ശ്രമിച്ചവർ (മക്കോ 7) യഥാത്ഥത്തിൽ ദൈവഭക്തരല്ല, കപ ടഭക്തരാകുന്നു (മക്കോ 7:6 തു); വെള്ളയടിച്ച കുഴിമാടങ്ങറംക്കു സദൃശ്യരാണവർ (മത്താ 23: 27); ദൈവേഷ്ടം തേടുന്നതിനേക്കാറം സ്വന്തം ഇഷ്ടം ദൈവേഷ്ടമായി പാകപ്പെടുത്തിയെടുക്കാൻ ശ്രമി ച്ചവരാണവർ. സ്വയംപര്യാപ്തരെന്നു കരുതിയ അവർ ആത്മാവി ൻെറ പ്രകാശത്തിൽനിന്നകന്നു. നിയമബന്ധിതമായ ഇവരുടെ ധാമ്മികതയേക്കാറം മെച്ചമായ ഒന്നാണു് ക്രിസ്തു തൻെറ അനുയാ യികളിൽ പ്രതീക്ഷിക്കുന്നതു് (മത്താ 5:20). ഇവർ ശത്രുമനസ്ഥി തിയോടെയാണു് ഇശോയെ വീക്ഷിച്ചിരുന്നതു് (യോഹ 4:1); അവിടുത്തെ വാക്കിൽ കുടുക്കാൻ ശ്രമിച്ചു (മക്കോ 12: 13; ലൂക്കാ 20: 21 തു). ഈശോയുടെ ചെയ്തികറം പലതും അവക്കു് ഉതപ്പിനു കാരണമായി (മക്കോ 2: 13–17, മത്താ 9:9–13); അവിടുന്നു പാപവിമോചനം നല്കിയതു് അവക്കു മനസ്സിലാക്കാൻ കഴിഞ്ഞി ല്ല (ലൂക്കാ 5: 17 തും). ഈശോയെ വധിക്കാൻ തന്നെയും അവർ

ശ്രമിച്ചു (മക്കോ 5:6, മത്താ 12: 14; യോഹ 11: 46–53). നല്ലതു ചീത്തയായാൽ എവിടെത്തുമെന്നു ചിന്തിക്കുക.

പ്രധാനമായും പ്രീശരിൽനിന്നുള്ളവരാണ് വേദപണ്ഡിതർ (മക്കോ 12:16; ശ്ലീഹ 2 3:9). തോറായിൽ അവഗാഹം നേടിയ ഇവർ വെറും നിയമപണ്ഡിതർ എന്നതിലുപരി വേദഗ്രന്ഥപണ്ഡിതരാണ് (മത്താ 2:4). റബ്ബിമാരായ ഇവക്ക് ഈശോ ഒരു വെല്ലുവിളിയായിരുന്നു (മത്താ 7:29). മോശയുടെ അധികാരത്തോടെ പഠിപ്പിച്ച ഇവരുടെ ആധികാരികതയെ ഈശോ അംഗീകരിച്ചു; എന്നാൽ അവരെ അനുകരിക്കരുതെന്നും ഓർമ്മിപ്പിച്ചു (മത്താ 23: 2–3) ഈശോയെ വധിക്കുന്ന കാര്യത്തിൽ ഇവക്കും വലിയ പങ്കുണ്ടായിരുന്നു (മക്കോ 11: 18; 14: 43, 15:31).

മതതീക്ഷ്ണതയും ദൈവവിചാരവുമുണ്ടായിരുന്ന പ്രീശക്ക് മനുഷ്യസഹജമായ പല ബലഹീനതകളും ഉണ്ടായിരുന്നെങ്കിലും അവരെ അപ്പാടെ തെററുകാരായി അവഗണിക്കാവുന്നതല്ല. അവരുടെ മതവിശ്വാസ പശ്ചാത്തലത്തിൽ ഈശോയെ മനസ്സിലാക്കാൻ അവക്കു പ്രയാസമായിരുന്നു. പ്രീശരുടെയും വേദപണ്ഡിതരുടെയും ഒക്കെ തുടർച്ചയായി വന്ന റബ്ബിമാരാണ് യഹൂദമതത്തെ കാത്തുസൂക്ഷിച്ചതു്. യറുശലേം ദേവാലയവും പുരോഹിതരും എല്ലാം അപ്രത്യക്ഷമായപ്പോഴും ഇവരാണ് ഈ സമൂഹത്തെ താങ്ങിനിറുത്തിയതു്.

സദ്ദൂക്കായർ

ശ്ലോമോൻെറ കാലത്തു പ്രധാനാചാര്യനായിരുന്ന സാദോക്കിൻെറ പിൻഗാമികളാണ് ഇവരെന്നു കരുതാം (1 രാജാ. 2:35). എണ്ണത്തിൽ കുറവെങ്കിലും പ്രഭുകുടുംബക്കാരായ ഇവക്കു നല്ല സ്ഥാനം ഉണ്ടായിരുന്നു. പ്രധാനമായും പുരോഹിതരായിരുന്നു ഇവർ. സൻഹെദ്രീൻ സംഘത്തെ നിയന്ത്രിച്ച ഇവർ രാഷ്ട്രീയമായും എണ്ണപ്പെട്ട ശക്തിയായിരുന്നു. ഈശോയുടെ കാലത്തു് കയാപ്പായും ഹന്നാനും പ്രധാന പുരോഹിതരായിരുന്നു (ലൂക്കാ 3:2).

മതകാര്യങ്ങളിൽ തികച്ചും യാഥാസ്ഥിതികരായിരുന്ന സദ്ദൂക്കായർ ലിഖിതമായ വേദഗ്രന്ഥത്തിനു പുറമെ ഒന്നും അംഗീകരിച്ചിട്ടില്ല. മരണാനന്തര ജീവിതം, ദൈവദൂതന്മാരുടെ അസ്തിത്വം എന്നിവ ഇവർ സ്വീകരിക്കുന്നില്ല (മത്താ 22:22–33; ശ്ലീഹ 23:6–8).

സദൃക്കായർക്കും ഈശോ ഒരു ഭീഷണിയായിത്തീന്നു(യോഹ 11:48). യോഹന്നാൻ മാംദാനായും(മത്താ.3:7) ഈശോയും (മത്താ 16:1–12) പ്രീശരോടൊപ്പം ഇവരെയും ശാസിച്ചു. സുവിശേഷങ്ങളിൽ ഒരു പ്രാവശ്യം മാത്രമാണ് ഈശോയുമായി ഇവർ ഏററുമുട്ടുന്നതു് (മക്കോ 12:18–27; മത്താ 22:22–33). മരണാനന്തര ജീവിതം പൊരുത്തക്കേടാണെന്നു സ്ഥാപിക്കാനുള്ള വിഫലശ്രമമാണ് ഇവിടെ നടന്നതു്. പ്രീശരും സദൃക്കായരും തമ്മിലുള്ള ഒരു വൻ തക്വിഷയമായിരുന്നു മരണാനന്തര ജീവിതം (ശ്ലീഹ 23:6–8).

ഈശോയെ കുരിശിലേററാൻ ഏററം അധികം ബദ്ധപ്പെട്ടതു് പ്രമാണികളും പ്രധാന പുരോഹിതരുമാണ്. പ്രീശരും ഹേറോദേസ് പക്ഷക്കാരും ഇക്കാര്യത്തിൽ മുൻപന്തിയിലില്ല (മക്കോ 8:31). മത്തായി 27:62 ൽ പ്രീശർ ഈശോയുടെ കല്ലറ കാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഈശോയുടെ മതവ്യാഖ്യാനങ്ങളെ ചെറുത്തെങ്കിലും അവിടുത്തെ സ്പർശിക്കാൻ ഇവർ തുനിഞ്ഞില്ല. സദൃക്കായരും പുരോഹിതരുമാണ് ഇക്കാര്യത്തിൽ നോട്ടമിട്ടതു്. എ. ഡി. 70–ൽ ടൈററസ് യറുശലേം ദേവാലയം നശിപ്പിച്ചതോടെ സദൃക്കായരുടെ ചരിത്രവും അവസാനിച്ചെന്നു കരുതാം.

ശമ്രായർ

'ശോമ്രീം' അഥവാ സത്യത്തിൻെറ 'കാവൽക്കാർ' എന്നു സ്വയം വിശേഷിപ്പിക്കുന്ന ഇവരുടെ ഉത്ഭവത്തെക്കുറിച്ച് രാജാക്കന്മാരുടെ രണ്ടാം പുസ്തകം പതിനേഴാം അധ്യായത്തിൽ വായിക്കാം. ബി. സി. 722–ൽ ഇസ്രായേലിൻെറ തലസ്ഥാനമായിരുന്ന ശമറിയാ അസീറിയാക്കാർ പിടിച്ചെടുത്തു. അവർ യഹൂദരിൽ ചിലരെ മെസൊപ്പൊട്ടാമിയായിലേക്ക് കൊണ്ടുപോകയു, അവിടത്തുകാരെ ശമറിയായിൽ അധിവസിപ്പിക്കയും ചെയ്തു. ഇതിൽനിന്നുണ്ടായ സങ്കരവർഗ്ഗമാണ് ശമ്രായർ എന്ന് ഒരഭിപ്രായമുണ്ട്. എന്നാൽ ശമ്രായർ ഇതു സ്വീകരിക്കുന്നില്ല. യൗസേപ്പ്, എഫ്രായീം മനാസ്സേ എന്നീ ഗോത്രങ്ങളുടെ തുടർച്ചയാണത്രെ ഇവർ. അഹറോൻ, എലെയാസർ, പിനെയാസ് എന്നിവരിലൂടെ തുടന്ന് പ്രധാന പൗരോഹിത്യം ഇവക്കുണ്ട്. ശെക്കെമിലുണ്ടായിരുന്ന ആരാധനാ കേന്ദ്രം ഏലിയാ ശീലോഹോയിലേക്കു മാററിയതാണ് യഹൂദരുടെ ഇടയിലെ വലിയ ശീശ്മയ്ക്കു കാരണം. അന്നുമുതലാണ് സത്യത്തിൻെറ കാവൽക്കാരായ ശമ്രായർ യഹൂദരിൽനിന്നു മാറിയതു്.

പഞ്ചഗ്രന്ഥം മാത്രം വേദഗ്രന്ഥമായി സ്വീകരിക്കുന്ന ശമ്രായർ വിശുദ്ധ മലയായ ഗെരിസീമിൽ മാത്രം സാധുവായ ആരാധനാ കേന്ദ്രം കാണുന്നു (നിയമ 12; യോഹ 4:11). യഹൂദർ രണ്ടാം തരക്കാരായാണ് ഇവരെ കരുതിയിരുന്നത് (യോഹ. 4:9; 8:48). ഈശോയെ അധിക്ഷേപിച്ചുകൊണ്ട് ഒരിക്കൽ ശമ്രായനെന്നു വിശേഷിപ്പിക്കുകയുണ്ടായി (യോഹ. 8:48). ഈശോയും ശിഷ്യരും ഇവരുടെ ഗ്രാമത്തിലൂടെ കടന്നുപോയതു് ഇവർ തടഞ്ഞു (ലൂക്കാ. 9:52). നല്ലവനായ ശമ്രായൻെറ സഹോദരസ്നേഹം ആകർഷം മാതൃകയാണ് (ലൂക്കാ 10:33). സുഖം പ്രാപിച്ച പത്തു കുഷ്ഠരോഗികളിൽ ഒരു ശമ്രായൻ മാത്രമാണ് നന്ദിയുള്ളവനായതു് (ലൂക്കാ 17:16).

തീവ്രവാദികൾ

മക്കബായ പാരമ്പര്യം കൈമുതലാക്കി, യഹൂദ ദേശീയതയും മതാചാരങ്ങളും മുറുകെപ്പിടിച്ച ഇവർ വിദേശ മേധാവിത്വത്തെ അങ്ങേയററം എതിർത്തു. റോമാക്കാരുടെ കാലത്തു് ഈ ഗെറില്ലാസമരം രൂക്ഷമായി. ഈശോയുടെ ശിഷ്യരുടെ കൂട്ടത്തിൽ തീവ്രവാദിയായ ഒരു ശിമയോൻ ഉണ്ടായിരുന്നു (ലൂക്കാ 6:15, ശ്ലീഹ 1:13). ഗ്രീക്കിൽ 'സെലോററസ്'' എന്നു പറയുന്ന തീവ്രവാദി തന്നെയാണ് അറാമായയിലെ 'കനനീയൻ' (മർക്കോ 3:18; മത്താ 10:4).

ദൈവരാജ്യത്തിൻെറയും കർത്താവിൻെറ അഭിഷിക്തൻെറയും ആഗമനം രാഷ്ട്രീയമായ രീതിയിലാണ് ഇവർ വീക്ഷിച്ചതു്. യാഹ്‌വേ മാത്രം ദൈവമാണ്; അവിടുത്തെ സ്വീകരിക്കാത്തവരുടെ ഭരണവും അവർക്കുള്ള നികുതിയും നിഷിദ്ധമാകുന്നു. 'കഠാരി' ധാരികളായ ഇവരെ 'സക്കാരികാം' എന്നാണ് റോമാക്കാർ വിളിച്ചിരുന്നതു്. ആയുധംകൊണ്ടും അക്രമംകൊണ്ടും അധികാരം പിടിച്ചുപററാൻ ഇവർ ശ്രമിച്ചു. ബറാബാ ഒരുപക്ഷേ, ഇക്കൂട്ടത്തിൽപ്പെട്ടവനായിരുന്നിരിക്കാം (മർക്കോ 15:7; മത്താ 27:17; യോഹ 18:40). ഏ. ഡി. ആറിനോടടുത്തു് ഗലീലെയായിൽ വിപ്ലവം സൃഷ്ടിച്ച യൂദായും ഇക്കൂട്ടത്തിൽപ്പെട്ടവനായിരുന്നിരിക്കാം (ശ്ലീഹ 5:37).

ഹേറോദേസ് പക്ഷക്കാരും ചുങ്കക്കാരും

ഏതെങ്കിലും മതാദർശംകൊണ്ടെന്നതിനേക്കാൾ രാഷ്ട്രീയ—സാമ്പത്തികലക്ഷ്യങ്ങൾ യോജിപ്പിച്ചവരാണ് ഹേറോദേസ്

പക്ഷക്കാർ. ഹേറോദേസിനെയും അദ്ദേഹത്തിൻെറ റോമൻ ഭക്തിയേയും ഇവർ അംഗീകരിച്ചു. പ്രീശരോട്ട ചേർന്നു് ഇവരും ഈശോയെ വധിക്കാൻ ശ്രമിച്ചു (മക്കോ 3:6; 12:13–17). റോമൻ സർക്കാരിനുവേണ്ടിയും തങ്ങറംക്ക തന്നെവേണ്ടിയും ചുങ്കം പിരിച്ചിരുന്നവരാണു് ചുങ്കക്കാർ (ലൂക്കാ 3:12–13). ചുങ്കക്കാരും പാപികളും ഒന്നിച്ചാണു് പലപ്പോഴം സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുക (മക്കോ 2:15–16; മത്താ 9:10–11; ലൂക്കാ 5:30). ഈശോ ഇവരോട്ടു് ദയാപൂർവ്വം പെരുമാറിയതു് പ്രീശർക്കും വേദപണ്ഡിതർക്കും രസിച്ചില്ല.

എസ്സീനികൾ

ഇവരെപ്പററി പുതിയനിയമത്തിൽ ഒന്നും വായിക്കാനാവില്ല. യേസേഫൂസ് ഫ്ളാവിയൂസും പ്ലിനിയും ചിലതൊക്കെ എഴതിയിട്ടുണ്ടു്. 1947–ൽ ചാവുകടലിൻെറ പടിഞ്ഞാറൻ തീരത്തുള്ള ഖുമ്രാനിൽ കണ്ടെടുക്കാൻകഴിഞ്ഞ രേഖകറം പല അറിവുകളും ഇവരേപ്പററി നല്കുന്നുണ്ടു്. യവനീകരണത്തിൻെറ പുളിപ്പിൽ നിന്നും അകന്നുമാറി ധാർമ്മികതയും നീതിയും അന്വേഷിച്ചു് വനവാസികളായവരാണിവർ. പുതിയനിയമഗ്രന്ഥങ്ങളിലും വ്യക്തികളിലും ഇവരുടെ സ്വാധീനം കുറച്ചെല്ലാം ഉണ്ടായിട്ടുണ്ടു്; എത്രയെന്നു പറയുക അത്ര എളുപ്പമല്ല.

പലസ്തീനായിൽ ഉണ്ടായിരുന്ന ഏതെങ്കിലും മത–രാഷ്ട്രീയ പാർട്ടികളുമായി ഇഴകിച്ചേരാൻ ഈശോ ഇഷ്ടപ്പെട്ടില്ല. എല്ലാവരും അവിടുത്തേയ്ക്കു സ്വീകാര്യരായിരുന്നു; എല്ലാവരെയും തേടി അവിടുന്നു വന്നു. എല്ലാവർക്കും എല്ലാമായിരുന്ന അവിടുത്തെപ്പററി പൗലോസ് എഴുതുന്നു: ''യൂദന്മാർ അത്ഭുതങ്ങറം ആവശ്യപ്പെടുന്നു; യവനന്മാരോ, വിജ്ഞാനം അന്വേഷിക്കുന്നു. എന്നാൽ ഞങ്ങളാകട്ടെ, യൂദന്മാർക്കു് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ, ക്രൂശിതനായ മിശിഹായെ പ്രസംഗിക്കുന്നു. എങ്കിലും വിളിക്കപ്പെട്ടവർക്കു് — അവർ യൂദരോ, യവനരോ ആകട്ടെ— മിശിഹാ ദൈവത്തിൻെറ ശക്തിയും ദൈവത്തിൻെറ ജ്ഞാനവുമാകുന്നു'' (1 കോറി 2:22–24).

നാം വായിക്കുന്ന പുതിയ ഉടമ്പടിഗ്രന്ഥം

ഇന്നു നാം വായിക്കുന്ന സുവിശേഷങ്ങളുടെയും മററും പിന്നിൽ സുദീർഘമായ ചരിത്രം ഉണ്ട്; ഇവിടെ സുപ്രധാനമായ ഒട്ടേറെ കാര്യങ്ങൾ നാം അറിയേണ്ടതുണ്ട്. യഥാർത്ഥത്തിൽ ദൈവനിവേവശിതമായി ലിഖിതമായതിൻെറ പരിഭാഷതന്നെ നമുക്കുണ്ടോ എന്നുള്ളതു് മൗലികമായ ഒരു ചോദ്യമാണ്.

കാനോനികഗ്രന്ഥം

ദൈവനിവേശിത ഗ്രന്ഥങ്ങളായി സഭ അംഗീകരിച്ചിട്ടുള്ള പുസ്തകങ്ങൾക്കാണ് കാനോനികഗ്രന്ഥങ്ങൾ എന്നു പറയുന്നതു്. ആദിമസഭയിൽ ധാരാളം സുവിശേഷങ്ങളും ലേഖനങ്ങളും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. യാക്കോബ്, തോമ്മാ, പത്രോസ്, നിക്കദേമൂസ്, ബർത്തുൽമൈ എന്നിങ്ങനെ പലരുടെയും പേരിൽ സുവിശേഷങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതുപോലെ തോമ്മാ, യോഹന്നാൻ, പൗലോസ്, പത്രോസ്, അന്ത്രയോസ്, പീലിപ്പോസ് എന്നിങ്ങനെ പല 'ശ്ലീഹന്മാരുടെയും പ്രവർത്തനങ്ങളും' ഉണ്ട്. അബ്ഗാറിൻെറ ലേഖനം, ലവോദീച്ചിയാക്കാർക്കുള്ള ലേഖനം, പന്ത്രണ്ടു ശ്ലീഹന്മാരുടെ ലേഖനം എന്നിവയും, പത്രോസ്, പൗലോസ്, തോമ്മാ തുടങ്ങിയവരുടെ പേരിലുള്ള വെളിപ്പാടു പുസ്തകങ്ങളും നമ്മുടെ മുമ്പിലുണ്ട്. ഈ പുസ്തകങ്ങളെ അപ്രാമാണിക ഗ്രന്ഥങ്ങളായി (Apocryphals) സഭ കരുതുന്നു.

ഏതെല്ലാം പുസ്തകങ്ങളാണ് സഭയ്ക്കു് 'കാനോനികം' അഥവാ 'മാനദണ്ഡം' എന്നു സഭതന്നെയാണ് നിശ്ചയിച്ചതു്. മൂന്നു കാര്യങ്ങൾ ഇതിനു സഹായിച്ചു: (a) ക്രൈസ്തവജീവിതത്തിനു പ്രയോജനകരവും ഉത്തേജനപ്രദവും, (b) സഭാപ്രബോധനത്തിനുള്ള ആധികാരിക ഉറവിടം, (c) ശ്ലൈഹികമായ ഉത്ഭവം. ഇപ്പറഞ്ഞ ലക്ഷണങ്ങൾ വസ്തുനിഷ്ഠമാണെങ്കിലും അല്ലെങ്കിലും സഭയിൽ സദാ സന്നിഹിതനായ പരിശുദ്ധാത്മാവാണ് ഇക്കാര്യത്തിൽ സഭയെ സഹായിച്ചതു്.

സഭയിൽ ചിലയിടത്തൊക്കെ സ്വീകരിച്ചിരുന്ന ചില പുസ്തകങ്ങൾ പിന്നീട് ഔദ്യോഗിക പട്ടികയിൽനിന്ന് നീക്കം ചെയ്യപ്പെട്ടിട്ടുണ്ട് (ബർണബായുടെ ലേഖനം, ഹെർമാസിൻെറ ഇടയൻ); ചിലവ സാർവത്രികമായ അംഗീകാരവും കാനോനിക പദവിയും നേടിയിട്ടുമുണ്ട്. എന്നും സഭയിൽ പൊതു അംഗീകാരം നേടിയിരുന്ന പുസ്തകങ്ങൾക്ക പ്രഥമ കാനോനികഗ്രന്ഥങ്ങൾ (Proto Canonical Books) എന്നു പറയുന്നു; ചില വ്യക്തികളോ സമൂഹങ്ങളോ സംശയിച്ചിരുന്നെങ്കിലും സാവകാശം സാർവ്വത്രികമായ അംഗീകാരം നേടിയവയാണ് ദ്വിതീയ കാനോനിക ഗ്രന്ഥങ്ങൾ (Deutro Canonical Books). എബ്രായക്കുള്ള ലേഖനം, യാക്കോബിൻെറ, ലേഖനം, 2 പത്രോസ്, 2, 3 യോഹന്നാൻ, യൂദാ വെളിപാട് എന്നിവ ഇക്കൂട്ടത്തിൽപ്പെടും. ഇന്ന് എല്ലാ പ്രമുഖ ക്രൈസ്തവവിഭാഗങ്ങളും ഇവയെ കാനോനികമായി സ്വീകരിച്ചിട്ടുണ്ട്.

പാഠപരിശോധന

കാനോനികഗ്രന്ഥങ്ങളുടെ മൂലപ്രതികൾ നമുക്ക് ലഭിച്ചിട്ടില്ല. ഇവയുടെ പകപ്പുകളുടെ പകപ്പായി പല പടി കടന്നുവന്നവയെ ശാസ്ത്രീയമായി താരതമ്യം ചെയ്ത് പഠിച്ച പണ്ഡിതന്മാർ മൂലത്തോട് ഏററം യോജിക്കുന്നതെന്നു സ്ഥാപിച്ചവയുടെ പരിഭാഷകളാണ് നാം സ്വീകരിക്കുന്നത്. ചില വാക്കുകളേപ്പററിയോ വാചകങ്ങളേപ്പററിയോ തന്നെയും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായെന്നു വരാം. പകർത്തിയെഴുതിയവർ എത്ര ശ്രദ്ധാപൂർവ്വം അതു ചെയ്താലും അറിയാതെ ചില പാളിച്ചകൾ വരാം. തെററായി തെററെന്ന് ധരിച്ച് ചിലവ മനഃപൂർവം തിരുത്തിയെന്നും വരാം. എന്നാൽ മറെറാരു പുരാതന പുസ്തകവും ഇത്ര ശ്രദ്ധാപൂർവം സംരക്ഷിക്കപ്പെട്ടിട്ടില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. നമുക്ക് ലഭ്യമായിരിക്കുന്ന ആധികാരികമായ കൈയെഴുത്തുപ്രതികൾ, പുരാതന പരിഭാഷകൾ, പുരാതനഗ്രന്ഥങ്ങളിലെ ഉദ്ധരണികൾ എന്നിവയെല്ലാം ശരിയായ പാഠം നിർണ്ണയിക്കാൻ സഹായിക്കും.

കൈയെഴുത്തു പ്രതികൾ

ക്രിസ്തുവർഷത്തിൻെറ ആരംഭ ശതാബ്ദങ്ങളിൽ പലസ്തീനായിലും മററും പപ്പീറസിലാണ് പ്രധാനമായും എഴുതിയിരുന്നത്. ബി. സി. മൂവായിരത്തിലും മററും ഈജിപ്തിൽ ഇതുപയോഗിച്ചിരുന്നു. ബി. സി. 450ഓടുകൂടെ ഇതു ഗ്രീക്കുനാടുകളിൽ പ്രചരിച്ചു.

പപ്പീറസിൽനിന്നാണ് 'പേയ്പ്പർ' എന്ന പദം ഉണ്ടായതു്. പതിനഞ്ചടിയോളം ഉയരത്തിൽ നാലിഞ്ചു വണ്ണത്തിൽ ഞാങ്കണ പോലെ വളർന്നിരുന്ന ചെടിയുടെ തൊണ്ടു ചെത്തിമാററിയാൽ കിട്ടുന്ന ലോലമായ ഭാഗം നെടുകെ കീറി ലംബമായി ഒന്നിനോ ടൊന്നു തൊട്ടടുക്കിയശേഷം കുറുകെ ഒരു നിരകൂടി അടുക്കി പശ ചേർത്തും സമ്മർദ്ദം ചെലുത്തിയും യോജിപ്പിക്കുന്നു. ഉണക്കി മിനുസപ്പെ ടുത്തിയെടുക്കുന്ന ഉപരിതലത്തിൽ എഴുതാവുന്നതാണ്.* ഇവ ചുരുട്ടി ചുരുളുകളായും ഒന്നിനുമുകളിൽ ഒന്നായി അടുക്കി പുസ്തകം അഥവാ കോഡെക്സ് (codex) ആയും സൂക്ഷിച്ചിരുന്നു.

ഏ. ഡി. രണ്ടാം നൂററാണ്ടിൽ തുകലിൽ(parchment)എഴുതുന്ന രീതി ഏഷ്യാമൈനറിലെ പെർഗാമോസിൽ ആരംഭിച്ചു. നാലാം നൂററാണ്ടോടെ ഇതു പപ്പീറസിനെ അസ്ഥാനത്താക്കിയെന്നു പറയാം. തുകലിനു് കൂടുതൽ പ്രതിരോധശക്തിയുള്ളപോലെ മായിച്ചിട്ട് വീണ്ടും എഴുതാനും കഴിയും. ഇങ്ങനെ മായിച്ചതു് വീണ്ടും വായി ക്കാൻ ഇന്നു നമുക്കു് സാധിക്കും. എട്ടാം നൂററാണ്ടിൽ കടലാസിന്റെ ഉപയോഗം ഉണ്ടായെങ്കിലും അച്ചടി കണ്ടുപിടിക്കുന്നതുവരെ തുകൽ ഉപയോഗിച്ചിരുന്നു.

എഴുത്തുപകരണങ്ങളെപ്പററി പുതിയനിയമ ഗ്രന്ഥങ്ങളിൽ ചില സൂചനകൾ ഉണ്ടു് (2 കോറി 3:3; 2 യോഹ 12; 3;യോഹ 13). പുതിയനിയമഗ്രന്ഥങ്ങളുടേതായി നാലുതരം കൈയെഴുത്തുപ്രതികൾ നമുക്കു ലഭിച്ചിട്ടുണ്ടു്. പപ്പീറസുകൾ (Papyrs), വലിയ അക്ഷരത്തി ലുള്ളവ (Uncials), ചെറിയ അക്ഷരത്തിലുള്ളവ (Minuscules), വായ നകൾ (Lectionaries). ഏതാണ്ടു് 85 പപ്പീറസുകളും 268 വലിയ അക്ഷരപ്രതികളും 2192 വായനകളും നമുക്കു് ലഭിച്ചിട്ടുണ്ടു്.

പ്രധാനപ്പെട്ട പപ്പീറസ് കൈയെഴുത്തുപ്രതികൾ

ഇവയ്ക്കു് ഓരോന്നിനും താഴെ വരുന്നതുപോലെ പേരുകൾ നല്കിയിരിക്കുന്നു.

P52 നമുക്കു് ലഭിച്ചിട്ടുള്ളതിൽ ഏററം പുരാതനമായ ഇതു് ഏ. ഡി. 130നോടടുത്തു് എഴുതപ്പെട്ടതായിരിക്കണം. യോഹ 18: 31–33, 37–38 മാത്രമാണിതിലുള്ളതു്. ഈജിപ്തിൽ കണ്ടെടുത്ത

* ഫാ. ജെ. വലിയമംഗലം, ബൈബിൾ: ഉത്ഭവവും ഉള്ളടക്കവും, മൂന്നാം പതിപ്പു്, താൾ 322.

ഈ കൈയെഴുത്തുപ്രതി ഇംഗ്ലണ്ടിലെ മാഞ്ചെസ്റ്ററിൽ ജോൺ റൈലൻണ്ട്സ് വായനശാലയിൽ സൂക്ഷിച്ചിരിക്കുന്നു. ഇതിന് മൂന്നരയിഞ്ച് നീളവും രണ്ടരയിഞ്ചു വീതിയുമുണ്ട്.

P45 10/8 ഇഞ്ചുള്ള ഇതിൻെറ മുപ്പതു താളുകളും കിട്ടിയിട്ടുണ്ട്. മത്താ, യോഹ, ലൂക്കാ, മർക്കോ, ശ്ലീഹ എന്നീ ക്രമത്തിൽ കാണുന്ന ഇതിൻെറ പൂർണ്ണരൂപത്തിന് 220 താളുകൾ ഉണ്ടായിരുന്നിരിക്കണം. മൂന്നാം നൂററാണ്ടിൻെറ ആദ്യപകുതിയിൽ എഴുതപ്പെട്ട ഈ പപ്പീറസ് ഡബ്ലിനടുത്തുള്ള ബീട്ടിമ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

P66 ഇതിന് ബോഡ്മർ പപ്പീറസ് 11 (Bodmer Papyrus11) എന്നും പേരുണ്ട്. 6/5.5 ഇഞ്ചുള്ള ഇതു് എ.ഡി. 200—ൽ എഴുതപ്പെട്ടിരിക്കണം. യോഹന്നാൻ എഴുതിയ സുവിശേഷം ആരംഭംമുതൽ 14:26വരെ മിക്കവാറും ഇതിൽ വായിക്കാം.

വലിയ അക്ഷരപ്രതികൾ

ഇവ മിക്കവാറും തുകലിൽ എഴുതപ്പെട്ടവയാണ്.

കോദെക്സ് ആലെഫ് / സിനായിത്തിക്കുസ്

സീനായ്മലയുടെ അടിവാരത്തുള്ള വി. കാതറൈയിൻെറ ആശ്രമവായനശാലയിൽനിന്ന് (1844—59) കോൺസ്റ്റൻറയിൽ ററിഷൻഡോർഫ് കണ്ടെടുത്തു. 15/13.8 ഇഞ്ചുള്ള ഇതിൽ വേദപുസ്തകം മുഴുവൻ ഉണ്ടായിരുന്നെങ്കിലും പഴയനിയമത്തിൻെറ ഏതാണ്ട പകുതിയും പുതിയനിയമം പൂർണ്ണമായും അവശേഷിക്കുന്ന ഈ കോദെക്സിൽ ബർണബായുടെ ലേഖനവും 'ഹെർമാസിൻെറ ഇടയൻ'മുണ്ട്. നാലാം നൂററാണ്ടിൽ എഴുതപ്പെട്ട 346½ താളുകളിൽ ഓരോ പുറത്തും നാലുകളങ്ങളിലായി നാല്പത്തെട്ടു വരികൾവീതം എഴുതിയിരിക്കുന്നു. ഇപ്പോഴിതു് ബ്രിട്ടീഷ് മ്യൂസിയത്തിലാണ്.

കോദെക്സ് ബി/വത്തിക്കാനൂസ്*

നാലാം നൂററാണ്ട് മദ്ധ്യത്തിൽ എഴുതപ്പെട്ട ഇതിൽ മക്ക

---

* Bruce in Metzger, The text of the New Testament, its transmission, Corruption, and Restration 2 ld Oxford 1968 P 47 "One of the most valuable of all the manuscripts of the Greek bible is Codex Vaticanes." പുതിയനിയമ ഭാഗത്തിൻെറ സമ്പൂർണ്ണ ഫോട്ടോകോപ്പി കോട്ടയം EBOSE മ്യൂസിയത്തിൽ"

ബായരുടെ പുസ്തകങ്ങളൊഴിച്ച് ബാക്കി മുഴുവൻ ഉണ്ടായിരുന്നു. ഉല്പത്തി നാല്പത്താറുവരെയുള്ള അദ്ധ്യായങ്ങൾ, മൂപ്പതു സങ്കീർത്തനങ്ങൾ, എബ്രാ 9:4 തുടങ്ങിയുള്ളവ, 1,2 തിമോ, തീത്തോ, ഫിലെ, വെളിപ്പാട് എന്നിവ നഷ്ടപ്പെട്ടിരിക്കുന്നു. മൂന്നു കോളങ്ങളിലായി ഓരോ പുറത്തും 42 വരി വീതം ഇതിൽ എഴുതിയിട്ടുണ്ട്.

അഞ്ചാം നൂററാണ്ടിലെഴുതപ്പെട്ട കോഡെക്സ് എ/അലക്സൺട്രിനൂസ്, കോഡെക്സ് സി/ എഫ്രായ്മി, കോഡെക്സ് ഡി/ ബേസേ എന്നിവ ഈ ഗണത്തിലെ മററുചില സുപ്രധാന കൈയ്യെഴുത്തു പ്രതികളാണ്. ബേസേയിൽ ഗ്രീക്കിനോടൊപ്പം ആദ്യമായി ഒരു ലത്തീൻ പാഠംകൂടി പ്രത്യക്ഷപ്പെടുന്നുണ്ട് എഫ്രായിമിയിൽ വേദപുസ്തകപാഠം വായിച്ചിട്ട് പന്ത്രണ്ടാം നൂററാണ്ടിൽ മാർ അപ്രേമിന്റെ പ്രസംഗങ്ങൾ ഗ്രീക്കിൽ എഴുതിയിട്ടുണ്ട്.

ചെറിയ അക്ഷരത്തിലുള്ളവ

ഒമ്പതാം നൂററാണ്ടുമുതൽ പ്രത്യക്ഷപ്പെടുന്ന ഇവ എണ്ണത്തിൽ ഏറയെങ്കിലും പുരാതനത്വം കുറവാകയാൽ പ്രാമാണികതയിൽ പൊതുവെ പിന്നോക്കമാണ്. എങ്കിലും ഇവയെപ്പററി ഇനിയും ഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. പൊതുസ്വഭാവം നോക്കി ഇവയെ ചില 'കുടുംബങ്ങളാ'യി തിരിച്ചിട്ടുണ്ട്. ഫെറാർ ഗ്രൂപ്പിൽപ്പെടുന്നവയെ പതിമൂന്നാം കുടുംബമായി കണക്കാക്കിയിരിക്കുന്നു. ഇതിൽ ഒരു ഡസൻ കയ്യെഴുത്തുപ്രതികളുണ്ട്. 'L' എന്നറിയപ്പെടുന്ന ഒന്നാം കുടുംബത്തിൽ അരഡസൻ കൈയ്യെഴുത്തുപ്രതികളുണ്ട്.

ചെറിയ അക്ഷരത്തിലുള്ളവ പലവയായി എണ്ണപ്പെട്ടിട്ടുണ്ട് M. S. 33, ഇക്കൂട്ടത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. പാരീസിൽ സൂക്ഷിച്ചിരിക്കുന്ന ഈ കോഡെക്സിൽ വെളിപാടിന്റെ പുസ്തകമൊഴിച്ച് ബാക്കി പുതിയനിയമ ഗ്രന്ഥങ്ങൾ എല്ലാം ഉണ്ട്. M. S. 565 അതിമനോഹരമായ ഒരു കൈയ്യെഴുത്തുപ്രതിയാണ്. സ്വർണ്ണാക്ഷരങ്ങളിൽ ഒന്നാംതരം തുകലിൽ ഒമ്പതോ പത്തോ നൂററാണ്ടിൽ എഴുതപ്പെട്ടു; ലെനിൻഗ്രാഡിൽ സൂക്ഷിച്ചിരിക്കുന്നു.

വായനകൾ

ആരാധനാ സമ്മേളനങ്ങൾക്കുവേണ്ടി പകർത്തി ഉപയോഗിച്ചിരുന്നവയാണിവ. ഏററം പഴക്കമുള്ളവ ആറാം നൂററാണ്ടുവരെ പോകുന്നു. ചിലവ അതിപുരാതനമയ. പാഠം സൂക്ഷിച്ചിട്ടുണ്ട്.

സഭാപിതാക്കന്മാരുടെയും മററു പുരാതന ഗ്രന്ഥകാരന്മാരുടെയും ഉദ്ധരണികളും ശരിയായ പാഠം കാണാൻ നമ്മെ സഹായിക്കുന്നുണ്ടു്.

പാഠവിവേചനം

ശരിയായ പാഠത്തെ വേർതിരിച്ചെടുക്കാൻ സഹായിക്കുന്ന തത്ത്വങ്ങളിൽ ഏററം പ്രധാനപ്പെട്ടവ മൂന്നാണു്. 1 ഏതൊരു പാഠം കൊണ്ടു് മററുള്ളവയുടെ ഉത്ഭവം വ്യാഖ്യാനിക്കാനാവുമോ, ആ പാഠം മൂലമായിരിക്കും. 2 എളുപ്പമുള്ള പാഠത്തേക്കാറം പ്രയാസമുള്ളവ കൂടുതൽ സ്വീകാര്യമാണു്. പ്രയാസമുള്ളവ തിരുത്തി ശരിയാക്കാൻ പലപ്പോഴും പ്രലോഭനമുണ്ടാകാം. 3 നീണ്ടവയെക്കാറം ചുരുങ്ങിയതു് സ്വീകരിക്കുക. എന്തെങ്കിലും കളയാൻ ധൈര്യപ്പെടുക പ്രയാസം, സ്വന്തമായി ചിലതൊക്കെ വ്യക്തതയ്ക്കുവേണ്ടി ചേർത്തെന്നു വരാം

പുരാതന പരിഭാഷകൾ

ബി. സി. രണ്ടായിരാമാണ്ടിന്റെ രണ്ടാം പകുതിയിൽ പേർഷ്യൻ ഉറംക്കടൽ മുതൽ ചെങ്കടലിനടുത്തുള്ള ആക്കബൊ ഉറംക്കടൽവരെയുള്ള പ്രദേശങ്ങളിൽ ഹീബ്രൂവിനോടു വളരെ സാമ്യമുള്ള ആറാമായ സംസാരഭാഷയായി തീർന്നു. ബാബിലോണിലെ വിപ്രവാസകാലത്തു് ഇതു് യഹൂദരുടെയും ഭാഷയായി (2 രാജാ 18:26). എങ്കിലും സെപ്തജിന്തിന്റെയും യവനസംസ്കാരത്തിന്റെയും സ്വാധീനത്തിൽ നമുക്കു ലഭിച്ചിട്ടുള്ള കാനാനിക പുതിയ നിയമഗ്രന്ഥങ്ങളെല്ലാം ഗ്രീക്കുഭാഷയിലാണു്. ആറാമായയുടെ ഒരു സഹോദരീഭാഷയാണു് സുറിയാനി; ഒരു പ്രാദേശികരൂപം മാത്രമാണെന്നു വേണമെങ്കിൽ പറയാം. അന്നു പലസ്തീനായിൽ റോമാക്കാർ ഭരിച്ചിരുന്നതിനാൽ ലത്തീനും പ്രധാന്യം ഉണ്ടായിരുന്നു. ഈ ഭാഷകളിലൊക്കെ ഉണ്ടായ വിവർത്തനങ്ങറം പ്രത്യേകം പഠനാർഹങ്ങളാകുന്നു.

1 സുറിയാനി വിവർത്തനങ്ങൾ

a സുറിയാനിയിലേയ്ക്കുള്ള പുരാതന വിവർത്തനങ്ങളുടെ രണ്ടു കൈയ്യെഴുത്തുപ്രതികറം നമുക്കു് ലഭിച്ചിട്ടുണ്ടു്. എസ്ത്രാഗ്ഗലാ അക്ഷരത്തിൽ സുന്ദരമായി എഴുതിയിട്ടുള്ള ഒന്നാമത്തേതു് ബ്രിട്ടീഷ്

മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. സിറിയക്കു് കുരറേറാറിയൻ Syre എന്നാണിതറിയപ്പെടുന്നതു്. രണ്ടാമത്തേതിൽ ബൈബിൾ മായിച്ചെഴുതിയിട്ടുണ്ടെങ്കിലും ഇന്നും ആദ്യലിഖിതം വായിക്കാൻ കഴിയും. 'സിനായിററിക്കു് സിറിയക്കു്' എന്നറിയപ്പെടുന്ന ഇതു് പ്രധാനപ്പെട്ട ഒന്നാണു്.

b. പ്ശീത്താ അഥവാ 'ലളിതം'

നാലാം നൂററാണ്ടവസാനം പൂർത്തിയായതാണിതു്. ഇതിൽ 2, പത്രോ, 2, യോഹ, യൂദാ, വെളിപാടു് എന്നിവ ഇല്ല. സുറിയാനി സഭകളുടെ ഔദ്യോഗിക ബൈബിൾ ഇതാണു്. ഇതിൻെറ മുന്നൂററമ്പതിലേറെ കയ്യെഴുത്തുപ്രതികൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടു്. ശാസ്ത്രീയവിമർശനപഠനങ്ങളുടെ വെളിച്ചത്തിൽ ലയിഡനിൽ നിന്നു് ഒരു പാഠം തയ്യാറാക്കിയിട്ടുണ്ടു്.

ഫിലക്സേനിയൻ, ഹെറക്ലീയൻ പരിഭാഷകളും പലസ്തീനായിലുണ്ടായ സുറിയാനി പരിഭാഷകളും പഠനാർഹമാണു്

2 ലത്തീൻ വിവർത്തനങ്ങൾ

രണ്ടാം നൂററാണ്ടിൻെറ അവസാനത്തിൽ വടക്കൻ ആഫ്രിക്കയിലാണു് ലത്തീൻ വിവർത്തനങ്ങൾ തുടങ്ങിയതെന്നു കരുതാം.

a. ലത്തീനിലുള്ള പുരാതന വിവർത്തനങ്ങൾ ആഫ്രിക്കയിലും യൂറോപ്പിലും പ്രചരിച്ചു. പരിഭാഷകളിൽ വളരെ വൈവിദ്ധ്യം കാണാം. സുവിശേഷങ്ങളുടേതായ മുപ്പത്തിരണ്ടു് ഭാഗിക കോഡെക്സുകൾ കണ്ടെടുത്തിട്ടുണ്ടു്. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങളുടെ പന്ത്രണ്ടും പൗലോസിൻെറ ലേഖനങ്ങളുടെ നാലും വെളിപാടിൻെറ ഒന്നും കൈയെഴുത്തുപ്രതികൾ ലഭിച്ചിട്ടുണ്ടു്.

b. വുൾഗാത്താ

എ. ഡി. 382—ൽ ദമാസസ്സു് പാപ്പാ അന്നത്തെ ഏററം വലിയ ബൈബിൾ പണ്ഡിതനായിരുന്ന സൊഫ്രാണിയൂസ് എവുസേബിയൂസ് ഹിയറോണിമൂസിനെ—വിശുദ്ധ ജറോമിനെ ലത്തീൻ ബൈബിൾ പരിഷ്കരിക്കാൻ ഏല്പിച്ചു. സുവിശേഷങ്ങൾ ശ്രദ്ധാപൂർവ്വം അദ്ദേഹം ശരിയാക്കി. മററു ഭാഗങ്ങളെക്കുറിച്ചു് തീർച്ചയില്ല. ലത്തീൻ സഭയുടെ ഔദ്യോഗിക ബൈബിളാണിതു്.

കോപ്ററിക്കു്, ഗോത്തിക്കു്, അർമേനിയൻ, ജോർജിയൻ, എത്യോപ്യൻ, അറബി എന്നീ ഭാഷകളിലെ പുരാതന വിവർത്തനങ്ങളും നമ്മുടെ ശ്രദ്ധ അർഹിക്കുന്നുണ്ടു്.

മലയാള പരിഭാഷകൾ

മലയാളത്തിലുള്ള ബൈബിൾ പരിഭാഷയ്ക്കു രണ്ടു നൂററാണ്ടുകാലത്തെ പഴക്കമേ ഉള്ളു. വൈദികക്ക് സുറിയാനിയിലും ലത്തീനിലും വായിക്കാൻ കഴിഞ്ഞിരുന്നെങ്കിലും അൽമായരിൽ ചിലക്കു മാത്രമേ ഇതു സാധിച്ചിരുന്നുള്ളു. മലയാളത്തിൽ വേദപുസ്തക വിവത്തനത്തിനു ആരംഭ പ്രചോദനം നല്കിയതു വിദേശത്തു നിന്നുവന്ന അകത്തോലിക്കാ മിഷനറിമാരാണ്. മലയാളത്തിലെ പ്രധാന പരിഭാഷകളുടെ ഒരു പട്ടിക കാലക്രമത്തിൽ ഇവിടെ ചേക്കുന്നു.

1807 തിമാപ്പിള്ളയും പീലിപ്പോസ് കത്തനാരും ചേന്ന് സുറിയാനിയിൽ നിന്നു പരിഭാഷപ്പെടുത്തിയ നാലു സുവിശേഷങ്ങൾ 1811—ൽ മുദ്രിതമായി.

1829 ബഞ്ചമിൽ ബെയ്‌ലി തയ്യാറാക്കിയ മലയാളത്തിലെ ആദ്യത്തെ സമ്പൂണ്ണ പുതിയനിയമ വിവത്തനം കോട്ടയത്തെ ചർച്ച് മിഷൻ പ്രസ്സിൽ നിന്നു പുറത്തിറങ്ങി.

1841 പ്രോട്ടസ്‌ററൻറ് കാനോനാ അനുസരിച്ചുള്ള സമ്പൂണ്ണ ബൈബിൾ കോട്ടയം സി. എം. എസ്. പ്രസ്സിൽ നിന്ന് ബെയ്‌ലി പ്രസിദ്ധീകരിച്ചു.

1854 അരഡസനിലേറെ ഇന്ത്യൻ ഭാഷകളിൽ അവഗാഹം നേടിയ ഗുണ്ടർട്ട് മലബാർ ഭാഷയിൽ പുതിയനിയമ പരിഭാഷ പ്രസിദ്ധപ്പെടുത്തി.

1905 വുൾഗാത്തായിൽ നിന്നുള്ള നാലു സുവിശേഷങ്ങളും അപ്പസ്തോലനടപടികളും മഞ്ഞുമ്മേൽനിന്നു പുറത്തിറങ്ങി.

1910 സത്യവേദപുസ്തകം—സമ്പൂണ്ണ പ്രോട്ടസ്റ്റൻറ് ബൈബിൾ—ഇന്ത്യൻ ബൈബിൾ സൊസൈററിയുടേതായി വെളിച്ചം കണ്ടു.

1935 കേരള കത്തോലിക്കരുടെ ഇടയിൽ ഏററം പ്രചാരത്തിലിരുന്ന മാണി കത്തനാരുടെ പുതിയനിയമം മാന്നാനത്തു നിന്ന് പ്രസിദ്ധീകൃതമായി.

1930, 34, 39കളിൽ ആലുവാ എസ്. എച്ച്. ലീഗിൽനിന്ന് കത്തോലിക്കരുടെ സമ്പൂണ്ണ ബൈബിൾ പുറത്തുവന്നു.

1960 Dr. Muliyil—ന്റെ പുതിയനിയമ വിവർത്തനം.

1962 മോൺ. ജേക്കബ് നടവരമ്പുശ്ശേരിയുടെ പുതിയനിയമം, എറണാകുളം.

1962 ഷെവലിയർ സി. കെ. മററത്തിന്റെ ആധുനിക മലയാള ബൈബിൾ—പുതിയ ഉടമ്പടി, ചേർത്തല.

1968 വുംഗാത്തായിൽനിന്നും പ്ശീത്തായിൽനിന്നും മോൺ. തോമസ് മൂത്തേടന്റെ സമ്പൂർണ്ണ ബൈബിൾ, ആലുവ.

1977 മൂലഭാഷകളിൽനിന്നുള്ള പി. ഓ. സി.യുടെ പുതിയനിയമ വിവർത്തനം.

1978 മാന്നാനത്തുനിന്ന് മൂലഭാഷകളിൽനിന്നുള്ള പുതിയനിയമ വിവർത്തനം.

1980 ബൈബിൾ സൊസൈററിയുടെ പുതിയനിയമ പരിഭാഷ.

1981 പി. ഓ. സി. തയ്യാറാക്കിയ സമ്പൂർണ്ണ മലയാള ബൈബിൾ.

ഗ്രന്ഥസൂചി

1 ജോസ് ചാഴികാട്ട്, പുതിയ നിയമ സാഹിത്യം, കോട്ടയം, 1975.

2 ജോഷ്വാ റ്റി. ജെ., വിശുദ്ധനാട്ടിൽ, കോട്ടയം, 1975.

3 ജോസഫ് പാത്രപ്പാങ്കൽ (എഡിറ്റർ), സുവിശേഷങ്ങൾ ഒരാമുഖം, കോട്ടയം, 1974.

4 (മാർ) ജോർജ്ജ് പുന്നക്കോട്ടിൽ, പുതിയ നിയമത്തിന് ഒരു ആമുഖം, കോട്ടയം, 1980.

5 ജോസഫ് വലിയമംഗലം, ബൈബിൾ: ഉദ്ഭവവും ഉള്ളടക്കവും, പാലാ, 1979.

6 മാത്യു വെള്ളാനിക്കൽ (എഡിറ്റർ), വിശുദ്ധ ഗ്രന്ഥത്തിന് ആമുഖം, ചങ്ങനാശ്ശേരി, 1979.

7 Aharoni I., and M. Avi Yonah, eds. *The Macmillan Bible Atlas.* New York: Macmillan, 1968.

8 Barret C. K., ed. *The New Testament Background, Selected Documents.* New York: Harper and Row/Torchbooks, 1961.

9 Bligh J., H.I.N.T.S. *Historical Information for New Testament Students.* London: Burns and Oates, 1967.

10 Bright J., *A History of Israel,* London: SCM Press, 1979.

11 Brown P., ed. *The World of Late Antiquity. From Marcus Aurelius to Mohammad.* London: Thames and Hudson, 1971.

12 Brown R. E. and Co. ed. *Jerome Biblical Commentary,* Geoffre Chapman, 1968.

13 Harrington W. J., *Record of the Fulfilment* (N. T.), The Priory Press, Chicago: 1965.

14 Howard C. K. and Franklin W. Y., *The living world of the New Testament*, London: Darton, Longman and Todd. 1974.

15 Hengel M., ed. *Judaism and Hellenism.* 2 vols. Philadelphia: Fortress Press, 1974.

16 Hengel M., *Was Jesus A Revolutionary?* Philadelphia: Fortress Press, 1974.

17 Kealy, J. P., *Who is Jesus of Nazareth?* Denville Dimension Books, 1977.

18 Leon-Dufour X., *The Gospels and the Jesus of History*, collins, London: 1968.

19 Metzger B. M., *The Text of the New Testament*, 3rd ed. Oxford 1968.

20 Neusner J., *From Politics to Piety. The Emergence of Pharisaic Judaism.* Englewood Cliffs: Prentice Hall 1973.

21 Perrin N., *The New Testament: An Introduction.* New York and Chicago: Harcourt, Brace, Jovanovich, 1974.

22 Vermes G., *The Dead Scrolls in English.* 2nd ed. Baltimore: Pelican Books, 1978.

23 Wijngaards J.N.M., *Background to the Gospels,* Bangalore: TPI, 1978.

ACHARYA PALACKAL JEEVASS KENDRAM LIBRARY 14551

'എബോസ്റ്റ'' പബ്ലിക്കേഷൻസ്

St. Thomas Ap. Seminary Vadavathoor P. O.
B. No. 1, Kottayam - 686 010.

---

1 പുതിയ നിയമ പഠനം ഇന്ന്
ജെ. പാത്രപ്പാങ്കൽ, പി. പുതുശ്ശേരി, ജി. കണിയാരകത്ത്

2 കർത്തൃപ്രാർത്ഥന—നീസിയൻ ഭാഷ്യം
പരിഭാഷ: ജേക്കബ് ഞായപ്ലർ

3 സൃഷ്ടി ബൈബിളിൽ
ഡോ. ജെ. വലിയമംഗലം

4 **From the Burning Sands**
Dr. Thomas Vellilamthadam

5 മോശെ ബർകേഫായുടെ കൂദാശാഭാഷ്യം
ഡോ. ജി. ചേടിയത്ത്

6 മലങ്കര ഗാനങ്ങൾ
ഡോ. ജി. ചേടിയത്ത്

7 സുറിയാനി സഭാപിതാക്കന്മാർ
ഡോ. ജി. ചേടിയത്ത്

8 ഗിരിപ്രഭാഷണം—നീസിയൻ ഭാ...
പരിഭാഷ: ജേക്കബ് ഞായപ്ല...

9 **...e Church I Love—A Trib...**

10 ബൈബിൾ വിജ്ഞ...

ബൈബിൾ പഠനം ഇന്ന്

ശ്ലൈഹിക പാരമ്പര്യമുള്ള കേരള കത്തോലിക്കരുടേതായി മൂലത്തിൽനിന്നും അല്ലാതെയും ഒട്ടേറെ ബൈബിൾ പരിഭാഷകൾ കൈരളിക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ വേദപുസ്തക വ്യാഖ്യാന സംബന്ധമായി ഭാഗികമായ പരിശ്രമങ്ങൾ മാത്രമെ ഉണ്ടായിട്ടുള്ളു. കത്തോലിക്കരുടേതായി ഒരു സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനം എത്രയുംവേഗം മലയാളത്തിൽ ഉണ്ടാകേണ്ടതാണ്. ഇതിനു പ്രാരംഭമായി എക്യുമേനിക്കൽ ബിബ്ളിക്കൽ ആൻഡ് ഓറിയന്റൽ സ്റ്റഡി സെന്റർ ഒരു പുതിയനിയമ വ്യാഖ്യാനം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ ആമുഖഗ്രന്ഥമാണ് ഇപ്പോൾ നിങ്ങളുടെ കൈയിലിരിക്കുന്നത്. തുടർന്ന് പുതിയ നിയമത്തിലെ ഓരോ ഗ്രന്ഥത്തിന്റെയും വ്യാഖ്യാനം പ്രസിദ്ധപ്പെടുത്തുന്നതാണ്. വിഖ്യാതരായ ബൈബിൾ പണ്ഡിതന്മാരാണ് വ്യാഖ്യാനങ്ങൾ തയ്യാറാക്കുന്നത്.

വേദപുസ്തകത്തെ അതിന്റെ ദൈവിക—മാനുഷിക പശ്ചാത്തലത്തിൽ മനസ്സിലാക്കാൻ സഹായിക്കുകയാണ് ഈ ആമുഖഗ്രന്ഥത്തിന്റെ ലക്ഷ്യം. പുതിയ ഉടമ്പടി ഗ്രന്ഥങ്ങൾ ഉയിർക്കൊണ്ടഭൂമി, അതിന്റെ ചരിത്രം, അവിടത്തെ ചിന്താധാരകൾ എന്നീ പശ്ചാത്തലങ്ങളിൽ കർത്താവായ ഈശോയുടെ ജീവിതവും പഠനവും എങ്ങനെ സുവിശേഷമായി മാറിയെന്നും ഈ സുവിശേഷം എങ്ങനെ നമുക്കു ലഭിച്ചെന്നും ഇവിടെ വ്യക്തമാക്കാൻ ശ്രമിച്ചിരിക്കുന്നു. ശാസ്ത്രീയമായ സുവിശേഷപഠനത്തിനുള്ള പ്രഥമപാഠങ്ങളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

'എബോസ്ക്കു്' പുതിയനിയമ വ്യാഖ്യാനം, 1.

പുതിയനിയമ പഠനം ഇന്ന്

M/2.25
PAT

ജെ. പാത്രപ്പാങ്കൽ
പി. പുതുശ്ശേരി
ജി. കണിയാരകത്തു്

Indic Digital Archive Foundation
gpura.org